വാല്യം – 8
ലക്കം – 1

# ക്ഷാത്രസ്പന്ദനം

ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

ജനുവരി 2022
1197 മകരം



# വിവാഹ മംഗളാശംസകൾ



തൃശ്ശൂർ രാമവർമ്മപുരം കുറ്റുമുക്ക് 'സാകേത'ത്തിൽ ലേഖ കെ. വർമ്മയുടെയും
പി.കെ. കേരള വർമ്മയുടെയും മകൻ **വിഷ്ണുവർമ്മ**യും ആലപ്പുഴ വയലാർ രാഘവപറമ്പ് 'സാരംഗി'യിൽ
രജനിയുടെയും രാജശേഖരന്റെയും മകൾ **മൃദുല**യും തമ്മിലുള്ള വിവാഹം 21 നവംബർ 2021 ഞായറാഴ്ച
ആലപ്പുഴ എരമല്ലൂർ എം.കെ.കൺവെൻഷൻ സെന്ററിൽവച്ച് സമംഗളം നടന്നു.



Kshatraspandanam
Quarterly News Magazine of
Kshatriya Kshema Sabha
January 2022
M.E.1197 Makaram
Volume 8 Issue 1

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ
ത്രൈമാസ വാർത്താപത്രിക
ജനുവരി 2022
കൊ.വ.1197 മകരം
വാല്യം 8 ലക്കം 1

"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)



# വിഷയവിവരം


**REACT** 4
**പത്രാധിപക്കുറിപ്പ്** 7
**കത്തുകൾ, നവവത്സരാശംസകൾ** 8
**പ്രസിഡന്റിന്റെ കത്ത്** 9
**കേന്ദ്രസഭാ വാർത്തകൾ** 11
**സംസ്ഥാന വാർഷിക പൊതുയോഗ റിപ്പോർട്ട്** 12
**എം. രാജരാജ വർമ്മ എം.എ. ബി.എൽ** 20
പ്രതാപ് കിഴക്കേമഠം
**ക്ഷത്രിയ സഭാപ്രവർത്തനങ്ങളുടെ ഗതകാല ചരിത്രം** 24
എം. രവിവർമ്മ രാജ
**ത്രിമധുരം** 25
ഹൈമവതി വർമ്മ
**ധർമ്മിഷ്ഠയായ ശർമ്മിഷ്ഠ** 32
ചന്ദ്രാവലി തമ്പുരാൻ
**പ്രണാമം** 35
ടി.എൻ. ആദിത്യവർമ്മ
**സപ്തപദി – 10** 36
താരാശങ്കർ ബന്ദ്യോപാധ്യായ (വിവ. കെ. സി.എം. രാജ)
**പരപ്പൂർ സ്വരൂപം** 41
മാവേലിക്കര ആർ. ശശിധരവർമ്മ
**ഭഗവാന്റെ മെനു കാർഡ്** 44
കെ. ഗോദവർമ്മ, കുറ്റിലഞ്ഞി
**Life Partners** 48
E. Ramavarma Raja
**അമ്മ ഒരു സ്മരണ** 49
ബിന്ദു സനൽകുമാർ
**അരിയിട്ടു വാഴ്ച** 50
മാനവേന്ദ്ര വർമ്മ യോഗാതിരിപ്പാട്
**ഹൃദയത്തിൽ ഒളിഞ്ഞുകിടന്നിരുന്ന സർഗ്ഗവാസന** 55
മാവേലിക്കര രഘുനാഥ വർമ്മ
**വൈവാഹികം** 57
**ആദിപരാശക്തിയായ സതീദേവി** 58
കെ. രാധാമണി തമ്പുരാട്ടി
**ഭിക്ഷുഗീതം** 62
ഗായത്രീ വർമ്മ
**നെപ്പോളിയന്റെ നാട്ടിൽ – 5** 64
ശ്രീപ്രസാദ് വടക്കേപ്പാട്ട്
**കൗതുക കഥകൾ** 67
ഡോ. ആർ.പി. രാജ
**ജ്ഞാനം** 69
കെ.സി. രാമവർമ്മ രാജ
**ഓൺലൈൻ ക്ലാസ്** 71
വൃന്ദാദേവി തമ്പുരാൻ
**ഭൂമിയുടെ ഉള്ളിലേക്ക് ഒരു എത്തിനോട്ടം** 72
ഡോ. ലളിതാംബിക
**വെറുതെ ഒരു സ്വപ്നം** 75
ഉഷാ വർമ്മ
**പറഞ്ഞറിവുകൾ** 76
സൂര്യകുമാർ എം.കെ.
**തുഞ്ചന്റെ പെൺകിളി** 77
വേലൂർ പരമേശ്വരൻ നമ്പൂതിരി
**ഹിമാലയ ക്ഷേത്രങ്ങൾ** 78
കെ. ഹരികൃഷ്ണവർമ്മ
**തലയിലെഴുത്ത്** 81
ദേവനന്ദൻ
**പുസ്തകജാലകം** 84
റിവ്യൂവേഴ്സ്: പ്രൊഫ.ചന്ദ്രാവലി തമ്പുരാൻ, ഡോ.ശ്രീലത വർമ്മ
**അറിയിപ്പ്** 86
**ബാലവേദി/വളരുന്ന പ്രതിഭകൾ** 87
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** 91


*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർമാർ :* കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി:* ടി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ :* പ്രസിഡന്റ്/ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

മുഖചിത്രം: 'കമ്മീഷണർ തമ്പുരാൻ' എം. രാജരാജവർമ്മ എം.എ. ബി.എൽ.

ഇതിൽവരുന്ന വാർത്തകൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. – ചീഫ് എഡിറ്റർ

## റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം റിയാക്ട് 2008-ൽ രജിസ്റ്റർ ചെയ്തു എങ്കിലും 2014 മുതലേ ബുദ്ധിമുട്ടനുഭവിച്ചിരുന്ന കുടുംബാംഗങ്ങൾക്ക് ചെറിയ രീതിയിലെങ്കിലും സഹായമെത്തിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. 2022-ൽ എത്തിനിൽക്കുമ്പോൾ ഇതുവരെ 629 പേർക്ക് സഹായമെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ആശ്വാസകരം തന്നെ. ജീവകാരുണ്യപ്രവർത്തനങ്ങൾക്കും, വിദ്യാഭ്യാസ സഹായമായും, സ്വയംതൊഴിൽ കണ്ടെത്തുന്നതിനും, മറ്റുമായി ഇതുവരെ ആവശ്യക്കാരിൽ എത്തിക്കാൻ കഴിഞ്ഞത് 1,05,29,100 രൂപയാണ്. (ഒരു കോടി അഞ്ച് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി ഒരുനൂറ്) നമ്മുടെ കുടുംബത്തിൽ ആഘോഷങ്ങൾ നടത്തുമ്പോഴും ഓർമ്മ ദിവസങ്ങൾ ആചരിക്കുമ്പോഴും മറ്റും റിയാക്ടിന് ഒരു ചെറിയ സഹായം മാറ്റിവയ്ക്കാൻ മറക്കാതിരിക്കുവാൻ അപേക്ഷ. നമുക്ക് റിയാക്ടിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയട്ടെ.

**Donations received from 01.11.2021 to 31.01.2022**

| Sl. No. | Name | Amount ₹ |
|---|---|---|
| 1 | Well wishers | 11,10,000 |
| 2 | Dr. P.K. Prasad Varma Thampan, Thrissur (Endowment) | 1,50,000 |
| 3 | Dr. M. Lalithambika, Thiruvananthapuram | 1,00,000 |
| 4 | Vinod Varma | 72,000 |
| 5 | P.A.K. Neelakantan, Thiruvananthapuram | 50,000 |
| 6 | Rugmini Haridasan | 30,000 |
| 7 | Rethi S Pookote, Kilimanoor Palace | 25,000 |
| 8 | Sushama Kumari Thampuratty B, Chirakkal Kovilakam | 25,000 |
| 9 | Brig. R.R.V.N Varma, Thiruvananthapuram | 20,000 |
| 10 | Jayanthi Kochanujan, Tripunithura | 20,000 |
| 11 | P.M. Subramanian, Karivellur | 15,000 |
| 12 | Thiruvalla Kshatriya Kshema Sabha | 15,000 |
| 13 | Santhosh Kumar V.K., Alleppey | 10,000 |
| 14 | A. Indirakumari, Thiruvananthapuram | 10,000 |
| 15 | Udaya Varma Thampuran N.R. | 10,000 |
| 16 | K.C. Mana Varma Raja, Nileshwar | 10,000 |
| 17 | Vrinda Varma P.B., Thiruvananthapuram | 6,000 |
| 18 | Suresan Raja K, Aurangabad | 5,001 |
| 19 | Asoka Varma Raja P.R., Chirakkal Kovilakam | 5,000 |
| 20 | Rajasekharan A | 5,000 |
| 21 | Vishnu Varma, Thrissur | 5,000 |
| 22 | Krishna Varma Raja V.C., Nileshwar | 5,000 |
| 23 | Nalini Vijayan, Ernakulam | 5,000 |
| 24 | Suma Bai S, Thiruvananthapuram | 3,000 |
| 25 | Sasikumar Varma R.K., Kozhikode | 2,000 |
| 26 | M.K. Suriakumar, Thiruvalla | 2,000 |
| | **Total** | **17,15,001** |

**(Seventeen lakh fifteen thousand and one only)**

**എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950

IFS Code CNRB 0014005 Canara Bank,

Fort Branch, Thiruvananthapuram - 695023

## അറിയിപ്പ്

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്കും അക്കൗണ്ട് വിവരങ്ങൾക്കും പേജ് 15-19 വരെ കാണുക)*



09.01.2022 ൽ നീലേശ്വരത്തു വച്ച് നടന്ന സഭയുടെ സംസ്ഥാനസമ്മേളനത്തിൽ വച്ച് റിയാക്ടിലേക്കുള്ള തിരുവല്ല യൂണിറ്റിന്റെ സംഭാവന സെക്രട്ടറി സൂര്യകുമാർ വർമ്മ നൽകുന്നു.

# റിയാക്ടിന്...... സ്നേഹപൂർവ്വം



പൂഞ്ഞാർ കോയിക്കൽ വലിയതമ്പുരാൻ ആർ. ജയരാജ വർമ്മ റിയാക്ടിലേക്ക് (REACT) നൽകുന്ന സംഭാവനയായ പതിനായിരം രൂപയുടെ ചെക്ക് സഭയുടെ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ സ്വീകരിക്കുന്നു.



ജയന്തി കൊച്ചനുജൻ തൃപ്പൂണിത്തുറ (ഫോ. 9447839846) റിയാക്ടിലേക്കുള്ള സംഭാവനയായി 20,000 രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമ സഭ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയ്ക്ക് കൈമാറുന്നു.




09.01.2022-ൽ നീലേശ്വരത്തു നടന്ന സംസ്ഥാന ഭരണസമിതി യോഗത്തിൽ വച്ച് ടി.സി. ഭാഗീരഥി തമ്പുരാട്ടി, നീലേശ്വരം യൂണിറ്റ് (നീലേശ്വരം കൊട്ടാരം ഇളയ തമ്പുരാട്ടി) റിയാക്ടിലേക്കു 5000/- രൂപ സംഭാവന നൽകുന്നു.



## പത്രാധിപക്കുറിപ്പ്

# പുതുവർഷം 2022



ഏതാണ്ട് 35 വർഷമായിട്ടുണ്ട് ക്ഷത്രിയ ക്ഷേമസഭയുടെ മുഖപത്രമായ ത്രൈമാസിക തുടങ്ങിയിട്ട്. ആദ്യം 'വാർത്താപത്രിക'യായും പിന്നീട് 'ക്ഷാത്രസന്ദേശ'മായും കഴിഞ്ഞ 8 കൊല്ലമായി 'ക്ഷാത്രസ്പന്ദനം' എന്ന പേരിലും രൂപഭേദം വന്നു. ഏതു സംരംഭത്തിനും മാറ്റം അനിവാര്യമായി വന്നുകൊണ്ടിരിക്കും. പലപ്പോഴും സംരംഭത്തെ വളർത്താനും, പുഷ്ടിപ്പെടുത്താനും മാറ്റങ്ങൾ സഹായകമാവുകയും ചെയ്യും. ഓരോ പുതുവർഷവും മാറ്റങ്ങളെപ്പറ്റി ചിന്തിക്കാനുള്ള അവസരമാണ്. കഴിഞ്ഞ വർഷങ്ങളിൽ വായനക്കാരുടെ പ്രതികരണമെന്തൊക്കെയായിരുന്നു, ആഴവും പരപ്പും ഉള്ള ലേഖനങ്ങളായിരുന്നോ നമ്മുടെ മാസികയിൽ വന്നിരുന്നത്, എത്ര ശതമാനം ആളുകളാണ് ഈ മാസിക ഗൗരവത്തോടെ വായിക്കുന്നത്, എല്ലാ പ്രായത്തിലുള്ളവരേയും ആകർഷിക്കാനുള്ള വിഭവങ്ങൾ ഈ മാസികയിൽ ഉൾക്കൊണ്ടിട്ടുണ്ടോ എന്ന കാര്യങ്ങൾ കൂടെക്കൂടെ പരിശോധിക്കേണ്ടതുണ്ട്. അങ്ങനെ പിറകിലേക്കു നോക്കുമ്പോൾ നമ്മുടെ മാസികയിൽ കൂടി ഡോ. ആർ.പി.രാജായുടെ ചരിത്രപ്രാധാന്യമുള്ള 'വേണാട്' നമുക്കു വായിക്കാൻ കഴിഞ്ഞു. ഏതാണ്ട് 2 കൊല്ലത്തിനു മുമ്പ് ആ പരമ്പര അവസാനിച്ചു. പിന്നീട് തുടർച്ചയായി പ്രസിദ്ധീകരിച്ച 'സപ്തപദി' എന്ന ബംഗാളി നോവലിന്റെ മലയാളം തർജ്ജിമ വായിക്കാൻ അവസരം ലഭിച്ചു എന്നത് വളരെ സന്തോഷം നൽകുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ താരാശങ്കർ ബന്ദോപാദ്ധ്യായ എഴുതിയ പ്രസിദ്ധമായ നോവൽ. കെ.സി.എം.രാജയുടെ നല്ല ആഖ്യാനശൈലി. ഈ നോവൽ നല്ല ആസ്വാദ്യകരമായിരുന്നു.

'ക്ഷത്രിയ പ്രതിഭാശാലികൾ' എന്ന ഒരു പരമ്പരയും ഇതിനോടൊപ്പം ഉണ്ടായിരുന്നു. ക്ഷത്രിയരുടെ ഇടയിൽ നിന്നുള്ള 'പത്മാ അവാർഡ്' ജേതാക്കളെപ്പറ്റിയും മറ്റു മേഖലകളിൽ പ്രശസ്തരായവരെപ്പറ്റിയും – ഡോ. വല്യത്താൻ, ഡോ. മാർത്താണ്ഡവർമ്മ, വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട്, രവീന്ദ്രവർമ്മ (M.P.) ഇ. ശ്രീധരൻ – ഉള്ള പരമ്പര.

കൂടാതെ ശ്രീപ്രസാദ് വടക്കേപ്പാട്, ഹരികൃഷ്ണവർമ്മ എന്നിവരുടെ യാത്രാവിവരണങ്ങൾ, ആത്മീയതലത്തിൽ നമുക്കു നല്ല കാര്യങ്ങൾ പറഞ്ഞുതരുന്ന നീലേശ്വരം വലിയരാജ, രാധാമണിത്തമ്പുരാട്ടി എന്നിവരുടെ ലേഖനങ്ങൾ, കെ.എൽ. ശ്രീകൃഷ്ണദാസ്, ആദിത്യവർമ്മ, കുട്ടി അനുജൻ രാജ എന്നിവരുടെ കവിതകൾ, ധനഞ്ജയവർമ്മയുടെ മികവുറ്റ പെൻസിൽ സ്കെച്ചുകൾ, ചന്ദ്രാവലി തമ്പുരാന്റെയും ഹൈമവതി വർമ്മയുടെയും കഥകൾ ഇവയെല്ലാംതന്നെ മാസികയെ ആസ്വാദ്യകരമാക്കി എന്നു കരുതട്ടെ.

പിന്നെ, മാസികയുടെ പ്രഥമലക്ഷ്യം ക്ഷത്രിയക്ഷേമസഭയുടെ എല്ലാ യൂണിറ്റുകളിലും അനുബന്ധ സംഘടനകളായ 'റിയാക്ടി'ലും വനിതാവിഭാഗത്തിലും നടക്കുന്ന പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ എല്ലാവരിലും എത്തിക്കുക എന്നതാണല്ലോ (വാട്സ് ആപ്പ് വന്നതോടുകൂടി ഇതിന്റെ പ്രസക്തി കുറഞ്ഞുവെങ്കിലും.)

ഈ അവസ്ഥയിൽ എത്തിനിൽക്കുന്ന 'ക്ഷാത്രസ്പന്ദനം' ഇനി ഏതു രീതിയിൽ വളരണമെന്ന് ഓരോ വായനക്കാർക്കും അഭിപ്രായമുണ്ടാകാം. എല്ലാവരുടെയും അഭിപ്രായങ്ങൾ സദയം അറിയിക്കണമെന്ന അഭ്യർത്ഥനയോടെ.

പത്രാധിപസമിതി

## കത്തുകൾ

നിങ്ങൾ വളരെയധികം കഷ്ടപ്പാടുകൾ സഹിച്ച് ഈ കോവിഡ് കാലത്തും 'ക്ഷാത്രസ്പന്ദനം' മാസികയെ അണിയിച്ചൊരുക്കി ആയതിനെ പൊതുസമക്ഷം എത്തിക്കുന്നതിന്റെ ആത്മാർത്ഥതയെ മാനിച്ചുകൊണ്ട് കത്തു തുടങ്ങട്ടെ.

കഴിഞ്ഞ ലക്കത്തിലെ (ഒക്ടോ. 2021) വിഭവങ്ങളെല്ലാം നന്നായി ആസ്വദിച്ചു. 'കവി രമേശൻ നായർ ഒരു പുണ്യസ്മരണ' എന്ന അനുസ്മരണ കവിത ഭംഗിയായി അച്ചടിച്ചു ചേർത്തിട്ടുണ്ട്. ഈ കവിതയെക്കുറിച്ച് പല വായനക്കാരും അഭിനന്ദനങ്ങളറിയിച്ചുകൊണ്ട് ഫോണിൽ എന്നെ ബന്ധപ്പെട്ടു. ഈ സന്തോഷം എന്നിലുദിപ്പിച്ച സദ്വികാരം ചെറുതൊന്നുമല്ല. നീലേശ്വരം വലിയരാജ എഴുതിയ 'വേദാന്തചിന്താമണികൾ' രാധാമണിത്തമ്പുരാട്ടിയുടെ "നവരാത്രിയും സരസ്വതീദേവിയും' എന്നീ ലേഖനങ്ങൾ വളരെ വിജ്ഞാനപ്രദമായിരുന്നു. പ്രസ്തുത ലക്കത്തിലെ എല്ലാ ലേഖനങ്ങളും-കവിതകളും യാത്രാവിവരണങ്ങളും എല്ലാം-നല്ല നിലവാരം പുലർത്തുന്നവയായിരുന്നുവെന്ന് ഞാൻ സന്തോഷത്തോടുകൂടി അറിയിക്കട്ടെ.

ക്ഷാത്രസ്പന്ദനത്തിന് അഭിനന്ദനങ്ങൾ!

**കുട്ടി അനിയൻ രാജ, ചെർപ്പുളശ്ശേരി**

2021 ഒക്ടോബർ ലക്കം 'ക്ഷാത്രസ്പന്ദന' ത്തിലെ രണ്ടു ലേഖനങ്ങൾ എന്റെ ശ്രദ്ധ പിടിച്ചുപറ്റി. ഈ ലേഖനങ്ങളുടെ പ്രത്യേകത എടുത്തു പറയാതെ വയ്യ.

1. ഞങ്ങൾ ആദരപൂർവ്വം ഓർക്കുന്ന പേരാണ് വൈദ്യൻ തമ്പുരാൻ. വൈദ്യൻ തമ്പുരാനെപ്പറ്റി ശ്രീ. രമേശ് വർമ്മ എഴുതിയ 'ഗോഡ് ഇൻ ഡിസ്ഗൈസ്' എന്ന അനുസ്മരണം ക്ഷത്രിയ സമുദായത്തിലുള്ള ഇന്നത്തെ തലമുറ അറിഞ്ഞിരിക്കേണ്ടതാണ്. രോഗകാരണം കൃത്യമായി കണ്ടുപിടിച്ചു ചികിത്സിക്കുന്നതിൽ അദ്ദേഹത്തിന്റെ കഴിവ് പ്രശംസനീയമായിരുന്നു. ശ്രീ രമേശ് ചന്ദ്രവർമ്മയ്ക്ക് അഭിനന്ദനങ്ങൾ.

# നവവത്സര ആശംസകൾ

**കുട്ടി അനിയൻ രാജ,** ചെർപ്പുളശ്ശേരി



രണ്ടായിരത്താണ്ടു വിരിഞ്ഞു വന്നി-
ട്ടുണ്ടായിടുന്നോരിരുപത്തിരണ്ട്
എന്നുള്ള പുഷ്പത്തിനു നൽ സുഗന്ധ-
മുണ്ടായിടും നിങ്ങളതാസ്വദിക്കൂ

ഈ പുഷ്പമമ്പോടു വിരിഞ്ഞ വന്നി-
ട്ടുണ്ടാക്കിടും നല്ല ഫലങ്ങളും താൻ
മാധുര്യമേറുന്നവ നല്ലപോലെ -
രുചിച്ചിടാനും തവഭാഗ്യമുണ്ടായ്-

വരേണമേ എന്നൊരു ചിന്തയാലേ
ഈ കാവ്യ പുഷ്പങ്ങളയച്ചിടട്ടേ
ഇതിന്റെ നല്ലോരു സുഗന്ധമേറ്റ്
മാധുര്യവും നിങ്ങൾ നുകർന്നുകൊള്ളൂ

*ശുഭമസ്തു*

2. റൻ ഓഫ് കച്ച് എന്ന് കേട്ടിട്ടേയുള്ളു. കണ്ടിട്ടില്ല. ശ്രീ. ബലറാം വി. ഗോപാലിന്റെ ലേഖനം വായിച്ചപ്പോൾ റൻ ഓഫ് കച്ച് പ്രദേശം കണ്ടാസ്വദിച്ചതായി തോന്നി. ശ്രീ ബലറാം ഇനിയും അറിവു പകർന്നു തരുന്ന ലേഖനങ്ങൾ എഴുതുമല്ലോ.

**പ്രൊഫ. രാമചന്ദ്രവർമ്മ**
മാവേലിക്കര



പ്രസിഡന്റിന്റെ കത്ത്

# സേവനത്തിലുടെ വളരുക



**പി.കെ.രഘുവർമ്മ**

**അ**നുഭവജ്ഞാനം എന്നത് മനുഷ്യന് എന്താണ് സംഭവിക്കുന്നത് എന്നതല്ല, ആ മനുഷ്യൻ തനിക്ക് എന്താണോ സംഭവിക്കുന്നത് അതുമായി എന്ത് ചെയ്യുന്നു എന്നതാണ്.

ആൽഡസ് ഹക്സ്‌ലി

വളരെയധികം ചാരിതാർത്ഥ്യത്തോടെ അകമഴിഞ്ഞ സന്തോഷത്തോടെ സഭയെ സുരക്ഷിത കരങ്ങളിൽ ഏല്പിച്ചെന്ന ആത്മവിശ്വാസത്തോടെ, നന്ദിയോടെ, രണ്ടു വാക്ക്:

ഭരണസാരഥ്യമേറി കാലമേറെ ചെല്ലുന്നതിനു മുമ്പേ തുടങ്ങിയ മഹാമാരി വകഭേദത്തോടെ ഇപ്പോഴും തുടരുന്നു. അതിനാൽതന്നെ പലരേയും നേരിൽ കാണാൻ കഴിഞ്ഞില്ലെന്ന ദുഃഖസത്യം പറയാതെ വയ്യ. കാലത്തിനൊത്ത കോലം കെട്ടാനും നാടോടുമ്പോൾ നടുവേ ഓടാനും നമ്മൾ പിറകിലല്ല എന്ന് ഗൂഗിൾ മീറ്റ് എന്ന സാങ്കേതിക സാദ്ധ്യത ഉപയോഗിച്ചതിലൂടെ തെളിയിച്ചു. കരിക്കട്ടക്കു പിന്നിലെ കനൽക്കട്ടയെപ്പോലെ, പുറ്റുകൾക്കിടയിലെ പവിഴംപോലെ, കാർമേഘത്താൽ മറഞ്ഞ സൂര്യനെപ്പോലെ പലതരത്തിൽ ഒളിഞ്ഞിരുന്ന ക്ഷാത്രതേജസ്സുകളെ കണ്ടെത്താൻ ഈ സംരംഭത്തിനു കഴിഞ്ഞു എന്നുള്ളത് സന്തോഷത്തോടെ ഓർക്കുന്നു. അതിന്റെ വിജയം മറ്റു യൂണിറ്റുകളേയും ഈ വഴിക്കു ചിന്തിപ്പിച്ചു എന്നതിന് തിരുവനന്തപുരം യൂണിറ്റ് ദൃഷ്ടാന്തമാണ്.

'ക്ഷത്രിയം സ്വയംവരം' എന്ന വാട്ട്സ് ആപ്പ് ഗ്രൂപ്പു തുടങ്ങിയതിലൂടെയും അതു website ആയി മാറിയതുവഴിയും സഭക്ക് കൂടുതൽ ആളുകളിലേക്ക് എത്തിച്ചേരാൻ സാധിച്ചു. മാത്രമല്ല സഭക്ക് ഇതിലൂടെ വരുമാനം ഉണ്ടാക്കുവാനും സാധിച്ചു.

പ്രസിഡന്റ് എന്ന നിലയിൽ എല്ലാ യൂണിറ്റുകളുമായും ഊഷ്മളമായ ബന്ധം നിലനിർത്താൻ കഴിഞ്ഞു എന്നതിൽ ഏറെ സന്തോഷമുണ്ട്. പ്രസംഗത്തിലല്ല പ്രവർത്തനത്തിലാണ് സംഘടനകളുടെ വിജയം എന്നതാണല്ലോ അടിസ്ഥാന തത്ത്വം. അതിനാൽ നമ്മുടെ പ്രവർത്തനം എന്താണ്, അത് എത്ര മാത്രം നിറവേറി, ഇനി എത്രമാത്രം പൂർത്തീകരിക്കാനുണ്ട് എന്നിവയെക്കുറിച്ചുള്ള വിലയിരുത്തൽ സദാ തുടർന്ന് കൊണ്ടേയിരിക്കണം.

നമ്മുടെ മനസ്സ് ധർമ്മസമർപ്പിതവും, ഈശ്വര സമർപ്പിതവും ആയിത്തീരുമ്പോൾ ആണ് നമുക്ക് സമർപ്പണമനോഭാവത്തോടെ പ്രവർത്തിക്കാൻ കഴിയുക. "നടന്നു നീങ്ങുന്നവർ എത്തിച്ചേരും" എന്നൊരു ചൊല്ലുണ്ട്. അതുകൊണ്ട് പ്രവർത്തിച്ചുകൊണ്ടേ ഇരിക്കണം. ലക്ഷ്യം നേടുന്നതിനുള്ള 'കത്തുന്ന' ആഗ്രഹം ഉള്ളിൽ ഒരു ദീപശിഖ പോലെ പേറുന്നവർക്കു മാത്രമേ വിജയം കൈവരിക്കാൻ കഴിയൂ. പ്രചോദിതമായ മനസ്സുകൊണ്ടേ എന്തും നേടാൻ പറ്റൂ. സ്വയം പ്രചോദിപ്പിക്കപ്പെടുകയും മറ്റുള്ളവർക്ക് പ്രചോദനം ആയിത്തീരുകയും ചെയ്താലേ ഇതു സാധിക്കൂ. മികവ് എന്നത് ഭാഗ്യമല്ല. നിരന്തരമായ അദ്ധ്വാനത്തിന്റെയും അനുഭവത്തിന്റെയും ഉപോൽപ്പന്നമാണ്. പ്രതിഭക്ക് മൂല്യം കൈവരുന്നത് അത് കഠിനാദ്ധ്വാനത്തിലൂടെ പ്രവൃത്തിപഥത്തിൽ എത്തിച്ച് മികവ് തെളിയിക്കുമ്പോഴാണ്. മുൻഗണന നൽകി ചെയ്തു തീർക്കേണ്ട കാര്യങ്ങൾ ചെയ്തു തീർക്കുമ്പോഴാണ് ജീവിത ലക്ഷ്യം നിറവേറ്റപ്പെടുന്നത്. ഈ മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിൽ വരുന്ന പിഴവ് ജീവിത പരാജയത്തിനു തന്നെ കാരണമാകാം. ഏതും ഒരു തടസ്സമാകാൻ അനുവദിക്കാതിരിക്കുക. തടസ്സങ്ങളായി മാറാൻ ഇടയുള്ള സാഹചര്യങ്ങളെ വിജയത്തിനുള്ള അവസരങ്ങളായി പരിവർത്തിപ്പിക്കുക.

എല്ലാ അനുഭവങ്ങളെയും വിജയത്തിലേക്കുള്ള ചവിട്ടുപടിയായി കണ്ട് ആത്മവിശ്വാസം ആർജിക്കുക.

"നിങ്ങൾക്ക് സേവനത്തിന്റെതായ മനോഭാവം ആവശ്യമുണ്ട്. നിങ്ങൾ നിങ്ങളെത്തന്നെ സേവിക്കുന്നു എന്നല്ല. നിങ്ങൾ മറ്റുള്ളവരെ വളരാൻ സഹായിക്കുന്നു, അവരോടൊപ്പം നിങ്ങൾ വളരുന്നു.''

ഡേവിഡ് ഗ്രീൻ.

പുതിയ ഭരണസമിതിക്കു പ്രചോദനമാകട്ടെ മുകളിലെ ഉദ്ധരണി. ഉത്തരവാദിത്തം ഏറ്റെടുക്കുന്നത് എപ്പോഴും ഉന്നത വ്യക്തിത്വത്തിന്റെ ഉടമകളായിരിക്കും, ആയിരിക്കണം.

കഴിഞ്ഞ ഭരണസമിതിയോടു സഹകരിച്ച എല്ലാവർക്കും ആത്മജ വർമ്മതമ്പുരാൻ ഉൾപ്പെടെയുള്ള എല്ലാ കേന്ദ്രഭാരവാഹികളോടും, യൂണിറ്റ് ഭാരവാഹികൾക്കും പ്രസിഡന്റ് എന്ന നിലയിൽ പ്രത്യേക നന്ദി അറിയിക്കുന്നു.


## ഇവർ പുതിയ സാരഥികൾ



**ഡോ.എം ലളിതാംബിക**
*പ്രസിഡന്റ്*



**മധുകുമാർ വർമ്മ വി.കെ**
*ജനറൽ സെക്രട്ടറി*



**സൂര്യകുമാർ എം.കെ**
*ട്രഷറർ*

# കേന്ദ്ര സഭാ വാർത്തകൾ



## ഭരണസമിതി യോഗം

2022 ജനുവരി 9നു നീലേശ്വരം വടക്കേ കോവിലകത്ത് സംസ്ഥാന പ്രസിഡന്റ് പി.കെ. രഘു വർമ്മയുടെ അദ്ധ്യക്ഷതയിൽ ക്ഷത്രിയക്ഷേമ സഭയുടെ സംസ്ഥാന ഭരണസമിതിയോഗം ചേർന്നു. ഈശ്വരപ്രാർത്ഥനയ്ക്കും അനുശോചന പ്രമേയത്തിനും ശേഷം നീലേശ്വരം യൂണിറ്റ് പ്രസിഡന്റ് വി.സി.കൃഷ്ണവർമ്മ രാജ സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷൻ പി.കെ. രഘുവർമ്മ ഉപക്രമ പ്രസംഗം നടത്തി. ജനറൽ സെക്രട്ടറി ആത്മജ വർമ്മ തമ്പുരാൻ ആമുഖപ്രസംഗവും സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടിന്റെ കരടും അവതരിപ്പിച്ചു. ട്രഷറർ മഹേഷ് രാമവർമ്മ കണക്ക് സംബന്ധിച്ച് വിശദീകരിച്ചു. വിശദമായ റിപ്പോർട്ടും കണക്കും സംസ്ഥാന വാർഷികപൊതുയോഗത്തിൽ അവതരിപ്പിക്കാനും തീരുമാനിച്ചു. യൂണിറ്റ്തല ചർച്ചകൾ നടന്നു. മേഖലാതല പ്രവർത്തന റിപ്പോർട്ടുകൾ വി.കെ. മധുകുമാർ വർമ്മയും കെ. കുഞ്ഞിമാധവനും അവതരിപ്പിച്ചു.

'ക്ഷാത്രസ്പന്ദനം' റിയാക്ട് എന്നിവയെക്കുറിച്ചും ചർച്ച നടന്നു. റിയാക്ടിന്റെ പ്രവർത്തനങ്ങൾ റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മ വിശദീകരിച്ചു. തുടർന്നു സംസ്ഥാനസമ്മേളനത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തി. നീലേശ്വരം യൂണിറ്റിന്റെ വിദ്യാർത്ഥികൾക്കുള്ള പുരസ്കാരങ്ങൾ പ്രസിഡന്റ് പി.കെ. രഘുവർമ്മ, ജനറൽ സെക്രട്ടറി ആത്മജ വർമ്മ തമ്പുരാൻ, ട്രഷറർ മഹേഷ് രാമവർമ്മ എന്നിവർ സമ്മാനിച്ചു. 'സ്വയംവരം' വെബ്സൈറ്റ് സംബന്ധിച്ച് കോ-ഓർഡിനേറ്റർ സഞ്ജയ് വർമ്മ വിശദീകരിച്ചു. മേഖല സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ കൃതജ്ഞത രേഖപ്പെടുത്തി. ക്ഷത്രിയക്ഷേമസഭയുടെ സംസ്ഥാന സമിതിക്ക് നീലേശ്വരം യൂണിറ്റ് ആതിഥേയത്വം വഹിക്കുന്നത് അഞ്ചാംതവണയാണ്. ഹൃദ്യമായ സ്വീകരണമാണ് ഇത്തവണയും ഒരുക്കിയത്.

യോഗത്തിന് വടക്കൻമേഖലയിൽ നിന്നു അംഗങ്ങളുടെ നല്ല പങ്കാളിത്തം ഇത്തവണയും ഉണ്ടായിരുന്നു. തെക്കൻമേഖലയിൽ നിന്നു പങ്കെടുക്കാൻ കഴിയാത്തവർ മിക്കവരും വിവരം അറിയിക്കുകയും ചെയ്തിരുന്നു. മുന്നാക്ക സമുദായ കോർപ്പറേഷൻ, മുന്നാക്ക സമുദായ കമ്മീഷൻ, മുന്നാക്ക സമുദായ മുന്നണി, ക്ഷേത്രസ്ഥലങ്ങൾ അന്യാധീനപ്പെടുന്നത്, വിവിധ ക്ഷേമ പെൻഷനുകൾ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടന്നു. 'ക്ഷാത്രജാലകം, 'സ്വയംവരം' വെബ്സൈറ്റ് എന്നിവ സംബന്ധിച്ചും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി. യോഗത്തിൽ കേന്ദ്ര സമിതിഭാരവാഹികളും സംസ്ഥാന സമിതി അംഗങ്ങളും നീലേശ്വരം യൂണിറ്റ് അംഗങ്ങളും ഉൾപ്പെടെ 41 അംഗങ്ങൾ പങ്കെടുത്തു. അടുത്ത സംസ്ഥാന ഭാരവാഹികളുടെ പാനൽ അവതരിപ്പിക്കുന്നതു സംബന്ധിച്ച് ചർച്ചയും നടന്നു. നിർദ്ദേശങ്ങൾ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കാനും ധാരണയായി.

സംസ്ഥാന സഭയിലെ യൂണിറ്റുകൾ നീലേശ്വരം, കരിവെള്ളൂർ, പിലാത്തറ, ഇരിട്ടി, ശ്രീകണ്ഠാപുരം, കുറ്റിലഞ്ഞി, വെള്ളാരപ്പിള്ളി, എറണാകുളം, ഇടപ്പള്ളി, തൃപ്പൂണിത്തുറ, വൈക്കം, കോട്ടയം, ചേർത്തല, അമ്പലപ്പുഴ, പന്തളം, തിരുവല്ല, തിരുവനന്തപുരം, ബംഗ്ളൂരു (സംഗമം), വായു (ദുബായ്). ഇതിനുപുറമേ അമേരിക്കയിലും ക്ഷത്രിയരുടെ കൂട്ടായ്മ പ്രവർത്തിക്കുന്നുണ്ട്. ചെന്നൈ, ന്യൂഡൽഹി, മുംബൈ എന്നിവിടങ്ങളിലെ കൂട്ടായ്മയും സഭയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

ക്ഷത്രിയക്ഷേമസഭയുടെ സംസ്ഥാനസമിതി രണ്ടു വർഷം (2019-2021) പൂർത്തിയാക്കുമ്പോൾ രൂക്ഷമായ കോവിഡ് തരംഗത്തിനിടയിലും സഭയുടെ രജിസ്ട്രേഷൻ പുതുക്കൽ, ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നടത്തുവാൻ സാധിച്ചിട്ടുണ്ട്. അത് 'ക്ഷാത്രസ്പന്ദന'ത്തിലൂടെ നിങ്ങളെ അറിയിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകിയ ബഹുമാന്യരായ എല്ലാ അംഗങ്ങളോടും യൂണിറ്റുകളോടുമുള്ള കടപ്പാടും സ്നേഹവും കൃതജ്ഞതാപൂർവം രേഖപ്പെടുത്തട്ടെ.

സ്നേഹപൂർവം

**ആത്മജ വർമ്മ തമ്പുരാൻ** (ജനറൽ സെക്രട്ടറി)

**സഭയുടെ വാർഷിക വരവ്-ചെലവ് കണക്കുകൾക്ക് പേജ് 13,14 കാണുക**

# സംസ്ഥാന വാർഷിക പൊതുയോഗ റിപ്പോർട്ട്

ഗൂഗിൾ മീറ്റ് വഴി രാവിലെ കൃത്യം 10 മണിയ്ക്ക് സഭയുടെ പ്രസിഡന്റ് പി കെ രഘുവർമ്മയുടെ അദ്ധ്യക്ഷതയിൽ സൂര്യകുമാർ വർമ്മയുടെ ഈശ്വരപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സഭയുടെ ജനറൽ സെക്രട്ടറി ആത്മജവർമ തമ്പുരാൻ യോഗത്തിൽ പങ്കെടുക്കുന്നവർക്ക് സ്വാഗതമേകി. അതിനുശേഷം ഈ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞുപോയ സഭാംഗങ്ങൾക്കുള്ള അനുശോചനം രേഖപ്പെടുത്തി. ഒരു നിമിഷം മൗനമാചരിക്കുകയും ചെയ്തു. അദ്ധ്യക്ഷൻ പി.കെ. രഘുവർമ ഹ്രസ്വവും കാര്യമാത്ര പ്രസക്തവുമായ ഒരു ഉപക്രമപ്രസംഗം നടത്തി. പിന്നീട്, ജനറൽ സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. വളരെ അർത്ഥവത്തായ ചർച്ച നടക്കുകയുണ്ടായി. ചർച്ചക്കുള്ള മറുപടി ജനറൽ സെക്രട്ടറി നൽകി. റിപ്പോർട്ടിൽ വിട്ടു പോയ ചില പ്രവൃത്തികളെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കുകയും അത് ചേർത്തുള്ള റിപ്പോർട്ട് പാസാക്കുകയും ചെയ്തു.

ട്രഷറർ മഹേഷ് വർമ്മ വാർഷിക വരവുചിലവ് കണക്കുകൾ അവതരിപ്പിച്ചു. അതിന്മേലുള്ള ചർച്ചയും നടന്നു. സംശയങ്ങൾക്ക് മറുപടി പറയുകയും അംഗങ്ങൾ കണക്ക് അംഗീകരിക്കുകയും പാസാക്കുകയും ചെയ്തു. അതിനുശേഷം ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് പ്രക്രിയകൾ റിട്ടേണിംഗ് ഓഫീസർ പി.കെ.ജയകുമാർ വർമ്മയുടെ നേതൃത്വത്തിൽ ആംരംഭിച്ചു. വളരെ വിപുലമായ ചർച്ചകൾക്കു ശേഷം താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള തിരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ചു

*പ്രസിഡന്റ്* – ഡോ. എം ലളിതാംബിക
*ജനറൽ സെക്രട്ടറി* – മധുകുമാർ വർമ്മ വി.കെ
*ട്രഷറർ* – സൂര്യകുമാർ എം.കെ

*വൈസ് പ്രസിഡന്റുമാർ:*

1. ശ്രീകുമാർ ടി.എം (കരിവെള്ളൂർ)
2 കൃഷ്ണകുമാരി.കെ.ആർ. (തിരുവനന്തപുരം)
3 മനോജ് വർമ്മ വി.എൻ. (തൃശൂർ)

*ജോയിന്റ് സെക്രട്ടറി* – മോഹനവർമ്മ പി കെ

*മേഖലാ സെക്രട്ടറിമാർ:*
*ദക്ഷിണ മേഖല* – സഞ്ജയ് വർമ്മ പി.കെ
*മദ്ധ്യ മേഖല* – ശങ്കർ വർമ്മ എൻ
*ഉത്തര മേഖല* – വി.സി.കൃഷ്ണ വർമ്മ രാജാ

പുതിയ ഭാരവാഹികൾക്കു വേണ്ടി പ്രസിഡന്റും ജനറൽ സെക്രട്ടറിയും അംഗീകാര പ്രസംഗം നടത്തി.

മധുകുമാർ വർമ്മ നന്ദിപ്രകാശനം നടത്തി. ഉച്ചയ്ക്ക് 1.15 ന് യോഗം അവസാനിച്ചു.

## തിരുത്ത്

● കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച 'വയലാർ' എന്ന കവിതയിൽ വന്ന താഴെപ്പറയുന്ന അച്ചടിപ്പിശകുകൾ തിരുത്തി വായിക്കാനപേക്ഷ.

രണ്ടാമത്തെ ഖണ്ഡികയിൽ നാലാമത്തെ വരിയിൽ **''എത്രയോ ഭാവങ്ങളിൽ''** എന്നിടത്ത് **''എത്രയോ താളങ്ങളിൽ''** എന്നു തിരുത്തി വായിക്കുക.

അഞ്ചാമത്തെ ഖണ്ഡികയിൽ **"അന്ധവിശ്വാസങ്ങളും സയൻസും തമ്മിൽ തമ്മിൽ" എന്ന വരിക്കുശേഷം "സന്ധിയിലെത്തീടാത്ത സമരങ്ങളെപ്പറ്റി''** എന്ന വരി വിട്ടുപോയിരുന്നത് ചേർത്തു വായിക്കുക.

● ഒക്ടോബർ ലക്കത്തിൽ കരപ്പുറം ക്ഷത്രിയ സഭയുടെ റിപ്പോർട്ടിൽ 'വേട്ടക്കൊരുമകൻ' ക്ഷേത്രത്തെ സംബന്ധിച്ച് എഴുതിയത് താഴെ കൊടുത്തിരിക്കുന്നപ്രകാരം തിരുത്തി വായിക്കാൻ അപേക്ഷ.

പുത്തൻകോവിലകത്തിന്റെ ഊരാഴ്മ അധികാരത്തിൽ ഉള്ള ഈ ക്ഷേത്രത്തിന്റെ നടത്തിപ്പ് വേട്ടക്കൊരുമകൻ സേവാസംഘം എന്ന രജിസ്റ്റർ ചെയ്ത സംഘത്തിന്റെ ചുമതലയിൽ ആണ്. ആ സംഘത്തിന്റെ പൊതുയോഗതീരുമാന പ്രകാരം എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങൾക്കും അംഗത്വം കൊടുക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് എല്ലാ കുടുംബങ്ങളും അംഗത്വം എടുക്കുകയും പുതിയ ഭരണസമിതി അധികാരം ഏറ്റെടുക്കുകയും ചെയ്തു. തെറ്റ് സംഭവിച്ചതിൽ ഖേദിക്കുന്നു.

# KSHATRIYA KSHEMA SABHA, TRIVANDRUM

(Registration Number 437/81)

Sundaravilasam Palace, Fort,Thiruvananthapuram-23

## INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31.03.2021

| | EXPENDITURE | | Amount Rs. | | INCOME | | Amount Rs. |
|---|---|---|---|---|---|---|---|
| To | Kshatraspandanam Printing charges | | 1,39,910.00 | By | Advertisement Charges Received | | |
| " | AGM 2019 at Kottayam | | 68,753.00 | " | General | 33,500.00 | |
| " | Postage - Kshthra Spandanam | | 19,187.00 | " | Matrimonial | 8,000.00 | 41,500.00 |
| " | Bank Charges | | 160.70 | | | | |
| " | Ramayanam Quiz | | 6,000.00 | " | Kshatraspandanam Subscription | | 1,58,050.00 |
| | | | | " | Donation - Ramayanam Quiz | | 6,000.00 |
| | | | | " | Bank Interest (FD/KCC/SB a/c) | | 1,55,808.23 |
| " | Depreciation | | 498.96 | | | | |
| " | Excess of Income over Expenditure | | 1,26,848.57 | | | | |
| | | | **3,61,358.23** | | | | **3,61,358.23** |

Prepared from the books of account produced before me

Place: Thiruvananthapuram,

Date :08.01.2022

**President/Secretary** **Treasurer** Auditor

-

# KSHATRIYA KSHEMA SABHA, TRIVANDRUM

(Registration Number 437/81)

Sundaravilasam Palace, Fort,Thiruvananthapuram-23

## BALANCE SHEET AS AT 31-03-2021

| LIABILITIES | | Amount | ASSETS | | Amount |
|---|---|---|---|---|---|
| | | Rs. | | | Rs. |
| **Special Funds** | | | **Fixed Assets** (Schedule 1) | | 4,483.39 |
| M.C.K. Fund | 36,274.60 | | **Gift Assets** (Schedule 2) | | 11,500.00 |
| Endowment Scholarship Ayurvaidyam | 10,000.00 | | **Investments** | | |
| Endowment Scholarship Physics | 15,000.00 | | (Royal Educational & Charitable Trust) | | 1,00,000.00 |
| Bhanu Raja Memorial Scholarship | 14,000.00 | 75,274.60 | | | |
| | | | **Deposits and Advances** (Schedule 3) | | 9,65,346.00 |
| **General Fund** | 14,14,292.42 | | | | |
| Excess of Income over Expenditure | 1,26,848.57 | 15,41,140.99 | | | |
| | | | **Cash & Bank Balance** | | |
| **Save a Family Fund** | | | Cash and Bank (Schedule 4) | | 9,02,207.20 |
| Add: Interest earned on F.F. 2005-06 | 7,250.00 | | | | |
| Interest earned on F.F. 2006-07 | 7,250.00 | | | | |
| Interest earned on F.F. 2007-08 | 7,250.00 | | | | |
| Interest earned on F.F. 2008-09 | 2,671.00 | 24,421.00 | | | |
| **Giftd Assets** | | 11,500.00 | | | |
| **Current Liabilities** | | | | | |
| (Schedule 5) | | 3,31,200.00 | | | |
| Total | | **19,83,536.59** | Total | | **19,83,536.59** |

Prepared from the books of account produced before me

-

Place: Thiruvananthapuram
Date : 08.01.2022

President/Secretary Treasurer Auditor

# റിയാക്ട് ധനസഹായം



കരിവെള്ളൂർ തോട്ടിച്ചാലിൽ ടി.വി.അനിൽ കുമാറിന് ചികിത്സാ ധനസഹായമായി REACTൽ നിന്നും അനുവദിച്ച 20,000 (ഇരുപതിനായിരം) രൂപയുടെ ചെക്ക്, ക്ഷത്രിയക്ഷേമ സഭ കരിവെള്ളൂർ യൂണിറ്റ് പ്രസിഡണ്ട് പി. എം. സുബ്രഹ്മണ്യൻ ടി.വി. അനിൽകുമാറിന് കൈമാറി. മുൻ സംസ്ഥാന വൈസ് പ്രസിഡണ്ടും, യൂണിറ്റ് സെക്രട്ടറിയുമായ ടി. എം. ശ്രീകുമാർ, സംസ്ഥാന കമ്മിറ്റി അംഗവും യൂണിറ്റ് ട്രഷററുമായ എൻ.കെ.കെ. ഉണിത്തിരി, യൂണിറ്റ് ഭരണസമിതി അംഗങ്ങളായ എൻ.പി. ബാലകൃഷ്ണൻ, ഇ.എം. കൃഷ്ണകുമാർ എന്നിവരും അനിൽകുമാറിന്റെ ഭാര്യ പി.വി.ശോഭ, എ. ബാലകൃഷ്ണൻ, കെ.രവീന്ദ്രൻ, ടി. എം. രാജമോഹനൻ എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു.



വൈക്കം 'ശിവാഞ്ജലി' യിൽ ശശീന്ദ്രവർമ്മയ്ക്ക് തിമിരശസ്ത്രക്രിയക്ക് റിയാക്റ്റിൽ നിന്നും അനുവദിച്ച പതിനയ്യായിരം രൂപയുടെ ചെക്ക് പ്രേമചന്ദ്രവർമ്മ കൈമാറുന്നു.



കിളിമാനൂർ കൊട്ടാരത്തിലെ മിനിവർമ്മയ്ക്ക് ചികിത്സാസഹായമായി റിയാക്ടിൽ നിന്നും അനുവദിച്ച 25000/-രൂപയുടെ ചെക്ക് ട്രഷറർ കെ.എൻ. രാമവർമ്മ കൈമാറുന്നു.



തിരുവനന്തപുരം പേരൂർക്കടയിലെ അപർണ്ണ എസ്. എന്ന വിദ്യാർത്ഥിനിയ്ക്ക് വിദ്യാഭ്യാസ സഹായമായി REACT-ൽ നിന്നും അനുവദിച്ച 20000/- രൂപയുടെ ചെക്ക് പി. കെ. രഘു വർമ്മ കൈമാറുന്നു.



കൊല്ലം കുളത്തുപ്പുഴയിൽ വില്ലുമല വനവാസി കോളനിയിലെ താമസക്കാരി ആയ സോനുമോളും


ഭർത്താവ് ശ്യാമും കൂടി കുളത്തുപ്പുഴ ടൗണിൽ ഒരു തട്ടുകട തുടങ്ങുകയുണ്ടായി.രണ്ടുപേരും ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് കഴിഞ്ഞവരാണ്. ഈ സംരംഭം തുടങ്ങുന്നതിന് റിയാക്ട് 20,000/- രൂപ ധനസഹായം നൽകി.



ബൈക്ക് അപകടം മൂലം തലയ്ക്ക് ഗുരുതരമായി പരിക്ക് പറ്റിയ അനിൽ കുമാറിന് (കിഴക്കേ പറമ്പിൽ, ആഞ്ഞിലിത്താനം കവിയൂർ) REACT നൽകിയ ധനസഹായം അദ്ദേഹത്തിന്റെ ഭാര്യാ മാതാവ് ആനന്ദം സ്വീകരിക്കുന്നു.



ഇരിട്ടി യൂണിറ്റ് അംഗമായ കെ. സതീദേവി യുടെയും ഹരിപ്രകാശ് കാവുങ്കരയുടെയും മകൻ ആദി നാരായണന്റെ വിദ്യാഭ്യാസ ആവശ്യത്തി നായി റിയാക്റ്റിൽ നിന്നും അനുവദിച്ച ധനസഹാ യം ആയ 20,000 (ഇരുപതിനായിരം) രൂപയുടെ ചെക്ക്, യൂണിറ്റ് പ്രസിഡണ്ട് കെ. ഇ. കമലകുമാരിയും മുൻ പ്രസിഡണ്ട് കെ. മോഹൻദാസ് വാഴുന്നവരും ചേർന്ന് ആദി നാരായണന് കൈമാറി. ആദിനാരാ യണന്റെ അമ്മ കെ സതീദേവി, ഇരിട്ടി യൂണിറ്റ് രൂപീകരണത്തിന് നേതൃത്വം നൽകിയ മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട് കൂടിയായ ടി .എം ശ്രീകുമാർ, യൂണിറ്റ് ട്രഷറർ കെ .വിക്രമൻ എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.



ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലെ രാമവർമ്മ യുടെ ഭാര്യയുടെ ചികിത്സക്കായി റിയാക്ടിന്റെ ധനസഹായമായ 50,000 രൂപയുടെ ചെക്ക് ട്രഷ റർ കെ.എൻ. രാമവർമ്മ കൈമാറുന്നു. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് രഘുവർമ, സൂര്യകുമാർ, സഞ്ജയ് വർമ്മ, ശക്തൻ രാജാ എന്നിവർ സമീപം.



കോഴിക്കോട് NIT യിൽ മെക്കാനിക്കൽ എഞ്ചി നീയറിങ്ങിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശ നം ലഭിച്ച, സാമ്പത്തികമായി പിന്നോക്കം നിൽ ക്കുന്ന കൃഷ്ണപ്രസാദ് വർമ്മക്ക് REACT-ൽ നിന്നും ഹോസ്റ്റൽഫീസിന്റെ ആവശ്യത്തിലേ ക്കായി പ്രതിമാസം Rs 6000/- രൂപ വച്ച് നൽകാനാ യുള്ള ധാരണാ പത്രം സെക്രട്ടറി പി.കെ. രഘു

വർമ്മ അവരുടെ പുത്തൻകുരിശിനു സമീപമുള്ള വീട്ടിലെത്തി കൈമാറുന്നു. കോളേജ് ഫീസ് നൽകേണ്ടതില്ല എന്ന ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ഈ സഹായത്തിന് REACTന് താങ്ങായത് വലവൂർ കോവിലകം വി.കെ.ചന്ദ്രവർമ്മയുടേയും (late) വെള്ളാരപ്പള്ളി കോയിക്കൽ മഠം ഭദ്രാ വർമ്മയുടേയും മകൻ വിനോദ് വർമ്മ, അദ്ദേഹത്തിന്റെ സഹധർമ്മിണി സ്വപ്നാ വർമ്മ എന്നിവരുടെ നല്ല മനസ്സും സംഭാവനയും മൂലമാണ്.

ചടങ്ങിൽ ക്ഷത്രിയക്ഷേമസഭയുടെ ദക്ഷിണ മേഖലാ സെക്രട്ടറി മധുകുമാർ വർമ, കൊച്ചി ക്ഷത്രിയ സമാജത്തിലെ പ്രസിഡന്റ് രഘുവർമ, ഖജാൻജി എന്നിവർ പങ്കെടുത്തു.




കോവിഡ് മഹാമാരി മൂലം ബുദ്ധിമുട്ടിലായ യുവസംരംഭകരെ സഹായിക്കുന്നതിന്റെ ഭാഗമായി തിരുവല്ല സഭയിലെ അംഗമായ രാംദാസ് വർമ്മക്ക് റിയാക്ടിൽ നിന്നുമുള്ള സഹായമായ തുകയുടെ ചെക്ക് നൽകിയപ്പോൾ. പി.കെ. ജയകുമാർ വർമ്മ, സഞ്ജയ് വർമ്മ എന്നിവർ സമീപം.



കീഴ് വായ്പ്പൂരിലുള്ള ശ്രീലക്ഷ്മി ആർ വർമ്മയുടെ ഉന്നത പഠനത്തിനായി റിയാക്ടിൽ നിന്നും 50,000/-രൂപ ധനസഹായം നൽകി.



തിരുവനന്തപുരം നന്തൻകോട് ദേവസ്വംബോർഡ് ജംഗ്ഷനിൽ താമസിക്കുന്ന സുലോചന എന്ന വൃദ്ധയ്ക്ക് വീടിന്റെ മേൽക്കൂര റിപ്പയർ ചെയ്യാനുള്ള ധനസഹായമായ 10,000 രൂപയുടെ ചെക്ക് സാമൂഹ്യ പ്രവർത്തകൻ അനിൽകുമാർ കൈമാറുന്നു.



വാഹനാപകടത്തെ തുടർന്ന് ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിയുന്ന, ക്ഷത്രിയക്ഷേമ സഭ കരിവെള്ളൂർ യൂണിറ്റ് മെമ്പർ സി കെ കുഞ്ഞിനാരായണ വർമ്മ (കാലിക്കടവ്) യുടെ മകൾ കെ. ജലജയുടെ ചികിത്സയ്ക്കായി REACT-ൽ നിന്നും അനുവദിച്ച ഒരു ലക്ഷം രൂപയുടെ ചെക്ക് കരിവെള്ളൂർ യൂണിറ്റിലെ മുതിർന്ന അംഗം N K K ഉണിത്തിരി C.K കുഞ്ഞിനാരായണവർമ്മക്ക് കൈമാറുന്നു. യൂണിറ്റ് പ്രസിഡന്റ് P.M. സുബ്രഹ്മണ്യൻ, ജലജയുടെ സഹോദരി ഗിരിജാദേവി എന്നിവർ സമീപം

# ROYAL EDUCATIONAL & CHARITABLE TRUST

## SUNDARAVILASOM PALACE, FORT, THIRUVANANTHAPURAM

## BALANCE SHEET AS AT 31st MARCH, 2021

| Liabilities | | Amount (Rs.Ps) | Assets | | A |
|---|---|---|---|---|---|
| **CORPUS FUND** | | | **CURRENT ASSETS** | | |
| Contributions from Trustees and Others as per last Balance Sheet | 7,36,317.00 | | **Investments:** Fixed Deposit with Syndicate Bank, Fort, Tvpm. | | |
| Add:- Corpus Fund additions during the year | - | | No.1952/1 | 1,50,000.00 | |
| | 7,36,317.00 | | No.4352/1 | 75,800.00 | |
| ss Endowment Fund for Medical Aid-K.G.Reghu | 1,50,000.00 | 5,86,317.00 | No.4353/1 | 1,50,000.00 | |
| | | | No.4742/1 | 75,000.00 | |
| Endowment Fund for Medical Aid-K.G.Reghu | | 1,50,000.00 | No.4904/1 | 25,700.00 | |
| | | | No.4904 | 3,36,000.00 | |
| | | | No.4742/6 | 1,00,000.00 | |
| | | | No. 4904/12 | 1,00,000.00 | |
| | | | Interest Receivable | 789.96 | |
| | | | **Tax Deducted at Source** | | |
| | | | F.Y. 2019-20 | 6,817.41 | |
| | | | F.Y. 2020-21 | 4,577.00 | |
| **CURRENT LIABILITIES & PROVISIONS** | | | | | |
| Advance from Hon.Secretary as per last Balance Sheet | | 650.00 | **CASH & BANK BALANCE** Balance with Syndicate Bank-Fort, Trivandrum in SB A/c | 13,24,421.31 | |
| **INCOME & EXPENDITURE ACCOUNT** | | | Cash in Hand as certified by the Hon.Secretary | 4.00 | |
| Surplus as per last balance sheet | 4,81,126.63 | | | | |
| Add :- Excess of Income over Expenditure for the year | 11,31,016.05 | 16,12,142.68 | | | |
| **TOTAL** | | **23,49,109.68** | **TOTAL** | | |

Notes to Acounts - Schedule 1

**AUDITOR**

As per my report of eve

| Sd/- | Sd/- | Sd/- | Sd/- |
|---|---|---|---|
| Dr. M. Lalithambika | P K Reghu Varma | K N Rama Varma | CA. K. Suresh K |
| **Hon. Chairman** | **Hon. Secretary** | **Hon.Treasurer** | Isha, K.R.A.131, Near Lotus G |
| | | | Tripunith |

Place:Ernakulam
Date: 31/12/2021

# ROYAL EDUCATIONAL & CHARITABLE TRUST

## SUNDARAVILASOM PALACE, FORT, THIRUVANANTHAPURAM

### INCOME AND EXPENDITURE ACCOUNTS FOR THE YEAR ENDED 31ST MARCH, 2021

| Expenditure | | Amount (Rs.) | Income | | Amount (Rs.) |
|---|---|---|---|---|---|
| To Medical Aid | | 8,22,500.00 | By Donations received | | 38,92,008.00 |
| " Education Assistance | | 1,45,000.00 | " Interest from Bank | | |
| " Financial Aid to Poor | | 18,65,000.00 | Fixed Deposit | 60,496.48 | |
| " Advertisement charges | | 3,500.00 | Savings Bank | 15,215.23 | 75,711.71 |
| " Bank Charges | | 765.66 | " Interest on Income tax Refund | | 62.00 |
| " Excess of Income over Expenditure | | 11,31,016.05 | | | |
| **TOTAL** | | **39,67,781.71** | **TOTAL** | | **39,67,781.71** |

Notes to Acounts - Schedule 1

Sd/-
Dr. M. Lalithambika
**Hon. Chairman**

Sd/-
P K Reghu Varma
**Hon. Secretary**

Sd/-
K N Rama Varma
**Hon.Treasurer**

Date: 31/12/2021

**AUDITORS' REPORT**

As per my report of even date attached

**Sd/-**

**CA. K. Suresh Kumar Varma**
Isha, K.R.A.131, Near Lotus Garden, In Fort
Tripunithura - 682301
Ernakulam
**M.No.201105**

കവർ സ്റ്റോറി

# എം. രാജരാജവർമ്മ എം.എ.ബി.എൽ (കമ്മീഷണർ തമ്പുരാൻ)

**പ്രതാപ് കിഴക്കേമഠം**, തിരുവനന്തപുരം

വടക്കെ മലബാറു മുതൽ തെക്കൻ തിരുവിതാംകൂർ വരെയുള്ള മഹാകവികൾക്കും ഭാഷാ പണ്ഡിതന്മാർക്കും പത്രാധിപന്മാർക്കുമൊക്കെ ഒരു കാലത്ത് കാണാപ്പാഠമായിരുന്ന ഒരു മേൽവിലാസം ഉണ്ടായിരുന്നു.

*രാജശ്രീ എം. രാജരാജവർമ്മ തിരുമനസ്സ്*
*എം.എ., ബി,എൽ*
*അരുമന അമ്മവീട്, വള്ളക്കടവ് പി.ഒ.,*
*തിരുവനന്തപുരം.*

ആധുനിക മലയാള സാഹിത്യത്തിന്റെ സുപ്രധാനമായൊരു ഘട്ടത്തിൽ സർഗ്ഗാത്മക സാഹിത്യത്തിലും വൈജ്ഞാനിക സാഹിത്യത്തിലും പ്രഭാവോജ്ജ്വലമായി നിറഞ്ഞുനിന്നിട്ടും പിന്നീട് വിസ്മൃതിയിലേക്കാണ്ടുപോയ പണ്ഡിതനാണ് എം. രാജരാജ വർമ്മ എം.എ., ബി.എൽ.

'കമ്മീഷണർ രാജാവെ'ന്നും 'കമ്മീഷണർ അമ്മാവൻ' എന്നും 'കമ്മീഷണർ തമ്പുരാൻ' എന്നും വിളിച്ചിരുന്ന പ്രശസ്ത സാഹിത്യകാരനായിരുന്ന എം. രാജരാജവർമ്മ 1871 ആഗസ്റ്റ് 25-ാം തീയതി (കൊല്ലവർഷം 1047 ചിങ്ങം 10) മൂലം നക്ഷത്രത്തിൽ പൂരം തിരുനാൾ മഹാപ്രഭ അമ്മ തമ്പുരാന്റെയും ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലെ എ.സി. രാജരാജവർമ്മ എന്ന കൊച്ചു ചെറുണി കോയിതമ്പുരാന്റെയും സീമന്തപുത്രനായി മാവേലിക്കര വടക്കെ കൊട്ടാരത്തിൽ ഭൂജാതനായി. ഇദ്ദേഹത്തെ 'കുഞ്ഞാരു' എന്നാണു വിളിച്ചിരുന്നത്. കിയൂർ നാരായണപിഷാരടിയുടെ അടുക്കൽ രാജരാജവർമ്മ വിദ്യാഭ്യാസം തുടങ്ങി. മാവേലിക്കര സ്പെഷ്യൽ സ്കൂളിൽ ചേർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു.

ശ്രീ രാജരാജവർമ്മയുടെ കഴിവുകൾ ആദ്യം തിരിച്ചറിഞ്ഞവരിൽ ഒരാൾ അദ്ദേഹത്തിന്റെ അടുത്ത



ബന്ധു കൂടിയായ കേരള കാളിദാസൻ കേരളവർമ്മ വലിയ കോയിതമ്പുരാൻ ആയിരുന്നു. അദ്ദേഹത്തിന്റെ പത്നിയായ സീനിയർ മഹാറാണി ഭരണി തിരുനാൾ ലക്ഷ്മിഭായിയുടെ പ്രേരണയിലാണ് രാജരാജവർമ്മ പതിമൂന്നാം വയസ്സിൽ തിരുവനന്തപുരത്ത് എത്തുന്നത്. കോട്ടയ്ക്കകത്ത് തേവാരത്തുകോയിക്കലും പിന്നീട് മൂവിടത്തുമഠത്തിലും താമസിച്ചുകൊണ്ടാണ് മഹാരാജാസ് ഹൈസ്കൂളിൽ നിന്നും മെട്രിക്കുലേഷൻ പാസ്സാകുന്നത്. തിരുവനന്തപുരം മഹാരാജാസ് കോളേ

ജിൽ നിന്നും 1891-ൽ തത്വശാസ്ത്രം ഐച്ഛിക വിഷയമായെടുത്ത് ബി.എ. ഡിഗ്രി കരസ്ഥമാക്കി. 'ഹൈന്ദവ തത്വശാസ്ത്രത്തിന്റെ വികാസം' എന്ന വിഷയത്തെ സംബന്ധിച്ച് എഴുതി സമർപ്പിച്ച പ്രബന്ധത്തിന് തമ്പുരാന് എം.എ. ബിരുദം ലഭിച്ചു. ലോ കോളേജിൽ ചേർന്ന് പഠിച്ച് 1905-ൽ ബി.എൽ ഡിഗ്രിയും സമ്പാദിച്ചു.

തിരുവിതാംകൂർ മഹാരാജാവായിരുന്ന വിശാഖം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ മൂത്ത മകൾ അരുമന അമ്മ വീട്ടിൽ പാനിപ്പിള്ള ലക്ഷ്മി ഭഗവതിപിള്ള കൊച്ചമ്മയെ ആണ് വിവാഹം ചെയ്തിരുന്നത്. തമ്പുരാന്റെ വിവാഹത്തിന് തിരുവിതാംകൂർ മഹാറാണി ഭരണി തിരുനാൾ റാണി ഗൗരി ലക്ഷ്മിഭായി ആണ് ഉത്സാഹിച്ചത്. തമ്പുരാന് അഞ്ച് ആൺമക്കളും മൂന്ന് പെൺമക്കളുമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ മൂത്ത മകനാണ് Director of Public Intsructions ആയിരുന്ന എ. ആദിനാരായണൻ തമ്പി (എ. എൻ.തമ്പി.) രണ്ടാമത്തെ ആൾ എ.കേശവൻ തമ്പി, മൂന്നാമൻ എ. നീലകണ്ഠൻ തമ്പി, നാലാമൻ ഡോക്ടർ എ. രാമൻ തമ്പി എം.ബി.ബി. എസ്.,ഡി.ഏൽ.ഒ. അഞ്ചാമത്തെ മകൻ സുകുമാരൻ തമ്പി. പെൺമക്കളിൽ മൂത്ത ആൾ പാനിപ്പിള്ള ഭഗവതിപ്പിള്ള കൊച്ചമ്മ, രണ്ടാമത്തെ മകൾ രാജമ്മ കൊച്ചമ്മ, മൂന്നാമത്തെ മകൾ കല്ല്യാണിപിള്ള കൊച്ചമ്മ (അനിയത്തി കൊച്ചമ്മ).

തമ്പുരാൻ 1896-ൽ വിദ്യാഭ്യാസ സെക്രട്ടറി ആയിരുന്ന ഡോക്ടർ മിച്ചലിന്റെ കീഴിൽ 70 രൂപ ശമ്പളത്തിൽ ഒരു അസിസ്റ്റന്റായി ഉദ്യോഗത്തിൽ കയറി. 1902 തെക്കൻ റേഞ്ചു സ്കൂൾ ഇൻസ്പെക്ടറായി ഉദ്യോഗകയറ്റം ലഭിച്ചു. സവർണ്ണാവർണ്ണഭേദം കൂടാതെ വിദ്യാർത്ഥികളെ സ്കൂളിൽ പ്രവേശിപ്പിച്ച് ഒന്നിച്ചിരുത്തി പഠിപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചത് തമ്പുരാൻ ഇൻസ്പെക്ടർ ആയിരുന്ന കാലത്താണ്. 1908-ൽ ഗവൺമെന്റ് അണ്ടർ സെക്രട്ടറി ആയും 1920-ൽ ദിവാൻ പേഷ്ക്കാരായും ഉദ്യോഗകയറ്റം ലഭിച്ചു. പത്മനാഭപുരം ദിവാൻ പേഷ്ക്കാരായിരിക്കുമ്പോൾ തമ്പുരാൻ കുറച്ചുനാൾ ചീഫ് സെക്രട്ടറിയുടെ ജോലി പകരം നോക്കുകയുണ്ടായി.

ഇതു കൂടാതെ തമ്പുരാൻ ശമ്പളക്കമ്മറ്റി അദ്ധ്യക്ഷനായും ജോലി നോക്കി. ഔദ്യോഗിക രംഗത്ത് ഒട്ടനവധി പദവികൾ അലങ്കരിച്ചതിനു ശേഷം 1922-ൽ തമ്പുരാൻ തിരുവിതാംകൂറിലെ ആദ്യത്തെ ദേവസ്വം കമ്മീഷണറായി നിയമിക്കപ്പെട്ടു. ദേവസ്വം ഡിപ്പാർട്ടുമെന്റിന് ഏതാണ്ടൊരു രൂപം ഉണ്ടാക്കി വെച്ചത് അദ്ദേഹമാണ്.

വൈക്കം സത്യാഗ്രഹം കൊടുമ്പിരികൊണ്ട ഘട്ടത്തിൽ ഔദ്യോഗിക പദവി ക്ളേശകരമായി തോന്നിയതുകൊണ്ടോ സാഹിത്യരചനക്ക് ഔദ്യോഗിക ജീവിതം ഒരു വിലങ്ങുതടിയായി കരുതിയതു കൊണ്ടോ ആവണം വിരമിക്കാൻ രണ്ടു വർഷം കൂടിയുള്ളപ്പോൾ 1925-ൽ തന്റെ അമ്പത്തിമൂന്നാം വയസ്സിൽ അദ്ദേഹം ഔദ്യോഗികജീവിതത്തിൽ നിന്നും സ്വയം വിരമിച്ചു.

കേരളവർമ്മ വലിയകോയിതമ്പുരാന്റെയും എ.ആർ. രാജരാജവർമ്മ കോയിതമ്പുരാന്റെയും സന്തതസഹവാസം കാരണം തമ്പുരാനും നന്നെ ചെറുപ്പത്തിൽ തന്നെ സാഹിത്യരസികനായി തീർന്നു. കൂടാതെ മൂവിടത്തുമഠത്തിലെ അന്തരീക്ഷം തികച്ചും സാഹിത്യമയമായിരുന്നു. മലയാള ഭാഷക്ക് വ്യാകരണം ചമച്ച 'കേരളപാണിനി' എന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന എ. ആർ. രാജരാജവർമ്മ മൂവിടത്തുമഠത്തിൽ എം. രാജരാജവർമ്മയുടെ കൂടെയാണു താമസിച്ചിരുന്നത്. പ്രഗല്ഭ പണ്ഡിതന്മാരായ ഗണപതി ശാസ്ത്രികൾ, കല്ല്യാണകൃഷ്ണഭാഗവതർ, പരമേശ്വരഭാഗവതർ, ഏലത്തൂർ രാമസ്വാമി ശാസ്ത്രികൾ തുടങ്ങിയവർ എ.ആർ. രാജരാജവർമ്മയെ കാണുവാൻ വേണ്ടി മൂവിടത്തുമഠത്തിൽ വരുകയും വാദപ്രതിവാദങ്ങളിൽ ഏർപ്പെടുന്നതും കണ്ടാണ് എം. രാജരാജവർമ്മ സാഹിത്യരംഗത്തു വളർന്നു വന്നത്. പിന്നീട് പല മഹാരഥന്മാരും അവിടെ വന്നുകൊണ്ടിരുന്നു. മഹാകവിമാരായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പന്തളം കേരളവർമ്മ, അഴകത്ത് പത്മനാഭക്കുറുപ്പ്, കെ.സി. കേശവപിള്ള തുടങ്ങിയവരുമായി സൗഹൃദം തുടങ്ങിയത് മൂവിടത്തുമഠത്തിൽ വെച്ചായിരുന്നു.

മൂവിടത്തുമഠത്തിനു സമീപത്തെ സരസ്വതീ വിലാസം കൊട്ടാരത്തിലായിരുന്നു 'കേരള കാളിദാസൻ' എന്ന അപരനാമധേയത്താൽ അറിയപ്പെട്ടിരുന്ന കേരളവർമ്മ വലിയകോയിതമ്പുരാൻ താമസിച്ചിരുന്നത്. എം. രാജരാജവർമ്മ സായാഹ്നങ്ങളിൽ സരസ്വതീവിലാസം കൊട്ടാരത്തിൽ ചെന്ന് കേരളവർമ്മ വലിയകോയിതമ്പുരാനുമായി സാഹിത്യവിഷയങ്ങൾ ചർച്ച ചെയ്യുമായിരുന്നു. വിശാഖം തിരുനാൾ രാമവർമ്മ മഹാരാജാവ് തുടങ്ങിവെച്ച ബുക്ക് കമ്മറ്റിയുടെ അദ്ധ്യക്ഷനായിരുന്ന കേരളവർമ്മ വലിയ കോയിതമ്പുരാൻ തന്റെ അസിസ്റ്റന്റായി രാജരാജവർമ്മയെ നിയമിച്ചു. പാഠപുസ്തകരചനയിൽ കേരളവർമ്മയോടൊപ്പം ഏതാണ്ടൊരു വർഷത്തോളം പ്രവർത്തിച്ചതിനുശേഷമാണ് ശ്രീ. രാജരാജവർമ്മ 1896-ൽ എഡ്യൂക്കേഷൻ സെക്രട്ടറിയായിരുന്ന ഡോ. മിച്ചലിന്റെ അസിസ്റ്റന്റ് സെക്രട്ടറിയായി പോയത്.

പല ഗ്രന്ഥങ്ങളും ശാസ്ത്രലേഖനങ്ങളും ഉപന്യാസങ്ങളും പ്രസിദ്ധീകരിച്ച് മലയാളഭാഷയെ സമ്പന്നമാക്കിയ തമ്പുരാന് വന്ന കത്തുകൾ മാത്രം പ്രസിദ്ധീകരിച്ചാൽ ഒരു സാഹിത്യചരിത്രം തന്നെ കൈരളിക്ക് ലഭിക്കും. ആ കത്തുകളിൽ മഹാകവികളായ കെ.സി. കേശവപിള്ള, ഉള്ളൂർ എസ്. പരമേശ്വര അയ്യർ, വള്ളത്തോൾ നാരായണ മേനോൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പന്തളം കേരളവർമ്മ, പത്രാധിപശ്രേഷ്ഠന്മാരായ കണ്ടത്തിൽ വറുഗ്ഗീസ് മാപ്പിള, സി.വി കുഞ്ഞിരാമൻ, മാമ്മൻ മാപ്പിള, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള തുടങ്ങിയ മഹാരഥന്മാരുടെതാണുള്ളത്.

ഒരു സംശയം തീർക്കാൻ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള 1905-ൽ അദ്ദേഹത്തിനയച്ച ഒരു കത്തിൽ ഇങ്ങിനെ പറയുന്നു.

"ശ്രീ മഹാഭാഗവതം കിളിപ്പാട്ട് തുഞ്ചത്തെഴുത്തച്ഛന്റെ കൃതിയല്ലന്ന് ഒരഭിപ്രായം പുറപ്പെടുവിക്കപ്പെട്ടു കാണുന്നു. ദശമത്തിലെ ശ്രുതി, ഗീതാദ്ധ്യായം മുഴുവനും, സ്കന്ധങ്ങളിൽ ഏകദേശം മുക്കാൽഭാഗവും പിന്നെ അവിടവിടെയായി അനേകം ഘട്ടങ്ങളും മൂലത്തിന്റെ അർത്ഥത്തോട് യോജിക്കുന്നില്ലെന്നും കിളിപ്പാട്ടിലെ അനേകം ഭീമങ്ങളായ അബദ്ധങ്ങൾ എഴുത്തച്ഛൻ വരുത്താനിടയില്ലെന്നും ഭാഷ തന്നെയും രാമായണാദികളിലേതിൽ നിന്ന് വളരെ വ്യത്യാസപ്പെട്ടതാണെന്നും ആകുന്നു. മേൽപ്പറഞ്ഞ അഭിപ്രായക്കാർ കൊണ്ടുവരുന്ന ലക്ഷ്യങ്ങൾ ഈ അഭിപ്രായം സ്വീകാര്യമോ എന്നും ഭാഗവതം കിളിപ്പാട്ടിന്റെ കർത്തൃത്വം എഴുത്തച്ഛനിൽ നിന്നും എടുത്തു കളയുന്നതിന് മതിയായ ന്യായങ്ങളുണ്ടോ എന്നും ഇവിടത്തെ അഭിപ്രായം അറിവാൻ ആഗ്രഹമുള്ളതിനാൽ അതിനെ പ്രാർത്ഥിച്ചുകൊള്ളുന്നു."

എന്ന് അവിടുത്തെ വിധേയൻ<br>
കെ. രാമകൃഷ്ണപിള്ള<br>
പത്രാധിപർ, കേരളൻ,<br>
തിരുവനന്തപുരം

ഇത്രയും വലിയൊരു സംശയം തീർക്കാൻ രാമകൃഷ്ണപിള്ള കണ്ടെത്തിയ രാജരാജവർമ്മ അന്ന് നിയമവിദ്യാർത്ഥിയായ ഒരു യുവാവായിരുന്നു. മാവേലിക്കരയിലെ സ്പെഷ്യൽ സ്കൂളിൽ പഠിക്കുമ്പോൾ തന്നെ സിദ്ധരൂപം, അമരകോശം, ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം തുടങ്ങി രഘുവംശം വരെയുള്ള പലതും പതിമൂന്നു വയസ്സിനു മുമ്പേ പഠിച്ചു കഴിഞ്ഞ രാജരാജവർമ്മയോട് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എഴുത്തച്ഛനെ കുറിച്ചൊരു സംശയം ചോദിച്ചതിൽ അത്ഭുതപ്പെടാനില്ല.

ലണ്ടനിലെ റോയൽ ഏഷ്യാറ്റിക്ക് സൊസൈറ്റിയുടെ മാതൃകയിൽ കേരള സൊസൈറ്റി എന്ന ഗവേഷണ പണ്ഡിത സംഘടനയ്ക്ക് 1927-ൽ അദ്ദേഹം രൂപം നൽകി. ഒരു കാലഘട്ടത്തിൽ ഗദ്യത്തിലും പദ്യത്തിലും സവ്യസാചിത്വം പൂണ്ട് ഭാഷാസാഹിത്യത്തിന്റെ ഉന്നതിയിൽ നിന്ന പ്രശസ്തനായ രാജരാജവർമ്മയുടെ തൂലികയിൽ നിന്ന് ശാസ്ത്രഗ്രന്ഥങ്ങളും കവിതകളും ചരിത്ര ഗ്രന്ഥങ്ങളുമായി മുപ്പത്തിരണ്ടോളം കൃതികൾ ലഭ്യമായിട്ടുണ്ട്.

എ.ഡി. 1940 (കൊല്ലവർഷം 1116) വരെയുള്ള തിരുവിതാംകൂർ ചരിത്രം സംക്ഷിപ്തരൂപത്തിലാക്കിയ 'വഞ്ചീരാജ്യചരിത്രം', നാല് വോള്യങ്ങളിലായി പ്രസിദ്ധീകരിച്ച 'ലോകാലോകം', കേരള

വർമ്മ വലിയകോയിതമ്പുരാന്റെ നിർദ്ദേശപ്രകാരം തർജ്ജിമ ചെയ്യപ്പെട്ട 'ഇൻഡ്യയിലെ മഹാന്മാർ', ലീഗ് ഓഫ് നേഷൻസിന്റെ സമഗ്രചരിത്രം പ്രതിപാദിക്കുന്ന 'സാപ്തപദീനപാരമ്യം' തുടങ്ങിയ ചരിത്രഗ്രന്ഥങ്ങൾ, മതവും ശാസ്ത്രവും, നവീന ശാസ്ത്ര പീഠിക, നവീന ശാസ്താഭ്യുദയം, വിഹായസ വിഹാരം, ഭൂവിജ്ഞാനീയം, പ്രപഞ്ചവിജയം തുടങ്ങിയ ശാസ്ത്രപരമായ ഗ്രന്ഥങ്ങളും ശ്രീമൂല വിജയം കാവ്യം, ഗരുഡസന്ദേശം, പ്രിയവിലാസം, പദ്യമാലിക, മാലതി സുകുമാരം, പഞ്ചരാത്രം, തമ്പുരാൻ കല്പന, പ്രതിമ നാടകം എന്നീ കവിതകളും അർത്ഥനിരൂപണം, അർത്ഥശാസ്ത്രപ്രവേശിക, സസ്യശാസ്ത്രം, ജീവജാലം, ഉപന്യാസാരാമം, വൻകാര്യങ്ങളെപ്പറ്റി രണ്ടുവാക്ക്, ഉപന്യാസ പഞ്ചകം, ജപ്പാൻ, ചീന, മാർത്താണ്ഡ മഹാത്മ്യം കിളിപ്പാട്ട്, ഇംഗ്ലണ്ടിലെ രാജ്യഭരണസമ്പ്രദായം, സുയോധനൻ, സമുദായാചാരവിചാരം, 'ഭക്തി സാമ്രാജ്യം' തുടങ്ങി മുപ്പത്തിരണ്ടു കൃതികൾ ഉണ്ട്. അദ്ദേഹം അവസാനമായി എഴുതിയത് ഭക്തി സാമ്രാജ്യമാകുന്നു.

ഇവ കൂടാതെ കേരളകാളിദാസൻ കേരളവർമ്മ വലിയകോയിതമ്പുരാന്റെ 'അന്യാപദേശ ശതക'ത്തിനും കേരളപാണിനി എ.ആർ. രാജ രാജവർമ്മ കോയിതമ്പുരാന്റെ 'മേഘദൂത്' എന്ന കൃതിക്കും രാജരാജവർമ്മ വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. തന്റെ കൃതികൾക്ക് ആരുടേയും അഭിപ്രായങ്ങൾക്കോ അവതാരികകൾക്കോ സ്ഥാനം നൽകിയിട്ടില്ലെങ്കിലും പല പ്രശസ്ത സാഹിത്യകാരന്മാരുടേയും കൃതികൾക്ക് അദ്ദേഹം ആമുഖമോ അവതാരികയോ എഴുതിയിട്ടുണ്ട്.

സാഹിത്യ സർവ്വവ്യാപിയായിരുന്ന എം. രാജ രാജവർമ്മ, എം.എ., ബി.എൽ 1959 ജനുവരി 20 (കൊല്ലവർഷം 1134 മകരം 7)-ാം തീയതി ചൊവ്വാഴ്ച കാലത്ത് ഏഴു മണിക്ക് തിരുവനന്തപുരത്ത് അരുമന അമ്മവീട്ടിൽ വെച്ച് ദിവംഗതനായി.

*(പ്രതാപ് കിഴക്കേമഠം പ്രസിദ്ധ ചരിത്ര ഗവേഷകനായിരുന്ന കിഴക്കേമഠം ഗോവിന്ദൻ നായരുടെ മകനാണ്.)*

## ഡോ. ആർ. പി. രാജയെ ആദരിച്ചു



പ്രസിദ്ധ ഭിഷഗ്വരനും ചരിത്രഗവേഷകനും ഗ്രന്ഥകർത്താവും ക്ഷത്രിയക്ഷേമസഭയിലെ തലമുതിർന്ന അംഗവുമായ ഡോ. ആർ. പി. രാജ (കുഞ്ഞണ്ണൻ)യെ കേന്ദ്രസഭ ആദരിച്ചു. അദ്ദേഹത്തിന്റെ വസതിയിൽ നടന്ന ലളിതവും പ്രൗഢ ഗംഭീരവുമായ ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് പി. കെ. രഘു വർമ്മ പൊന്നാടയണിയിച്ച് ഉപഹാരം നൽകി.

ദക്ഷിണമേഖലാ സെക്രട്ടറി മധുകുമാർ വർമ്മ പ്രശസ്തി പത്രം കൈമാറി.

മറുപടി പ്രസംഗത്തിൽ ഡോ. ആർ.പി. രാജ ക്ഷത്രിയക്ഷേമസഭയുടെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ച് സംസാരിക്കുകയുണ്ടായി.

ഈ ചടങ്ങിനെക്കുറിച്ച് അറിഞ്ഞ കവടിയാർ കൊട്ടാരത്തിലെ HH പൂയം തിരുനാൾ ഗൗരി പാർവതിഭായി തമ്പുരാട്ടിയുടെ പ്രതികരണം ഇങ്ങിനെയായിരുന്നു :

" Kunjannan Deserves to be Recognised and Honoured." (കുഞ്ഞണ്ണൻ അംഗീകാരവും ആദരവും അർഹിക്കുന്നു.)

# ക്ഷത്രിയസഭാപ്രവർത്തനങ്ങളുടെ ഗതകാല ചരിത്രം

## (അന്തരിച്ച മുൻ മുഖ്യ പത്രാധിപർ എം. രവിവർമ്മരാജ എഴുതിയ പത്രാധിപക്കുറിപ്പിൽ നിന്ന്)



കേരളത്തിലെ ക്ഷത്രിയസഭാപ്രവർത്തനങ്ങൾക്ക് ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ടെന്ന് കരുതപ്പെടുന്നു. തിരുവല്ലാ മുത്തൂറ്റ് വലിയ കോയിക്കൽ ഗോദവർമ്മരു പണ്ടാരത്തിൽ കൊ.വ.1087 ഇടവം 16ന് ആരംഭിച്ച വാവുയോഗമാണ് തിരുവിതാംകൂറിൽ ക്ഷത്രിയസഭാപ്രവർത്തനങ്ങൾക്ക് ബീജാവാപം ചെയ്തത്, 1090–ൽ മദ്ധ്യ തിരുവിതാംകൂർ ക്ഷത്രിയസമാജം എന്ന പേരിൽ പുനർനാമകരണം ചെയ്യപ്പെട്ട പ്രസ്തുത സംഘടന പത്ത് വർഷങ്ങൾക്കുള്ളിൽ നൂറ്റി ഇരുപത് വാവുയോഗങ്ങൾ സംഘടിപ്പിക്കുകയും സമാജത്തിന്റെ പ്രവർത്തനങ്ങൾ വൈക്കം, ചേർത്തല, കടപ്ര, ചെന്നിത്തല, മാവേലിക്കര മുതലായ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയുമുണ്ടായി. അന്നത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പറവൂർ എം. രാമവർമ്മ തമ്പാൻ ബി.എ.എൽ.ടി., ചേർത്തല കാട്ടുങ്കൽകോവിലകത്ത് കേരളവർമ്മ തമ്പാൻ, അഡ്വ. എം.ആർ.കേരളവർമ്മ, ഏറ്റുമാനൂർ, ജി.കെ. തമ്പാൻ, ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ രവിവർമ്മ മൂത്ത കോയിത്തമ്പുരാൻ, മാവേലിക്കര ആർട്ടിസ്റ്റ് രാമവർമ്മ രാജ, മണ്ണൂർമഠം കൊട്ടാരത്തിൽ ഉദയവർമ്മ തുടങ്ങി പലരും ഉൾപ്പെടുന്നു. അതിനുശേഷം തിരുവിതാംകൂറിൽ പല ഭാഗങ്ങളിലും പല കാലങ്ങളിലായി ക്ഷത്രിയസഭാ പ്രവർത്തനങ്ങൾ നടന്നിരുന്നു. നിർഭാഗ്യവശാൽ അതേപ്പറ്റിയുള്ള ചരിത്രരേഖകളോ നേതൃത്വം നൽകിയവരുടെ പലരുടെയും പേരുകൾ പോലുമോ ഇന്ന് കിട്ടാനില്ല. 1968 ഒക്ടോബർ 20ന് തിരുവല്ല പാലിയക്കര കൊട്ടാരത്തിൽ വച്ച് ശ്രീമാൻ കെ.കെ. രാജായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം 'ക്ഷത്രിയ സർവീസ് സൊസൈറ്റി'യും അതിന്റെ മുഖപത്രം 'അദ്ധ്വാനം' മാസികയും നിലവിൽ വന്നു. 'പഞ്ചുമേനവനും കുഞ്ചിയമ്മയും' എന്ന ഹാസ്യനോവലിലൂടെ പ്രശസ്തനായ പി.കെ.രാജരാജവർമ്മയായിരുന്നു ഇതിന് നേതൃത്വം നൽകിയവരിൽ പ്രമുഖൻ. മൂന്നു നാല് വർഷം കഴിഞ്ഞതോടെ ഇതിന്റെ പ്രവർത്തനവും നിലച്ചു. പിന്നീട് മാവേലിക്കര കേന്ദ്രമാക്കി പി.കെ.രാജരാജ വർമ്മ ആരംഭിച്ച 'ക്ഷത്രിയ വെൽഫെയർ ട്രസ്റ്റ്' ആയിരുന്നു ഈ രംഗത്ത് അറിയപ്പെട്ടിരുന്നത്. ഏതാനും വർഷം കഴിഞ്ഞപ്പോൾ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളും നിലച്ചു. പിന്നീട് 1981 ജൂലായിൽ ആരംഭിച്ച 'ക്ഷത്രിയ ക്ഷേമസഭ'യാണ് ഇപ്പോൾ നിലവിലുള്ളത്.

ഒരു ക്ഷത്രിയ വിജ്ഞാനകോശത്തിന്റെ നിർമ്മിതിയുടെ ആവശ്യകതയെക്കുറിച്ച് 'ക്ഷാത്രസന്ദേശം' പത്രാധിപരും പ്രശസ്ത കവിയും സാഹിത്യകാരനും സർക്കാരിന്റെ ഭരണഭാഷാ വിദഗ്ദ്ധനുമായിരുന്ന ഡോ. എഴുമറ്റൂർ രാജരാജവർമ്മ മുമ്പ് സൂചിപ്പിച്ചിട്ടുള്ളതിലേക്ക് ഈ വസ്തുതകൾ വിരൽ ചൂണ്ടുന്നു.

തിരുവിതാംകൂറിൽ മാത്രമല്ല, കേരളത്തിൽ പല സ്ഥലങ്ങളിലും പല കാലങ്ങളിലായി നടന്നിട്ടുള്ള ക്ഷത്രിയസഭാപ്രവർത്തനങ്ങളെയും അവയുടെ പിന്നിൽ പ്രവർത്തിച്ചവരെയും കുറിച്ചുള്ള വിവരങ്ങൾ സമാഹരിക്കുക എന്ന ദൗത്യം പ്രാവർത്തികമാക്കാൻ നാം ബാധ്യസ്ഥരാണ്. പ്രാദേശിക സഭകളുടെയും 'ക്ഷാത്രസന്ദേശം' വായനക്കാരുടെയും സഹകരണം ഈ വിഷയത്തിൽ പതിഞ്ഞു കാണാൻ ആഗ്രഹിക്കുന്നു. ✠

# ത്രിമധുരം

ഹൈമവതി വർമ്മ, ചേർത്തല



ചിങ്ങമാസത്തിലെ തിരുവോണം.

മഴക്കെടുതിയും പട്ടിണിയും മഹാമാരികളും അതിജീവിച്ച്, ഐശ്വര്യപൂരിതമായ കേരകേദാര ഭൂമിയിലേക്ക് പുതുവർഷാരംഭം.

വാമനനായി അവതാരംപൂണ്ട മഹാവിഷ്ണുവിന്റെ പാദസ്പർശത്താൽ അനുഗൃഹീതനായ മഹാബലി തമ്പുരാന്റെ വരവേല്പ്.

മഹിയുടെ ജീവിതത്തിലെ സുപ്രധാന ദിവസമാണ് ഇന്ന്. ചിങ്ങമാസത്തിലെ തിരുവോണം നാളിലാണ് മഹി ജനിച്ചത്. നാല്പത്തിയൊൻപതു വർഷം മുമ്പ്.

മഹിയെ പ്രസവിച്ച് ഏഴാംനാൾ അച്ഛൻ യാത്ര പറഞ്ഞുപോയി. പിന്നെ തിരിച്ചുവന്നിട്ടുമില്ല, കണ്ടിട്ടുമില്ല.

മണ്ഡലക്കാലത്തും കേരളത്തിലെ ഉത്സവക്കാലത്തും വടക്ക് കാസർകോട് മുതൽ തെക്കേയറ്റം വരെ യാത്ര ചെയ്യുന്ന പരദേശ ബ്രാഹ്മണരിൽ ഒരാളായിരുന്നു അച്ഛൻ എന്നാണ് കേട്ടറിവ്.

പൂണൂലും കുടുമ്മയുമുള്ള ആജാനബാഹുവായ അതിയോഗ്യനായിരുന്ന അച്ഛന്റെ തനി പകർപ്പാണ് മഹി എന്ന് അമ്മ പറയാറുണ്ട്.

ബാല്യകാലത്തെക്കുറിച്ച് മഹിക്ക് ഒരുപാട് ഓർമ്മകളൊന്നുമില്ല. 'അമ്പാടി' കോവിലകത്താണ് മഹി ജനിച്ചത്.

ഓർമ്മവച്ച നാൾ മുതൽ അമ്മ മാത്രമെയുള്ളൂ. കോവിലകത്ത് താമസം. അപ്പു മാമനും അമ്മിണി അമ്മായിയും അടുത്തുതന്നെയാണ്.

അമ്മയ്ക്ക് മാമനോട് വലിയ സ്നേഹവും ബഹുമാനവും ആണ്. ഒരേ ഒരു കൂടപ്പിറപ്പ്.

"അമ്മൂട്ടിയേ" എന്ന് അപ്പുമാമ വിളിച്ചാൽ എവിടെ ആണെങ്കിലും അമ്മ ഓടിയെത്തും.

അമ്മാമന് അമ്മയോട് സ്നേഹക്കുറവൊന്നുമില്ല. എട്ടുവയസ്സിന്റെ വ്യത്യാസം. അമ്മാമയുടെ കൈപിടിച്ചാണ് അമ്മ കളിച്ചതും വളർന്നതും കുടിപ്പള്ളിക്കൂടത്തിൽ പോയതുമൊക്കെ.

പക്ഷേ അമ്മാമയ്ക്ക് അമ്മയെ സാമ്പത്തികമായി സഹായിക്കാൻ പറ്റിയില്ല എന്നതാണ് വാസ്തവം. ഒരു ചെറിയ സർക്കാർ ജോലിയുണ്ട് കോടതിയിൽ. കോവിലകം ഭാഗം വച്ചപ്പോൾ കിട്ടിയ അറുപത് സെന്റിൽ ഒരു ചെറിയ വീട് വച്ചാണ് താമസം. കരുതലോടും അല്പം പിശുക്കോടും കൂടി കൂട്ടിവച്ച പണം കൊണ്ടാണ് വീട് വച്ചത്.

അമ്മാവന് ഒരേ ഒരു മകൾ മാനസി. മനു എന്ന് വിളിക്കും. മഹി പത്താംക്ലാസ്സ് പാസ്സായി ദൂരെയുള്ള പട്ടണത്തിലെ കോളേജിൽ പഠിക്കാൻ പോകുമ്പോൾ മനു നാലാംക്ലാസ്സിലാണ്. കുട്ടിക്കുപ്പായമിട്ട് വാഴത്തോപ്പിലും മാവിൻ കൊമ്പത്തുമൊക്കെ ഒരു തുമ്പിയെപ്പോലെ ഓടിച്ചാടി നടക്കും. മഹി കൗതുകത്തോടെ അവളെ നോക്കിനിൽക്കും.

അങ്ങിനെ ബാല്യകാലവും കൗമാരകാലവും കടന്നുപോയത് അറിഞ്ഞില്ല രണ്ടുപേരും.

ഇത് കഥയുടെ ആദ്യഭാഗം.

ഇനി നമുക്ക് കഥയുടെ അടുത്ത അധ്യായത്തിലേക്ക് കടക്കാം. ഒക്ടോബർ മാസത്തിലെ ഇളം മഞ്ഞിന്റെ കുളിർമയിൽ ഉണരുന്ന പ്രഭാതം. സമയം ഏതാണ്ട് ആറുമണിയോടടുത്തു. മാനസി ട്രാവൽസിന്റെ ടൂറിസ്റ്റ് ബസ്സ് ഹൗറാ പാലം ഇറങ്ങി കൽക്കത്തയിലേക്ക് പ്രവേശിക്കുകയാണ്.

ജനലിന്റെ കർട്ടൻ വലിച്ചുനീക്കി മഹി പുറത്തേക്ക് നോക്കി.

നാലു വർഷത്തിനുശേഷം വരികയാണ് കൽക്കത്തയിലേക്ക്.

മഹിയുടെ ഉടമസ്ഥതയിലുള്ളതാണ് മാനസി ട്രാവൽസ്.

അതിന്റെ പിന്നിലും ഉണ്ട് ഒരു ചെറിയ കഥ.

മഹിയും മനുവും (മാനസിയുടെ വിളിപ്പേര്) കൽക്കത്തയിൽ ആയിരുന്നല്ലോ പന്ത്രണ്ടുവർഷം.

നഗരമദ്ധ്യത്തിലെ പാർക്ക് അവന്യൂ ആയിരുന്നു താമസം എങ്കിലും അവധി കിട്ടുമ്പോഴൊക്കെ അവർ കൽക്കട്ടയ്ക്കു ചുറ്റുമുള്ള പ്രാന്തദേശങ്ങളിലെല്ലാം പോയി. 24 Pargamar, Barrackpore, ദുർഗ്ഗാപൂർ, ശാന്തിനികേതൻ, ബേലൂർ എന്തിന് ഡാർജിലിങ് വരെ അവർ സഞ്ചരിച്ചു. രണ്ടുപേർക്കും ഒരുപാട് ഇഷ്ടമായിരുന്നു യാത്രകൾ. പ്രത്യേകിച്ച് മാനസിക്ക്.

അവൾ എപ്പോഴും ആഹ്ലാദവതിയായിരുന്നു. പുതിയ പുതിയ കാഴ്ചകൾ, ആളുകൾ, ജീവിതരീതികൾ, വിവിധതരത്തിലുള്ള മധുരപലഹാരങ്ങൾ അടങ്ങിയ ഭക്ഷണങ്ങൾ, ബംഗാളിന്റെ പേരുകേട്ട Tangai, ധാനേബാലി, സാരികൾ നെയ്യുന്ന നെയ്ത് ശാലകൾ, എല്ലാം അവൾ ആസ്വദിച്ചു.

ഒരിക്കൽ അവൾ മഹിയോട് പറഞ്ഞു.

“മഹി, നമ്മൾ റിട്ടയർ ചെയ്ത് നാട്ടിൽ സ്ഥിരതാമസം തുടങ്ങുമ്പോൾ ഒരു ട്രാവൽ ഏജൻസി തുടങ്ങണം. പിന്നെ ടൂറിസ്റ്റ് ബസ്സിൽ ഇന്ത്യ മുഴുവൻ യാത്ര ചെയ്യണം. ‘ഭാരത ദർശനം’ നമ്മൾ തനിച്ചു വേണ്ട. ബന്ധുക്കളേയും സുഹൃത്തുക്കളേയും ഒപ്പം കൂട്ടാം.”

സ്വപ്നം പൂർത്തിയാക്കാതെ മാനസി യാത്ര പറഞ്ഞ് പോയിട്ട് എട്ടു വർഷങ്ങളോളം ആകുന്നു.

അവളുടെ ആഗ്രഹം ഇപ്പോഴാണ് സഫലമായത്.

ടൂറിസ്റ്റ് ബസ്സും ബന്ധുക്കളും കൂട്ടുകാരും ഉണ്ട്.

പക്ഷേ മഹിയോടൊപ്പം മാനസി ഇല്ല.

രണ്ടര വർഷമായി ട്രാവൽസ് തുടങ്ങിയിട്ട്. മഹി ഇതുവരെ ഒരു ടൂറിനും പോയിട്ടില്ല. ദക്ഷിണേന്ത്യയിലാണ് സാധാരണ ടൂർ പോകാറ്. ഉത്സവക്കാലങ്ങളിൽ ക്ഷേത്രദർശനത്തിനും അവധിക്കാലങ്ങളിൽ കുട്ടികളും മുതിർന്നവരും സുഹൃത്തുക്കളും ഒക്കെ കൂടിയുള്ള ഉല്ലാസയാത്രകൾക്കും.

ഇപ്പോൾ ആദ്യമായിട്ടാണ് ഒരു ഉത്തരേന്ത്യൻ യാത്ര പ്ലാൻ ചെയ്യുന്നത്. ഒപ്പം മഹിയും യാത്രയിൽ പങ്കെടുക്കുന്നു. നാല്പത് ദിവസം നീണ്ടുനിൽക്കുന്ന ഈ യാത്രയുടെ ആലോചനയിൽ തന്നെ മഹിയുടെ മനസ്സിൽ ഒരുപാട് കണക്കുകൂട്ടലുകളുണ്ട്. കാശി, മധുര, ത്രിവേണി, ഹരിദ്വാർ, ഗംഗോത്രി, കേദാർനാഥ്, അമർനാഥ്, ഹിമാലയ സാനുക്കൾ അങ്ങിനെ പുണ്യക്ഷേത്രങ്ങൾ, കാശ്മീർ, ദില്ലി, താജ് മഹൽ, രാജസ്ഥാൻ അങ്ങിനെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ. അതിന്റെ തുടക്കമാണ് ഈ യാത്ര.

ഒരാഴ്ചയായി നാട്ടിൽ നിന്ന് പുറപ്പെട്ടിട്ട്.

ഇതുപോലൊരു പ്രഭാതത്തിൽ, ഗുരുവായൂരിൽ നിന്ന് പുറപ്പെട്ടതാണ്. ഭഗവാനെ തൊഴുത്, ചുറ്റമ്പലത്തിന് പ്രദക്ഷിണം വച്ച്, നാരായണമന്ത്രം ജപിച്ചുകൊണ്ട് വണ്ടിയിൽ കയറി. ഉച്ചഭാഷിണിയിലൂടെ സുപ്രഭാതം മുഴങ്ങി കേട്ടുകൊണ്ടാണ് യാത്രയുടെ തുടക്കം.

ഓർമ്മയിൽ പതഞ്ഞുപൊങ്ങിയ മനസ്സോടെ മഹി പാതി ഉറക്കത്തിൽ നിന്ന് ഞെട്ടി ഉണർന്നു. സാവധാനം സ്വബോധത്തിലേക്ക് തിരിച്ചുവന്നു. സൂര്യോദയം ആയിട്ടില്ല. മഞ്ഞുമൂടിയ നേരിയ പ്രഭാതം വിരിഞ്ഞുവരുന്നതേയുള്ളൂ. ഹൗറാ പാലം കടന്ന് കൽക്കത്തയിലേക്ക് പ്രവേശിക്കുകയാണ്. ബസ്സിനുള്ളിലെ ഇളംനീല വെളിച്ചത്തിലൂടെ ആ പാട്ട് ഒഴുകിവന്നു.

*“ആൻസു ഭരീ ഹേ യഹ് ജീവൻ കി രാഹേം..*
*കോയി ഉൻസേ കഹ്ദേ ഹമേം ഫൂൽ ജായേ...”*

മാനസിയുടെ ഏറ്റവും പ്രിയപ്പെട്ട പാട്ട്.

“കണ്ണീരിൽ കുതിർന്ന ജീവിതം. എന്നെ മറന്നുപോവാൻ അദ്ദേഹത്തോട് ആരെങ്കിലും പറയൂ”

ഇതാണ് പാട്ടിന്റെ ചുരുക്കത്തിലുള്ള അർത്ഥം.

മഹിയുടെ മനസ്സിന്റെ കണ്ണാടിയിൽ മാനസിയുടെ മുഖം തെളിഞ്ഞുവന്നു. ചന്ദനക്കുറി അണിഞ്ഞ നെറ്റിത്തടം. ചെത്തിപ്പൂപോലെ വിടർന്ന ചുണ്ടുകളിലെ സൗമ്യമായ മന്ദഹാസം. പ്രേമനിർഭരമായ കൊച്ചുകൊച്ചു വർത്തമാനങ്ങൾ. നനഞ്ഞ താമരപ്പൂപോലെയുള്ള മൃദുവായ തലോടൽ...

''എന്റെ ഹൃദയത്തോട് അലിഞ്ഞുചേർന്ന മാണിക്യകല്ലായ മനു. നിന്നെ ഞാനെങ്ങിനെ മറക്കും?"

മാനസിയുടെ മരണത്തോടെ ഹൃദയത്തിന്റെ ഒരു തുണ്ട് മുറിഞ്ഞുപോയതുപോലെയാണ് മഹിക്ക് അനുഭവപ്പെട്ടത്.

"മനൂ. നീ എനിക്ക് ആരായിരുന്നു? കളിക്കൂട്ടുകാരിയോ, പ്രണയിനിയോ അതോ ജീവിത പങ്കാളിയോ?

മഹിയുടെ ഓർമ്മകൾ തിരമാലകൾ പോലെ അലതല്ലിയടിക്കുകയാണ്.

പ്രഭാതം ഉദിച്ചു.

കൽക്കത്ത നഗരം ഉണർന്ന് എഴുന്നേറ്റ് തുടങ്ങി.

ബസ്സ് Esplanade ഉം ചൗരംഗിയും കടന്ന് ബാലിഗഞ്ചിലേക്ക് നീങ്ങി.

സൗത്ത് കൽക്കത്തയിലെ ഒരു ടൂറിസ്റ്റ്ഹോമിലാണ് താമസം ബുക്ക് ചെയ്തിട്ടുള്ളത്.

മലയാളവും ഇംഗ്ലീഷും ഹിന്ദിയും അറിയാവുന്ന ഒരു ഗൈഡിനെ കിട്ടിയത് മഹിക്ക് തുണയായി, അതോടൊപ്പം കൂടെവന്ന സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും. ഗൈഡ് രാമചന്ദ്രൻ എല്ലാവരോടും ബഹുമാനത്തോടെ സഹകരിച്ചു, സഹായിച്ചു.

കൽക്കത്തയിൽ മൂന്നു ദിവസത്തെ താമസമാണ് പ്ലാൻ ഇട്ടിരുന്നത്. വിശ്വഭാരതിയിലും ശാന്തിനികേതനിലും ഒരു ദിവസം.

നഗരവും ചുറ്റുപാടുമുള്ള ഗ്രാമപ്രദേശങ്ങളും എല്ലാംകണ്ട് സമയം പോയതറിഞ്ഞില്ല. ബംഗാളിന്റെ ഗ്രാമങ്ങളിലെ ലാളിത്യവും പരിഷ്കാരം കടന്നുകയറാത്ത ഗ്രാമീണരുടെ കാപട്യരഹിതമായ സ്നേഹവും സൽക്കാരങ്ങളും ആസ്വദിച്ചു.

മലയാളനാടിനോടും മലയാളികളോടുമുള്ള ബംഗാളിനും ബംഗാളികൾക്കുമുള്ള സാമ്യം എല്ലാവരെയും അതിശയിപ്പിച്ചു.

നാലാം ദിവസം അടുത്ത യാത്രയ്ക്കുള്ള തുടക്കമാണ്.

ബനാറസ്, ബുദ്ധഗയ, ത്രിവേണി തുടങ്ങിയവയാണ് ലക്ഷ്യം. നേരത്തെ പ്ലാൻ ചെയ്തതുപോലെ മഹി ആ യാത്രയിൽ പങ്കെടുത്തില്ല. മൂന്നു ദിവസം കഴിഞ്ഞ് കൽക്കത്തയിൽ മടങ്ങി എത്തി മഹിയോടൊപ്പം ഹരിദ്വാർ, ബദരിനാഥ്, കേദാർനാഥ് തുടങ്ങിയ ഹൈമവത ഭൂമിയിലേക്കുള്ള യാത്ര ആയിരുന്നു പ്ലാൻ ചെയ്തിരുന്നത്.

കൽക്കട്ടയിൽ ഏകാന്തമായി തങ്ങുവാൻ കിട്ടിയ ഈ മൂന്നു ദിവസങ്ങൾക്കുവേണ്ടിയാണ് മഹി ഈ യാത്രയ്ക്ക് ഒരുമ്പെട്ടത്.

സന്ധ്യാസമയം ആറുമണി കഴിഞ്ഞു. ടൂറിസ്റ്റ് വണ്ടി വിടപറഞ്ഞ് നീങ്ങി.

മാനസിയുമൊത്ത് കഴിഞ്ഞ പന്ത്രണ്ടു വർഷത്തെ ഓർമ്മകൾ പുതുക്കണം. ഹേമന്തിനേയും ബൂലിയേയും കാണണം. രണ്ടു ദിവസം അവരോടൊത്ത് ചിലവഴിക്കണം.

അതിന് ഒരു പ്രത്യേക കാരണം കൂടി ഉണ്ട്.

രണ്ടാഴ്ച മുമ്പ് വന്ന ഹേമന്തിന്റെ ഫോൺ വിളിയാണ് അത്.

"മഹിബാബു ഒരു ഗുഡ് ന്യൂസ് ബൂലി ഈസ് പ്രെഗ്നന്റ്''

നാലു വർഷത്തെ കാത്തിരിപ്പിനു ശേഷം ബൂലി ഒരമ്മയാവാൻ പോവുകയാണ്. മഹി ഒരു മുത്തച്ഛനും.

കുഞ്ഞുവാവയുമായി നിറവയറോടെ നിൽക്കുന്ന ബൂലിയെ ഓർത്തപ്പോൾ മഹിയുടെ കണ്ണു നിറഞ്ഞു. സന്തോഷാശ്രുക്കൾ കവിളിലൂടെ ഒഴുകി.

പക്ഷേ ആ അനുഗൃഹീത മുഹൂർത്തത്തിലും വിഷാദത്തിന്റെ ഉപ്പുനീരാണ് ആ അശ്രുക്കളിൽ അലിഞ്ഞിരുന്നതെന്ന് മഹി തിരിച്ചറിഞ്ഞു. ഈ അസുലഭനിമിഷത്തിൽ തന്നോടൊപ്പം മാനസി ഇല്ല എന്ന സത്യം അയാളുടെ ഉള്ളിൽ നീറിപ്പുകഞ്ഞു. മഹിയുടെ ജീവിതത്തിലെ ഓരോ നിമിഷവും സുഖത്തിലും ദുഃഖത്തിലും മനു ആയിരുന്നു പ്രാണവായു.

"മാനസീ നീ വിട്ടുപോയപ്പോൾ എന്റെ ഹൃദയത്തിന്റെ ഒരു തുണ്ടാണ് മുറിഞ്ഞുപോയത്"

അസ്വസ്ഥമായ മനസ്സോടെ മഹി കിടക്കയിലേക്ക് ചാഞ്ഞു.

നാളെ രാവിലെ ബൂലിയെ കാണുകയാണ് നാലു വർഷത്തിനുശേഷം. "മഹിദാ" എന്നു വിളി

ച്ചുകൊണ്ട് (ഇപ്പോഴും ബൂലി അയാളെ വിളിക്കുന്നത് അങ്ങിനെയാണ്.) തന്റെ മാറിൽ തല ചായ്ച്ച് അവൾ മനുവിനെ ഓർമ്മിക്കുകയാവും.

മഹിയുടെ ചിന്തകൾ രണ്ടു പതിറ്റാണ്ടുകൾ മുമ്പിലേക്ക് പറന്നുപോയി. ഗതകാലജീവിതത്തിന്റെ മധുരസ്മരണകൾ.

ഉപരിപഠനം കഴിഞ്ഞ് മഹിക്ക് ജോലി കിട്ടിയത് കൽക്കട്ടയിലെ Indian Institute of Statistics ലാണ്.

പഠിക്കുമ്പോൾ അയാൾക്ക് ഏറ്റവും ഇഷ്ടം Astronomy യോടായിരുന്നു. ഹരിഹരൻ സാറിന്റെ മാജിക്ക് ആയിരുന്നു അതിനു കാരണം. കോമ്പസ് കൊണ്ട് വരയ്ക്കുന്നതിലും കൃത്യമായി ഒരു വൃത്തത്തിൽ ഭൂഗോളം വരച്ചുകൊണ്ടാണ് എല്ലാ ക്ലാസ്സുകളുടേയും തുടക്കം. ഒരു മണിക്കൂർ നീളുന്ന ക്ലാസ്സുകൾ.

സ്റ്റാറ്റിസ്റ്റിക്സ് ക്ലാസ്സുകൾ നേരെ മറിച്ചും. ഇംഗ്ലണ്ടിൽ നിന്ന് എത്തിയ, സായിപ്പിന്റെ വേഷവും ഭാഷയും കൊണ്ട് വ്യത്യസ്തനായ മലയാളി പ്രൊഫസർ. അദ്ദേഹത്തിന്റെ അദ്ധ്യാപനരീതി മഹിക്ക് ഉൾക്കൊള്ളാനായില്ല.

എന്നാൽ വിധിവൈരുദ്ധ്യം കൊണ്ട് മഹിക്ക് പഠനം കഴിഞ്ഞ് ഇരുപത്തിരണ്ടാം വയസ്സിൽ ജോലി കിട്ടിയത് Statistics Institute ൽ ആയിരുന്നു. മഹാനായ Dr. Mahalanobis ന്റെ ആരാധകനായി മാറി അയാൾ.

ഇരുപത്തെട്ടാം വയസ്സിൽ ആയിരുന്നു മഹിയുടെ വിവാഹം.

മുറപ്പെണ്ണായ മാനസി. കളിയും കുസൃതിയുമായി അവന്റെ ഹൃദയത്തിൽ വളർന്ന് പ്രണയപുഷ്പമായി വിരിഞ്ഞു.

വിവാഹം കഴിഞ്ഞ് അമ്മയോടൊത്ത് ഒരാഴ്ചത്തെ താമസം. അവധി തീർന്നതുകൊണ്ട് മഹി മനുവുമൊത്ത് കൽക്കത്തയ്ക്ക് മടങ്ങി.

ആറു മാസത്തിനുള്ളിൽ തന്നെ മാനസിക്ക് കൽക്കത്തയിലെ ഒരു റെസിഡൻഷ്യൽ യൂറോപ്യൻ സ്കൂളിൽ ജോലി കിട്ടി. സെൻട്രൽ കൽക്കത്തയിലെ പാർക്ക് അവന്യൂവിലാണ് താമസിച്ചത്. മനുവിന് അന്ന് ഇരുപത്തിരണ്ടു വയസ്സ് പ്രായം.

വർഷങ്ങൾ മൂന്നാല് കടന്നുപോയി. മനസ്സിൽ വൈശാഖസന്ധ്യയുടെ പൂന്തേൻ നിറഞ്ഞ മധുവിധു കാലം.

കിടക്കയിൽ ചാരിയിരുന്ന് മഹി വെളിയിലേക്ക് നോക്കി. സ്വർണ്ണനൂലിൽ കൊരുത്ത തുമ്പികളെപ്പോലെ ജനാലയിലൂടെ കടന്നുവന്ന പ്രകാശരശ്മികൾ അയാളുടെ ഓർമ്മകളിലേക്ക് വെളിച്ചം തൂവി.

നിഷ്കപടവും സ്നേഹാർദ്രവുമായിരുന്നു മാനസിയുടെ സാമീപ്യം. പ്രണയവും പ്രതീക്ഷയും മധുരവും നിറഞ്ഞ ദിനരാത്രങ്ങൾ കടന്നുപോയി. ആനന്ദസുന്ദരമായ ആ ജീവിതത്തിൽ ഒരേ ഒരു ദുഃഖം മാത്രം. അവർക്ക് കുഞ്ഞുങ്ങളുണ്ടായില്ല.

പുറമെ പ്രത്യക്ഷമായില്ലെങ്കിലും ഉള്ളിന്റെ ഉള്ളിൽ വിഷാദവതി ആയിരുന്നു മാനസി ആ കാലങ്ങളിൽ. മഹിയുടെ സാന്ത്വനവാക്കുകളൊന്നും അവളെ സമാധാനിപ്പിച്ചില്ല.

ആകസ്മികമായി ആണ് അവരുടെ ജീവിതത്തിലേക്ക് ബൂലിയുടെ വരവ്.

മാനസിയുടെ സ്കൂളിലെ ആറാം ക്ലാസ്സ് വിദ്യാർത്ഥിനി ആയിരുന്നു ബൂലി ഹസാരിക. പതിഞ്ഞ മൂക്കും ചെറിയ കണ്ണുകളും തുടുതുടുത്ത കവിളുകളുമുള്ള പന്ത്രണ്ടുവയസ്സുകാരി. ഹോസ്റ്റലിലാണ് താമസം.

സ്പോർട്സിൽ മിടുമിടുക്കിയായ ബൂലി മാനസിയുടെ ഹൃദയത്തിൽ കടന്നുകയറിയത് കളികളിൽ കൂടിയാണ്. ഓട്ടത്തിലും ചാട്ടത്തിലും നീന്തലിലും ഒക്കെയുള്ള എല്ലാ മത്സരങ്ങളിലും അവൾ ഒന്നാമതായിരുന്നു.

സ്കൂളിലെ ഗ്രൂപ്പുകളിൽ ഒന്നായ റെഡ് ഹോഴ്സിന്റെ പ്രസിഡന്റായിരുന്നു മാനസി. ബൂലിയും ആ ഗ്രൂപ്പിൽ തന്നെ ആയിരുന്നു.

ഒരു വർഷത്തിനകം തന്നെ ബൂലി റെഡ് ഹോഴ്സിന്റെ ക്യാപ്റ്റൻ ആയി.

ഏഴാംക്ലാസ്സിലേക്ക് കടന്നിട്ടേയുള്ളൂ അവൾ അപ്പോൾ.

അവിചാരിതമായി ഒരു ചെറിയച്ഛന്റെ വരവാണ് ബൂലിയുടെ ജീവിതത്തിന്റെ വഴിത്തിരിവായത്.

ഒരു ഉച്ചതിരിഞ്ഞ സമയം.

മാനസിക്ക് അന്ന് എക്സ്ട്രാ ഡ്യൂട്ടി ഉള്ളതു

പതുക്കെ പതുക്കെ മനുവിന്റെ ഹൃദയത്തിലേക്ക് സർവ്വസാക്ഷിയായ ആദിത്യ ഭഗവാന്റെ തങ്ക രശ്മി കളിലൂടെ ഗുരുവായൂരപ്പൻ തെളിഞ്ഞുവന്നു. അവൾക്ക് പിന്നെ ഒന്നും ആലോചിക്കേണ്ടി വന്നില്ല.

മനു മാർക്കണ്ഡേയന്റെ അടുത്തേക്ക് ചെന്നു പറഞ്ഞു.

“ബൂലിയെ ഞാൻ ഏറ്റെടുക്കുന്നു. കുഞ്ഞുങ്ങൾ ഇല്ലാത്ത എന്റെ ദുഃഖം അവൾ തിരുത്തിത്തരും. എന്റെ സ്വന്തം മകളായിട്ട്.”

അയാൾ കണ്ണു തുടച്ചു. കൈകൂപ്പി ഒന്നുകൂടി പറഞ്ഞു. “എനിക്ക് ഒരു കാര്യം കൂടി പറയാനു ണ്ട്.”

ഒരു നിമിഷം ആലോചനയിലാണ് മടിച്ചുനിന്ന അയാളോട് മാനസി പറഞ്ഞു. “പറയൂ. എന്താണെ ങ്കിലും പറഞ്ഞോളൂ.”

കരിയില അനങ്ങുന്നതുപോലെ ഒരു മർമ്മര ശബ്ദത്തിൽ അയാൾ തുടർന്നു. “ബൂലി ഒരു വിധ വയാണ്. ഒമ്പതാമത്തെ വയസ്സിൽ അവളുടെ മാംഗല്യം കഴിഞ്ഞു. നാല്പത്തിരണ്ടുകാരൻ ജന്മി യുമായിട്ട്. അവൾക്ക് ഒന്നും മനസ്സിലായില്ല. കുപ്പി വളകൾ ഇട്ടപ്പോഴും നെറുകയിൽ കുങ്കുമം തൊട്ട പ്പോഴും മധുരപലഹാരങ്ങൾ കഴിച്ച് കൈകൊട്ടി നൃത്തമാടിയപ്പോഴും അവൾ സന്തോഷിച്ചു. കൂട്ടു കാരോടൊപ്പം പൊട്ടിച്ചിരിയോടെ ഓടിനടന്നു.

അന്ന് മടങ്ങിപ്പോയ അയാൾ മരിച്ചു എന്ന വാർത്തയാണ് പിന്നെ അറിഞ്ഞത്. വിധവയായ ബൂലിയുടെ തല മുണ്ഡനം ചെയ്തു. കുപ്പിവള കൾ പൊട്ടിച്ച് എറിഞ്ഞു. അവൾക്ക് വളരെ ഇഷ്ട മായ മത്സ്യാഹാരം നിഷേധിച്ചു. ഒടുവിൽ കന്യാസ്ത്രീ മഠത്തിലേക്ക് അവൾ കൂടുമാറി. പഠിത്തം കഴിഞ്ഞ് അവൾ മടങ്ങിച്ചെന്നാലും ഗ്രാമം അവളെ സ്വതന്ത്രമായി ജീവിക്കാൻ അനുവദി ക്കില്ല. ഹതഭാഗ്യയായ ഒരു അപശകുനമായി, അപ മാനിതയായി, അവഗണനകളിലൂടെ അവൾ മുദ്ര ചെയ്യപ്പെട്ടു കഴിഞ്ഞു.

പക്ഷെ മരിക്കുന്നതിനു മുമ്പ് ആ നല്ല മനു ഷ്യൻ ഒരു ഒസ്യത്ത് എഴുതിവച്ചിരുന്നു. കോടിക്ക ണക്കിലുള്ള അയാളുടെ സ്വത്ത് മുഴുവൻ ബൂലിക്ക്. പതിനാറു വയസ്സ് തികയുമ്പോൾ എല്ലാം

കൊണ്ട് സ്റ്റാഫ്റൂമിൽ ഇരുന്ന് വായിക്കുകയാണ്. അപ്പോഴാണ് വാച്ചുമാൻ വന്നു വിളിച്ചത്.

“മാഡം ഒരാൾ കാണാൻ വന്നിരിക്കുന്നു”

“ആരാണ്? എന്തിനാണ് എന്നെ കാണണ മെന്ന് പറഞ്ഞത്”

“ഏഴാംക്ലാസ്സിലെ ഒരു കുട്ടിയുടെ ബന്ധുവാണ്. മാഡത്തിനോട് അത്യാവശ്യമായി ചിലത് പറയാ നുണ്ടെന്ന് പറഞ്ഞു.”

“വരാൻ പറയൂ”

മാനസി മുറിയുടെ പുറത്തേക്ക് ഇറങ്ങി കൈ വരിയിൽ ചാരി നിന്നു. ആൾ എത്തി. കണ്ടപ്പോൾ അവൾക്ക് അത്ഭുതം തോന്നി. ചെറിയ കണ്ണുകളും പതിഞ്ഞ മൂക്കും വട്ട മുഖവും ഉള്ള കുറുകിയ മനു ഷ്യൻ. ലുങ്കിയും തലപ്പാവും ധരിച്ചിരുന്നു.

മാനസി എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പ് അയാൾ പറഞ്ഞുതുടങ്ങി. ആസാമീസും ബംഗാ ളിയും ഹിന്ദിയും മറ്റെന്തൊക്കെയോ ഭാഷകൾ ഇട കലർത്തിയാണ്.

“ഞാൻ ബൂലിയുടെ ഇളയച്ഛൻ. പേര് മാർക്ക ണ്ഡേയ ഹസാരിക. എന്റെ ഒരേ ഒരു ദാദ ആയി രുന്നു ബൂലിയുടെ അച്ഛൻ. ബൂലി, ദാദയുടെ ഒരേ ഒരു മകൾ. അദ്ദേഹം കഴിഞ്ഞ മാസം മരിച്ചു പോയി. എനിക്ക് ഈ ലോകത്തിൽ ആരുമില്ല. ഭാര്യയും കുട്ടികളും ഒന്നും ഇല്ല. ഞാൻ ഒരു വൃദ്ധ സദനത്തിലാണ്.”

ഒരു നിമിഷത്തെ മൗനം. പിന്നീട് സംസാരം തുടർന്നു.

“ബൂലിയെ കൊണ്ടുപോവാൻ എനിക്കൊരു ഇട മില്ല. ആരോഗ്യവുമില്ല.”

“ഞാൻ എന്തു ചെയ്യണം” അയാൾ പൊട്ടിക്ക രഞ്ഞു.

കവിളിലൂടെ ഒഴുകിയ കണ്ണുനീർ തുടയ്ക്കാൻ പോലും അയാൾ മറന്നതുപോലെ. നിശ്ചലമായി നിൽക്കുകയാണ്.

മാനസിയുടെ മനസ്സ് കടൽ കാറ്റു പോലെ ആടി ഉലഞ്ഞു.

നിമിഷങ്ങൾ കടന്നുപോയി.

അവൾക്ക് സ്വന്തമാക്കാനുള്ള അവകാശവും അയാൾ നിയമപരമായി അവൾക്ക് നൽകി. ഇതാണ് അതിന്റെ കടലാസുകൾ"

അയാൾ മടിയിൽ നിന്നു ഒരു തുണിസഞ്ചി വലിച്ചെടുത്തു. എല്ലാം മാനസിയുടെ കൈയിൽ വച്ചു.

തരിച്ചുനിന്ന മാനസിയോട് പിന്നെ ഒന്നും പറയാതെ അയാൾ നടന്നകന്നു.

അവിശ്വസനീയമായ വിഭ്രാന്തിയിലായി മാനസി. കഴിഞ്ഞ ഒരു വർഷം എന്താണ് സംഭവിച്ചത്? മുജ്ജന്മത്തിലെ ഒരു മാതൃബന്ധം ബൂലിക്ക് തന്നോട് തോന്നിയിരുന്നോ? തന്നെക്കുറിച്ച് അവൾ അച്ഛനോടും ഇളയച്ഛനോടും എന്താണ് പറഞ്ഞിട്ടുള്ളത്? വിധിയുടെ വിളയാട്ടമോ അതോ ഗുരുവായൂരപ്പന്റെ കടാക്ഷമോ?

മാനസി ബോധം നഷ്ടപ്പെട്ടവളെപ്പോലെ സ്റ്റാഫ് റൂമിൽ വളരെ നേരം ഇരുന്നു. അന്ന് വൈകിട്ട് വീട്ടിലേക്ക് മടങ്ങിയത് അവൾ ഒറ്റയ്ക്കായിരുന്നില്ല. ഒപ്പം ബൂലിയുടെ കൈപിടിച്ചു നടക്കുമ്പോൾ അയാൾ ഒടുവിൽ പറഞ്ഞ വാക്കുകൾ കൂടി അവൾക്ക് ഓർമ്മ വന്നു.

"ഈ ഒരു വർഷത്തിനിടയിൽ വീട്ടിൽ വരുമ്പോൾ ബൂലി ഒന്നേ പറഞ്ഞിട്ടുള്ളൂ. മാനസി മാഡത്തിന്റെ കരുതലും സ്നേഹവും മാത്രം"

വിധാതാവിന്റെ നിയോഗങ്ങൾ ആർക്കും പ്രവചിക്കാൻ കഴിയില്ലല്ലോ. ഷൊർണൂരിനും കല്പാത്തിക്കുമപ്പുറം വെള്ളിനേഴി ഗ്രാമത്തിൽ ജനിച്ച മാനസിയും ആസ്സാമിലെ മലഞ്ചെരുവുകളിലെ ചായത്തോട്ടത്തിൽ ജന്മം എടുത്ത ബൂലിയും തമ്മിൽ ഉടലെടുത്ത മാനസിക അടുപ്പം. രക്തബന്ധത്തെക്കാൾ ശ്രേഷ്ഠവും പരിപാവനവുമായിരുന്നു ആ സ്നേഹബന്ധം.

മഹി ഓർമ്മയിൽ നിന്ന് ഉണർന്നു കട്ടിലിൽ നിന്ന് എഴുന്നേറ്റ് ഒരു ഗ്ലാസ്സ് വെള്ളം കുടിച്ചു. പിന്നെ പതുക്കെ ജനലരികിലേക്ക് പോയി വെളിയിലേക്ക് നോക്കി. മനസ്സ് പറന്ന് പറന്ന് പിന്നോട്ട് പോവുകയാണ്.

എട്ടു വർഷങ്ങൾ എത്രവേഗം കടന്നുപോയി. ബൂലി സ്കൂൾ പഠിത്തം കഴിഞ്ഞു. കോളേജിലായി. മാനസി സ്കൂളിന്റെ വൈസ്പ്രിൻസിപ്പലായി. ബൂലിക്ക് പതിനാറു വയസ്സു തികഞ്ഞപ്പോൾ ആസ്സാമിൽ പോയി സ്വത്തുക്കളെല്ലാം ബൂലി വളർന്ന മഠത്തിലെ ചാരിറ്റി ട്രസ്റ്റിന് എഴുതിക്കൊടുത്തു. എല്ലാം ബൂലിയുടെ ആഗ്രഹം പോലെ നടന്നു.

പക്ഷേ ജീവിതത്തിന്റെ പട്ടുറുമാലിൽ ഒരു തീപ്പൊരി വീണു. മഹിയുടെ ജീവിതത്തിലെ കാളരാത്രി. ഒരിക്കലും മറക്കാൻ വയ്യ.

ഭക്ഷണം കഴിച്ച് കിടന്ന മാനസിക്ക് കടുത്ത ഒരു വേദന അനുഭവപ്പെട്ടു. പ്രഥമ ചികിത്സ കൊണ്ട് ഭേദമാകാത്തപ്പോൾ ആംബുലൻസ് വിളിച്ച് ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ചെന്നപ്പോഴേക്കും അവളുടെ ബോധം മറഞ്ഞു. കണ്ണുകൾ അടഞ്ഞു. മഹിയുടെ മടിയിൽ കിടന്ന് മാനസിയുടെ ആത്മാവ് അനന്തതയിലേക്ക് മറഞ്ഞു.

നാലു വർഷം കൂടി അയാൾ കൽക്കട്ടയിൽ താമസിച്ചു.

ബൂലിക്ക് കോളേജിൽ ജോലിയായി. സഹപ്രവർത്തകനുമായി അവളുടെ വിവാഹം കഴിഞ്ഞു. ഡോക്ടർ ഹേമന്ത് ആയിരുന്നു വരൻ.

മഹിയുടെ മനസ്സ് വർത്തമാനകാലത്തിലേക്ക് മടങ്ങിയെത്തി.

മൂന്നു വർഷത്തിനു ശേഷമാണ് ഈ യാത്ര. നാളെ ബൂലിയെ കാണാൻ  പോവുകയാണ്. അമ്മയാകാൻ പോവുന്ന ബൂലിയെ.

അടുത്ത ദിവസം. നേരം പുലർന്നു. ഇന്ന് ദുർഗ്ഗാഷ്ടമി. നവരാത്രിക്കാലത്തെ പ്രധാന ദിവസം. മഹാമായയായ ദേവി മഹിഷാസുര വധത്തിന് ദുർഗ്ഗയായി അവതാരംപൂണ്ട ദിവസം. കൽക്കത്ത നഗരത്തിൽ ഉച്ചഭാഷിണിയിലൂടെ ഭക്തിഗാനം മുഴങ്ങി. *"യാ ദേവി സർവ്വഭൂതേഷു..... നമസ്തസ്യൈ നമോ നമഃ"*

മഹി കുളിയും പ്രാർത്ഥനയും കഴിഞ്ഞ് പുറത്തേക്ക് ഇറങ്ങി. നവരാത്രിക്കാലത്തെ ഉണർവിലും ആഘോഷങ്ങളിലും മുഴുകിയ കൽക്കത്ത നഗരം മഹിക്ക് എന്നും പ്രചോദനമായിരുന്നു. അലങ്കാരദീപങ്ങൾ കൊണ്ടും വർണ്ണശബളമായ വാദ്യാഘോഷങ്ങൾ കൊണ്ടും അലങ്കരിക്കപ്പെട്ട പൂജപന്തലുകൾ.

റോഡിന്റെ നടുവിലെ ട്രാക്കിലൂടെ കുണുങ്ങി

കുണുങ്ങി നീങ്ങുന്ന ട്രാമിൽ കയറി പാർക്ക് അവന്യൂവിലെത്തി. പണ്ടും ഈ യാത്ര ആയിരുന്നു മഹിക്ക് ഇഷ്ടം. സ്വന്തമായി കാർ വാങ്ങിച്ചെങ്കിലും ഈ യാത്ര അവന്റെ മനസ്സിൽ നിന്ന് മാഞ്ഞിരുന്നില്ല.

ഡോർ ബെൽ അടിച്ചപ്പോൾ ബൂലിയാണ് വാതിൽ തുറന്നത്. നിറവയറോടെ അവൾ മഹിയോട് ചേർന്ന് നിന്നു. രണ്ടുപേരുടെയും കണ്ണ് നിറഞ്ഞു. സന്തോഷവും മാനസിയുടെ ഓർമ്മയിലുള്ള നൊമ്പരവും കലർന്ന അശ്രുബിന്ദുക്കൾ. ഹേമന്തിനും അത് കണ്ടുനിൽക്കാനായില്ല.

തിരമാലകളിൽ തട്ടി മഴത്തുള്ളികളാകുന്ന സ്ഫടികച്ചില്ലുകൾ ചിന്നിച്ചിതറുന്നതുപോലെ അവർ ആ ദിവസം കൊണ്ടാടി.

പൂജപ്പന്തലുകളിൽ കൈകോർത്ത് ചുറ്റി നടന്നു. മണി സ്വാമിയുടെ ഹോട്ടലിൽ നിന്ന് പ്രഭാത ഭക്ഷണം കഴിച്ചു. ആവി പറക്കുന്ന ഇഡ്ഡലിയും സാമ്പാറും. സ്വാമിയുടെ സ്പെഷ്യൽ കടുമാങ്ങ ചോദിച്ചു വാങ്ങാൻ മഹി മറന്നില്ല.

ഉച്ചയൂണ് കഴിച്ചില്ല മൂന്നുപേരും. അടുത്തുള്ള തട്ടുകടയിൽ നിന്നും പൂരിയും സബ്ജിയും. ഇടയ്ക്ക് പൂജ പന്തലുകൾക്ക് അടുത്ത് റോഡരികിലെ ബീഹാറി ഭയ്യയുടെ ഗോൾപൂരിയും (പുച്ഛ്ക) മസാലക്കൂട്ടും മുളക് ബജിയും.

രവീന്ദ്ര സരോവറിലെ പുൽത്തകിടിയിൽ ആകാശത്തേക്ക് നോക്കി കിടന്നു. നീലാകാശത്തിലെ ധവള മേഘങ്ങൾ, ഇളം തെന്നൽ ചിറകടിച്ചു പറക്കുന്ന ശലഭങ്ങൾ. എല്ലാം പഴയതുപോലെ തന്നെ.

സന്ധ്യസമയം.

ബാലിഗഞ്ചിലെ അതിമനോഹരമായ പന്തലിലെ അത്ഭുത തേജസ്വിനിയായ മഹിഷാസുരമർദ്ദിനി ദേവിയുടെ ആരതി തൊഴുതുകൊണ്ട് നിന്നപ്പോഴാണ് അതു സംഭവിച്ചത്.

ബൂലിക്ക് പ്രസവവേദനയുടെ തുടക്കം.

അടുത്തു തന്നെയുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഒരു മണിക്കൂർ കഴിഞ്ഞു. സമയം ഏതാണ്ട് ഏഴു മണി ആയിക്കാണും.

പ്രസവമുറിയുടെ വെളിയിൽ കാത്തിരുന്ന മഹിയുടെയും ഹേമന്തിന്റെയും ആകാംക്ഷയ്ക്ക് വിരാമമിട്ടുകൊണ്ട് നഴ്സ് പുറത്തുവന്നു.

കൈയിൽ തൂവെള്ളയിൽ പൊതിഞ്ഞ ഒരു കുഞ്ഞു മാലാഖ.

കുഞ്ഞിക്കൈകൾ നെഞ്ചോടു ചേർത്ത് ചുരുട്ടി വച്ചിരിക്കയാണ്. ചെത്തിപ്പൂപോലത്തെ കുഞ്ഞോമനച്ചുണ്ടിൽ നേരിയ പുഞ്ചിരി.

മഹിയുടെ കൈകളിലേക്കാണ് കുഞ്ഞിനെ കൊടുത്തത്.

കൈവെള്ളയിലെ കുഞ്ഞോമനയെ മാറോട് ചേർത്ത് മഹി മന്ത്രിച്ചു.

"ഗുരുവായൂരപ്പന്റെ ത്രിമധുരം."

അമ്മയുടെ വാത്സല്യവും പ്രേയസിയുടെ പ്രണയവും മകളുടെ ഓമനത്വം നിറഞ്ഞ കിളിക്കൊഞ്ചലും കൂടിച്ചേർന്ന ത്രിമധുരം.

തേനും പഴവും ശർക്കരയും ചേർത്ത ത്രിമധുരം.

ഭഗവാന്റെ ഇഷ്ട നൈവേദ്യം.

കുഞ്ഞിന്റെ ചെവിയിൽ ഉമ്മ വച്ചുകൊണ്ട് മഹി മന്ത്രിച്ചു.

"ഇവൾ ദുർഗ്ഗ. ജന്മാഷ്ടമി നാൾ ദേവിയുടെ പുനർജന്മമായി ജനിച്ച പേരക്കിടാവ്. മുത്തച്ഛന് കിട്ടിയ ത്രിമധുരം" ✠

# തിരുത്ത്

**കഴിഞ്ഞ ലക്കത്തിലെ 'റിയാക്ട്....റിയാലിറ്റി ആക്കിയ തിരുമേനി' എന്ന ലേഖനത്തിൽ പി.എ. ഗോദവർമ്മരാജയുടെ അച്ഛന്റെ പേര് പുതുശ്ശേരി മനയ്ക്കൽ നാരായണൻ നമ്പൂതിരി എന്ന് തെറ്റായി ചേർത്തിരുന്നത് കോടനാട് മനയ്ക്കൽ നാരായണൻ നമ്പൂതിരി എന്ന് തിരുത്തി വായിക്കുവാൻ അപേക്ഷ.**

# ധർമ്മിഷ്ഠയായ ശർമ്മിഷ്ഠ



**ചന്ദ്രാവലി തമ്പുരാൻ,** തിരുവനന്തപുരം, മൊ: 9947791649

***(രണ്ടാം ഭാഗം)***

രാജകീയ ദമ്പതികൾ അലങ്കരിച്ച പല്ലക്കിൽ ആഘോഷപൂർവ്വം, വരന്റെ നഗരത്തിൽ പ്രവേശിച്ചു. ആന, കുതിര, കാലാൾ, ദാസികൾ തുടങ്ങിയവരുൾക്കൊണ്ട ഘോഷയാത്ര ഉത്സവപ്രതീതിയുണർത്തി. കുലാചാര്യന്റെ പുത്രിയ്ക്ക് ഒരു കുറവും ഉണ്ടാകരുതെന്ന ശ്രദ്ധയോടെയാണ് വൃഷപർവ്വാവ് ഉപഹാരങ്ങൾ അയച്ചത്. പട്ടുവസ്ത്രങ്ങൾ അണിഞ്ഞ്, സർവ്വാഭരണഭൂഷിതയായി ദേവയാനി മഹാരാജാവിന്റെ പട്ടമഹിഷീസ്ഥാനം അലങ്കരിച്ചു. കൊട്ടാരത്തിലെ ഗൃഹപ്രവേശവും ആഡംബരപൂർവ്വം നടന്നു.

ശർമ്മിഷ്ഠ മറ്റു ദാസികളോടൊപ്പം വാസസ്ഥലമായ സേവികാകുഞ്ജത്തിലെത്തി. മറ്റു ദാസിമാർ തങ്ങളുടെ രാജകുമാരിയോട് ബഹുമാനത്തോടെയാണ് പെരുമാറിയതെങ്കിലും ശർമ്മിഷ്ഠ അത് നിരുത്സാഹപ്പെടുത്തി. അവരിലൊരാൾ മാത്രമാണെന്നേ കരുതാവൂ എന്ന് ഖണ്ഡിച്ചു പറഞ്ഞ് സമഭാവനയോടെ വർത്തിച്ചു. ഒരു ദുർബ്ബലനിമിഷത്തിൽ ദേവയാനിയുമായുണ്ടായ വാക്തർക്കത്തിൽ തനിക്ക് മന:സംയമനം നഷ്ടപ്പെട്ടതിന്റെ പരിണതഫലമാണെന്നു മനസ്സിലാക്കി, തന്റെ വിധിയെ സ്വാഗതം ചെയ്തു. മനസ്സിൽ ഉറപ്പിച്ചു പറഞ്ഞുകൊണ്ടേ ഇരുന്നു. ഞാൻ ദാസിയാണ്, ദേവയാനിയുടെ ദാസി!! യയാതി മഹാരാജാവിന്റെ കൊട്ടാരത്തിലെ നിരവധി ദാസിമാരിൽ ഒരുവൾ!!! പുതിയ പരിതഃസ്ഥിതിയുമായി പൊരുത്തപ്പെടാൻ കൂടെ കൂടെ സ്വയം ഓർമ്മപ്പെടുത്തിയിരുന്നത് സഹായകമായിരുന്നു.

ദേവയാനി തന്റെ മേധാവിത്വത്തിൽ ഊന്നി നിന്നുകൊണ്ടുതന്നെയാണ് ശർമ്മിഷ്ഠയോടു പെരുമാറിയത്. പണ്ട് കൊട്ടാരത്തിലെ ഗതകാല സ്മരണകളോ സൗഹൃദമോ ഒന്നും ഓർക്കാൻ ദേവയാനി തയ്യാറല്ലായിരുന്നു. ശർമ്മിഷ്ഠയുടെ സ്ഥാനം ഒരു ദാസിയുടേതുമാത്രമാണെന്ന് സ്ഥിരീകരിച്ചുകൊണ്ടേയിരുന്നു. കൊട്ടാരത്തിൽ എത്തിയ ഉടനെ പറഞ്ഞു: "ശർമ്മിഷ്ഠ എന്ന പേര് നിന്റെ രാജകുമാരി എന്ന സത്യം ഓർമ്മ വരുത്തുന്നു. ഒരു ദാസിയ്ക്ക് ഈ പേര് യോജിക്കില്ലാ. ഞാനത് ശാരിക എന്നാക്കി മാറ്റുന്നു."

ഒരു പകപോക്കലുപോലെയായിരുന്നു പലപ്പോഴും ദേവയാനിയുടെ പെരുമാറ്റം. ഒരിയ്ക്കൽ സൂചിപ്പിയ്ക്കുകയും ചെയ്തു. "രാജകുമാരിയായി ഔന്നത്യത്തിലിരിയ്ക്കുമ്പോൾ മറ്റുള്ളവർക്കു വരുന്ന പ്രയാസങ്ങൾ മനസ്സിലാക്കണമല്ലോ." ശർമ്മിഷ്ഠ ഓർത്തു. അച്ഛൻ ഒരിയ്ക്കലും പക്ഷഭേദം കാണിയ്ക്കാതെ സ്വന്തം പുത്രിയെപ്പോലെ തന്നെയാണ് ദേവയാനിയോടു പെരുമാറിയിരുന്നത്. പക്ഷേ മനുഷ്യമനസ്സിലെ വിചാരധാര നമ്മുടെ ഭാവനയ്ക്കതീതമാണല്ലോ. ദേവയാനിയുടെ വാക്കിലും പ്രവൃത്തിയിലും പലപ്പോഴും അപമാനിതയാകാറുണ്ടെങ്കിലും അവയൊന്നും തന്റെ മനസ്സിനെ ഉലയ്ക്കാതിരിക്കാൻ മനപ്പൂർവ്വം ശ്രമിച്ചു. രാജസദസ്സിൽ വച്ച് ചാമരം വീശുക, ക്ഷേത്രദർശനത്തിനു പോകുമ്പോൾ പൂത്താലവുമായി അനുഗമിയ്ക്കുക എന്നിങ്ങനെ ശർമ്മിഷ്ഠയുടെ 'ദാസിത്തം' പൊതുവേദികളിൽ ഉറപ്പിയ്ക്കുവാൻ ദേവയാനി നിഷ്കർഷിച്ചിരുന്നു. യയാതിയുമായുള്ള സൈ്വരസല്ലാപവേളകളിൽ താംബൂലം നൽകുക, പാനീയം വിളമ്പുക എന്നിവയ്ക്കായി ശർമ്മിഷ്ഠയെ നിയോഗിച്ചത് അവൾക്ക് അസൂയയും നഷ്ടബോധവും അനുഭവപ്പെടണമെന്ന ഉദ്ദേശ്യത്തോടെയായിരിക്കണം. പക്ഷെ അതിന്ന് വിപരീതഫലമാണുണ്ടായത്. ദേവയാനിയുടെ നിർദ്ദാക്ഷിണ്യമായ പെരുമാറ്റത്തിൽ അനിഷ്ടവും ശർമ്മി

ഷ്ഠയുടെ സഹനശീലത്തിൽ ശാന്തപ്രകൃതിയിൽ മതിപ്പും ആണ് യയാതിയുടെ മനസ്സിൽ ഉളവാക്കി യതെന്ന് മദമാത്സര്യത്തിൽ അന്ധയായ ദേവയാനിയുടെ കണ്ണുകൾക്ക് വ്യക്തമായില്ല. മഹാരാജാവിന്റെ ഹൃദയത്തിൽ ദേവയാനിയോട് അകൽച്ചയും, ശർമ്മിഷ്ഠയോട് സഹതാപവും സംജാതമാകുവാൻ അത്തരം കുത്സിതമായ പെരുമാറ്റം വഴിയൊരുക്കി.

ഒരു സന്ധ്യാനേരം. സേവികാകുഞ്ജത്തിൽ തുളസിത്തറയിൽ വിളക്കുകൊളുത്തി ശർമ്മിഷ്ഠ ശിവസ്തുതി പാടുകയായിരുന്നു. മനസ്സിലെ ദു:ഖം മുഴുവൻ അണപൊട്ടിയൊഴുകിയതുപോലെ ഭക്തി നിർഭരമായ ആ ഗാനാലാപത്തിൽ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അല്പം അകലെ നിന്ന് യയാതി മഹാരാജാവ് ആ രംഗം വീക്ഷിയ്ക്കുകയായിരുന്നു. സുമധുരമായ ആ ഗാന നിർഝരിയിൽ അദ്ദേഹത്തിന്റെ ഹൃദയം ആർദ്രമായി. സുന്ദരിയായ രാജകുമാരി. ഇന്നിതാ ഒരു ദാസിയായി തന്റെ ബാല്യകാലസഖിയുടെ നിന്ദയ്ക്കും അപമാനത്തിനും പാത്രമായി സർവ്വവും ക്ഷമയോടെ സഹിച്ച് വർത്തിയ്ക്കുന്നു. അവളുടെ ശിരോലിഖിതം. ആ ദു:സ്ഥിതിയെ അവൾ യഥോചിതം അഭിമുഖീകരിക്കുന്നതിൽ അദ്ദേഹത്തിന് മതിപ്പു തോന്നി, ഹൃദയത്തിൽ പ്രണയച്ഛവി പടർന്നു. ഗാനം നിലച്ചപ്പോൾ യയാതി അവളുടെ സമീപത്തെത്തി. ശർമ്മിഷ്ഠ പരിഭ്രാന്തയായി. ലജ്ജയാൽ കവിൾത്തടങ്ങൾ തുടുത്തു. യയാതി അവളുടെ കൈകൾ ഗ്രഹിയ്ക്കുവാൻ തുടങ്ങവെ, അതിൽ നിവൃത്തയായി പറഞ്ഞു: "മഹാരാജൻ! ഒരു ദാസി തന്റെ സ്വാമിനിയ്ക്ക് അഹിതം പ്രവർത്തിക്കുന്നത് അഭിമതമല്ലാ."

"ശർമ്മിഷ്ഠാ, ഭവതി ധർമ്മിഷ്ഠയാണ്. ഭവതിയ്ക്ക് സമ്മതമാണെങ്കിൽ ഞാൻ ഭവതിയെ ഗാന്ധർവ്വ വിവാഹം കഴിയ്ക്കുവാൻ ആഗ്രഹിക്കുന്നു."

മൗനം ദീക്ഷിച്ച അവളുടെ മുഖത്തു നിന്നു യയാതി സമ്മതം, മനസ്സിലാക്കി. "ഈ സന്ധ്യാനേരത്ത് ദിഗ്ദേവതകളേയും ഉദിച്ചുവരുന്ന താരാനാഥനേയും തുളസീദേവിയെയും അഗ്നിഭഗവാനേയും സാക്ഷിയാക്കി ഞാൻ, യയാതി വാർഷപർവ്വണി ശർമ്മിഷ്ഠയെ പത്നിയായി സ്വീകരിക്കുന്നു. സത്യം! സത്യം! സത്യം! സ്വന്തം രത്നാംഗുലീയകം ശർമ്മിഷ്ഠയുടെ കൈവിരലിൽ അണിയിച്ച് തുളസിച്ചുവട്ടിലെ മണ്ണ് ശിരസിൽ ഇട്ട് അനുഗ്രഹിച്ചു. ശർമ്മിഷ്ഠ വികാരപരവശയായി. യയാതി അവളെ മാറോടു ചേർത്ത് ആലിംഗനം ചെയ്തു. പ്രതിശ്രുതവരനെന്ന് മോഹിച്ച ശേഷം നഷ്ടപ്പെട്ട യയാതി മഹാരാജാവിനെ ജീവിത നാഥനായി ലഭിച്ചതിൽ ശർമ്മിഷ്ഠയുടെ മനസ്സിൽ ആനന്ദം കവിഞ്ഞൊഴുകി. ശ്രീമഹാദേവന്റെ അനുഗ്രഹം!!

ദേവയാനിയുടെ പ്രതികരണം വിഷമസന്ധികൾ സൃഷ്ടിച്ചേക്കുമെന്നതിനാൽ ദമ്പതികൾ ഈ ബന്ധം അവരുടെ സ്വന്തം മാധുര രഹസ്യമായി സൂക്ഷിച്ചു.

വൃഷപർവ്വാവിന്റെ വിശ്വസ്തസേവകൻ കുംഭാണ്ഡൻ ശർമ്മിഷ്ഠയെ കാണുവാൻ കൂടെക്കൂടെ വരാറുണ്ടായിരുന്നു. സ്വന്തം പുത്രിയുടെ കുശലമറിയുവാനുള്ള ഒരു പിതാവിന്റെ ആകാംക്ഷ! ആദ്യ നാളുകളിൽ ഒന്നുരണ്ടു പ്രാവശ്യം രാജ്ഞി ചില ഉപഹാരങ്ങൾ അയച്ചെങ്കിലും ശർമ്മിഷ്ഠ അവയെ സ്നേഹപൂർവ്വം നിരസിച്ചിരുന്നു, മറ്റു ദാസികൾക്കില്ലാത്ത യാതൊരാനുകൂല്യവും അനുഭവിയ്ക്കുന്നത് ശരിയല്ലാ എന്ന ന്യായത്തിൽ. യയാതി മഹാരാജാവുമായുള്ള ഗാന്ധർവ്വവിവാഹം ശർമ്മിഷ്ഠ അയാൾ മുഖാന്തിരം അച്ഛനമ്മമാരെ അറിയിച്ചിരുന്നു, രഹസ്യ സ്വഭാവം കാത്തുകൊള്ളണമെന്ന മുന്നറിയിപ്പോടെ. അവരുടെ മനസ്സിന്ന് അത് തീർച്ചയായും കുളിർമ്മ നൽകുമെന്ന വിചാരത്തിൽ, വിശ്വാസത്തിൽ.

ദാമ്പത്യജീവിതം ആരംഭിച്ച് അധികനാൾ കഴിയുന്നതിനുമുമ്പേ, ഒരു ദിവസം ദേവയാനി പറഞ്ഞു:" ശാരികേ, ഒരു സന്തോഷവർത്തമാനം. ഞാൻ അമ്മയാകാൻ പോകുന്നു.!"

ശർമ്മിഷ്ഠയും സന്തോഷവതിയായി. യയാതി മഹാരാജാവിന് സന്തതി!

രാജ്യത്തെല്ലാവരും ആഗ്രഹിച്ചപോലെ ഒരു രാജകുമാരൻ സംജാതനായി. രാജ്യത്തിന് ഒരു അനന്തരാവകാശി! എങ്ങും അതിന്റെ ആഘോഷം അലതല്ലി. ഗർഭാലസ്യവും പ്രസവശുശ്രൂഷയുമായി യയാതിയുടെ കൂടെക്കൂടെയുള്ള അസാ

ന്നിദ്ധ്യം ദേവയാനിയെ അലോസരപ്പെടുത്തിയില്ല. രാജകുമാരന് യദു എന്ന് നാമകരണം ചെയ്തു. യയാതിയുടേയും ദേവയാനിയുടെയും പേരിന്റെ ആദ്യാക്ഷരങ്ങൾ ചേർത്താണത്രെ മഹാരാജാവ് പേരു നിശ്ചയിച്ചത്. ദേവയാനി ധാർഷ്ട്യത്തോടെ പറഞ്ഞപ്പോൾ ശർമ്മിഷ്ഠ തന്റെ ഉദരത്തിൽ വളരുന്ന കുഞ്ഞിനെ ഓർത്തു.

ദേവയാനിയ്ക്ക് തുർവ്വസു എന്ന പുത്രൻ കൂടി ജനിച്ചു. ശർമ്മിഷ്ഠയ്ക്ക് ദ്രുഹ്യാവ്, അനു, പൂരു എന്ന് മൂന്നു പുത്രന്മാരും.

ഏതോ ഗന്ധർവ്വന്റെ അനുഗ്രഹം കൊണ്ടാണ് ശർമ്മിഷ്ഠയ്ക്ക് പുത്രന്മാർ ഉണ്ടായതെന്നായിരുന്നു പൊതുജനധാരണ. അല്ലെങ്കിലും ദാസികളുടെ ചാരിത്ര്യശുദ്ധി സമൂഹം ഗൗരവപൂർവ്വം വീക്ഷിയ്ക്കാറില്ലല്ലോ.

ഒരു സായാഹ്നത്തിൽ യയാതിയും ദേവയാനിയും ഉദ്യാനത്തിൽ ഉല്ലാസത്തിന് വന്നിരുന്നു. സമീപത്തായി കുട്ടികൾ കളിയ്ക്കുന്നു. പരിചാരികയായി ശർമ്മിഷ്ഠയും നിന്നിരുന്നു. കുട്ടികൾ തമ്മിൽ എന്തോ 'കശപിശ' കൂടി. പൂരു ആവലാതിയുമായി മഹാരാജാവിന്റെ സമീപത്തെത്തി. പൂരുവിനോട് അദ്ദേഹത്തിന് പ്രത്യേക വാത്സല്യമായിരുന്നു. സേവികാമഠത്തിൽ പോകുമ്പോൾ ദ്രൂഹ്യാവിനേയും അനുവിനേയും അദ്ദേഹം കാര്യമായി ഗൗനിക്കാറില്ല. ഗന്ധർവ്വ പുത്രന്മാരെന്ന നിലയിൽ നാലാളുകൾ കാൺകെ അകൽച്ച നടിച്ചു. എന്നാൽ പൂരുവിന്റെ മിടുക്കും സ്നേഹമസൃണമായ പെരുമാറ്റവും അദ്ദേഹത്തിൽ പിതൃത്വത്തിന്റെ വികാരം പലപ്പോഴും പ്രകടമാക്കി. അതുകൊണ്ടു തന്നെ കുറച്ചധികം സ്വാതന്ത്ര്യവും പൂരു അനുഭവിച്ചിരുന്നു. പൂരു സങ്കോചമെന്യേ മഹാരാജാവിനെ സമീപിച്ചപ്പോൾ അദ്ദേഹം അവനെ വാത്സല്യപൂർവം മടിയിലിരുത്തിയത് ദേവയാനിയെ ചൊടിപ്പിച്ചു. "ഏതോ ദാസിച്ചെക്കനെ മഹാരാജാവ് മടിയിലിരുത്തി ലാളിക്കുന്നു വിചിത്രം തന്നെ.!!"ദേവയാനിയുടെ പരിഹാസോക്തി കേട്ട യയാതി പറഞ്ഞു. ഇവൻ ദാസിച്ചെക്കനല്ലാ, രാജകുമാരനാണ്. എന്റെ സ്വന്തം പുത്രൻ! ഇവൻ മാത്രമല്ലാ, ദ്രൂഹ്യാവും അനുവും. ശർമ്മിഷ്ഠയെ ഞാൻ ഗാന്ധർവ്വ വിധി പ്രകാരം എന്നേ പത്നിയായി സ്വീകരിച്ചതാണ്, ശർമ്മിഷ്ഠ ഭവതിയുടെ സപത്നിയാണ്."

ഇടിവെട്ടേറ്റ പോലെ ദേവയാനി സ്തബ്ധയായി. തികച്ചും അപ്രതീക്ഷിതമായ ഈ വാർത്ത അത്യന്തം ദുസ്സഹമായിരുന്നു. അവളുടെ കോപം മുഴുവൻ ശർമ്മിഷ്ഠയെ കേന്ദ്രീകരിച്ചായിരുന്നു. "വഞ്ചകീ, നീ എന്നെ ഇത്രകാലമായി ചതിയ്ക്കുകയായിരുന്നു അല്ലേ? മിണ്ടാപൂച്ച കലമുടയ്ക്കും എന്ന് കേട്ടിട്ടേയുള്ളു." തുടർന്നും എന്തൊക്കെയോ ആക്രോശിച്ചുകൊണ്ടേയിരുന്നു. ഹൃദയഭേദകമായ പലതും ദേവയാനി പറഞ്ഞെങ്കിലും ശർമ്മിഷ്ഠ സ്വയം നിയന്ത്രിച്ചു. മുമ്പൊരിയ്ക്കൽ ദേവയാനിയുടെ ദുർവ്വചനങ്ങൾക്ക് പ്രതികരിച്ചതാണല്ലോ താൻ ദാസിയാകുവാൻ ഇടയാക്കിയതെന്ന ഓർമ്മ മൂലം അവൾ മൗനം ദീക്ഷിച്ചു. ജീവിതം കൂടുതൽ വഷളാകരുതല്ലോ എന്ന ചിന്തയിൽ.

ദേവയാനി ക്രോധാവേശത്താൽ ശുക്രാചാര്യരെ പല്ലക്കു കൊടുത്തയച്ച് കൊട്ടാരത്തിലേയ്ക്ക് വരുത്തി. ആചാര്യനോട് ശർമ്മിഷ്ഠ തന്നെ ചതിച്ച കാര്യം പറഞ്ഞു. പഴയ വാത്സല്യം ശുക്രാചാര്യരുടെ മനസ്സിൽ അവശേഷിച്ചിരുന്നതിനാലോ എന്തോ, അദ്ദേഹം യയാതിയെയാണ് ശപിച്ചത്. "കാമാസക്തനായ അങ്ങ് ജരാനര ബാധിച്ച ഒരു വൃദ്ധനായിതീരട്ടെ!'' യയാതി ശർമ്മിഷ്ഠയെ പത്നിയായി സ്വീകരിച്ചിട്ടാണ് പുത്രോൽപ്പാദനം നടത്തിയതെന്ന് പരിഗണിയ്ക്കാതെ ദാസിയോടുള്ള ഒരു മനോദൗർബല്യമായിട്ടാണ് അദ്ദേഹം അത് വീക്ഷിച്ചത്.

യയാതിയെ ശപിച്ചത് ദേവയാനിയ്ക്ക് ഒട്ടും തൃപ്തികരമായില്ല. ശർമ്മിഷ്ഠയ്ക്കു ശാപം നൽകണമെന്നാണ് അവൾ ആഗ്രഹിച്ചത്. തന്റെ ഭർത്താവിനെ പടുവൃദ്ധനായി കാണുന്നത് അവൾക്ക് ദു:ഖകരമായിരുന്നു. അത് മാറുവാൻ അച്ഛനെ നിർബന്ധിച്ചു. കൈവിട്ട വാക്കും ശരവും തിരിച്ചെടുക്കാൻ പറ്റുകയില്ലെന്ന സത്യം അദ്ദേഹം വ്യക്തമാക്കി. ഒരു പോംവഴി നിർദ്ദേശിച്ചു മക്കളാരെങ്കിലുമായി വാർദ്ധക്യം വച്ചു മാറുക. പൂരു ഒഴികെ മറ്റു നാലുപേരും അത് അധർമ്മമാണെന്ന് വാദിച്ച് അച്ഛന്റെ ആവശ്യം നിരസിച്ചു. പൂരു പറഞ്ഞു. "പറയാതെ തന്നെ അച്ഛന്റെ അഭിലാഷം നിറവേറ്റുന്നവൻ ഉത്തമപുത്രൻ; അച്ഛന്റെ ആവശ്യം അറിഞ്ഞ


യുടനെ സന്തോഷത്തോടെ പൂർത്തീകരിയ്ക്കുന്നവൻ മദ്ധ്യമൻ; വൈമനസ്യത്തോടെ നടപ്പാക്കുന്നവൻ അധമൻ; അനുസരിയ്ക്കാത്തവനെ അച്ഛന്റെ ശരീരത്തിൽ നിന്നും നിഷ്കാസിതമായ 'മല' മെന്നേ പരിഗണിക്കാനാകൂ. എന്നെ മദ്ധ്യമ നിരയിലുള്ള പുത്രനാകുവാനെങ്കിലും അനുവദിയ്ക്കൂ അച്ഛാ."

പൂരു വാർദ്ധക്യം സ്വീകരിച്ചു യയാതിയ്ക്ക് യുവത്വവും തിരിച്ചുകിട്ടി.

കുറച്ചുകാലം കഴിഞ്ഞപ്പോൾ വൃദ്ധനായ മകനെ കണ്ടുകൊണ്ടിരുന്ന യയാതിയ്ക്ക് വൈരാഗ്യം വന്നു. തന്റെ വാർദ്ധക്യം തിരിച്ചുവാങ്ങി. യുവാവായ പൂരുവിനെ തന്റെ രാജ്യത്തിലെ പിന്തുടർച്ചാവകാശിയായി അഭിഷേകം ചെയ്തു.

ജീവിതാനുഭവങ്ങളും, ശുക്രാചാര്യരുടെ ഉപദേശവും, ശർമ്മിഷ്ഠയുടെ സ്വഭാവനൈർമല്യത്തിന്റെ പ്രസരണവും എല്ലാമായി ദേവയാനിയ്ക്ക് സ്വഭാവത്തിൽ പക്വത വന്നു. യയാതി ദേവയാനിയുടെ 'തന്നിഷ്ടസ്വഭാവ'ത്തെ പ്രോത്സാഹിപ്പിച്ചിരുന്നുമില്ല. ശർമ്മിഷ്ഠയുമായി സഹോദരീസമാനമായ സൗഹൃദബന്ധം പുലർത്തി; ഇരുകൂട്ടരും സന്തുഷ്ടരായി ജീവിച്ചു. വിരക്തി വന്ന യയാതി മഹാരാജാവ് പൂരുവിനെ രാജ്യഭാരമേല്പിച്ച് പത്നിമാരോടു കൂടി വാനപ്രസ്ഥം സ്വീകരിച്ചു. ആ പൂരുവിന്റെ വംശ പരമ്പരയിലാണ് പാണ്ഡവന്മാർ സംജാതരായത്.

രാജ്യത്തിന്നു വേണ്ടി സസന്തോഷം സ്വന്തം സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച്, തന്റെ വിധിയെ ചാരുതയോടെ ഉൾക്കൊണ്ട്, ഈർഷ്യാ മത്സരങ്ങളില്ലാതെ, സ്ഥൈര്യം, സ്ഥിതപ്രജ്ഞത എന്നിവ സ്വാംശീകരിച്ച് ജീവിതവിജയം നേടിയ ഒരു മാതൃകാവ്യക്തിത്വത്തിന്റെ പ്രതീകമാണ് ധർമ്മിഷ്ഠയായ ശർമ്മിഷ്ഠ. പുരാണനായികമാരിൽ ഒരു തേജസ്സുറ്റ ചിത്രം. സ്ത്രീകൾ സ്വായത്തമാക്കേണ്ട വ്യക്തിപ്രഭാവം! ✠



# പ്രണാമം

ടി.എൻ. ആദിത്യവർമ്മ





രാജ്യത്തെ രക്ഷിപ്പതിന്നു മതിയിവൻ
രാജ്യത്തിനെന്നും പ്രിയങ്കരനായവൻ
നാലുദശകം ഭവാൻ തന്റെ സേവന
മേകിയീനാടിനെക്കാത്തു രക്ഷിക്കുവാൻ
ധീരരാം വീരരാം സൈനികർക്ക് പരി
ശീലനം നല്കിക്കുശലരാക്കി ഭവാൻ
മഞ്ഞിൻമല തൻ മുകളിലും ദുർഘടം
തിങ്ങും പ്രദേശങ്ങളിലും കടന്നുടൻ
തന്നിലർപ്പിച്ച ചുമതല സ്തുത്യർഹ
മെന്ന വിധത്തിലായ് ചെയ്തുവല്ലോ ഭവാൻ
സേനയും ആയുധജാലവുമൊക്കെവേ
വേണ്ടതുപോലെ നവീകരിച്ചീടുവാൻ
ഏറെപ്പണിപ്പെട്ടു താങ്കളെന്നുള്ളതു-
മേറെത്തിളങ്ങുന്നു കർമ്മകാണ്ഡങ്ങളിൽ
എന്നതിനാലെ സംയുക്ത മേധാവിയെ -
ന്നുള്ളൊരു സ്ഥാനത്തിനർഹനായീ ഭവാൻ
അങ്ങു വിപനനാം റാവത്തിനാപത്തു
വന്നൂ വിപിനത്തിലെന്തൊരു സങ്കടം
ഒട്ടും നിനച്ചീലയാരും ദുരന്തമി-
ന്നെത്രയ്ക്കു നഷ്ടമീ നാടിനു വന്നതും
ഞങ്ങൾ ഈ ഭാരത മക്കളിന്നങ്ങേയ്ക്കു
തിങ്ങുന്ന വിങ്ങൽ പ്രണാമമർപ്പിയ്ക്കയാം. ●



# സപ്തപദി

10

## താരാശങ്കർ ബന്ദ്യോപാധ്യായ

വിവർത്തനം : ഡോ. കെ.സി. എം. രാജ

*ഹിന്ദി വിവർത്തനത്തോട് കടപ്പാട് : നേമിചന്ദ്രജയിൻ, രാജ്കമൽ പ്രസിദ്ധീകരണം*

*കഴിഞ്ഞലക്കം തുടർച്ച...*

### അദ്ധ്യായം ഏഴ്

കേവലം മണ്ണും വെള്ളവും ഉൾക്കൊള്ളുന്ന ഒരു പ്രദേശം മാത്രമല്ല ഭൂമി. സമുദ്രം, വനങ്ങൾ, പർവ്വതനിരകൾ ഇവ മാത്രമല്ല ഭൂമിയുടെ അതിർ വരമ്പുകൾ. മുകളിലോട്ട്, എത്രത്തോളം ഗുരുത്വാകർഷണ ശക്തിയുണ്ടോ അതുവരേയുമുണ്ട് ഭൂമിയുടെ ഒരതിര്. അതേപോലെതന്നെ കീഴ്പ്പോട്ട്, മണ്ണിനടിയിലെ വെളിച്ചം ചെന്നെത്താത്ത, ഇരുൾ മൂടിയ ഗഹ്വരപ്രദേശങ്ങളും ഭൂമിയുടെ ഭാഗം തന്നെയാണ്. വൃക്ഷങ്ങളുടെ അടിവേരുകൾ ചെന്നെത്തുന്നത് ഭൂമിയുടെ കീഴ്പ്രദേശങ്ങളിലാണ്, എന്നാൽ വൃക്ഷങ്ങളിലെ പൂമൊട്ടുകൾ പിറന്നുവിരിയുന്നതോ മുകളിലെ ആകാശത്തും. പക്ഷികൾ ചിറകടിച്ചു പറന്നു തുടങ്ങുമ്പോൾ ആകാശത്ത് അനന്തതയിലേക്ക് പറന്നെത്താനാണ് അവയുടെ ആഗ്രഹം; എങ്കിലോ, അവയുടെ വാസസ്ഥലങ്ങളോ മണ്ണിൽ വേരൂന്നി നില്ക്കുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങളിലും. എത്ര മേലോട്ട് ഉയർന്നു പറന്നാലും അവയ്ക്കു സ്വന്തം വാസസ്ഥലങ്ങളിൽ തിരിച്ചുവന്നേ മതിയാകൂ. ഇഴജന്തുക്കളാണെങ്കിൽ മണ്ണിന്നടിയിലെ മാളങ്ങളിലും പൊത്തുകളിലുമാണ് കഴിയുന്നത്. എങ്കിലും വായുവിനും ഭക്ഷണത്തിനുമായി അവയ്ക്കു സ്വന്തം സങ്കേതങ്ങൾ വിട്ടു പുറത്തേക്കു വരുകതന്നെ വേണം.

കൃഷ്ണസ്വാമിയുടെ മനസ്സ് ഒരു പക്ഷിയെപ്പോലെ അനന്തമായ ചിന്തകളുടെ വിഹായസ്സിൽ പറന്നുകൊണ്ടേയിരുന്നു. ഉയരത്തിൽ നിന്ന് ഉയരത്തിലേക്കു പറക്കാൻ തയ്യാറെടുത്ത് ആ മനസ്സിന്നുള്ളിലെ മോഹങ്ങൾ സദാ ചിറകടിച്ചുകൊണ്ടിരുന്നു. ഈയൊരു മോഹവും ആവേശവും അയാളുടെ മനസ്സിൽ പകർന്നു കൊടുത്തത് റീനാ ബ്രൗൺ ആണ്. ജീവിതത്തിൽ നേരിടേണ്ടി വരുന്ന തിരിച്ചടികളുടെ കാഠിന്യം പലപ്പോഴും മനുഷ്യനെ സംഭ്രമിപ്പിക്കുന്ന രീതിയിലായിരിക്കും. സ്വന്തം പിതാവായ ജെയിംസ്ബ്രൗണിന്റെ പ്രഹരമേറ്റിട്ടാണ് റീനാബ്രൗൺ സ്വന്തം ഇരുൾമാളത്തിൽ ഒരു ഇഴജന്തുവിനെപ്പോലെ കഴിഞ്ഞുകൂടിയത്.

മുനിയുടെ ശാപമേറ്റ് പെരുമ്പാമ്പായ ഒരു രാജാവിന്റെ കഥ കുട്ടിയായിരുന്നപ്പോൾ അയാൾ കേട്ടിട്ടുണ്ട്. കാജൽഹാരി എന്ന ഒരു സ്ഫടികപാവയുടെ കഥയും അമ്മ ഒരിക്കൽ കൃഷ്ണസ്വാമിക്കു പറഞ്ഞുകൊടുത്തിരുന്നു. മന്ത്രശക്തികൊണ്ട് അവൾ സ്വന്തം രൂപം മാറി നാഗകന്യകയായി. അതുപോലെത്തന്നെയാണ് റീനയുടെ കാര്യവും. വെറുപ്പുളവാക്കുന്ന അനീതികളുടെ ശക്തിയേറിയ പ്രഹരമേറ്റ് അവൾ വിഷം വമിക്കുന്ന ഒരു സർപ്പം പോലെയായി. പക്ഷികളായാലും ഇഴജന്തുക്കളായാലും ഭൂമിയുടെ വിരിഞ്ഞമാറിൽത്തന്നെയാണ് അവസാനം ചെന്നെത്തുന്നത്.

അവിചാരിതമായാണ് റീനയും കൃഷ്ണസ്വാമിയും പരസ്പരം കണ്ടുമുട്ടിയത്. രാത്രിയുടെ ഇരുളിൽ ഒരു സർപ്പത്തെപ്പോലെ അവൾ കൃഷ്ണസ്വാമിയുടെ വീട്ടിൽ ഇഴഞ്ഞെത്തുകയായിരുന്നു. അവളുടെ വിഷം തുപ്പുന്ന ചീറ്റൽ അന്ന് അയാളെ ഏറെ ഭയപ്പെടുത്തിയിരുന്നു. അതിനുശേഷം അവർ പരസ്പരം കണ്ടുമുട്ടിയതേയില്ല. ആ സർപ്പത്തിന്റെ വീണ്ടുമൊരു ആക്രമണം പ്രതീക്ഷിച്ച് കൃഷ്ണസ്വാമി ദിവസങ്ങളോളം കാത്തിരുന്നു. പക്ഷെ, റീന പിന്നീട് തിരിച്ചുവന്നില്ല. വിദൂരത്തെവിടെയൊ മറ്റൊരു മാളം തേടി ആ സർപ്പം ഇഴഞ്ഞുപോയിട്ടുണ്ടായിരിക്കാം.

അനന്തവിഹായസ്സിൽ പറന്നുയരാനുള്ള ആഗ്രഹത്തോടെ കൃഷ്ണസ്വാമി മനസ്സിന്റെ ചിറകുകൾ വിടർത്തി. റീന! അവൾ അവളുടെ വഴിയ്ക്കു നീങ്ങട്ടെ! തനിയ്ക്കു സ്വന്തം മാർഗ്ഗത്തിലൂടെ ഇനിയും എത്രയോ പോകാനുണ്ട്. എങ്കിലും, ഉയരത്തിൽ പറക്കുന്ന പക്ഷികളുടെ ദൃഷ്ടിയും ഇടയ്ക്കു മണ്ണിൽ ഇഴഞ്ഞുനീങ്ങുന്ന ജീവികളിൽ ചെന്നെത്തുന്നപോലെ, റീനയെക്കുറിച്ച് അയാൾക്ക് ഇടയ്ക്കിടയ്ക്കു ഓർമ്മ വന്നുകൊണ്ടേയിരുന്നു. ആ സന്ദർഭങ്ങളിലെല്ലാം അവളുടെ ശ്രേയസ്സിന്നായി കൃഷ്ണസ്വാമി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

"ഈശ്വരാ! റീനയുടെ മനസ്സിന്നു സ്വസ്ഥതയും സമാധാനവും കൈവരേണമേ! റീനയ്ക്കു പുതിയൊരു ജീവിതം പ്രദാനം ചെയ്ത് അനുഗ്രഹിയ്ക്കേണമേ! എന്നെല്ലാമായിരുന്നു അയാളുടെ പ്രാർത്ഥന!

കുറെ ദിവസങ്ങളോളം റീനയെക്കുറിച്ചുള്ള ചിന്തകൾ ഉപേക്ഷിച്ച് കർമ്മനിരതനായി, ഗ്രാമമാകെ ചുറ്റിയടിച്ച് ഗ്രാമവാസികളെ ചെന്നുകണ്ട് ആരോഗ്യം പരിശോധിക്കുന്നതിൽ മുഴുവൻ സമയവും വ്യാപൃതനായി കഴിഞ്ഞുകൂടി.

ഹേയ്! എന്താ നിങ്ങൾക്കു സുഖം തന്നെയല്ലേ?" വഴിയിൽ കണ്ടുമുട്ടുന്നവരോട് കൃഷ്ണസ്വാമി കുശലമന്വേഷിക്കും.

"എന്തു സുഖം സാഹിബ്! മനുഷ്യൻ പട്ടിണികൊണ്ടു വലഞ്ഞ് ഒട്ടും വയ്യാതായി!"

"ഞാൻ എസ്.ഡി.ഒ. വിനെ നേരിൽ ചെന്നു കാണുന്നുണ്ട്.

അദ്ദേഹത്തെ വിവരങ്ങളെല്ലാം പറഞ്ഞു മനസ്സിലാക്കാം!" കൃഷ്ണസ്വാമി ഉടൻ പ്രതികരിക്കും.

"സാഹിബ്! മണ്ണെണ്ണയുടേയും വസ്ത്രങ്ങളുടേയും കാര്യങ്ങൾ കൂടി ഒന്നു പറഞ്ഞു മനസ്സിലാക്കണേ!"

അയാൾ കൃഷ്ണസ്വാമിയോട് അപേക്ഷിക്കും.

"ശരി! തീർച്ചയായും ഞാൻ പറയാം! ഇനി, ആരേയും പരിശോധിക്കാനില്ലല്ലോ? കൈവിരലുകളും, കാലുകളും മറ്റും....?"

"സാഹിബ്, ഇതൊന്നും അത്ര വലിയ അസുഖമൊന്നുമല്ലല്ലോ! പിന്നെ, ഇതൊക്കെയെന്തു പരിശോധിക്കാൻ?"

കൃഷ്ണസ്വാമി: "അന്ന് ആ കുട്ടിയുടെ ദേഹത്തു കണ്ടപാട് എന്തായി എന്ന് ഒന്നു നോക്കട്ടെ!"

ഒരു ദിവസം പൊടുന്നനെയാണ് കുട്ടിയുടെ കഴുത്തിന്റെ പിൻഭാഗത്ത് നിറഭേദമുള്ള ഒരു ചെറിയ പാട് കൃഷ്ണസ്വാമി കണ്ടത്.

"എടാ, ഇവിടെ വാ! ഒന്നു നോക്കട്ടെ!" അന്ന് ആ കുട്ടിയുടെ അച്ഛൻ പറഞ്ഞു." എടാ, സാഹിബ് നിന്നെയൊന്നു പരിശോധിക്കട്ടെ!"

അവനെ അന്നു പരിശോധിക്കുമ്പോൾത്തന്നെ കൃഷ്ണസ്വാമി പറയുകയുണ്ടായി.

"ഇവനെ ഒന്നു വിശദമായി പരിശോധിക്കണം! വീട്ടിൽ കൊണ്ടു വരൂ! ഞാൻ ഒന്നു നല്ലവണ്ണം പരിശോധിക്കട്ടെ!"

ഇതും പറഞ്ഞാണ് അന്നു കൃഷ്ണസ്വാമി പോയത്.

ആ പ്രദേശമാകെ കുഷ്ഠരോഗത്തിന്റെ വ്യാപ്തി വർദ്ധിച്ചു വരുന്നതിനെക്കുറിച്ചു ചിന്തിച്ചു തുടങ്ങിയാൽ കൃഷ്ണസ്വാമി മറ്റു സകലകാര്യങ്ങളും മറക്കും. പണ്ടുമുതലേ രോഗപരിശോധനയ്ക്കായി കൃഷ്ണസ്വാമിയുടെ കൈവശം ഒരു മൈക്രോസ്കോപ്പ് ഉണ്ടായിരുന്നു. ഒരു ഡോക്ടറുടെ സഹപ്രവർത്തകനായി ചികിത്സാകേന്ദ്രത്തിൽ പ്രവർത്തിച്ചിരുന്ന കാലം തൊട്ടേ ആ ഉപകരണം കൃഷ്ണസ്വാമിയുടെ കൈവശമുണ്ട്. ക്ലേറ്റൻ കുറഞ്ഞ വിലയ്ക്കു കൃഷ്ണസ്വാമിയ്ക്കു കൊടുത്തതായിരുന്നു അത്. ഇപ്പോൾ, അതുപയോഗിക്കുമ്പോഴെല്ലാം കൃഷ്ണസ്വാമി നന്ദിപൂർവം ക്ലേറ്റനെ ഓർക്കും. ഒപ്പം തന്നെ മാതാപിതാക്കളെ പ്രണമിക്കുകയും ചെയ്യും.

കൃഷ്ണേന്ദുവിന്റെ മാതാവ് മരിക്കുന്നതിന്നു മുൻപുതന്നെ അവരുടെ എല്ലാ ആഭരണങ്ങളും മകനുവേണ്ടി മാറ്റിവെച്ചിരുന്നു. ഒരു ജോഡി വളകൾ മാത്രം ഭാവിപുത്രവധുവിനായിക്കൊണ്ടു കരുതിവെച്ചിരുന്നു. ബാക്കി ആഭരണങ്ങളെല്ലാം വിറ്റു പണമാക്കി മകൻ ചെറിയൊരു ചികിത്സാകേന്ദ്രം ആരംഭിക്കണമെന്നായിരുന്നു ആ അമ്മയുടെ ആഗ്രഹം. അമ്മ മരിച്ചശേഷം മരണാനന്തരകർമ്മങ്ങളെല്ലാം ചെയ്തു കഴിഞ്ഞപ്പോൾ ആ ആഭരണങ്ങളെല്ലാം മകനു നല്കിക്കൊണ്ട് അച്ഛൻ പറഞ്ഞു. "നീ ഇതു സൂക്ഷിച്ചുകൊള്ളു. അമ്മ

നിനക്കായി കരുതിവെച്ചതാണ്. നിന്നെ പഠിപ്പിച്ച ശേഷം നിനക്കു തരുവാനായി എന്റെ കയ്യിൽ ഒന്നും ശേഷിച്ചിരിപ്പില്ല. ഞാൻ എന്തു ചെയ്യാനാ?"

കൃഷ്ണേന്ദു കുട്ടിയായിരുന്നപ്പോൾ അമ്മയ്ക്ക് മകനോട് വളരെയധികം അടുപ്പവും വാത്സല്യവുമായിരുന്നു. അതുകാരണം അമ്മ മകനെ വളരെയധികം ലാളിച്ചാണ് വളർത്തിയത്. വീട്ടുകാര്യങ്ങൾ വരുമ്പോൾ തീരുമാനമെടുക്കുവാനുള്ള അധികാരങ്ങൾ പോലും അമ്മ അവനു കൊടുത്തിരുന്നു. അതുകൊണ്ടുതന്നെ എല്ലാം സ്വീകരിക്കാനല്ലാതെ, ഒന്നും ദാനം ചെയ്യാൻ ആ കാലത്ത് കൃഷ്ണേന്ദുവിനു അറിഞ്ഞുകൂടായിരുന്നു. ആദ്യമായി ജീവിതത്തിൽ അയാൾ ദാനം ചെയ്തത് റീനയ്ക്കായിരുന്നു. സ്വയം സമർപ്പണം ചെയ്തുകൊണ്ടാണ് കൃഷ്ണേന്ദു ജീവിതത്തിൽ ദാനശീലം ആരംഭിച്ചത്.

റീനയുടെ കാര്യം അവിടെ നില്ക്കട്ടെ! എവിടെയാണെങ്കിലും അവൾ സുഖമായി ജീവിക്കട്ടെ! റീനയുടെ കാര്യങ്ങൾ ഓർക്കുമ്പോളെല്ലാം തോന്നാറുണ്ട് ഉള്ളതെല്ലാം മറ്റുള്ളവർക്കു വാരിക്കോരിക്കൊടുത്ത് അവൾ സ്വയം ദരിദ്രയായിത്തീരുകയാണെന്ന്! ദൈവമേ അവൾക്കു സകല സൗഖ്യങ്ങളും പ്രദാനം ചെയ്യേണമേ! നിദ്രയിലാണ്ടു കിടക്കുന്ന അവളുടെ ജീവിതചൈതന്യത്തെ വീണ്ടും ഉയർത്തിയെഴുന്നേല്പിക്കേണമേ! ആ ജീവനു സൽബുദ്ധി നല്കിക്കൊണ്ട് അവളുടെ കൈകൾ പിടിച്ചുയർത്തി രക്ഷിക്കേണമേ! റീനയെ അങ്ങയുടെ കൈകളിൽ ഏല്പിച്ച് ഞാൻ ഇതാ സ്വയം സമർപ്പണം ചെയ്യുന്നു.

റീന അന്ധകാരാവൃതമായ ഒരു നദിയിലൂടെ ഒഴുകി നീങ്ങിക്കൊണ്ടിരുന്നു. കൃഷ്ണസ്വാമിയുടെ ചിന്തകൾക്കു ചെന്നെത്താവുന്നതിലും അപ്പുറത്ത് റീന ചെന്നെത്തിപ്പെട്ടിട്ടുണ്ടായിരുന്നു. കൃഷ്ണസ്വാമി, എന്തുകൊണ്ടോ, പെട്ടെന്ന് സ്വന്തം പിതാവിനെക്കുറിച്ച് ഓർത്തുപോയി.

അധികം സംസാരിക്കാത്ത മനസ്സുറപ്പുള്ള അയാൾ അവസാനമായി മകനോട് ഒരേയൊരു വാചകമാണ് പറഞ്ഞത്. ''നീ പൊയ്ക്കോളൂ! ഇന്നു മുതൽ എനിക്കു നിന്റെ ആവശ്യമില്ല!" എന്ന്.

സകല സ്വത്തും വിറ്റശേഷം ശ്യാമസുന്ദർഗുപ്ത വൃന്ദാവനത്തിലേയ്ക്കോ മറ്റോ ആണ് പോയത്. അവിടെ എത്തി ഒരു ധർമ്മശാലയിൽ താമസമാക്കി. സ്വല്പം പണം അവിടെ കൊടുത്ത ശേഷം ബാക്കി വന്ന പതിമൂവ്വായിരത്തിലധികം രൂപ ബാങ്കിൽ അടച്ച് ഒരു വക്കീലിനോട് കൃഷ്ണേന്ദുവിനെ കണ്ടെത്തി ആ സംഖ്യ തന്റെ മകനെ ഏല്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. ആ വക്കീലാണ് കൃഷ്ണേന്ദുവിനെ കണ്ടെത്തി പണം ഏല്പിച്ചത്. ആ പണം ഉപയോഗിച്ചാണ് കുഷ്ഠരോഗികൾക്കുള്ള ചികിത്സാകേന്ദ്രം അയാൾ ആരംഭിച്ചതും, അതുംപോരാതെ വന്നപ്പോഴാണ് വീട്ടിലും അവരെ ചികിത്സയ്ക്കുവാനുള്ള സൗകര്യങ്ങൾ കൃഷ്ണസ്വാമി ഒരുക്കിയതും.

ലാൽസിങ്ങും സിന്ധുവും അന്നു പരിഭ്രമിച്ചുകൊണ്ടു പറഞ്ഞു.

"സാഹിബ്, ഈ ചെയ്യുന്നത് ഒട്ടും ശരിയല്ല!"

"എന്താ, ഭയം തോന്നുണ്ടൊ ലാൽസിങ്ങ്?" കൃഷ്ണസ്വാമി ചോദിച്ചു.

സിന്ധുവാണ് അതിനു മറുപടി പറഞ്ഞത്. "ഉവ്വ്! സാഹിബ്!

മഹാരോഗത്തെ ആർക്കാണ് ഭയമില്ലാത്തത്? ശരിയാണ് അങ്ങു ഭയപ്പെടേണ്ടതില്ല. കാരണം, ശുശ്രൂഷിയ്ക്കുന്നതുകൊണ്ട് അങ്ങേയ്ക്കു പുണ്യം കിട്ടും. ഞങ്ങൾക്കു അതൊന്നുമില്ലല്ലോ! അപ്പോൾ പിന്നെ എന്തു ചെയ്യാൻ!"

പക്ഷെ, ഝുംകിയ്ക്കു ഒട്ടും ഭയം തോന്നിയിരുന്നില്ല. എങ്കിലും, അവൾക്കും ചെറിയൊരു അനിഷ്ടം തോന്നിയിരുന്നു.

"ഹൊ.... വല്ലാത്തൊരു നാറ്റം! എന്തൊരു ദുർഗന്ധമാണപ്പാ!....ഥൂ!...."

എന്നൊക്കെ അവൾ ഇടയ്ക്കിടയ്ക്കു ആവലാതിപ്പെട്ടുകൊണ്ടിരുന്നു.

ഇടയ്ക്കിടയ്ക്കു ഒരു അമേരിക്കൻ പട്ടാള ഓഫീസർ കൃഷ്ണസ്വാമിയുടെ വീട്ടിൽ വരും. അയാൾ കൃഷ്ണസ്വാമിയെ അഭിവാദ്യം ചെയ്യും.

"വെൽ! റവറണ്ട്!"

പണ്ടത്തെപ്പോലെ "ഹായ്! മാൻ!" എന്നൊന്നും സംബോധന ചെയ്യാറില്ല. ചിലപ്പോൾ റീനയെക്കുറിച്ചാകും അയാളുടെ സംസാരം. "അവൾ ഇപ്പോൾ

ആസാം അതിർത്തിയിൽ എവിടെയൊ ആണെന്നു കേൾക്കുന്നു. ശരിയായി അറിയില്ല. ഏതായാലും അവൾക്കു കുറെ പുരുഷന്മാരുമായി അടുപ്പമുണ്ടെന്നുള്ളത് സത്യമാണ്."

''ആസാമിലൊ?'' കൃഷ്ണസ്വാമി ആശ്ചര്യത്തോടെ ചോദിച്ചു.

"അതേ! ഗോഹട്ടി, ഷില്ലോങ്ങ്,...... like a shooting star!''

അയാൾ കൃഷ്ണസ്വാമിയുടെ വീട്ടിൽ വരുമ്പോഴെല്ലാം ഝുംകിയുടെ നേരെ ഇടയ്ക്കിടയ്ക്കു നോട്ടമിട്ടിരുന്നു. ഒരു ലജ്ജയുമില്ലാതെ അവളെ നോക്കി പുഞ്ചിരിക്കും. ഒരിക്കൽ കൃഷ്ണസ്വാമിയ്ക്കു അയാളെ ഓർമ്മിപ്പിക്കേണ്ടതായിവന്നു. "മിസ്റ്റർ ഓഫീസ്സർ! ഇത് ഒരു ആശ്രമമാണ്!"

മുന്നിൽ യുദ്ധം എരിപൊരിക്കൊണ്ടു നടക്കുന്നു. മരണത്തെക്കുറിച്ചൊന്നും ആ തരക്കാർ ഗൗരവമായി ചിന്തിക്കാറില്ല. എന്നിരുന്നാലും ഇവർ എത്ര കണ്ടു സാഹസികരാണോ അത്രത്തോളം തന്നെ ഭീരുക്കളുമാണ്. ദൈവകോപം ഭയക്കാതെ ജീവിക്കുക എന്നത് അവർക്കു അസാദ്ധ്യമായിരുന്നു. കഴിയുന്നതും ദൈവപ്രീതി സമ്പാദിക്കണമെന്നതായിരുന്നു അവരുടെ മുഴുവൻ ചിന്തയും.

കൃഷ്ണസ്വാമിയുടെ വാക്കുകൾ കേട്ട് ഓഫീസർ ദേഹത്തു കുരിശു വരച്ച് എഴുന്നേറ്റുപോയി.

ഏതാണ്ട് ഒരു വർഷം അങ്ങിനെ മുന്നോട്ടു നീങ്ങി!

ഒരു ദിവസം കൃഷ്ണസ്വാമി ലാൽസിങ്ങിനെ അരികെ വിളിച്ചു പറഞ്ഞു. ''ലാൽസിങ്ങ് എനിയ്ക്ക് ഒരു സുഖം തോന്നുന്നില്ല. ഉള്ളിൽ എന്തോ ഒരു അസുഖം ഉള്ളതുപോലെ. ഞാൻ കുറച്ചു ദിവസത്തേക്കു ഇവിടെ നിന്നു ഒന്നു വിട്ടുനിന്നാലോ എന്നു ആലോചിയ്ക്കുകയാണ്."

"എവിടെ പോകാൻ സാഹിബ്? അങ്ങു ഇവിടെ വിട്ടുപോയാൽ ഞങ്ങൾ പിന്നെ എങ്ങിനെ ജീവിക്കും?"

"അധിക ദിവസത്തേക്കൊന്നുമില്ല. പത്തു പതിനഞ്ചു ദിവസത്തേക്കു മാത്രം! നിങ്ങൾ സ്വന്തം ഗ്രാമത്തിലെന്നപോലെ ഇവിടെ താമസിച്ചുകൊള്ളൂ!''

കൃഷ്ണസ്വാമി തിരിച്ചെത്തിയപ്പോഴേക്കും ഇരുപത്തിരണ്ടു ദിവസം കഴിഞ്ഞു. എന്നിട്ടും, ആരോഗ്യം ശരിയായില്ല. ക്ഷീണം കുറച്ച് അധികമായപോലെ. കണ്ടയുടൻ സിന്ധു അതു പറയുകയും ചെയ്തു.

"ബാബാ, അങ്ങു വളരെയധികം ക്ഷീണിച്ചിട്ടുണ്ടല്ലോ!"

"കുറെ ചുറ്റി അലഞ്ഞതല്ലേ, സിന്ധൂ! അതുകൊണ്ടായിരിക്കും.

കുറെകാലമായി ഇവിടെത്തന്നെ താമസിക്കുക കാരണം ഒരു തരം മടുപ്പു തോന്നിയിരുന്നു. കുറെ ചുറ്റിയലഞ്ഞു. യുദ്ധഭൂമിയുടെ അതിർത്തി പ്രദേശങ്ങൾ വരെ പോയി. ഷില്ലോങ്ങ്, ഗൊഹട്ടി എന്നീ സ്ഥലങ്ങളിലൊക്കെ പോയി. അങ്ങിനെ ചുറ്റിയലഞ്ഞ കാരണം ശരീരം ക്ഷീണിച്ചതാവും. ഏതായാലും ഇപ്പോൾ മനസ്സിനു നല്ല സുഖം തോന്നുന്നുണ്ട്."

ഖരഗ്ഗാവ് മുതൽ ഗോഹട്ടി വരെ യുദ്ധമേഖലകളായിരുന്നു. ആ പ്രദേശങ്ങളിലൂടെ യാത്ര ചെയ്ത കൃഷ്ണസ്വാമി റീനയുടെ വിവരങ്ങൾ അന്വേഷിച്ചിരുന്നു. ശരിയാണ്, റീനയെപ്പോലെ തന്നെയുള്ള ഒരു സ്ത്രീയെ ആ പ്രദേശങ്ങളിലൊക്കെ കണ്ടവരുണ്ട്. പക്ഷെ, ആ സ്ത്രീ മരിച്ചുപോയി. അവളുടെ ഔദ്ധത്യത്തോടെയുള്ള പെരുമാറ്റം കാരണം ആരോ അവളെ ഗോഹട്ടിയിൽ നിന്നു ഷില്ലോങ്ങിലേക്കുള്ള മലയോരപാതയ്ക്കു സമീപത്തുള്ള ഒരു കൊക്കയിലേക്ക് കൊന്ന് എറിയുകയാണ് ഉണ്ടായത്. ഒരുപക്ഷെ, വല്ല സൈനികനുമായിരിക്കും. ശവം പരിശോധിച്ചപ്പോൾ അവൾ നല്ലപോലെ മദ്യപിച്ചിട്ടുണ്ടായിരുന്നു എന്നാണ് തെളിഞ്ഞത്. അതിനുംപുറമെ അവൾക്കു ലൈംഗികരോഗവുമുണ്ടായിരുന്നുവെന്നാണ് മെഡിക്കൽ റിപ്പോർട്ട്.

ഈ വിവരങ്ങളെല്ലാം കേട്ടറിഞ്ഞപ്പോൾ കൃഷ്ണസ്വാമി ചിന്താശേഷിയറ്റു നിന്നു. ഒന്നുകിൽ റീന തന്റെ പാവനമായ ജീവിതം സ്വയം വില്ക്കേണ്ടിവന്നിരിക്കാമെന്നു കൃഷ്ണസ്വാമിക്കു തോന്നി. പോലീസ് എത്ര അന്വേഷിച്ചിട്ടും ആ സ്ത്രീയെക്കുറിച്ച് യാതൊരു തുമ്പും പിടിയും ലഭിച്ചില്ല. അവർ കൃഷ്ണസ്വാമിയോടും ചോദിച്ചു. "താങ്കൾക്ക് ആ സ്ത്രീയെ പരിചയമുണ്ടോ?"

"ഇല്ല!" എന്നു പറഞ്ഞ് കൃഷ്ണസ്വാമി അവിടെ നിന്നു തിരിച്ചുപോരുകയാണ് ചെയ്തത്.

"ദൈവമേ, ഇനിയുള്ള കാലമെങ്കിലും അങ്ങയെ സേവിച്ചു കഴിയാൻ എന്നെ അനുവദിയ്ക്കണേ"! എന്നു മനസ്സു കൊണ്ടു പ്രാർത്ഥിച്ച്, കൽക്കത്തയിൽ നിന്നു കുറെ മരുന്നുകളും വാങ്ങിച്ചുകൊണ്ടാണ് കൃഷ്ണസ്വാമി ആശ്രമത്തിൽ തിരിച്ചെത്തിയത്. പക്ഷെ ദൈവം അയാൾക്കു വളരെ കടുത്ത ഒരു ശിക്ഷയാണ് വിധിച്ചത്.


തിരിച്ചെത്തിയതിന്റെ പിറ്റേന്നു രാവിലെ ഝുംകി മുറിയിൽ വന്നു കൃഷ്ണസ്വാമിയെ വിളിച്ചു.

"ബാബാ സാഹിബ്!" *(തുടരും)* ●



*ക്രിസ്മസ് ദിനത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി വി.പി. ജോയി (മുൻ നിരയിൽ ഇടത്തുനിന്ന് ഒന്നാമത്) യുടെ ഔദ്യോഗിക വസതിയിൽ നടത്തിയ അക്ഷരശ്ലോക സദസ്സിൽ തിരുവനന്തപുരം സഭ മുൻ പ്രസിഡന്റുമാരായ എ.സി. ഗോദവർമ്മ (പിൻനിരയിൽ ഇടത്തുനിന്ന് ഒന്നാമത്), ജി. രാമവർമ്മ (മുൻനിരയിൽ വലത്തുനിന്ന് ഒന്നാമത്) എന്നിവർ പങ്കെടുത്തപ്പോൾ.*

## ആദരാഞ്ജലി



ചെന്നിത്തല മേനാംവിള പത്മവിലാസം കോയിക്കൽ കുടുംബാംഗം **പ്രൊഫ.രാജൻ തമ്പാൻ** (91) നിര്യാതനായി. പന്നിയോടില്ലത്ത് വിഷ്ണു നമ്പൂതിരിയുടെയും ഭാരതി തമ്പാട്ടിയുടെയും പുത്രനാണ്. ക്ഷത്രിയക്ഷേമ സഭയുടെ രൂപീകരണത്തിന് വളരെ നിർണ്ണായകമായ പങ്കുവഹിക്കുകയും പ്രാരംഭയോഗങ്ങൾ നടന്നകാലം മുതൽ എം.സി. കേരള വർമ്മയോടൊപ്പം പ്രവർത്തിക്കുകയും ചെയ്തിരുന്നു. കരട് നിയമാവലി തയ്യാറാക്കുന്നതിലും സജീവമായി പങ്കെടുത്തിരുന്നു. സഭാ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെയും യുവജനങ്ങളുടേയും പങ്കാളിത്തത്തിനു വേണ്ടി എന്നും ശബ്ദമുയർത്തിയിരുന്നു. സഭയുടെ ആദ്യകാല വാർത്താ ബുള്ളറ്റിൻ പ്രസിദ്ധീകരണത്തിന് എം സി കേരള വർമ്മയെ സഹായിക്കാറുണ്ടായിരുന്നു. തിരുവനന്തപുരം സഭയുടെ രൂപീകരണത്തിലും അതിന്റെ പ്രസിഡന്റായും പ്രവർത്തിച്ചിരുന്നു.

ഇംഗ്ലീഷ് അദ്ധ്യാപകനും മികച്ച പ്രഭാഷകനും സംസ്കൃതം, മലയാളം ഭാഷാ പണ്ഡിതനുമായിരുന്നു.

തിരുവനന്തപുരം മഹാത്മാ ഗാന്ധി കോളേജ് ഉൾപ്പെടെ വിവിധ എൻ. എസ്.എസ് കോളേജുകളിൽ ദീർഘകാലം ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നു. കൊട്ടിയത്ത് പ്രിൻസിപ്പൽ എന്ന നിലയിൽ നൽകിയ നേതൃത്വപരമായ പങ്കുകൂടി മുൻനിർത്തി എൻ.എസ്.എസ് 'ആചാര്യ അവാർഡ്' നൽകി ബഹുമാനിച്ചിട്ടുണ്ട്. ഇൻഡോ - അറബ് സൗഹൃദ സംഘത്തിൽ പ്രധാന ക്ഷണിതാവായി പങ്കെടുത്തിട്ടുണ്ട് .

സഹധർമ്മിണി: പരേതയായ ബാലാമണി തമ്പുരാട്ടി (ചിറയ്ക്കൽ കോവിലകം, കണ്ണൂർ). മക്കൾ: പരേതനായ സുരേഷ് വർമ്മ, സുഷമാകുമാരി തമ്പുരാട്ടി (റിട്ട. SBT). മരുമകൻ: കിരാതദാസ് (നിലമ്പൂർ കോവിലകം-റിട്ട. ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥൻ)



# പരപ്പൂർ സ്വരൂപം
# പഴഞ്ചേരി കോവിലകം
# ബേപ്പൂർ ആലിയക്കോട്ടു കോവിലകം

**മാവേലിക്കര ആർ. ശശിധരവർമ്മ,** മൊ. 6282739050

**ഹരിപ്പാട് അനന്തപുരം കൊട്ടാരം**

ലക്ഷ്മിതമ്പുരാട്ടി കൊല്ലവർഷം 1028 ധനുമാസം അന്തരിച്ചതോടുകൂടി ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ കലഹത്തിന്റെ ബീജവും വിതച്ചു കഴിഞ്ഞെങ്കിലും കാരണവരായ പൂരാടം നാൾ കേരളവർമ്മ കൊച്ചപ്പത്തമ്പുരാൻ ജീവിച്ചിരുന്ന കാലം വരെയും വലിയ ബഹളങ്ങൾ ഒന്നും ഇല്ലാതെ കുടുംബം കഴിഞ്ഞുകൂടി.

അദ്ദേഹത്തിന്റെ കാലശേഷം അനിഴംനാൾ രാമവർമ്മ വളരെ സാധു ആയിരുന്നതിനാൽ മൂത്ത അനന്തിരവനായ പൂരംനാൾ രാജരാജവർമ്മ ഇത്തമ്മർ കോയിതമ്പുരാൻ ഭരണം തുടങ്ങി. ഇതോടുകൂടി ലക്ഷ്മിപുരം കൊട്ടാരത്തിലെ അന്തഛിദ്രം വെളിയിൽ വന്നു തുടങ്ങി. ഇത്തിമ്മർ കോയിത്തമ്പുരാൻ മാവേലിക്കര പുത്തൻകൊട്ടാരത്തിൽ തൃക്കേട്ടതിരുനാൾ ഉമ അമ്മതമ്പുരാനെയാണ് വിവാഹം ചെയ്തിരുന്നത്. അദ്ദേഹം മാവേലിക്കരയിൽ താമസിച്ചു കൊണ്ട് സഹോദരിയായ കുഞ്ഞിക്കുട്ടി തമ്പുരാട്ടിയുടെ മകൻ കൊച്ചപ്പ തമ്പുരാനെ കൊണ്ട് കുടുംബ ഭരണം നടത്തി വന്നു.

കലഹങ്ങൾ വർദ്ധിച്ചുവന്ന സമയത്ത് ഇട്ടിയങ്കളതമ്പുരാട്ടി സ്വസഹോദരനായ അവിട്ടംനാൾ രാമവർമ്മയെ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലംതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ അച്ഛൻ ശ്രീ അത്തംനാൾ രാജരാജവർമ്മ കൊച്ചപ്പ കോയിതമ്പുരാനെ (രാജരാജവർമ്മ അഛൻ കോയിത്തമ്പുരാന്റെ സഹോദരി ഇട്ടിയങ്കളത്തമ്പുരാട്ടിയുടെ മകൾ പുണർതംനാൾ കുഞ്ഞിക്കുട്ടി തമ്പുരാട്ടിയുടെ മൂത്ത മകൻ) വിവരങ്ങൾ അറിയിക്കുവാൻ അയക്കുകയും അദ്ദേഹം എല്ലാ വിവരങ്ങളും ശ്രീ ആയില്ല്യംതിരുനാൾ രാമവർമ്മ മഹാരാജാവിനെ അറിയ്ക്കുകയും ചെയ്തു. താമസിയാതെ കുഞ്ഞുണ്ണി കോയിത്തമ്പുരാൻ അന്തരിച്ചു.

ആയുർവേദത്തിൽ അപാരമായ നൈപുണ്യവും അനുഗൃഹീതനായ ഒരു കവിയും ഒരു ഉത്തമ പണ്ഡിതനും കേരള വാഗ്ഭടൻ എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന ഇട്ടിയങ്കളതമ്പുരാട്ടിയുടെ മൂത്തപുത്രനുമായ മകംനാൾ രാജരാജവർമ്മ ചെറുണ്ണി കോയിതമ്പുരാൻ എന്തോ കാരണത്താൽ ഇനിയും ഞാൻ ഇവിടെ കയറുകയില്ലെന്നു പറഞ്ഞ് ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ നിന്നും താമസം മതിയാക്കി പത്നിഗൃഹമായ മാവേലിക്കര കൊട്ടാരത്തിലേക്കു താമസം മാറ്റി. അദ്ദേഹം വിവാഹം ചെയ്തിരുന്നത് മാവേലിക്കര വടക്കെ കൊട്ടാരത്തിൽ (വലിയ കൊട്ടാരത്തിൽ) ചതയം തിരുനാൾ ഭാഗീരഥി അമ്മ തമ്പുരാനെ ആയിരുന്നു. അദ്ദേഹം പുണർതംനാൾ ലക്ഷ്മിതമ്പുരാട്ടിയുടെ ശാഖയെ ചങ്ങനാശേരിയിൽ നിന്നും മാറ്റി താമസിപ്പിക്കാമെന്നു തീരുമാനിച്ചു. അതിനായി അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന ആയില്ല്യം തിരുനാൾ രാമവർമ്മ മഹാരാജാവിനേയും ആറ്റിങ്ങൽ മൂത്തതമ്പുരാനേയും മുഖം കാണിച്ച് സ്വന്തം ശാഖയെ മാറ്റി പാർപ്പിക്കേണ്ട കാര്യം ധരിപ്പിക്കുകയും ചെയ്തു. മഹാരാജാവ് തൽക്കാലം അവരെ തിരുവിതാംകൂർ സർക്കാർ വക കാർത്തികപ്പള്ളി കോയിക്കൽ കൊട്ടാരത്തിൽ താമസിപ്പിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും A.D. 1865 ജനുവരി 29-ാം തീയതി (കൊല്ലവർഷം 1040-ാം മാണ്ട് മകരമാസം 18-ാം തീയതി) മകംനാൾ രാജരാജവർമ്മ ചെറുണ്ണി കോയിതമ്പുരാന്റെയും കേരള കാളിദാസൻ എന്നു അറിയപ്പെടുന്ന പൂയംനാൾ കേരളവർമ്മ വലിയകോയിതമ്പുരാന്റെയും മാതാവ് അംബദേവി തമ്പുരാട്ടിയേയും അവിടുത്തെ ഇളയ സഹോദരിയേയും അനന്തിരവരേയും കാർത്തിക

പള്ളി കൊട്ടാരത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചു. ആ ശാഖയെ കാർത്തികപ്പള്ളിയിലേക്ക് കൊണ്ടുപോകാനാണ് പിന്നീട് അദ്ദേഹം ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ പോയത്. തിരുവിതാംകൂർ മഹാരാജാവ് ശ്രീ ആയില്ല്യം തിരുനാൾ രാമവർമ്മ മഹാരാജാവ് അവർക്കു സ്വന്തമായി ഒരു കൊട്ടാരം പണിയുന്നതിനു വേണ്ടിയുള്ള പണം അനുവദിച്ചു കൊടുത്തു. ആ പണം കൊണ്ട് മകം നാൾ രാജരാജവർമ്മ ചെറുണ്ണി കോയിതമ്പുരാൻ കാർത്തികപ്പള്ളി കൊട്ടാരത്തിൽ താമസിച്ചു കൊണ്ട് കാർത്തികപ്പള്ളി താലൂക്കിൽ കുമാരപുരം പകുതിയിൽ സ്ഥലം വാങ്ങുകയും അവിടെ നാലു നാലുകെട്ടും ചാവടിപുര, ഊട്ടുപുര, 2 നടപ്പുരകൾ, അടുക്കള, തേവാരപ്പുര തുടങ്ങിയവയോടുകൂടി ഒരു മനോഹരമായ കൊട്ടാരം പണി കഴിപ്പിച്ചു. ആ കൊട്ടാരത്തിന് അനന്തപുരം കൊട്ടാരം എന്നു നാമകരണം ചെയ്യുകയും A.D. 1870 ജനുവരി 30-ാം തീയതി (കൊല്ലവർഷം 1046-ാം മാണ്ട് തുലാമാസം 16-ാം തീയതി) പാലുകാച്ചൽ നടത്തുകയും ലക്ഷ്മിത്തമ്പുരാട്ടിയുടെ ശാഖ അങ്ങോട്ടു മാറി താമസിക്കുകയും ചെയ്തു.

എ.ആർ രാജരാജവർമ്മയുടെ മകൻ എം. രാഘവവർമ്മയും മകൾ ഭാഗീരഥി അമ്മ തമ്പുരാനും കൂടി രചിച്ച 'എ.ആർ. രാജരാജവർമ്മ - ഒരു ജീവചരിത്രം' എന്ന പുസ്തകത്തിൽ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലെ കിണറിന്റെ കല്ലിൽ മകംനാൾ രാജരാജവർമ്മ ചെറുണ്ണി കോയിതമ്പുരാൻ രചിച്ച ഒരു ശ്ലോകം കൊത്തിവെച്ചിട്ടുണ്ടെന്നു എഴുതിയിരിക്കുന്നു. ഈ ശ്ലോകം 2009 ഒക്ടോബർ - ഡിസംബർ മാസത്തെ 'ക്ഷാത്രസന്ദേശ'ത്തിൽ ഈ ലേഖകൻ കൊടുത്തിരുന്നു. പക്ഷേ കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ ജനുവരി- മാർച്ച് മാസത്തെ 'ക്ഷാത്രസന്ദേശ'ത്തിൽ എഴുതിയിരിക്കുന്നത് വ്യത്യസ്തമായാണ്.

അനന്തപുരം കൊട്ടാരത്തിലെ ഊട്ടുപുരയോടു ചേർന്നുള്ള കിണറിന്റെ മുകളിൽ പതിച്ചിട്ടുള്ള കരിങ്കല്ലിൽ ഗൃഹപ്രവേശത്തെക്കുറിച്ച് ഒരു ശ്ലോകം കൊത്തിവെച്ചിരിക്കുന്നു. അത് തേഞ്ഞുമാഞ്ഞു പോകാറായപ്പോൾ കൊടുങ്ങല്ലൂർ കുഞ്ഞുണ്ണി രാജ പകർത്തിവെയ്ക്കുകയുണ്ടായി.

ഇതുപ്രകാരം കൊല്ലവർഷം 1046-ാംമാണ്ട് തുലാമാസം 15-ാം തീയതി (A.D. 1870 ജനുവരി 30) യാണ് ഗൃഹപ്രവേശം നടന്നത്.

അനന്തപുരം കൊട്ടാരം പ്രഗൽഭരായ പല വ്യക്തികൾക്കും ജന്മം നൽകിയ തറവാടാണ്. തറവാട്ടു കാരണവരും ആയുർവേദത്തിൽ അസാമാന്യമായ വൈദഗ്ദ്ധ്യം നേടിയ കേരളവാഗ്ഭടൻ എന്ന പേരിൽ പ്രസിദ്ധനാകുകയും ചെയ്ത മകംനാൾ രാജരാജവർമ്മ ചെറുണി കോയിതമ്പുരാൻ. മയൂരസന്ദേശം ഉൾപ്പെടെ അനവധി കൃതികളുടെ കർത്താവും കേരളകാളിദാസൻ എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന കേരളവർമ്മ വലിയകോയിതമ്പുരാൻ. മലയാള ഭാഷ ഉള്ളിടത്തോളം കാലം മറക്കാത്ത കേരളപാണിനി എന്നു കേൾവി കേട്ട പൂരൂരുട്ടാതിനാൾ എ.ആർ രാജരാജവർമ്മ കൊച്ചപ്പകോയിതമ്പുരാൻ. വൈദ്യൻ തമ്പുരാൻ, വൈദ്യൻ കോയിത്തമ്പുരാൻ എന്നു നാട്ടുകാരും വൈദ്യനമ്മാവൻ, വൈദ്യനപ്പൂപ്പൻ എന്നു കുടുംബാംഗങ്ങളും വിളിക്കുന്ന ആയില്ല്യം നാൾ എ. രാമവർമ്മ മൂത്തകോയിതമ്പുരാൻ, മകയിരംനാൾ രാമവർമ്മ വലിയകോയിതമ്പുരാൻ, ആദ്യത്തെ വനിത നോവലിസ്റ്റും അഞ്ചോളം കൃതികളുടെ ഗ്രന്ഥകർത്രിയും ആയ കാർത്തികനാൾ അംബാദേവി തമ്പുരാട്ടി, കവയിത്രികളായ പൂയം നാൾ അംബാലിക തമ്പുരാട്ടി, തൃക്കേട്ടനാൾ ലളിതാംബ തമ്പുരാട്ടി, ചിത്രമെഴുത്തിലും വീണ വായനയിലും വിദഗ്ധനായ എ.ആർ. രാഘവവർമ്മ, കാർട്ടൂണിസ്റ്റ് കേരളവർമ്മ, K.S.E.B.സെക്രട്ടറി ആയിരുന്ന രവിവർമ്മ, വീണാ വിദുഷി ചോതിനാൾ അഹല്ല്യ തമ്പുരാട്ടി, പ്രൊഫ. എ.കെ. രാജരാജവർമ്മ, എ. കെ. രാജരാജവർമ്മ (കുഞ്ഞുണ്ണി), ഡോ. രവിവർമ്മ, ഡോ.രാജസിംഹൻ, വയലിനിസ്റ്റ് രാമവർമ്മ, വീണാ വിദുഷി മായാവർമ്മ, തുടങ്ങിയവർ.

### ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരം

ചില കുടുംബപ്രശ്നങ്ങൾ കാരണം ലക്ഷ്മിപുരം കൊട്ടാരം തറവാടിന്റെ അന്തരീക്ഷത്തിൽ അന്തഃഛിദ്രത്തിന്റെ കാർമേഘങ്ങൾ ഉരുണ്ടുകൂടുവാൻ തുടങ്ങി.

കൊല്ലവർഷം 1028 ധനുമാസം പുണർതംനാൾ ലക്ഷ്മിതമ്പുരാട്ടി അന്തരിച്ചതോടുകൂടി കലഹത്തിന്റെ ബീജം വിതച്ചു കഴിഞ്ഞെങ്കിലും കാരണവരായ പൂരാടംനാൾ കേരളവർമ്മ കൊച്ചപ്പൻ തമ്പുരാൻ (കൊ.വ. 969 – 1033) ജീവിച്ചിരുന്ന കാലം വരെയും വലിയ ബഹളങ്ങൾ ഒന്നും ഇല്ലാതെ കുടുംബം കഴിഞ്ഞു കൂടി. അദ്ദേഹത്തിന്റെ കാലശേഷം അടുത്ത കാരണവരായ അനിഴംനാൾ രാമവർമ്മ (982–1036) വളരെ സാധു ആയതിനാൽ അദ്ദേഹത്തിന്റെ മൂത്ത അനന്തിരവൻ പൂരംനാൾ രാജരാജവർമ്മ ഇത്തമ്മർ കോയിതമ്പുരാൻ അദ്ദേഹത്തിനു പകരം ഭരണം തുടങ്ങി.

ഇതോടു കൂടി ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരത്തിലെ അന്തഃഛിദ്രം വെളിയിൽ വന്നു തുടങ്ങി. പൂരംനാൾ രാജരാജവർമ്മ ഇത്തമ്മർ കോയിതമ്പുരാൻ സ്ഥിരമായി മാവേലിക്കരയിൽ തന്നെ താമസമായിരുന്നതിനാൽ അദ്ദേഹത്തിന്റെ സഹോദരിയായ കുഞ്ഞിക്കുട്ടി തമ്പുരാട്ടിയുടെ മകൻ അത്തംനാൾ കൊച്ചപ്പതമ്പുരാനെ(1004–1036) കൊണ്ട് കുടുംബഭരണം നടത്തി വന്നു. കലഹം വളരെ കൂടിയതു കാരണം കേരള വാഗ്ഭടൻ എന്ന അപരനാമത്താൽ പ്രസിദ്ധനായ മകംനാൾ രാജരാജവർമ്മ ചെറുണി കോയിതമ്പുരാന്റെ നേതൃത്വത്തിൽ ലക്ഷ്മി തമ്പുരാട്ടിയുടെ ശാഖ കൊല്ലവർഷം 1040–ാം മാണ്ട് മകരമാസം 16–ാം തീയതി കാർത്തികപ്പള്ളിയിൽ പോയി താമസിക്കുകയും കൊല്ലവർഷം 1046–ാംമാണ്ട് ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലേക്ക് മാറി താമസിക്കുകയും ചെയ്തു. ഇത് ചങ്ങനാശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ നിന്നുമുള്ള ആദ്യത്തെ പിരിഞ്ഞു പോക്ക്. ഇതിനെ തുടർന്ന് ചങ്ങനാശേരിയിൽ നിന്നും ഇട്ടിയങ്കള തമ്പുരാട്ടിയുടെ മകൾ കൊച്ചൂഞ്ഞി തമ്പുരാട്ടി (കൊ.വ. 997 – 1049) യുടെ ശാഖ കൊല്ലവർഷം 1042–ാംമാണ്ട് മകരമാസം 12–ാം തീയതി ഹരിപ്പാട് ചെമ്പ്രോൽമഠത്തിൽ താമസമാക്കി. ഇതിനു കാരണം തമ്പുരാട്ടി കൊല്ലവർഷം 1039–ാം മാണ്ട് വൃശ്ചികമാസം 25–ാം തീയതി മാവേലിക്കരയിൽ താമസിക്കുന്ന പൂരംനാൾ രാജരാജവർമ്മ ഇത്തമ്മർ തമ്പുരാന് എഴുതിയ ഒരു കത്ത് തന്നെ വ്യക്തമാക്കുന്നു. ആ കത്തിൽ തമ്പുരാട്ടി തന്റെ ശാഖയിലെ അംഗങ്ങൾക്ക് ചോതിനാൾ രവിവർമ്മ തമ്പുരാൻ ചിലവിന് കൊടുക്കുന്നില്ലെന്നും കൂടാതെ ജംഗമവസ്തുക്കൾ കടത്തി കൊണ്ടു പോകുന്നു എന്നും എഴുതിയിരിക്കുന്നതിൽ നിന്നും മനസിലാക്കാം കൊച്ചൂഞ്ഞി തമ്പുരാട്ടി എന്തുകൊണ്ട് ചങ്ങനാശേരിയിൽ നിന്നും മാറി താമസിച്ചു എന്നുള്ളത്. 1043 കന്നി 8–ാം തീയതിയിലെ 147–ാമതു സർക്കാർ ഉത്തരവു മൂലം എല്ലാ വസ്തുക്കളും ഇത്തമ്മർ മൂത്തകോയിത്തമ്പുരാന്റെ കൈവശം വന്നു ചേർന്നു. അതിനുശേഷം ഇത്തമ്മർ കോയിത്തമ്പുരാൻ തന്റെ കൈവശം വന്നുചേർന്ന വസ്തുക്കൾ മൂന്നായി ഭാഗിച്ചു മൂന്നു ശാഖക്കാർക്കുമായി കൊടുത്തു.

*(തുടരും)*

## പുരസ്കാരനിറവിൽ രവിവർമ്മ തമ്പുരാൻ



മലയാള മനോരമ സീനിയർ എഡിറ്റർ, നോവലിസ്റ്റ്, കഥാകൃത്ത്, കോളമിസ്റ്റ് എന്നീ നിലകളിൽ പ്രസിദ്ധനായ രവിവർമ്മ തമ്പുരാന് പ്രവാസി സംസ്കൃതിയുടെ വെണ്ണിക്കുളം ഗോപാലക്കുറുപ്പ് സ്മാരക പുരസ്കാരം ലഭിച്ചു. 'മാരകമകൾ' എന്ന കൃതിയ്ക്കാണ് അവാർഡ്. കൂടാതെ കൈരളി സരസ്വതി സാഹിത്യ സമിതിയുടെ സാഹിത്യ പ്രതിഭാ പുരസ്കാരത്തിനും അർഹനായി. 'ഭയങ്കരാമുടി, ശയ്യാനുകമ്പ, പൂജ്യം, ഓർമ്മ നിരോധനം, മുടിപ്പേച്ച് എന്നീ നോവലുകളും ഏഴു കഥാസമാഹാരങ്ങളും ഉൾപ്പെടെ 15 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.


## ക്ഷാത്രസ്പന്ദനം
## പരസ്യ നിരക്കുകൾ

| | | |
|---|---|---|
| **പുറം കവർ (കളർ)** | : | **₹ 3500/–** |
| **കളർ പേജ് (ഫുൾ)** | : | **₹ 2500/–** |
| **കളർ പേജ് (ഹാഫ്)** | : | **₹1500/–** |
| **ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ)** | : | **₹1250/–** |
| **ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്)** | : | **₹ 750/–** |
| **വിവാഹ പരസ്യം** (Matrimonial) | : | **₹ 500/–** |

# ഭഗവാന്റെ മെനു കാർഡ്

**കെ. ഗോദവർമ്മ**, കുറ്റിലഞ്ഞി



വ്യാസഭാരതത്തിൽ, മഹായുദ്ധത്തിനു ശേഷം രാജ്യം നേടിയ ധർമ്മപുത്രരുടെ, സിംഹാസനം തന്നെ ത്യജിക്കാനുള്ള നിശ്ചയം കേട്ട്, ശ്രീകൃഷ്ണനും പാണ്ഡവരും പാഞ്ചാലിയും വ്യാസനാരദാദികളുമെല്ലാം ധർമ്മസങ്കടത്തിലായി. ബന്ധുക്കളെയും അസംഖ്യം ഭടജനങ്ങളെയും കൂട്ടക്കുരുതി നടത്തി നേടിയ ചോരയുടെ സിംഹാസനം അദ്ദേഹത്തിന് വിരക്തി നൽകി. ഈ നിശ്ചയം കേട്ട് വ്യാസദേവനും കൃഷ്ണനും പാണ്ഡവരുമെല്ലാം ഉപദേശനിർദ്ദേശങ്ങളിലൂടെ വളരെ പണിപ്പെട്ട് ആ നിശ്ചയങ്ങളിൽ നിന്നും അദ്ദേഹത്തെ പിൻതിരിപ്പിക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ ധർമ്മപുത്രൻ വ്യാസദേവനോട് മനുഷ്യജീവിതയാത്രയിലെ പല തലത്തിലുള്ള ധർമ്മസങ്കടങ്ങളെപ്പറ്റി അനേകം ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. അവയിലൊന്നാണ് ശാന്തിപർവ്വത്തിലുള്ള (രാജധർമ്മാനുശാസനത്തിലെ അദ്ധ്യായം 36) വ്യാസവാക്യം. ധർമ്മപുത്രൻ ചോദിച്ചു. "പിതാമഹ! ഭക്ഷ്യം, അഭക്ഷ്യം, ദേയം, പാത്രം, അപാത്രം എന്നിവയെപ്പറ്റി വിസ്തരിച്ചുപറഞ്ഞാലും."

വ്യാസൻ പറഞ്ഞു, "മകനെ വിസ്തരിച്ചു പറയാം. കേട്ടോളൂ. മാംസമത്സ്യഭക്ഷണങ്ങളെല്ലാം ബ്രാഹ്മണനു നിഷിദ്ധങ്ങളാണ്, അതുപോലെ അമിത പലിശ വാങ്ങുന്നവൻ, കൊലപാതകി, പിശുക്കൻ, ധൂർത്തൻ, രജകൻ, ഗണിക, മാതാപിതാക്കൾക്കും ഭാര്യാമക്കൾക്കും അന്നം നൽകാത്തവൻ എന്നിവർ കൊടുക്കുന്ന ഭക്ഷണം ബ്രാഹ്മണൻ ത്യജിക്കണം..." ഇവിടെ ശ്രദ്ധേയമായിട്ടുള്ള ഒരു കാര്യം മാലോകർക്ക് പൊതുവായിട്ടുള്ള ഭക്ഷ്യഅഭക്ഷ്യ നിർണ്ണയമാണെങ്കിലും ഉത്തരം നൽകപ്പെട്ടത് ബ്രാഹ്മണർക്ക് എന്താണ് അഭക്ഷ്യമായിട്ടുള്ളതെന്നാണ്. അതുപോലെ ബ്രാഹ്മണർക്കു തന്നെ അഭക്ഷ്യങ്ങളെപ്പറ്റി മാത്രമേ പിതാമഹൻ വിവരിക്കുന്നുള്ളു. അതായത് അഭക്ഷ്യങ്ങളായി പറയപ്പെട്ടവ, അല്ലാത്തതെല്ലാം ഭക്ഷ്യങ്ങൾ എന്നാകാം സൂചന. പക്ഷെ അപ്പോഴും ബ്രാഹ്മണേതര വർണ്ണങ്ങളിൽപ്പെട്ടവർക്കും ഒരു വർണ്ണങ്ങളിലും പെടാത്തവർക്കുമെല്ലാം എന്താണ് ഭക്ഷ്യാഭക്ഷ്യങ്ങൾ എന്നുള്ള കാര്യം വെളിപ്പെടുന്നില്ല.

ഇതുപോലെ തന്നെയാണ് കൂർമ്മമഹാപുരാണത്തിലേയും ഈ വിഷയം കൈകാര്യം ചെയ്യുന്ന രീതി. "മോഹം കൊണ്ടായാലും ബ്രാഹ്മണൻ ഒരിക്കലും മറ്റു വർണ്ണക്കാരുടെ ഒന്നും ഭക്ഷിക്കരുത്." (കൂർമ്മപുരാണം ഉത്തരഭാഗം 17-ാം അദ്ധ്യായം). അത് ഒരു ആജ്ഞ പോലെ കൂർമ്മപുരാണകർത്താവ് നിർദ്ദേശിക്കുന്നു. "ആപൽഘട്ടങ്ങളിലല്ലാതെ ബ്രാഹ്മണൻ ശൂദ്രന്റെ ഭക്ഷണം കഴിച്ചാൽ അടുത്ത ജന്മം അയാൾ നീചവർണ്ണങ്ങളിൽ ജനിക്കും. അല്ലെങ്കിൽ ശ്വാവായി ജനിക്കും." ഇങ്ങനെ പോകുന്നു നിർദ്ദേശങ്ങൾ.

ഇനി ബ്രഹ്മവൈവർത്ത പുരാണത്തിൽ ശ്രീനാരദന് സാക്ഷാൽ ശ്രീ പരമേശ്വരൻ ഉപദേശിക്കുന്ന ഭക്ഷ്യാഭക്ഷ്യങ്ങൾ കേട്ടു നോക്കാം. "ഹവിഷ്യാന്നമാണ് ബ്രാഹ്മണന് ഉചിതം. ഭഗവാന് നേദിക്കാത്തതെല്ലാം ബ്രാഹ്മണന് നിഷിദ്ധമാണ്. ഏകാദശിയിൽ ഭക്ഷണമരുത്." ഇങ്ങനെ "അരുത്"കളുടെ ഉപദേശമാണ് ഇതിലുടനീളം കാണുന്നത്.

ഇങ്ങനെ ബ്രാഹ്മണർക്കുള്ള ഭക്ഷ്യാഭക്ഷ്യങ്ങളെപ്പറ്റി മാത്രം പറയുന്ന രീതി വിട്ട് പൊതുവായുള്ള മർത്ത്യലോകത്തിന് അനുയോജ്യമാംവിധം ഈ വിഷയം അവതരിപ്പിക്കുന്ന രീതിയാണ് ഭവിഷ്യമഹാപുരാണത്തിന്റേത്. "അനാരോഗ്യവും അല്പായുസ്സും അധിക ഭക്ഷണത്തിന്റെ ഫലമായി ഉണ്ടാകുന്നു. ഒരു നേരം കഴിക്കുന്നവൻ യോഗി, രണ്ടുനേരം കഴിക്കുന്നവൻ ഭോഗി; മൂന്നുനേരം കഴി

ക്കുന്നവൻ രോഗി" എന്നു പറയാം. പാകം ചെയ്ത് നിശ്ചിതസമയം കഴിഞ്ഞവ വിഷമാണ്. അതു പോലെ ഉച്ഛിഷ്ടം, മറ്റു ജന്തുക്കൾ കടിച്ചതോ മണപ്പിച്ചതോ ആയവ എന്നിവയെല്ലാം എല്ലാവരും വർജ്ജിക്കണം" ഇങ്ങനെ എല്ലാ ജനങ്ങൾക്കും ഉതകുന്ന രീതിയിലാണ് ഭവിഷ്യപുരാണം ഈ വിഷയം കൈകാര്യം ചെയ്യുന്നതെന്നു കാണാം.

അടുത്തതായി പരിശോധിക്കുന്നത് ഭഗവദ്ഗീതയിൽ ഭഗവാൻ അരുളിച്ചെയ്ത ഭക്ഷ്യാഭക്ഷ്യ രീതികളെപ്പറ്റിയാണ്. മഹാഭാരതം (ഭീഷ്മപർവ്വം. ഭഗവദ് ഗീത 17-ാം അദ്ധ്യായം: ശ്രദ്ധാത്രയ വിഭാഗ യോഗം) ജീവിതത്തിന്റെ സമസ്ത മേഖലകളിലും ത്രിഗുണങ്ങൾ എങ്ങനെ വെളിപ്പെടുന്നു എന്ന് വ്യാസഭഗവാൻ ശ്രീകൃഷ്ണവാണിയിലൂടെ നമുക്ക് ഉപദേശിച്ചു തരുന്നു. സാത്വിക രാജസ താമസ ഗുണങ്ങൾ മറ്റു രംഗങ്ങളിലെന്നപോലെ ആഹാര രീതിയിലും പ്രതിഫലിക്കുന്നത് ഇങ്ങനെ വിവരിക്കുന്നു.

*"ആഹാരത്വപി സർവ്വസ്യത്രിവിധോഭവതി പ്രിയഃ*
*യജ്ഞസ്തപസ്തഥാ ദാനം തേഷാം ഭേദമിദം ശൃ ണു"*

(ഭഗവദ് ഗീത 17-ാം അദ്ധ്യായം 7-ാം ശ്ലോകം)

അർത്ഥം: ഓരോ ആൾക്കാർക്കും ആഹാരത്തിലുള്ള പ്രിയംപോലും മൂന്നു തരത്തിൽ കാണാം. യജ്ഞവും തപസ്സും ദാനവും അപ്രകാരം തന്നെ ത്രിവിധമായിരിക്കുന്നു. അവയുടെ ഭേദത്തെ കേട്ടാലും.

*ആയുഃ സത്ത്വബലാരോഗ്യസുഖപ്രീതി വിവർദ്ധനാഃ*
*രസ്യാഃ സ്നിഗ്ദ്ധാഃ സ്ഥിരാഹൃദ്യാ ആഹാരഃ സാത്വികപ്രിയ:*

(ഭഗവദ് ഗീത 17-ാം അദ്ധ്യായം 8-ാം ശ്ലോകം)

അർത്ഥം: ആയുസ്സ്, ആരോഗ്യം, ഉത്സാഹം, സുഖം, പ്രീതി എന്നിവയെ വർദ്ധിപ്പിക്കുന്നതും സ്വാദുള്ളതും മെഴുക്കുള്ളതും സ്ഥായിയായി ദേഹപുഷ്ടി പ്രദാനം ചെയ്യുന്നതും ഹൃദ്യങ്ങളായവയും ആയ ആഹാരങ്ങൾ സാത്വികർക്കു പ്രിയപ്പെട്ടതാണ്.

ജീവാത്മാവ് സത്വഗുണപ്രധാനമെങ്കിൽ ആ വ്യക്തി മധുരാന്നപ്രിയനായിരിക്കും. അവന്റെ ആഹാരം സ്നിഗ്ദ്ധവും രസഭരിതവും, നവീനവും രുചികരവുമായിരിക്കും. വായ്ക്ക് രുചി എന്നപോലെ ആന്തരികമായി അതിരറ്റതൃപ്തിയും തദ്വാരാ ആയുർദൈർഘ്യവും ആരോഗ്യവും സുഖവും ഈ ആഹാരരീതി നൽകുന്നു. (ജ്ഞാനേശ്വരി വ്യാഖ്യാനം; ഭഗവാൻ ജ്ഞാനേശ്വരന്റെ ഗീതാവ്യാഖ്യാനം - ഒറിയ ഭാഷയിൽ). രണ്ടാമതായി രജോഗുണക്കാരുടെ ഇഷ്ടങ്ങൾ ഇങ്ങനെ:

*"കട്വമ്ള ലവണത്യുഷ്ണ തീക്ഷ്ണ രൂക്ഷ വിദാഹിനഃ*
*ആഹാരാരാജസസ്യേഷ്ടാ ദുഃഖശോകാമയ പ്രദഃ*

(ഭ.ഗീ. 17-ാം അദ്ധ്യായം ശ്ലോകം 9)

അർത്ഥം: അതിയായ കയ്പ്, പുളിപ്പ്, ഉപ്പ്, എരിവ് എന്നിവയുള്ളതും സ്നിഗ്ദ്ധമല്ലാത്തതും അമിതമായ ചൂടുള്ളവയും ദാഹമുണ്ടാക്കുന്നതും ശരീര മനഃദുഃഖങ്ങൾ നല്കുന്നവയും പലതരം രോഗങ്ങൾ വരുത്തുന്നവയുമായ ആഹാരരീതിയാണ് രാജസ ഗുണക്കാരിൽ കാണുന്നത്.

വ്യാഖ്യാനം: കാളകൂട വിഷത്തേക്കാൾ തിക്തവും ചുണ്ണാമ്പിനേക്കാൾ നീറ്റലുണ്ടാക്കുന്നവയും പുളിച്ചതും രാജസക്കാർക്ക് ഇഷ്ടഭോജ്യമാണ്. മാവു കുഴച്ച് മറ്റു ക്ഷാരപദാർത്ഥങ്ങൾ ചേർത്ത് അഗ്നിയെപ്പോലെ ചൂടുള്ളതാണിവ. പാറ പോലും തുളയ്ക്കാൻ കഴിയുന്ന ഇരുമ്പു പാരയുടെ കാഠിന്യമുള്ള ഭക്ഷണം കഴിക്കുമ്പോഴും രാജസക്കാരുടെ ആമാശയത്തിന് ആഘാതമില്ല. അകവും പുറവും വിഭൂതിപോലെ വരണ്ട ഇത്തരം ഭക്ഷണങ്ങൾ നാവിനെ പൊള്ളിക്കുന്നവയെങ്കിലും അവർക്കു തൃപ്തിദായകമാണ്. ഇതൊക്കെക്കഴിച്ച് ഉഷ്ണാധിക്യത്താൽ ഉഴറുമ്പോൾ എത്ര വെള്ളം കുടിച്ചാലും ദാഹം ശമിക്കുന്നില്ല. വാസ്തവത്തിൽ ഇവ ഭക്ഷണമല്ല ഒരുവനിൽ ഉള്ള രോഗ കാരണങ്ങളെ ഉണർത്തുന്നതും ക്ഷോഭിപ്പിക്കുന്നതുമായ വസ്തുക്കളാണ്.

*(ജ്ഞാനേശ്വരീ വ്യാഖ്യാനം)*

ഇതിന്റെ വ്യാഖ്യാനം ഗുരു നിത്യ ചൈതന്യയതി ഇങ്ങനെ വിശദീകരിക്കുന്നു: "എന്തുകൊണ്ടാണ് ചിലർ എരിവും പുളിയും മറ്റുമുള്ള ആഹാര സാധനങ്ങൾ രസത്തോടു കൂടി കഴിക്കുന്നത്? ശരീരപോഷണത്തിനാണ് ആഹാരമെങ്കിലും ചിലർക്ക്

ലൈംഗികാസക്തിയും മറ്റും ഉദ്ദീപിക്കുന്നതും ലക്ഷ്യമാണ്. ചിലർ മദ്യപിക്കുന്നു. പുക വലിക്കുന്നു. മാംസാഹാരം നിർബന്ധമാക്കുന്നു. ഇത്തരക്കാർക്ക് അവരുടെ സ്വഭാവമനുസരിച്ച് ഈ ആഹാരചര്യ ഒരിക്കലും മാറ്റുവാൻ കഴിയില്ല. അധിക എരിവുള്ള അച്ചാറുകൾ പുളിച്ച കറികൾ കത്തുന്ന അസിഡിറ്റിയുള്ള മദ്യം എന്നിവ ഇക്കൂട്ടർക്ക് അനുപേക്ഷണീയമാണ്. പുതിയ കാലത്തിന്റെ ആവശ്യമനുസരിച്ച് ഇത്തരം ഭക്ഷണം കഴിച്ചേ തീരൂ എന്ന അവസ്ഥയുമുണ്ട്. ഉദാഹരണം പണിയെടുക്കുന്ന വീട്ടമ്മമാർ സാധാരണ ഒരാഴ്ചത്തേക്കുള്ള ആഹാരസാധനങ്ങൾ ഉണ്ടാക്കി ഫ്രിഡ്ജിൽ വച്ച് ആവശ്യത്തിന് കുറേശ്ശെ എടുത്തു ചൂടാക്കി കഴിക്കേണ്ടതായി വരുന്നു. അവർ കഴിക്കുന്നത് തീർത്തും മേധക്കു പറ്റാത്ത (അമേദ്ധ്യം) ഭക്ഷണം തന്നെയാണ്." (ഗുരു നിത്യ ചൈതന്യ യതിയുടെ ഗീതാവ്യാഖ്യാനം). മൂന്നാമത്തെ ഇനം താമസഭക്ഷണമാണ് (തമസ്സെന്നാൽ ഇരുട്ട് അന്ധകാരം). ഗീത ഇതിനെ ഇങ്ങനെ വിവരിക്കുന്നു:

*യാതയാമം, ഗതരസം പൂതിപര്യുഷിതം ച യത്*
*ഉച്ഛിഷ്ടമപി ചാമേദ്ധ്യം ഭോജനം താമസപ്രിയഃ*

(ഭ. ഗീ. അദ്ധ്യായം 17, ശ്ലോകം 10)

അർത്ഥം: പാകം ചെയ്തിട്ട് ഒരു യാമം കഴിഞ്ഞവയും സ്വാദില്ലാത്തതും ദുർഗ്ഗന്ധമുള്ളതും ജീർണ്ണിച്ചതും പുഴുവരിച്ചതും പഴകിയതും പുളിച്ചതും എച്ചിലായതും ശുദ്ധിയില്ലാത്തതുമായ ആഹാരസാധനങ്ങൾ താമസപ്രിയർക്ക് പ്രീതികരമാകുന്നു.

*വ്യാഖ്യാനം:*

താമസ സ്വഭാവക്കാർ കാലത്തു പാകം ചെയ്തവ സൂക്ഷിച്ചുവച്ച് ഉച്ചയ്ക്കും വൈകുന്നേരം ബാക്കിയായവ പിറ്റേന്നുമൊക്കെയായി കഴിക്കുന്നു. അർദ്ധമായി പാകം ചെയ്തതും ദുർഗ്ഗന്ധം വമിക്കുന്നതും അശുചിയായതും അവർക്ക് ഇഷ്ടമാണ്. എല്ലാ സ്വാദും നശിച്ചവയും അനേകം നാളുകൾക്കുമുമ്പ് പാകം ചെയ്തതും (ഉദാഹരണം ബേക്കറി ഭക്ഷണങ്ങൾ) ഉണങ്ങി വരണ്ടതും ആയ ഭക്ഷണസാധനങ്ങൾ പലർ കൂടി ഒരു പാത്രത്തിൽ നിന്നും വാരിക്കഴിക്കുന്നു. അവർ ശരീരപുഷ്ടിക്കല്ല ഇവ കഴിക്കുന്നത്, പകരം ശരീരത്തിന് നാനാവിധ കഷ്ടതകൾ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

(ജ്ഞാനേശ്വരീ വ്യാഖ്യാനം)

ഇതിന്റെ വ്യാഖ്യാനം ഗുരു നിത്യചൈതന്യ യതി ഇങ്ങനെ പറഞ്ഞുതരുന്നു. "താമസശീലക്കാരുടെ ഭക്ഷണക്രമത്തെപ്പറ്റി പറയുമ്പോൾ യൂറോപ്യൻ രാജ്യങ്ങളിൽ മേശപ്പുറത്തുകൊണ്ടു വയ്ക്കുന്ന ചീസ് എന്ന ആഹാരത്തെ ഓർത്തുപോകുന്നു. അതിൽനിന്നും കണ്ടാൽ വ്രണത്തിൽ നിന്നും ചലം ഒലിക്കുന്നതുപോലെ വളരെ ദുർഗ്ഗന്ധമുള്ള നീര് ഒലിച്ചുവരുന്നതു കണ്ടാൽ ഓക്കാനം വരും. കൂടാതെ ഈ വക ആഹാരം കഴിച്ചു കഴിഞ്ഞാൽ കുറേ നേരത്തേക്ക് മനുഷ്യശരീരങ്ങൾ മാത്രമല്ല ആ വീടിന്റെ അന്തരീക്ഷമാകെത്തന്നെ ദുർഗന്ധപൂരിതമാക്കിത്തീർക്കുന്നതാണവ." (ഗുരു നിത്യചൈതന്യയതിയുടെ വ്യാഖ്യാനം)

അതുപോലെ വിശ്രമാവസ്ഥയുടെ കാലമായ രാത്രിയിൽ കഴിക്കുക (അർദ്ധരാത്രിയിലോ അതിനുശേഷം വെളുക്കുംവരെയുള്ള കാലം). ഒരു ഭക്ഷണം കഴിച്ച് ഇടയ്ക്ക് എണീറ്റുപോയി ചില കാര്യങ്ങൾ ചെയ്ത് വീണ്ടും വന്നിരുന്ന് ബാക്കി വച്ചവ കഴിക്കുക. ഒരു ഭക്ഷണം കഴിച്ച് ദഹിക്കും മുമ്പെ വേറെ ഭക്ഷണം കഴിക്കുക, എച്ചിലായവ കഴിക്കുക. വിയർപ്പ്, ഉമിനീർ ഇവ വീണ് അശുദ്ധമായവ കഴിക്കുക എന്നിങ്ങനെ താമസഭക്ഷണക്കാരുടെ ലിസ്റ്റ് നീണ്ടുപോകുന്നു.

ഭഗവദ്ഗീതയിൽ വ്യാസദേവൻ കൃഷ്ണവാണിയിലൂടെ സർവ്വലോക സാംഗത്യമുള്ള ഒരു ഭക്ഷ്യാഭക്ഷ്യനിർണ്ണയമാണ് വെളിപ്പെടുത്തുന്നത്. ലോകരുടെ ത്രിഗുണസ്വഭാവങ്ങളിലൂടെ ഏതാണുത്തമം, മധ്യമം, അധമം എന്നിവ വ്യക്തമാക്കുന്നു. സങ്കുചിതത്വമൊന്നുമില്ലാതെ നിർബന്ധബുദ്ധികളോ ആജ്ഞകളോ ഒന്നുമില്ലാതെ സാർവ്വദേശീയവും സാർവ്വകാലികവുമായ ദർശനങ്ങൾ ലോകരെ മുഴുവൻ അറിയിക്കുന്നു.

അവസാനമായി ഭഗവാൻ തഥാഗതന്റെ (ശ്രീബുദ്ധൻ) ഈ വിഷയത്തിലുള്ള നിലപാടുകൾ ചർച്ച ചെയ്യുന്നു.

മനുഷ്യൻ തിന്നുന്നതല്ല; മനുഷ്യന്റെ തിന്മകളാണ് അവനെ രാജസനും താമസനുമാക്കുന്നത്. അതുപോലെ അവനെ സാത്വികനാക്കുന്നത് അവനിലെ നന്മകളാണ്. അതായത് സാത്വികമെന്നു പറ

യപ്പെടുന്ന ഭക്ഷണം കഴിക്കുന്നവനും കൊടുംക്രൂരകൃത്യങ്ങൾ ചെയ്യുന്നതായി കാണുന്നുണ്ട്. ഹീനമായ തിന്മ മാത്രം ചെയ്ത് കാലം കഴിക്കുന്നവരുണ്ട്.

*മത്സ്യമാംസങ്ങൾ വർജ്ജിക്കൽ ഉടുക്കാതെ നടക്കയും*
*തല മൊട്ടയടിച്ചീടൽ ജട നീട്ടി വളർത്തലും*
*മേനിയിൽ ചേറു പൂശീടൽ പരുക്കൻ തോലുടുപ്പിടൽ*
*ഹോമങ്ങൾ അമരത്വത്തെ ഓർത്തു ചെയ്യും തപസ്സുകൾ*
*മന്ത്രം ജപിക്കൽ യാഗങ്ങൾ ചെയ്യലും ഋതുസേവയും*
*വൃത്തിയാക്കില്ല ദുർമാർഗ്ഗം തന്നിലാണ്ട മനുഷ്യനെ*

(സുത്തനിപാതം; ബുദ്ധദർശനം; പരിഭാഷ: മാധവൻ അയ്യപ്പത്ത്)

അതുപോലെ രാജസനെന്നും താമസനെന്നും വ്യവഹരിക്കപ്പെടുന്നവരിലും നിരുപാധികമായ നന്മ മാത്രം വിളയുന്നതായി കണ്ടുവരുന്നുണ്ട്. അതുകൊണ്ട് "ആരാണ് മാംസച്ചൂരാർന്നവൻ?" എന്ന വേദപണ്ഡിതന്റെ ചോദ്യത്തിന് ഭഗവാൻ തഥാഗതൻ പറഞ്ഞ മറുപടി വളരെ ശ്രദ്ധേയമാണ്. മാംസം കഴിക്കുന്നവനല്ല മാംസച്ചൂരുള്ളവൻ (തിന്മ ചെയ്യുന്നവൻ എന്ന അർത്ഥം) പിന്നെയോ? ഭഗവാൻ പറയുന്നു:

*"ഹിംസയും, കളവും കള്ളം ചൊല്ലലും ചതി ചെയ്യലും*
*പൊരുളില്ലാത്ത ഗ്രന്ഥങ്ങൾ പഠിക്കൽ; ജാരവൃത്തിയും;*
*മാംസച്ചൂരാർന്നതിവയാം: മാംസഭോജനമല്ലെടോ.*

ക്രോധം, മദം, ഡംഭ്, വൈരം, ഈർഷ്യമായം, സ്വകീർത്തനം, ഗർവ്വ്, പൊങ്ങച്ചവും പിന്നെ കെട്ടോരായ് കൂട്ടുകൂടലും മാംസച്ചൂരാർന്നതിവയാം മാംസഭക്ഷണമല്ലെടോ

(സുത്ത നിപാതം: ബുദ്ധ ദർശനം: പരിഭാഷ: മാധവൻ അയ്യപ്പത്ത്)

ഇങ്ങനെ, മനുഷ്യനെ മനസ്സിലാക്കാനുള്ള മാനദണ്ഡങ്ങളെ അടിമുടി മാറ്റിപ്പണിതതിലാണ് ഭഗവാൻ തഥാഗതന്റെ ലോകവീക്ഷണം അനന്യവും അനുപമവും മഹത്തരവുമായി പ്രകാശിക്കുന്നത്.

ഭഗവാൻ തഥാഗതന് ശതകോടി പ്രണാമം! ●

## പന്തളം രാജപ്രതിനിധി മൂലംനാൾ ശങ്കർ വർമ്മ



ഈ വർഷത്തെ മകരവിളക്ക് ഉത്സവത്തിന് ശബരിമല അയ്യപ്പസ്വാമിക്ക് ചാർത്തുവാനുള്ള തിരുവാഭരണങ്ങളുമായി പന്തളം വലിയ തമ്പുരാൻ രേവതിനാൾ പി. രാമവർമ്മ രാജയുടെ പ്രതിനിധിയായി പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിൽ മൂലംനാൾ ശങ്കർ വർമ്മയാണ് നിയോഗിക്കപ്പെട്ടത്. പന്തളം കൊട്ടാരം നിർവ്വാഹകസംഘം ഭരണസമിതിയുടെ ശുപാർശ വലിയരാജ അംഗീകരിച്ചതോടെ മൂലംനാൾ ശങ്കർ വർമ്മ ഈ വർഷത്തെ രാജപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുകയാണുണ്ടായത്.

പന്തളം ശ്രാമ്പിക്കൽ കൊട്ടാരത്തിൽ തിരുവോണം നാൾ അംബതമ്പുരാട്ടിയുടെയും കോട്ടയം കാഞ്ഞിരക്കാട് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും ഇളയ പുത്രനാണ്.

കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നു സീനിയർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി വിരമിച്ച അദ്ദേഹം ഡ്രീം വിന്നേഴ്സ് പ്രൊജക്ട് ആന്റ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ എം.ഡി.ആയി പ്രവർത്തിക്കുന്നു. കേരള ക്ഷത്രിയക്ഷേമസഭയുടെ മദ്ധ്യമേഖല സെക്രട്ടറിയായും പ്രവർത്തിച്ചു വരുന്നു.

കൊച്ചി ഇളങ്കുന്നപ്പുഴ നടക്കൽ കോവിലകാംഗം ഡോക്ടർ ബിന്ദുവർമ്മ (ദന്തൽ സിവിൽ സർജൻ, ഗവ. ജനറൽ ആശുപത്രി, ഇരിങ്ങാലക്കുട) പത്നിയും, ഡോ. ആര്യ അരവിന്ദ്, അജയ്. എസ്സ്. വർമ്മ (മെഡിക്കൽ വിദ്യാർത്ഥി) എന്നിവർ മക്കളും അരവിന്ദ് (ഐ.റ്റി. പ്രൊഫഷണൽ) മരുമകനുമാണ്.

പന്തളം കൊട്ടാരം നിർവ്വാഹകസംഘം സെക്രട്ടറി പി. എൻ. നാരായണവർമ്മ, പരേതനായ ആർ. കേരളവർമ്മ (മുൻ രാജപ്രതിനിധി), വിജയലക്ഷ്മി തമ്പുരാട്ടി, സുജാത തമ്പുരാട്ടി, ശ്രീലത തമ്പുരാട്ടി എന്നിവർ സഹോദരങ്ങളാണ്.

# LIFE PARTNERS

**E. Rama Varma Raja,** Ennakkad Palace



Life is a kind of partnership not in the legal sense. Humanity's life partners are manifold mainly including animals, birds, flies, bees, trees and plants. The almighty God created them all for human beings and vice versa. The chief difference between man and animal is man has wisdom, animal hasn't. God has given us reason ie. the mind's power of drawing conclusions and determining right and truth. But animals are governed by knowledge, in other words, information, assured belief and practical skill. Reason and knowledge are entirely different. Man is ignorant of their psychology and language. Should he has a grain of sense, on the spur of the moment there are cogent reasons for their odd behaviour, cry etc. In short all of them are our comrades or friends.

Creatures and birds cry out loudly in pain, range, hatred for drink, breakfast, dinner, supper for sickness, fright, lost loves, rest, sleep, shade freedom, joy etc. The secrecy behind their lives is "Eat to live, not live to eat". No permanent habitat except those which are domesticated.

Trees and plants also feel pain when they are cut down and uprooted. They are possessing life. The above mentioned ones are not devoid of nature, earth and the sun. Partners speak no evil hear no evil and see no evil. Let us have a look at plant and tree life. Their leaves absorb carbon dioxide and emit oxygen in return. They drink water ($H_2O$) from the soil through roots. We inhale the released oxygen. Late Pandit Nehru called upon us to plant trees for others is befitting in this context.

An American author (on alcohol and drug abuse) Morris Chafetz M.D. cautions us all that "too great a quantity, even oxygen and water, those essentials of life can harm or kill. He warns "Too much of anything is too bad." I too think so presumably. ●

---

# വിവാഹ ധനസഹായം



തിരുവനന്തപുരം കവടിയാറിൽ സർക്കാർ പുറമ്പോക്കിൽ താമസിക്കുന്ന ആർ. സോമശേഖരന്റെ മകൾ ആര്യയുടെ വിവാഹത്തിനായി റിയാക്ട് അനുവദിച്ച 25,000/- രൂപയുടെ ധനസഹായം റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മ കൈമാറുന്നു



# അമ്മ ഒരു സ്മരണ

**ബിന്ദു സനൽകുമാർ**, തൃശ്ശൂർ, 9744482108

*(തലപ്പിള്ളി രാജവംശത്തിലെ മൂത്ത തമ്പുരാട്ടിയായിരുന്ന മണക്കുളം പാലസിലെ ചന്ദ്രികാരാജയുടെ ഒന്നാംശ്രാദ്ധ ദിനത്തിൽ മകൾ ബിന്ദു സനൽകുമാർ എഴുതി സമർപ്പിച്ചത്)*

പിറന്നു കുഞ്ഞിക്കാവു, മഷ്ടമൂർത്തി ദമ്പതിക്കിവൾ
നിലാവു പൂത്തുലഞ്ഞ പോലെ സുന്ദരീ മനോഹരീ
അവൾക്കു കാതിലൊന്നു ചൊന്ന നാമമാണു ചന്ദ്രികാ
വളർന്നുവല്ലൊ സോദരൊത്തു ബാല്യകാലമങ്ങനേ

വിവാഹ നാളു വന്നണഞ്ഞു ചാരു ചന്ദ്രികക്കിതാ
അവൾക്കു ചേർന്ന കാന്തനായി കോടിലിംഗ രാജനും
അവന്നു ജോലി ദൂരെയാണു കൂടെയങ്ങു പോകണം
തിരിച്ചു യാത്ര രണ്ടുപേരുമങ്ങു ചെന്നു ചേർന്നിടാൻ.



തളിർത്തു സ്നേഹവല്ലി തന്നിലായി മൂന്നു പുത്രിമാർ
അവർക്കു നാഥരായി വാണു രണ്ടുപേരുമെന്നുമേ
ഇടയ്ക്കു വന്നു കൂടുകൂട്ടി കോമളാംഗി കോമളം
അലിഞ്ഞു ചേർന്നു കൂടെയായി, മക്കളായി നാലുപേർ.

പരോപകാരമെന്നുമങ്ങു പാലനത്തെ ചെയ്തവർ
സഹായമേറെ ചെയ്തിരുന്നതായിടുന്ന കാലവും
കുടിച്ചു തീർത്തു ജീവിതത്തിനുള്ള കയ്പ്പുനീരതും
തുഴഞ്ഞു കേറ്റി, മുങ്ങിടാതെ കാത്തു നിർത്തി ജീവിതം.



പിരിഞ്ഞു പോയി നാഥനായ കോടിലിംഗ രാജനും
തകർന്നു പോയ ചന്ദ്രികക്കു കുറഞ്ഞു പോയി ശക്തിയും
പതുക്കെയങ്ങു ചോർന്നു പോയി ജീവിതത്തുടിപ്പുകൾ
തനിച്ചതായ ചന്ദ്രികക്കു കെട്ടുപോയി ജീവിതം

ഇരുട്ടിലാണ്ട കാഴ്ചയും കുറഞ്ഞു പോയ കേൾവിയും
മെലിഞ്ഞു പോയ ദേഹവും ചുരുങ്ങി തന്നിലേക്കവൾ
കിടപ്പിലായ നാളിലോ തിരിച്ചറിഞ്ഞു ചന്ദ്രികാ
തിരിച്ചു നാളെ പോകണം പതിക്കു ചാരെയെത്തണം ●

# അരിയിട്ടു വാഴ്ച്ച

മാനവേന്ദ്ര വർമ്മ യോഗാതിരിപ്പാട്, പാലക്കാട്

പുളിക്കൽ ശങ്കരോടത്ത് കോവിലകം അരിയിട്ടു വാഴ്ച്ചക്ക് സാക്ഷിയായി നൂറ്റാണ്ടുകൾക്കു ശേഷം അരിയിട്ടു വാഴ്ച്ച ചടങ്ങ് വീണ്ടും നടന്നപ്പോൾ അതൊരു ചടങ്ങിനപ്പുറം പുതുതലമുറയ്ക്ക് ചരിത്രത്തിന്റെ പുനരാവിഷ്കരണവും പഠനവുമായിരുന്നു.

2022 ജനുവരി 9ന് ഞായറാഴ്ചയായിരുന്നു ചടങ്ങ്. പാലക്കാട് ജില്ലയിലെ ഒലവക്കോടിനടുത്ത് പുളിക്കൽ ശങ്കരോടത്ത് കോവിലത്തെ സർവ്വശ്രീ മാനവേന്ദ്രവർമ്മ എന്ന ഉണ്ണി അമ്പോറ്റിയെയാണ് അരിയിട്ടു വാഴ്ച്ച നടത്തിയത്.

താന്ത്രിക പാരമ്പര്യമുള്ള മഹാ പണ്ഡിതൻമാരും സന്ന്യാസി മഹാത്മാക്കളും നേതൃത്വം നൽകിയ ഈ പൗരാണിക ചടങ്ങ് ദർശിക്കുമ്പോൾ ഒരു പടികടന്ന പഴയ കാലം ഓർമ്മവന്നു. ആത്മീയത നെഞ്ചിലേറ്റിയവരും ഈ ചടങ്ങിന്റെ മഹത്വവും ചരിത്രവും മനസ്സിലാക്കിയവരും ഉൾപ്പെടെ നൂറുകണക്കിനാളുകൾ അരിയിട്ട് വാഴ്ച്ചക്ക് സാക്ഷിയായി.

ആചാരാനുഷ്ഠാന വിധിപ്രകാരമുള്ള പൂജകളുടെ അകമ്പടിയോടെ അധികാരമേൽക്കുന്ന ചടങ്ങാണ് അരിയിട്ടു വാഴ്ച്ച.

കോവിലകങ്ങളിൽ വലിയ തമ്പുരാക്കന്മാർ അരിയിട്ടു വാഴ്ച്ച നടത്തി സ്ഥാനമേൽക്കാറുണ്ടായിരുന്നു. അതിൽനിന്ന് വ്യത്യസ്തമായി വളരെ പ്രാധാന്യത്തോടെയും ആത്മീയതയോടെയുമാണ് ഈ ചടങ്ങ് നടന്നിരുന്നത് എന്നത് ശ്രദ്ധേയമാണ്. യോഗാതിരിപ്പാടായി ആണ് അരിയിട്ടുവാഴ്ച്ച. യോഗാതിരിപ്പാടായി സ്ഥാനമേൽക്കുമ്പോൾ നിഷ്ഠകൾ പൂർത്തിയാക്കേണ്ടതുണ്ട്. ഒരു വർഷം സംവത്സരദീക്ഷ, ഏഴ് വർഷം സന്ന്യാസദീക്ഷ, യോഗിന്ദ്രകലശം, നാല് വർഷം അമ്പോറ്റി സ്ഥാനം ദീക്ഷ എന്നിവക്ക് ശേഷമാണ് യോഗാതിരിപ്പാടായി സ്ഥാനമേൽക്കുന്നത്.



രേഖകൾ പ്രകാരം 16-ാം നൂറ്റാണ്ടിലാണ് താനൂർ സ്വരൂപത്തിന്റെ യോഗാതിരിപ്പാടിന് അരിയിട്ട് വാഴ്ച്ച ഇതിന് മുമ്പ് നടന്നത്. പാരമ്പര്യ ആത്മീയ രാജകീയ ചടങ്ങുകൾക്ക് ശേഷം യോഗാ തിരിപ്പാടിന്റെ സ്ഥാനാരോഹണം നടന്നതിന് പിറകെ താന്ത്രികകർമ്മങ്ങൾക്ക് നേതൃത്വം നൽകിയ പ്രധാനികൾ നടത്തിയ അനുഗ്രഹ പ്രഭാഷണങ്ങൾ ഓരോ ഭാരതീയനും മത വർഗ്ഗവ്യത്യാസമില്ലാതെ ഉൾകൊള്ളാവുന്നതും മാതൃകയാക്കേണ്ടതുമാണ്.

അതോടൊപ്പം ഈ ചടങ്ങിനെത്തിയ നൂറ് കണക്കിനാളുകളെ അഭിസംബോധനചെയ്ത് യോഗാതിരിപ്പാടുൾപ്പെടെയുള്ള ആളുകൾ നടത്തിയ പ്രാർത്ഥന ലോകത്തെ സർവ്വജന സംരക്ഷണത്തിനും ഐശ്വര്യത്തിനും വേണ്ടിയാണ്.

ശേഷ കാലം നൈഷ്ഠികബ്രഹ്മചര്യത്തോടെ ഈശ്വരാരാധനയും ധർമ്മ ഉന്നമനത്തിനായി ഗോബ്രാഹ്മണ രക്ഷാർത്ഥം എന്ന സത്യവാചകം ചൊല്ലി യോഗദണ്ഡ് സ്വീകരിച്ച് ചടങ്ങോടെ വെട്ടത്ത് രാജവംശത്തിലെ തൃപ്രങ്ങോട്ട് താവഴിയിലെ ഉണ്ണിയമ്പോറ്റി ലോകത്തിന്റെ യോഗാതിരിപ്പാടായി ചുമതല ഏൽക്കുകയായിരുന്നു. താന്ത്രിക കാർമികത്വം ബ്രഹ്മശ്രീ പാനാവൂർ പരമേശ്വരൻ നമ്പൂതിരിപ്പാട്, കൈനിക്കര വടക്കേടം ജയൻ നമ്പൂതിരി, തെക്കിനിയേടത്ത് കുത്തുളി കൃഷ്ണൻ നമ്പൂതിരിപ്പാട് എന്നിവരും ഓതിക്കൻ കോതമംഗലത്ത് മന വാസുദേവൻ നമ്പൂതിരി, വൈദികൻ ചെറുമുക്ക്

ശേഷം 56 ൽ


Pulikkal Shankarodath Kovilakam
Thekkumpuram, Kavilppad, Olavakkode, Palakkad-678012
9946373522, 8113842007 Pulikkal Nagayakshi Temple
www.sarpakavu.com
ശങ്കരോടത്ത് കോവിലകം
അരിയിട്ടുവാഴ്ച നടന്നു
പുളിക്കൽ ശങ്കരോടത്ത് കോവിലകത്ത് വർത്തമാനകാലത്തെ അത്യപൂർവ്വമായ അരിയിട്ടുവാഴ്ച എന്ന ചടങ്ങ് 09-01-2022ന് ഞായറാഴ്ച കാലത്ത് പൗരാണിക ആചാരത്തോടുകൂടി നടന്നു. ശങ്കരോടത്തെ സർവ്വശ്രീ: മാനവേന്ദ്രവർമ്മയാണ് അമ്പോറ്റി തമ്പുരാൻ ( യോഗാതിരിപ്പാട് ) ആയി സ്ഥാനമേറ്റത്





# വിവാഹ മംഗളാശംസകൾ

കരിവെള്ളൂർ 'രേവതി'യിൽ മണക്കാട്ട് മഠത്തിൽ വേണുഗോപാലന്റെയും കനകത്തിടത്തിൽ വിജയയുടെയും മകൻ **മിഥുനും** കുഞ്ഞിമംഗലം 'രേവതി'യിൽ ഇ.കെ.വി.രവീന്ദ്രൻ നമ്പ്യാരുടെയും ടി.വി. അജിതയുടെയും മകൾ **അഞ്ജലി**യും തമ്മിലുള്ള വിവാഹം 2021 ഒക്ടോബർ 24 ന് തൃച്ചംബരം (തളിപ്പറമ്പ്) ശ്രീകൃഷ്ണ ക്ഷേത്രത്തിൽവെച്ച് സമംഗളം നടന്നു.



# വിവാഹ മംഗളാശംസകൾ

മണ്ടൂർ കുന്നുംപുറം വടക്കേമഠത്തിൽ വി.എം.ബാലകൃഷ്ണന്റെയും കോട്ടയം മറിയപ്പള്ളി പാലസിൽ ദേവിപ്രഭാ വർമ്മയുടെയും മകൻ **ദീപക് വർമ്മ**യും മണ്ടൂർ 'പദ്മവിലാസി'ൽ പരേതനായ പി.കെ.വിക്രംരാജ (എഴുമറ്റൂർ പുതുപ്പറമ്പ് കോയിയ്ക്കൽ) യുടെയും ആർ.കെ.മംഗളവർമ്മ (ചെറുകുന്ന് കവിണിശ്ശേരി കോവിലകം) മകൾ **ആതിര വർമ്മ**യും തമ്മിലുള്ള വിവാഹം 9 ജനുവരി 2022 ഞായറാഴ്ച കുഞ്ഞിമംഗലം മല്ലിയോട്ട് നന്ദലാല ഓഡിറ്റോറിയത്തിൽ വച്ച് പകൽ 10 നും 12 നും ഇടയ്ക്കുള്ള ശുഭമുഹൂർത്തത്തിൽ സമംഗളം നടന്നു.




ബാഷ്പാഞ്ജലി
ടി.എൻ. രവിവർമ്മ
തെക്കേടത്ത് കോവിലകം
വാരനാട്, ചേർത്തല
സന്തപ്ത കുടുംബാംഗങ്ങൾ

# ഹൃദയത്തിൽ ഒളിഞ്ഞുകിടന്നിരുന്ന സർഗ്ഗവാസന


## (ഈയിടെ അന്തരിച്ച റ്റി.എൻ. രവിവർമ്മയെക്കുറിച്ചൊരു അനുസ്മരണം)

മാവേലിക്കര രഘുനാഥ വർമ്മ

പൂജാവിധികളിൽ അഗാധമായ പാണ്ഡിത്യവും കർമ്മപരിചയവും കൈമുതലായിരുന്ന പാഠാളി കൃഷ്ണൻനമ്പൂതിരിയുടെയും തെക്കേടത്തു കോവിലകത്തെ ലക്ഷ്മിക്കുട്ടിതമ്പാട്ടിയുടെയും ഇളയ മകനായിട്ടാണ് റ്റി.എൻ. രവിവർമ്മ (കുട്ടപ്പൻ – എന്റെ കുഞ്ഞമ്മാവൻ) ജനിച്ചത്. സാത്വിക തേജസ്സിന്റെ വിളനിലമായിരുന്ന അച്ഛന്റെ സത്ഗുണങ്ങൾ മകൻ സ്വാംശീകരിച്ചിരുന്നു. വാരനാട്ടു ദേവിയുടെ കടാക്ഷം കൊണ്ട് തെക്കേടത്തു പിറന്നവർ പ്രതിസന്ധികളെ തരണം ചെയ്തു വളർന്നു. മാലതിക്കുട്ടി, ഉദയവർമ്മ, ഭാസ്ക്കര വർമ്മ, ആദിത്യവർമ്മ, ശാന്തകുമാരി എന്നിവരുടെ അനുജനായിട്ടാണ് കുഞ്ഞമ്മാവൻ ജനിച്ചത്.

പഴമയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിയിരുന്ന ഒരു കുടുംബമായിരുന്നു തെക്കേടത്ത് കോവിലകം. പരദേവതയുടെ കടാക്ഷം കൊണ്ട് ബുദ്ധിവൈഭവം ഉണ്ടായിരുന്നിട്ടും കോവിലകത്തുള്ളവർ ഐശ്വര്യത്തിന്റെ പടവുകൾ കീഴടക്കാൻ നന്നേ പാടുപെട്ടു. കുട്ടപ്പൻ അമ്മാവന്റെ സഹോദരിമാരുടെ സ്ക്കൂൾ വിദ്യാഭ്യാസം അകാലത്തിൽ നിർത്തേണ്ടി വന്നു. അവർ അകത്തമ്മമാരുടെ ജീവിതം തിരഞ്ഞെടുത്തപോലെ ആയി. എങ്കിലും ജ്യേഷ്ഠസഹോദരന്മാർ വലിയ നിലയിലുള്ള പഠിപ്പിന്റെ ഉടമകളായിരുന്നു. അവർ സർക്കാരുദ്യോഗ പദവികളിൽ നന്നേ ശോഭിച്ചിരുന്നു.

കുട്ടപ്പനമ്മാവൻ (കുഞ്ഞമ്മാവൻ) അവരിൽ നിന്ന് അല്പം വിഭിന്നനായി. അവരോടു കിടപിടിക്കത്തക്ക ജീവിത ലക്ഷ്യങ്ങൾ നേടാൻ സമയമെടുത്തു. അത്തരമൊരു സാഹചര്യം കൊണ്ടാകാം തന്റെ അന്തർദാഹങ്ങൾ നാലുവരിയുള്ള ഒരു ശ്ലോകത്തിൽ ഹൃദയസ്പർശിയായ ഭാഷയിൽ അദ്ദേഹം കുറിച്ചിട്ടത്.



*പ്രചണ്ഡമാകും രവിരശ്മി തന്റെ*
*മഹാ പ്രയാണത്തിനു കൺകൊടുപ്പാൻ*
*പ്രയാസമേറീടുക മൂലമീ ഞാൻ*
*പ്രയാണമാകുന്നിതു മൽഗൃഹത്തിൽ*

ഇവിടെ രവിരശ്മി എന്ന പ്രയോഗം വളരെയധികം അർത്ഥവത്താണ്. കാര്യം ജ്യേഷ്ഠ സഹോദരന്മാരുടെ പേരുകളെല്ലാം സൂര്യന്റെ പര്യായപദങ്ങളാണ്.

അച്ഛന്റെ ഈശ്വരാരാധനയുടെ ഫലമെന്നോണം കുട്ടപ്പനമ്മാവൻ മാക്ഡവൽ കമ്പനിയിൽ സ്ഥിരജോലിക്കു നിയമിതനായി. സഹധർമ്മിണിയായ സുലോചനയുടെ പിന്താങ്ങലിൽ അദ്ദേഹം സ്വൈരജീവിതം കെട്ടിപ്പടുത്തു. റിട്ടയർ ചെയ്യുന്നതുവരെ സമാധാനപരമായി ജോലി ചെയ്തു. മകളും ഭർത്താവും പേരക്കുട്ടിയും അദ്ദേഹത്തിന്റെ ജീവിതത്തിനു മിഴിവേകി.

അച്ഛന്റെ പാണ്ഡിത്യവും പൂജാദികർമ്മങ്ങളിലുള്ള പ്രാവീണ്യവും തുറന്നു കാണിക്കുന്ന രീതിയിലാണ് സ്വന്തം അച്ഛനെക്കുറിച്ച് കുഞ്ഞമ്മാവൻ എഴുതിയത്.

*കൃമിക്കുമൊപ്പം ഋഷിപുംഗവർക്കും*
*കൃപാധനം കൊണ്ടു സുഖത്തെ നല്കും*
*കൃതീ സമൂഹത്തിൽ മികച്ച ഗീതാ*
*സ്രഷ്ടാവു കൃഷ്ണൻ തുണ ചെയ്തിടട്ടെ.*

(അച്ഛന്റെ പേര് കൃഷ്ണൻ എന്നാണല്ലോ)

കുഞ്ഞമ്മാവന്റെ അമ്മ പുരാണ കഥാപാത്രങ്ങളിലെ കുന്തി എന്ന നായികയെപ്പോലെ മക്കളെ പോറ്റി വളർത്താൻ വളരെ കഷ്ടപ്പെട്ടിരുന്നു. കോവിലകത്ത് നാം ചിന്തിക്കുന്നതുപോലെയുള്ള സമ്പൽസമൃദ്ധി ഇല്ലായിരുന്നു. അതുകൊണ്ടായിരിക്കാം അച്ഛനായ കൃഷ്ണൻ നമ്പൂതിരിയുടെ സഹധർമ്മിണിയായിരുന്ന തന്റെ അമ്മയെക്കുറിച്ച് കുട്ടപ്പൻ ഇപ്രകാരം എഴുതിയത്

*ലവണ ജലധി തന്നിൽ ശ്രീ മഹാവിഷ്ണുവൊത്ത്*
*ലയനമനുഭവിക്കും ലക്ഷ്മിലോകർക്കുമാതാ*
*പാൽക്കടലിനു പകരം ലക്ഷ്മി വസിച്ചിരുന്ന*
*സ്ഥലം ഉപ്പുവെള്ളം നിറഞ്ഞ കടലായിരുന്നു*

എന്ന് കവി പ്രതിപാദിച്ചത് തികച്ചും ശ്രദ്ധേയം തന്നെ.

തന്റെ ഏറ്റവും മുതിർന്ന ജ്യേഷ്ഠത്തിയായിരുന്ന മാലതി (ഇതെഴുതുന്ന ആളിന്റെ അമ്മ) യെ കുഞ്ഞമ്മാവൻ എന്തു ഭംഗിയായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത് എന്നു നോക്കാം.

*മായുന്നിതാ മാല്*തി വായ്ക്ക കൊണ്ടോ*
*മനോജ്ഞമാം താരകൾ വാനിൽ നിന്നും*
*മനസ്സിൽ ദുഃഖം നിഴലിക്ക കൊണ്ടോ*
*മറന്നുപോയ് വീശുവനിന്നു വായു"*

*(*മാലതി പേരായും, മാൽ (ദുഃഖം) അതിഃ അതീവ ദുഃഖം)*

സ്വന്തം ജ്യേഷ്ഠത്തിക്ക് നേരിടേണ്ടിവന്ന ജീവിതകഷ്ടപ്പാടുകൾ എല്ലാം തുറന്നുകാട്ടുന്ന രീതിയിലാണ് മൂത്തചേച്ചിയെ കവി രംഗത്തു കൊണ്ടുവന്നത്.

കുടുംബത്തിലെ എല്ലാവരെയും കുറിച്ച് ഇതുപോലെ കടഞ്ഞെടുത്ത ശ്ലോകങ്ങൾ കുഞ്ഞമ്മാവൻ രചിച്ചിരുന്നു. സമൂഹത്തിൽ നടമാടിയിരുന്ന അസഹിഷ്ണുതയും വഞ്ചനയും മറ്റും വിളിച്ചുകാട്ടുന്ന വരികളാണ് പലതും. പക്ഷേ തികച്ചും അന്തർമുഖനായിരുന്ന കവി അതൊന്നും സൂക്ഷിച്ചു വച്ചിട്ടുമില്ല. മേൽക്കാണിച്ച കവിതാശകലങ്ങളൊക്കെ എന്റെ ഓർമ്മയുടെ മണിച്ചെപ്പിൽ ഞാൻ സൂക്ഷിച്ചുവച്ചിട്ടുള്ളതാണ്. അമ്മാവൻ എന്നെ ചൊല്ലി കേൾപ്പിച്ചവയുമാണ്.

വളരെ ലളിതമായ ജീവിതം നയിച്ചിരുന്ന കുട്ടപ്പൻ അമ്മാവൻ (കുഞ്ഞമ്മാവൻ) തന്റെ ഹൃദയത്തിന്റെ ഉള്ളറകളിൽ ഒളിപ്പിച്ചുവച്ചിരുന്ന സർഗ്ഗാത്മകത നാം അറിഞ്ഞിരിക്കണമെന്നു കരുതുന്നതുകൊണ്ട് ഞാനിതു കുറിക്കുന്നു. ഈ ലഘുവായ അനുസ്മരണം അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുന്നിൽ സമർപ്പിക്കുന്നു. ●

---

*50-ൽ നിന്നും തുടർച്ച*

വല്ലഭൻ അക്കിത്തിരിപ്പാട്. വെട്ടത്ത് മംഗലത്ത് മനക്കാർക്ക് ആണ് യോഗദണ്ഡ് കൊടുക്കാൻ ഉള്ള സ്ഥാനം. ആമേട ശ്രീധരൻ നമ്പൂതിരിപ്പാട് (വെട്ടത്ത് മംഗലത്ത് മന ) ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ അനുവാദത്തോടെ നിർവഹിച്ചു. പിന്നെ അനവധി വിശിഷ്ട വ്യക്തികൾ ബ്രാഹ്മണ ശ്രേഷ്ഠർ, സന്യാസിമാർ തുടങ്ങിയവർ പങ്കെടുത്തു.

**ചടങ്ങുകൾ:** എട്ടാം തീയതി കാലത്ത് ഒരു കുടുംബ ചടങ്ങുണ്ടായിരുന്നു. കെട്ടിലമ്മയാണ് ഗണപതി നേദിക്കൽ നടത്തിയത്. തുടർന്ന് കോലോത്തെ സ്ത്രീജനങ്ങൾ എല്ലാം ചേർന്ന് ആയിരം തിരി തിരക്കൽ എന്ന ചടങ്ങ് നടത്തി. അന്നേദിവസം തിരുമനസാകുന്ന വ്യക്തി വ്രതത്തിൽ ആയിരിക്കണം അതിന്റെ ഭാഗമായുള്ള പാൽ അമൃതേത്ത് ചടങ്ങും നടന്നു. ശേഷം വൈകുന്നേരം ശ്രീരാമപട്ടാഭിഷേകം കഥകളി കണ്ടു ശ്രീരാമനെ സ്മരിച്ചു. അന്നത്തെ ചടങ്ങുകൾ സമാപിച്ചു. പിന്നീട് കാലത്ത് അരിയിട്ടുവാഴ്ച ദിവസം ഗണപതി നേദിച്ച് നാല് നാന്ദി മുഖവും ദാനവും പ്രായശ്ചിത്തവും നടത്തി പിന്നെ തിരുമനസ്സിനെ പുണ്യാഹം ചെയ്ത് കോവിലകത്തെ പടിഞ്ഞാറെ നടുമുറ്റത്ത് വെച്ച് മൂന്നു കലശം പൂജിച്ച് അഭിഷേകിച്ചു (1.പഞ്ചഗവ്യകലശം, 2. നാൽപാമര കഷായ കലശം, 3. പുഷ്പ കലശം) ശേഷം പാരമ്പര്യ ഉടവാൾ തിരുമനസ്സിന്റെ കയ്യിൽ കൊടുത്ത് കെട്ടിലമ്മ ആദ്യം അരിയിട്ടു വാഴിച്ചു. ശേഷം ഉടവാളേന്തിയ തിരുമനസ്സ് സ്വരൂപദേവതയുടെ മുന്നിലെത്തി ഉടവാൾ തിരുനടയിൽ വെച്ച് "ഇന്നുമുതൽ എന്നെയും എന്റെ സ്വരൂപവും അവിടത്തേക്ക് തൃപ്പടിദാനം ആയി നൽകുന്നു. ഇനിയുള്ള കാലം ഞാൻ നീയായി ജീവിക്കുന്നതാണ് ഇനിയുള്ള ഈ കുടുംബാംഗങ്ങളെല്ലാം ദേവീദാസരായി തുടരുന്നതാണ്" എന്ന് സത്യം ചെയ്ത് ഉടവാൾ അകത്തു

കൊണ്ടുപോയി. തിരുമേനി നവക കലശം പൂജിച്ച് അഭിഷേകിക്കുന്നു ശേഷം ഉടവാൾ ദേവിയുടെ പാദത്തിൽ നിന്നും എടുത്ത് തിരുമനസ്സിനെ ഏൽപ്പിക്കുന്നു. തിരുമനസ്സ് ഉടവാൾ മടിയിൽ വെച്ച് ശ്രീകോവിലിന് അഭിമുഖമായി ഇരിക്കുന്നു, അപ്പോൾ തിരുമേനി ഐകീകരണാർത്ഥം വെള്ളി പൂണൂൽ തിരുമനസ്സിന് ഇട്ടുകൊടുത്ത് ഐകീകരണ കലശാഭിഷേകം നടത്തുന്നു. ശേഷം തണ്ടറ്റവും എഴുന്നള്ളത്തും കഴിഞ്ഞ് കുളിച്ചു കോടിയുടുത്തു വരുന്നു താലപ്പൊലിയും താള മേളങ്ങളും പടയാളികളുടെ അകമ്പടിയോടുംകൂടി തിരുമനസ്സ് അരിയിട്ടുവാഴ്ച മണ്ഡപത്തിലേക്ക് എഴുന്നുള്ളുന്നു. വട്ടപ്പരമ്പ് വിരിച്ച് അതിൽ കൈതോല പായ വിരിച്ച് അതിനുമുകളിൽ കരിമ്പടം വിരിച്ച് അതിന് മുകളിൽ വെള്ള വിരിച്ച് അതിൽ കതിർമണ്ഡപം ഒരുക്കുന്നു. നിറപറ പൂക്കില രണ്ടു വിളക്കിലും 14 തിരി തെളിയിച്ച മണ്ഡപത്തിൽ സിംഹാസനം വച്ച് അതിലാണ് തിരുമനസ്സിനെ കൊണ്ടുവന്നിരുത്തുന്നത്. ഇരുന്നതിനു ശേഷം പാനകുടം ഉഴിയുന്നു പിന്നെ വേദമന്ത്രങ്ങൾ ചൊല്ലി അരിയിട്ടുവാഴ്ച നടത്തി. യോഗദണ്ഡും കൊടുത്ത് യോഗാതിരിപ്പാടാക്കുന്നു. എല്ലാവരും പുഷ്പം, അക്ഷതം എന്നിവയിട്ട് വാഴിച്ചശേഷം ആയിരം തിരി ഉഴിയുന്നതോടുകൂടി ചടങ്ങുകൾ പൂർത്തിയായി. ●

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2211

| | | | |
|---|---|---|---|
| ല | ശു ശി | ര ച ബു | - |
| മ | ഗ്രഹനില | | - |
| മാ | | | കു |
| - | ഗു | സ | - |

| | | | |
|---|---|---|---|
| ച മാ | ര | - | കു മ |
| - | നവാംശം | | ശി |
| സ | | | ബു |
| ഗു ല | - | ശു | - |

ഗർഭശിഷ്ട സൂര്യദശ - 1 വർഷം 0 മാസം 12 ദിവസം 36 നാഴിക

Samantha Kshatriya (Nedungadi) boy, 26 yrs. (29.05.1995), Karthika star, Height: 178cm., Medium Complexion, Vegetarian, B. Tech., working as Software Engineer in Tata Consultancy Services (TCS). Suitable alliance invited from parents of Kshatriya / Samantha girls.
Contact : 7293891296 / 9496608296

## വരനെ ആവശ്യമുണ്ട്

### BOX No. 2212

| | | | |
|---|---|---|---|
| മ ശി | - | ച | - |
| - | ഗ്രഹനില | | ക |
| - | | | ബു ശു |
| ഗു മാ | ല | - | ര സ |

| | | | |
|---|---|---|---|
| - | ശു | ര സ | - |
| ച | നവാംശം | | - |
| - | | | ഗു |
| കു ബു | ശി മാ | - | ല മ |

Seeking suitable alliance from Kshatriya/ Samantha Family for Kshatriya girl 25 years, Karthika Star, 5 ft. 4 in. having Masters in Law. Practicing as an Advocate in Ernakulam. Preference to boys with Professional qualifications
Contact : 9895161915 / 9447474256

# ആദിപരാശക്തിയായ സതീദേവി



**രാധാമണിത്തമ്പുരാട്ടി,** കൊച്ചി

8281179936

*"ജഗതഃ പിതരംശംഭും
ജഗതോ മാതരം ശിവാം
തത്പുത്രം ച ഗണാധീശം
നത്വേതദ് വർണ്ണയാമഹേ"*

ശ്രീവ്യാസദേവൻ വിരചിച്ച പതിനെട്ട് പുരാണങ്ങളിൽ ഒന്നായ ശ്രീമദ് ശിവമഹാപുരാണത്തിലെ ദ്വിതിയ സംഹിതയായ 'രുദ്രസംഹിത' യിലെ ദ്വിതിയ ഖണ്ഡമാണ് 'സതീഖണ്ഡം'. ഇതിൽ പരാശക്തിയായ സതീദേവിയുടെ അവതാരവും ലീലകളും പ്രതിപാദിക്കുന്നു.



നിരാകാരവും ഏകവും ആയ പരബ്രഹ്മം സ്വന്തം ഇച്ഛ പ്രകാരം ഒരു നാമവും രൂപവും സ്വീകരിക്കുവാൻ ആഗ്രഹിച്ചു. അപ്പോൾ 'ശിവൻ' എന്ന നാമവും നാം ദർശിക്കുന്ന 'ശിവരൂപവും' പ്രകടമായി. പരബ്രഹ്മം രണ്ടാമത് ഒരു രൂപം കൈക്കൊള്ളുവാൻ ആഗ്രഹിച്ചപ്പോൾ ആദിപരാശക്തി ആവിർഭവിച്ചു. സൃഷ്ടിസ്ഥിതി സംഹാരങ്ങൾക്കായി സാകാരനായ ശിവൻ ബ്രഹ്മാവിന്റേയും വിഷ്ണുവിന്റേയും രുദ്രന്റെയും രൂപങ്ങൾ സ്വീകരിച്ചു. സാകാരനായ ശിവന്റെ ഹൃദയത്തിൽ നിന്നുണ്ടായ രുദ്രൻ ശിവൻ തന്നെയാണ്. ശിവൻ എന്ന നാമത്താലും രുദ്രൻ അറിയപ്പെടുന്നു. ആ ശിവപത്നിയാകാനാണ് പരാശക്തി ആദ്യം സതിദേവിയുടെയും പിന്നീട് പാർവ്വതീദേവിയുടേയും അവതാരങ്ങൾ സ്വീകരിച്ചത്.

ബ്രഹ്മാവിനെ പ്രജാവർദ്ധനവ് ഉണ്ടാക്കുന്നതിന് അനുഗ്രഹിക്കുവാൻ ജഗദ്പിതാക്കൾ അർദ്ധനാരീശ്വരരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. നാരീകുലം സൃഷ്ടിക്കുവാനുള്ള ശക്തി നൽകിയ ജഗദംബികയോട് തന്റെ മാനസപുത്രനായ ദക്ഷന്റെ പുത്രിയായി അവതരിക്കണമെന്ന് ഒരു വരം കൂടി വിധാതാവ് ആവശ്യപ്പെട്ടു. ആ വരം നൽകി അനുഗ്രഹിച്ചതിനു ശേഷം ജഗദ്പിതാക്കൾ അപ്രത്യക്ഷരായി.

ആ വരം സഫലീകരിക്കുവാൻ ബ്രഹ്മദേവൻ പരാശക്തിയെ ധ്യാനിച്ച് തപസ്സനുഷ്ഠിച്ചു. ദീർഘകാലത്തെ തപസ്സിനുശേഷം പരാശക്തി പ്രത്യക്ഷപ്പെട്ടു. ദക്ഷപുത്രിയായി അവതരിക്കാമെന്നും ശിവപത്നിയാകാമെന്നും അറിയിച്ചു. പക്ഷേ ഒരു മുന്നറിയിപ്പുകൂടി നൽകി. ദക്ഷന്റെ ഭക്തി കുറഞ്ഞതായി തോന്നുമ്പോൾ സ്വശരീരം ത്യജിക്കും.

പരാശക്തി പുത്രിയായി ജനിക്കുവാൻ ദക്ഷനും തപസ്സനുഷ്ഠിച്ചു. ദേവി പ്രത്യക്ഷപ്പെടുകയും വരം നൽകി അനുഗ്രഹിക്കുകയും ചെയ്തു.

തപസ്വിയായ ശിവനെ വിവാഹജീവിതത്തിലേയ്ക്ക് ആനയിക്കുവാൻ ബ്രഹ്മദേവനും വിഷ്ണുദേവനും പരിശ്രമങ്ങൾ നടത്തേണ്ടിവന്നു. അവരുടെ അഭ്യർത്ഥനയും ആവശ്യവും അറിഞ്ഞപ്പോൾ ജഗ

ത്തിന്റെ ശ്രേയസ്സിനുവേണ്ടി വിവാഹിതനാകാൻ സമ്മതിച്ചു. പക്ഷെ ഒരു കാര്യം അറിയിച്ചിരുന്നു. ഭഗവാന്റെ വാക്കുകളിൽ അവിശ്വാസം ഉണ്ടാകുമ്പോൾ പത്നിയെ ത്യജിക്കും എന്നുള്ളതായിരുന്നു അത്.

കാലം സമാഗതമായപ്പോൾ ദേവി ദക്ഷന്റെയും പത്നിയായ വീരണിയുടേയും (അസ്കിനി) കനിഷ്ഠപുത്രിയായി ജനിച്ചു. 'ഉമ' എന്ന നാമമാണ് മാതാപിതാക്കൾ ആദ്യം നൽകിയത്. 'സതി' എന്ന നാമധേയത്തിലാണ് പ്രസിദ്ധിയാർജ്ജിച്ചത്. ബാല്യത്തിൽ തന്നെ ശിവഭക്തിയിൽ മുഴുകിയ ദേവി യഥാകാലം ശിവനെ പതിയായി ലഭിക്കുവാൻ 'നന്ദാവ്രതം' അനുഷ്ഠിച്ചു. ആ വ്രതം പൂർത്തിയാക്കിയപ്പോൾ ബ്രഹ്മദേവന്റേയും വിഷ്ണുദേവന്റെയും പ്രേരണയാൽ ശിവഭഗവാൻ ദേവിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അഭീഷ്ടവരം പ്രദാനം ചെയ്തു.

ബ്രഹ്മദേവന്റെയും ദേവർഷിനാരദന്റേയും ഉത്സാഹത്താൽ ശിവഭഗവാൻ പരിണയത്തിനുള്ള സന്നാഹങ്ങൾ നടത്തി. സ്വതഃസിദ്ധമായ ജടയും നാഗങ്ങളും പുലിത്തോലും ഭഗവദിച്ഛയാൽ കിരീടവും ആഭരണങ്ങളും പട്ടുവസ്ത്രങ്ങളും ആയി മാറി. ദേവന്മാരോടും ഗണങ്ങളോടും മുനിമാരോടും ഒപ്പം മഹേശ്വരൻ ആഘോഷപൂർവ്വം ദക്ഷരാജധാനിയിൽ എത്തി. ഒരു ശുഭമുഹൂർത്തത്തിൽ ദക്ഷപ്രജാപതി തന്റെ പുത്രിയെ ശിവന് നൽകി. അങ്ങനെ ദാക്ഷായണി ശിവപത്നിയായി.

വിവാഹാനന്തരം കൈലാസത്തിൽ എത്തിയ ശിവസതിമാർ അവിടെ കുറച്ചുകാലം താമസിച്ചതിനുശേഷം ഹിമാദ്രിയിലേക്ക് പോയി. അവിടുത്തെ പ്രകൃതി ഭംഗി ആസ്വദിച്ച് ആഹ്ലാദചിത്തനായി ജീവിച്ച സതീദേവിക്ക് ലൗകികജീവിതത്തോട് വെറുപ്പ് തോന്നി. ദേവി തത്ത്വങ്ങൾ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ചു. ലൗകികജീവിതത്തിൽ മുഴുകി കഴിയുന്ന ആൾക്ക് അതിൽ നിന്ന് മുക്തി നേടുവാനുള്ള കാര്യം ദേവി ഭഗവാനോട് ചോദിച്ചു.

അതിന് ഭഗവാൻ നൽകുന്ന മറുപടി ലൗകിക ജീവിതത്തിൽ മുഴുകി കഴിയുന്ന ഇന്നത്തെ ആളുകൾക്ക് പ്രയോജനപ്രദമാണ്. "ഭക്തിയും ജ്ഞാനവും ഉള്ളവർക്ക് സുഖവും ആനന്ദവും ലഭിക്കും. പ്രത്യക്ഷത്തിൽ തന്നെ ഫലം നൽകുന്നതാണ് ഭക്തി. കലികാലത്തിൽ ഭഗവാൻ ഭക്തിയുടെ പ്രഭാവത്തിന് വശപ്പെട്ടിരിക്കുന്നു. ഭക്തനെ ഭഗവാൻ സഹായിക്കും.ഭക്തിക്ക് നവാംഗങ്ങൾ ഉണ്ട്. 1. ശ്രവണം, 2. കീർത്തനം, 3. സ്മരണം, 4.സേവനം, 5.ദാസ്യം, 6.അർച്ചനം, 7.വന്ദനം, 8. സഖ്യം, 9. സ്വാർപ്പണം (ആത്മസമർപ്പണം)"

വിജ്ഞാനവും കൗതുകവും ഉണർത്തുന്ന ഒന്നാണ് സതീദേവിയുടെ 'രാമപരീക്ഷ'. ഒരിക്കൽ ശിവസതിമാർ കാളപ്പുറത്തു കയറി ഭൂമിയിൽ സഞ്ചരിച്ചു. ദണ്ഡകവനത്തിൽ എത്തിയപ്പോൾ സീതവിരഹാർത്തനായ രാമനേയും ഭ്രാതാവായ ലക്ഷ്മണനേയും കണ്ടു. രാമനെ മഹാദേവൻ പ്രണമിച്ചു. അവരെകുറിച്ച് അറിയുവാൻ താൽപര്യം പ്രകടിപ്പിച്ച് ദേവിയോട് രാമചരിതം വിശദമായി പറഞ്ഞു. ദേവി അവ വിശ്വസിച്ചില്ല. വിശ്വാസമില്ലെങ്കിൽ പരീക്ഷിക്കാനുള്ള അനുവാദവും മഹാദേവൻ നൽകി. സതീദേവി, സീതാദേവിയുടെ വേഷഭൂഷാദികളോടും രൂപഭാവങ്ങളോടും കൂടി രാമസന്നിധിയിൽ എത്തി. ഉടൻ രാമൻ ദേവിയെ പ്രണമിക്കുകയും മഹാദേവനെ കൂടാതെ ഏകയായി വരാനുള്ള കാരണം അന്വേഷിക്കുകയും ചെയ്തു. അപ്പോൾ ഭഗവാൻ പറഞ്ഞത് സത്യമായിരുന്നു എന്ന് ദേവിക്ക് മനസ്സിലായി. തുടർന്നുള്ള ഭാഷണങ്ങളിൽ നിന്നും മഹാദേവനും മഹാവിഷ്ണുവും വിഭിന്നരല്ലെന്നും ദേവിക്ക് അറിയാൻ കഴിഞ്ഞു. അതുകൊണ്ടാണ് വിഷ്ണുവിന്റെ അവതാരമായ രാമനെ ശിവൻ പ്രണമിച്ചതെന്നും ദേവിക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞു. തിരിച്ച് ശിവസന്നിധിയിലെത്തിയ സതീദേവി പശ്ചാത്താപവും ലജ്ജയും കൊണ്ട് മൗനമവലംബിച്ചു. തന്റെ വാക്കുകളിൽ അവിശ്വാസം ഉണ്ടായതോടുകൂടി ഭഗവാന്റെ മനസ്സിൽ ദേവിക്ക് സ്ഥാനം നഷ്ടപ്പെട്ടു. എങ്കിലും സസന്തോഷം ജീവിതം നയിച്ചു. വാഗർത്ഥം പോലെ യോജിച്ചിരിക്കുന്ന ജഗദ്പിതാക്കൾക്ക് ഒരിക്കലും വേർപാട് ഉണ്ടാകുന്നില്ല. അഥവാ ഉണ്ടായാൽ തന്നെയും അവരുടെ സ്വേച്ഛപ്രകാരമാണ് സംഭവിക്കുന്നത്.

ഒരിക്കൽ മുനിമാർ ഒരു വലിയ യാഗം നടത്തി. ദേവന്മാരും മഹർഷിമാരും ഉൾപ്പെടെയുള്ള അനേകം പേർ പങ്കെടുത്ത ആ യാഗത്തിന് ഉത്സവ

പ്രതീതിയാണ് ഉണ്ടായിരുന്നത്. മഹാദേവനും അതിൽ പങ്കെടുക്കാൻ സന്നിഹിതനായി. ഭഗവാനെ കണ്ടപ്പോൾ അവിടെ ഇരുന്നവരെല്ലാം എഴുന്നേറ്റ് പ്രണമിച്ച് സ്തുതിച്ചു. അല്പം കഴിഞ്ഞപ്പോൾ ദക്ഷപ്രജാപതിയും ആഗതനായി. മഹാദേവനൊഴികെ അവിടെ ഉണ്ടായിരുന്നവരെല്ലാം ദക്ഷനെ ആദരിച്ചു. ഭഗവാന്റെ ഈ അവഗണന ദക്ഷനെ കുപിതനാക്കി. തുടർന്ന് അവിടെ വാഗ്വാദങ്ങളും ശാപങ്ങളും അരങ്ങേറി. ദക്ഷാനുകൂലികളും ശിവാനുകൂലികളും തമ്മിൽ നടത്തിയ വാദകോലാഹലങ്ങളുടെ അനന്തരഫലം പിന്നീട് നടന്ന കാര്യങ്ങളിലെല്ലാം പ്രകടമായി.

ദക്ഷപ്രജാപതി ഒരു യാഗം നടത്താൻ നിശ്ചയിക്കുകയും അതിൽ പങ്കെടുക്കുവാൻ എല്ലാവരേയും ക്ഷണിച്ച് വരുത്തുകയും ചെയ്തു. എന്നാൽ ശിവസതിമാരെ മാത്രം ക്ഷണിച്ചില്ല. യാഗത്തെ കുറിച്ച് അറിഞ്ഞ സതീദേവിക്ക് അതിൽ പങ്കെടുക്കണമെന്നുള്ള ആഗ്രഹം ഉണ്ടായി. പല കാരണങ്ങളും പറഞ്ഞ് മഹേശ്വരൻ പിൻതിരിപ്പിക്കാൻ ശ്രമിച്ചു. ഗത്യന്തരമില്ലാതെ ദേവിയുടെ ആഗ്രഹത്തിന് സമ്മതിച്ചു. പരിവാരസമേതം ആഘോഷത്തോടുകൂടി യജ്ഞശാലയിൽ എത്തിയ ദേവിക്ക് അവഗണനയാണുണ്ടായത്. ശിവനെ കൂടാതെ നടത്തുന്ന യജ്ഞത്തെ ദേവി അപലപിച്ചു. ദക്ഷനേയും അദ്ദേഹത്തിന്റെ അനുകൂലികളെയും ചോദ്യം ചെയ്തു. അവസാനം ദക്ഷനിൽ നിന്ന് ലഭിച്ച സ്വശരീരം ത്യജിക്കാൻ ദാക്ഷായണി തീരുമാനിച്ചു. കാറ്റിനേയും അഗ്നിയേയും യോഗമാർഗ്ഗത്തിലൂടെ സ്വന്തം ശരീരത്തിൽ വ്യാപിപ്പിച്ച് പരാശക്തിയായ സതീദേവി ദേഹത്യാഗം ചെയ്തു.

ദക്ഷയാഗ സംഭവങ്ങൾ അറിഞ്ഞ ശിവഭഗവാൻ കുപിതനാകുകയും തന്റെ ജട പറിച്ചെടുത്ത് പർവ്വതത്തിലടിക്കുകയും ചെയ്തു. അപ്പോൾ ഒരു ഭാഗത്തുനിന്ന 'വീരഭദ്രനും' മറുഭാഗത്തുനിന്ന് 'ഭദ്രകാളിയും' ആവിർഭൂതരായി. ശിവാജ്ഞയാൽ അവരും ഭൂതഗണങ്ങളും ദക്ഷയാഗശാലയിൽ എത്തുകയും ദക്ഷാനുകൂലികളെ പീഡിപ്പിക്കുകയും ചെയ്തു. വീരഭദ്രൻ ദക്ഷന്റെ ശിരസ്സ് ഛേദിച്ചു.

ദേവന്മാർ ബ്രഹ്മാവിനൊടൊപ്പം കൈലാസത്തിൽ എത്തി. ശിവഭഗവാനെ സ്തുതിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞത് ഇതാണ്. "അന്യരെ ദ്രോഹിക്കുന്ന പ്രവൃത്തികൾ ഒരിക്കലും ചെയ്യരുത്. അന്യരെ ദ്രോഹിച്ചാൽ തനിക്കു തന്നെ അത് കിട്ടും". ഇത് നമ്മളും മനസ്സിലാക്കേണ്ട ഒരു കാര്യമാണ്.

അനന്തരം വീരഭദ്രനോട് യാഗനാശത്തിന് കാരണക്കാരനായ ദക്ഷന്റെ ശിരസ്സ് കൊണ്ടുവരുവാൻ പരമേശ്വരൻ ആവശ്യപ്പെട്ടു. തല തീയിൽ ഹോമിച്ചതുകൊണ്ട് ഒരു ആടിന്റെ തലയുമായി ദക്ഷന്റെ ശിരസ്സിനെ യോജിപ്പിച്ചു. അതിനുശേഷം ഭഗവാൻ നോക്കിയപ്പോൾ ഉറങ്ങിയെഴുന്നേറ്റതുപോലെ ദക്ഷൻ എഴുന്നേറ്റു. താൻ ചെയ്ത തെറ്റുകൾക്ക് ദക്ഷൻ ക്ഷമായാചനം നടത്തുകയും സ്തുതിക്കുകയും ചെയ്തു. അവിടെ സന്നിഹിതരായ എല്ലാവരേയും അനുഗ്രഹിച്ചുകൊണ്ട് ഭഗവാൻ ഇങ്ങനെ പറഞ്ഞു.

"അല്പബുദ്ധികൾ ജ്ഞാനം സമ്പാദിക്കാതെ എന്നെ പ്രാപിക്കുവാൻ പ്രയത്നിക്കുന്നു. യജ്ഞം കൊണ്ടും തപസ്സുകൊണ്ടും എന്നെ പ്രാപിക്കുവൻ കഴിയുകയില്ല. കർമ്മം കൊണ്ട് പ്രപഞ്ചജീവിതം കടക്കുവാൻ പ്രയത്നിച്ചതുകൊണ്ടാണ് ദക്ഷയാഗം തകർന്നത്. ഞാൻ പരമേശ്വരനാണെന്ന് അറിഞ്ഞ് ബുദ്ധികൊണ്ട് ജ്ഞാനം നേടി കർമ്മം ചെയ്യുക. ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും ഈ ലോകത്തിന് കാരണക്കാരാണ്. ഞാൻ സഗുണനായി മായയോട് ചേർന്ന് സൃഷ്ടിസ്ഥിതി സംഹാരങ്ങൾ ചെയ്യുന്നു. എല്ലാ ജീവജാലങ്ങളിലും ഐക്യം കാണാത്തവർ ത്രിദേവന്മാരിലും വ്യത്യാസം കാണുന്നു. ബ്രഹ്മാവിനോട് ഭക്തി ഉണ്ടായാൽ വിഷ്ണുവിനോട് ഭക്തി ഉണ്ടാകും. വിഷ്ണുവിനോട് ഭക്തി ഇല്ലെങ്കിൽ എന്നിലും ഭക്തി ഉണ്ടാവുകയില്ല. എന്നെ നിന്ദിക്കുന്ന വിഷ്ണുഭക്തനും വിഷ്ണുവിനെ നിന്ദിക്കുന്ന എന്റെ ഭക്തനും തത്വപ്രാപ്തി ലഭിക്കുകയില്ല. നാലുതരത്തിലുള്ള പുണ്യാത്മാക്കൾ എന്നെ ഭജിക്കുന്നു. ആർത്തൻ (ദു:ഖിതൻ) ജിജ്ഞാസു (അറിയാൻ ആഗ്രഹമുള്ളവൻ) അർത്ഥാർത്ഥി (ധനം യാചിക്കുന്നവൻ) ജ്ഞാനി (അറിവുള്ളവൻ) എന്നിവരാണ് അവർ. അവരിൽ ജ്ഞാനിയാണ് ശ്രേഷ്ഠൻ" (സതീഖണ്ഡം 43-ാം അദ്ധ്യായം)

ഭഗവാന്റെ ഈ ഉപദേശങ്ങൾ സാധാരണക്കാരായ മനുഷ്യർക്ക് വേണ്ടിയുള്ളതാണ്. അവിടെ ഉണ്ടായിരുന്ന എല്ലാവർക്കും ഈ വാക്കുകൾ സന്തോഷം പ്രദാനം ചെയ്തു. ദക്ഷപ്രജാപതി യജ്ഞത്തിന്റെ പൂർണ്ണഭാഗം ഭഗവാന് നൽകി. പരബ്രഹ്മസ്വരൂപനായ ശിവഭഗവാന്റെ അനുഗ്രഹത്താൽ ദക്ഷയജ്ഞം പൂർണ്ണമായി.

(സതീദേവിയുടെ ശരീരഭാഗങ്ങൾ 108 ശക്തി പീഠങ്ങളായി മാറിയെന്നും അവിടെയെല്ലാം ശിവ സാന്നിദ്ധ്യം ഉണ്ടെന്നും ദേവീഭാഗവതത്തിൽ പ്രകീർത്തിക്കുന്നു).

ആദിപരാശക്തിയായ സതീദേവിയുടെ സംക്ഷിപ്തചരിതം വായനക്കാർക്കുവേണ്ടി ജഗദ് പിതാക്കൾക്ക് സമർപ്പിക്കുന്നു.

*കുറിപ്പ്: ഭക്തിയുടെ നവാംഗങ്ങൾ – 1. ഭഗവാന്റെ കഥകളും കീർത്തനങ്ങളും ശ്രദ്ധയോടു കൂടി കേൾക്കുന്നതാണ് ശ്രവണം, 2. ഭഗവാന്റെ രൂപം ചിന്തിച്ചുകൊണ്ട് ഉറക്കെ കീർത്തിക്കുന്നത് കീർത്തനം, 3. എല്ലായിടത്തും നിറഞ്ഞിരിക്കുന്ന ഭഗവാനെ നിരന്തരം നിർഭയമായി സ്മരിക്കുന്നത് സ്മരണം, 4. ഭഗവാനെ സേവിക്കുവാൻ ഇന്ദ്രിയങ്ങളെ ഉപയോഗപ്പെടുത്തുന്നത് സേവനം, 5. ഭഗവാന്റെ ദാസനായി കർമ്മങ്ങൾ ചെയ്യുന്നത് ദാസ്യം, 6. പതിനാറ് ഉപചാരങ്ങളാൽ പൂജിക്കുന്നത് അർച്ചന, 7. ധ്യാനത്താലും വാക്കുകളാലും ഭഗവാനെ സ്തുതിച്ച് പ്രണമിക്കുന്നത് വന്ദനം, 8. ഈശ്വരൻ നൽകുന്നത് മംഗളമായാലും അമംഗളമായാലും സ്വന്തം നന്മയ്ക്കുവേണ്ടിയാണെന്ന് വിശ്വസിക്കുന്നത് സഖ്യം, 9. സ്വന്തം കാര്യത്തിനു വേണ്ടി ഒന്നും കരുതാതെ സകലതും ഭഗവാന്റെ സന്തോഷത്തിന് സമർപ്പിക്കുന്നത് സ്വാർപ്പണം (ആത്മാർപ്പണം).*

*ഈ നവാംഗങ്ങൾ ഭാഗവതത്തിലും നാലുതരത്തിലുള്ള ഭക്തന്മാരെക്കുറിച്ച് പറഞ്ഞത് ഭഗവദ് ഗീതയിലും ഉണ്ട്.* ●

## തിരുവനന്തപുരം സഭയുടെ ഭാരവാഹികൾ



**ഡോ. ആർ. അജയകുമാർ വർമ്മ**
പ്രസിഡന്റ്
9447048526



**അജയവർമ്മ രാജ. എം.**
സെക്രട്ടറി
9447411984



**കെ. കെ. വേണുഗോപാൽ വർമ്മ**
ട്രഷറർ
**9446686378**




# ശ്രീ അനന്തപുരി അന്യോന്യം

**പത്മതീർത്ഥക്കരയ്ക്കു വടക്കുവശം, കോട്ടയ്ക്കകം, തിരുവനന്തപുരം**

ബ്രാഹ്മണ - ക്ഷത്രിയ വംശജരുടെ സീമന്തം, അന്നപ്രാശം, ചൗളം, ഉപനയനം, സമാവർത്തനം, സപിണ്ഡി, ആണ്ടുശ്രാദ്ധം എന്നീ ചടങ്ങുകൾ വിധിയാംവണ്ണം നടത്തുന്നതിനുള്ള പുണ്യസ്ഥലം



**ബന്ധപ്പെടുക: ജി. രാമവർമ്മ ( സെക്രട്ടറി) : 9447744915**



# ഭിക്ഷുഗീതം

**ഗായത്രീ വർമ്മ,** തൃപ്പൂണിത്തുറ

മനുഷ്യമനസ്സിന്റെ അഗാധതയിൽ പതിഞ്ഞു കിടക്കുന്ന ചില സ്വഭാവവൈകൃതങ്ങൾ ദൂരീകരിച്ച് മനസ്സിനെ ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കൊച്ചുകൊച്ചു കഥകളിലൂടെ സ്പഷ്ടമാക്കുക എന്നതാണ് ഭഗവാൻ ശ്രീകൃഷ്ണൻ ഭിക്ഷു ഗീതത്തിലൂടെ ഉദ്ദേശിക്കുന്നത്. മനസ്സിന്റെ സ്ഥായി യായ സന്തോഷവും സമാധാനവുമാണ് ഗീതങ്ങ ളുടേയും ഗീതയുടേയും പരമമായ ലക്ഷ്യം. പുരാ ണങ്ങളിൽ അവിടവിടെയായി ഗീതങ്ങളും ഗീതക ളും ധാരാളം കാണാം – നാരദഗീത, ഗണേശഗീത, അഷ്ടാവക്രഗീത, അവധൂത ഗീത, ഗുരുഗീത, ഭ്രമര ഗീതം, ഉദ്ധവഗീതം, ഭിക്ഷുഗീതം, ഗീതാഗോവിന്ദം– തുടങ്ങിയവ. ഇവയിൽ നിന്നെല്ലാം വേറിട്ടു നിൽ ക്കുന്നു 'ഭഗവത് ഗീത'

തന്റെ സ്വർഗ്ഗാരോഹണം അടുത്തു എന്ന സത്യം ശ്രീകൃഷ്ണൻ ഉദ്ധവരെ ധരിപ്പിക്കുന്നു. ഉദ്ധവരാകട്ടെ തന്നെ കൂടി കൊണ്ടുപോകണമെന്ന് താണ് അപേക്ഷിക്കുന്നു. ഭഗവാനില്ലാത്ത ഈ ലോകം ഇരുൾ നിറഞ്ഞ വനമാണെന്നും തനി യ്ക്കിവിടെ വസിക്കുക അസാദ്ധ്യമാണെന്നും ശഠിച്ച ഉദ്ധവരെ സ്വാന്ത്വനിപ്പിക്കാനും പ്രബുദ്ധ നാക്കുവാനുമായി ഉപദേശിച്ചതാണ് ഉദ്ധവഗീതം. ഭാഗവതത്തിലെ 'പതിനൊന്നാം സ്കന്ദ'ത്തിൽ ഇതു വിസ്തരം പ്രതിപാദിക്കുന്നുണ്ട്.

എന്നിട്ടും തന്റെ സംശയങ്ങൾ തീരാതെ ഉദ്ധവർ വീണ്ടും വീണ്ടും പ്രശ്നങ്ങൾക്ക് പരിഹാരം ചോദിക്കുന്നു. അവയുടെ വിശദമായ ആഖ്യാനം (11/23/42 57) അതായത് ഏകാദശ സ്കന്ധത്തിലെ 23–ാമത്തെ അദ്ധ്യായത്തിലെ 42 മുതൽ 57 വരെ ശ്ലോകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ ആഖ്യാനമാണ് 'ഭിക്ഷുഗീത' മെന്ന പേരിൽ അറിയപ്പെടുന്നത്. ഉദ്ധവരുടെ പതിനെട്ടാമത്തെ ചോദ്യത്തിനുത്തരമായി ഒരു കഥയിലൂടെ ആത്മ ശാന്തിയുടെ പൊരുൾ ഭഗവാൻ വെളിവാക്കുന്നു.

അവന്തി ദേശത്ത് ആണ് ആ ധനവാനായ ബ്രാഹ്മണൻ ജീവിച്ചിരുന്നത്. അപാരമായ സമ്പ ത്തിനോടൊപ്പമുള്ള എല്ലാ നീച വികാരവിചാര ങ്ങളും അയാളെ ഭരിച്ചിരുന്നു. കൃപണത അയാ ളുടെ കൂടപ്പിറപ്പായിരുന്നു. കള്ളവും ചതിയും ലോഭവും സ്വന്തം കാര്യസാധ്യത്തിനായി അയാൾ നിർലോഭം ഉപയോഗിച്ചിരുന്നു. നിധി കാക്കുന്ന ആ ഭൂതത്തിനെ ക്രമേണ ഭാര്യയും മക്കളും ഉപേക്ഷി ച്ചു. കോപശീലനും അധർമ്മിയുമായ ആ വിപ്രനെ ബന്ധുക്കളും നാട്ടുകാരും കൈവെടിഞ്ഞു. ഒറ്റ യ്ക്കായപ്പോൾ സർവ്വത്രന്ത സ്വതന്ത്രനായ ആ ബ്രാഹ്മണൻ ക്രമേണ അധർമ്മത്തിന്റെയും അനാ ചാരത്തിന്റെയും അനുഗാമിയായി മാറി. ദുർവൃത്തി കളിലൂടെ ധനം ചോർന്നുപോകുന്നതയാൾ അറി ഞ്ഞില്ല. തന്നിമിത്തം അധർമ്മ വഴിക്കും ധനം കൈവിട്ടുപോകുന്നതറിഞ്ഞില്ല. ധനലാഭത്താൽ ആഹാര നീഹാരങ്ങൾ പോലും തുലോം ചുരുക്കി. അങ്ങനെ ഒറ്റപ്പെട്ടവനായി കഴിഞ്ഞുകൂടി.

പക്ഷേ കൊള്ളക്കാരും കള്ളന്മാരും ഈ അവ സരം ഫലപ്രദമായി ഉപയോഗിച്ചു. ധനത്തിനോ ടൊപ്പം ആരോഗ്യവും ക്രമേണ ക്ഷയിച്ചുവന്നു. കാലം തന്റെ കൈവേല ആ ശരീരത്തിൽ കാട്ടിയ തോടെ മനസ്സുതളരാൻ തുടങ്ങി. ധനവും ക്ഷയിച്ചു. ആരോഗ്യവും നഷ്ടമായി സഹായത്തിനും ആരു മില്ലാതായതോടെ ആ വൃദ്ധൻ തന്റെ പിന്നിട്ട പാത യിലേക്കു തിരിഞ്ഞുനോക്കി. സ്വന്തമായി നേടിയ തൊക്കെ കൈവിരലുകൾക്കിടയിലൂടെ ചോർന്നു പോയ സത്യം അദ്ദേഹത്തെ അമ്പരിപ്പിച്ചു. എന്തു നേടി? എന്തു നഷ്ടമായി? ബുദ്ധിഭ്രമം ബാധിച്ച വനെപ്പോലെ, കഴിഞ്ഞ ജീവിതത്തിലേക്കയാൾ മനഃക്കണ്ണുകളാൽ തിരിഞ്ഞുനോക്കി. ഹതപ്രഭ നായി ചിന്തയിൽ മുഴുകി ഒട്ടുനേരം നിശ്ചലനായി ഇരുന്നുപോയി. ചെയ്തുകൂട്ടിയ ദുഷ്കർമ്മ

ങ്ങൾക്കു പ്രായശ്ചിത്തം ചെയ്തേ മതിയാകു എന്ന സത്യം മുമ്പിൽ തെളിഞ്ഞപ്പോൾ വിപ്രൻ മറ്റൊരാളായി മാറി. പൂർവ്വജന്മ പുണ്യം കൊണ്ടാകാമത്. മുജ്ജന്മ സുകൃതം അയാൾക്ക് വഴികാട്ടിയായി. പാഴായ ജന്മകാലമോർത്ത് പരിഭ്രമിക്കാതെ, തെറ്റുകളിൽ നിന്നും തെളിഞ്ഞ 'ശരികൾ' സ്വായത്തമാക്കി ഉറച്ച മനസ്സോടെ, നാടും വീടും, നേടിയതൊക്കെയുമുപേക്ഷിച്ചിട്ട് ഭിക്ഷാംദേഹിയായി യാത്രയായി ലക്ഷ്യമില്ലാതെ യാത്രതിരിച്ചു. അവധൂതന്മാരുമായുള്ള സംസർഗ്ഗത്താൽ മനസ്സും ബുദ്ധിയും പാതയും തെളിഞ്ഞു.

കാലം കടന്നുപൊയ്ക്കൊണ്ടേയിരുന്നു. ത്രിവേണിയിൽ മുങ്ങി നിവർന്നതോടെ കൈവശമുണ്ടായിരുന്ന അല്പ വസ്തുക്കളും-കമണ്ഡലു, പീഠം, കുശക്ഷയ സൂത്രം, പാദുകം, ദണ്ഡ്, എല്ലാം ദാനം ചെയ്തു. സർവ്വസംഗ പരിത്യാഗിയായി. മൗനം, വ്രതമായി സ്വീകരിച്ചു. ധനാഢ്യനെ ഇങ്ങനെ കണ്ടപ്പോൾ നാട്ടുക്കാരും വീട്ടുകാരും പരിഹസിച്ചു. ധനം നഷ്ടപ്പെട്ടപ്പോൾ കള്ള സന്യാസിയായി വേഷം കെട്ടിയതാണെന്നവർ പുച്ഛിച്ചു. നാട്ടുകാർ അയാളെ കെട്ടിയിട്ടു മർദ്ദിച്ചു. വിസർജ്ജ്യങ്ങൾ കൊണ്ടഭിഷേകം ചെയ്തു. എല്ലാം സഹിച്ചു മൗനമായിതന്നെ. രാത്രിയായപ്പോൾ സ്വസ്ഥനായി ഒരിടത്ത് ചെന്നിരുന്ന് ആ വിപ്രൻ ചിന്തിച്ചു. "നല്ലവനാകാൻ ശ്രമിച്ച എനിക്കീയനുഭവങ്ങൾ വന്നതെന്തുകൊണ്ടാണ്? തീർച്ചയായും ഭഗവാന്റെ കളിയല്ല, വിധിയുടെ കുറ്റവുമല്ല. എന്റെ സുഖദുഃഖങ്ങൾക്ക് കാലമോ കർമ്മഫലമോ കുറ്റക്കാരല്ല. കാലം തിരിഞ്ഞതല്ല ഞാൻ തിരിച്ചതാണ്.

എന്റെ മനസ്സു തന്നെയാണ് ഒക്കെക്കും കുറ്റക്കാരൻ. ഞാൻ എന്റെ മനസ്സിനെ സംയമനത്തിൽ വച്ചില്ല. അതിനെ വേണ്ട സമയത്തു നിയന്ത്രിച്ചില്ല. കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ഞാൻ മനസ്സിനെ അഴിച്ചുവിട്ടു. ജ്ഞാനവും കർമ്മവും കാലവും എന്നെ അകമ്പടി സേവിച്ചിട്ടും ഞാൻ മനസ്സിനെ നേർവഴിക്കു നയിച്ചില്ല. സൂചിയും കാന്തവും അടുത്തുവന്നാലെ ആകർഷിക്കൂ. അകറ്റി പിടിക്കാനുള്ള മനസ്സുറപ്പ് എനിക്കുണ്ടായില്ല. ധനം വേണ്ട വഴിക്കു വിനിയോഗിക്കാൻ കഴിയാത്തതിൽ കാലത്തിനോ ഈശ്വരനോ ഒരു ദോഷവുമില്ല. ഈശ്വരനേയും അനുഗ്രഹത്തിനേയും ഒക്കെ എന്റെ മനോബലം കൊണ്ട് എനിക്കു നേടാമായിരുന്നു. ദൃഢനിശ്ചയത്തിലൂടെ ഈശ്വരനെ പ്രഹ്ളാദൻ മുമ്പിൽ കൊണ്ടുവന്നില്ലേ? ബാലനായ ധ്രുവൻ ഈശ്വരനെ നേടിയില്ലേ ദൃഢനിശ്ചയത്തിലൂടെ. ദൃഢനിശ്ചയത്തിലൂടെ മുനിമാർ വരം നേടുന്നതുപോലെ ഇളകാത്ത മനസ്സുണ്ടായതു കൊണ്ടല്ലേ ? എല്ലാ മനുഷ്യർക്കും വരപ്രാപ്തി നേടാം പക്ഷേ മനസ്സിന് അചഞ്ചലമായി വിശ്വാസവും ദൃഢനിശ്ചയവും ഉണ്ടായിരിക്കണം. മനസ്സിന്റെ ദ്വന്ദഭാവം മാറി ദൃഢതയിലെത്തിയാൽ മനസ്സിന്റെ അപാരശക്തി ഉണരും. ഭിക്ഷു ഈ തത്വം ഉറച്ച വിശ്വാസത്തോടെ സ്വായത്തമാക്കി.

ഭിക്ഷുഗീതത്തിലൂടെ മനസ്സിന്റെ മഹത്തായ ഈ കഴിവാണ് ഭഗവാൻ ഉദ്ധവന് മനസ്സിലാക്കിക്കൊടുത്തത്. "ആർക്കും ഈ കഴിവിലൂടെ എന്നെ നേടാം, ഈ കഴിവിലൂടെ, ഈ കഴിവിലൂടെ മാത്രം" ഭഗവാൻ പറഞ്ഞു. ഏതാണോ ശരി അതിൽ ഉറച്ചു വിശ്വസിക്കുക. പക്ഷേ ഈ 'ശരി' കണ്ടുപിടിക്കുവാൻ ജ്ഞാനവും കർമ്മവും ആവശ്യമാണ്. ഭഗവാൻ തുടർന്നു പറഞ്ഞു: "ഓരോന്നിനും ഓരോ ജോലിയും ഗുണവും നിശ്ചയിച്ചിട്ടുണ്ട്. അതിനെ മാറ്റിമറിക്കുവാൻ ഞാനും അശക്തനാണ്. അഗ്നിയുടെ ജോലി തപിപ്പിക്കുക, കാലത്തിന്റെ പ്രയാണം മുന്നോട്ടു മാത്രം പോകുകയാണ്. ധർമ്മത്തിന്റെ ജോലി മറ്റുള്ളവരെ രക്ഷിക്കുക. എല്ലാം മുന്നോട്ടുമാത്രം പുറകിലേക്ക് മടങ്ങാനാവില്ല. ഭിക്ഷുഗീതത്തിന്റെ മൂലതത്വവും ഇതു തന്നെ."

തിരയടങ്ങിയ കടൽ പോലെ നമ്മുടെ മനസ്സിനെ സ്വഛന്ദമാകാൻ സഹായിക്കുന്നതാണ് ഭിക്ഷുഗീതം. അനുഭവങ്ങളുടെ അഗ്നിയിൽ സ്ഫുടം ചെയ്ത സത്യങ്ങൾ തിരിച്ചറിഞ്ഞ അവന്തി വിപ്രൻ പ്രശാന്തമായ മനസ്സോടെ അന്തർമുഖനായി അവസാനം സായൂജ്യമടയുന്നു.

ഗീതങ്ങൾ എല്ലാം തന്നെ സാധാരണ മനസ്സിനു ഗ്രഹിക്കാനും പാലിക്കാനും അല്പം ദുഷ്കരമാണെന്നാലും തികഞ്ഞ സത്യങ്ങൾ മാത്രമാണവ. അസാധാരണമോ അസാദ്ധ്യമോ ആയ ഒന്നും തന്നെ അവ പറയുന്നില്ല. മനസ്സിന് ഉറച്ച വിശ്വാസമുണ്ടെങ്കിൽ കഠിനമായി ശ്രമിച്ചാൽ എല്ലാം സാധിക്കാം, അസാദ്ധ്യമായി ഒന്നുമില്ല. ●

# നെപ്പോളിയന്റെ നാട്ടിൽ – 5



**ശ്രീപ്രസാദ് വടക്കേപ്പാട്ട്,** മുംബൈ

## CDG യിൽ ഒരു കട്ടപ്പനക്കാരൻ

പാരീസിലെ CDG എയർപോർട്ടിലെ 2C ടെർമിനലിലാണ് സംഭവം നടന്നത്. ഒരു ഭക്ഷണസ്റ്റാളിന്റെ മുന്നിൽക്കിടന്ന കസേരയിലിരുന്ന് ഞാനയാളെ ശ്രദ്ധിച്ചു. ഒരു കൂസലുമില്ലാതെ അയാൾ എന്റെ അടുത്തേക്കുതന്നെ വരികയായിരുന്നു. അയാളുടെ നോട്ടം എന്റെ കണ്ണുകളിലേക്കുതന്നെ. നടന്നുനടന്ന് തൊട്ടടുത്തെത്തി. ഞാനറിയാതെ ഇരുന്നിടത്തുനിന്നും എഴുന്നേറ്റു. ഹസ്തദാനത്തിനെന്നപോലെ അയാൾ കൈനീട്ടിയപ്പോൾ, ഒരു സങ്കോചത്തോടെ ഞാനും കൈനീട്ടി.

“മലയാളിയാണല്ലേ?” ആ ചോദ്യം കേട്ട് ഞാൻ അമ്പരന്നു. അയാളുടെ നോട്ടത്തിൽക്കണ്ട പന്തികേടുകൊണ്ടാണ് രക്ഷപ്പെടാനായി പബ്ലിക് ഫോണിന്റെ സമീപത്തുനിന്നും മാറിയത്. മനസ്സിൽ തോന്നിയ പേടിയെല്ലാം മലയാളം കേട്ടതോടെ ആവിയായി.

‘‘ഞാൻ ഇയാളെ ശ്രദ്ധിക്കുന്നതു കണ്ട് പേടിച്ചുവോ? താൻ ഫോണിൽ സംസാരിക്കുമ്പോൾ പുറകിൽ ഞാനുണ്ടായിരുന്നു. മലയാളിയാണെന്ന് മനസ്സിലായി.” അയാൾ ചിരിച്ചുകൊണ്ട് ഞാനിരുന്നതിന്റെ അടുത്ത കസേരയിൽ ഇരുന്നു. ആശ്വാസത്തോടെ, അതിനേക്കാളേറെ സന്തോഷത്തോടെ ഞാനും. അപരിചിതമായ സ്ഥലത്ത് ഒരു സ്വന്തക്കാരനെ കണ്ടപ്പോൾ മറുപടി പറയാനായി എനിക്ക് വാക്കുകളൊന്നും കിട്ടിയില്ല.

അദ്ദേഹം സ്വയം പരിചയപ്പെടുത്തി. പേര് സെബാസ്റ്റ്യൻ. കട്ടപ്പനയാണ് സ്വദേശം. ബാംഗ്ളൂരിലെ ഒരു കമ്പനിയിൽ എൻജിനീയറായി ജോലി ചെയ്യുന്നു. CDGയിൽ ആറുമണിക്ക് ലാൻഡ് ചെയ്ത ബാംഗ്ലൂർ പാരീസ് വിമാനത്തിലാണ് സെബാസ്റ്റ്യൻ വന്നത്. എന്തോ ഔദ്യോഗിക ആവശ്യത്തിനായി ജർമ്മനിയിലെ Bremen എന്ന സ്ഥലത്തേക്കുള്ള യാത്രയിലായിരുന്നു അദ്ദേഹം. 2E ടെർമിനലിൽനിന്നാണ് അവിടേക്കുള്ള വിമാനം കയറേണ്ടത്. Bremen എന്ന സ്ഥലത്തെക്കുറിച്ച് ആദ്യമായാണ് ഞാൻ കേൾക്കുന്നത്. സെബാസ്റ്റ്യന്റെ രണ്ടാമത്തെ യാത്രയാണ് അവിടേക്ക്. ആ സ്ഥലത്തെക്കുറിച്ച് അദ്ദേഹം വിശദമായിത്തന്നെ പറഞ്ഞുതന്നു. വടക്കൻ ജർമ്മനിയിലെ ഒരു തുറമുഖനഗരമാണ് ബ്രെമെൻ. ഹാംബർഗ് കഴിഞ്ഞാൽ ജർമ്മനിയിലെ രണ്ടാമത്തെ വലിയ തുറമുഖം. വെസർ നദീതീരത്ത് സ്ഥിതിചെയ്യുന്ന ബ്രെമെൻ ജർമ്മനിയിലെ പ്രമുഖ സാംസ്കാരിക സാമ്പത്തികകേന്ദ്രം കൂടിയാണ്. ഒട്ടനവധി ചരിത്രസ്മരണകളും, സ്മാരകങ്ങളും ബ്രെമെൻ നഗരത്തിന് അവകാശപ്പെടാനുണ്ട്. 1200 വർഷങ്ങളുടെ ചരിത്രമുള്ള സെന്റ് പീറ്റർ പള്ളിയാണ് അതിൽ മുഖ്യം. അതിസുന്ദരമായ ഈ നഗരം ഒട്ടനവധി വിനോദസഞ്ചാരികളെ ആകർഷിക്കുന്നു.

സെബാസ്റ്റ്യന്റെ ജർമ്മനിയിലേക്കുള്ള വിമാനം പതിനൊന്നു മണിക്കായിരുന്നു. ഞങ്ങൾ 2C ടെർമിനലിൽ കുറച്ചു സമയം ചുറ്റിക്കറങ്ങി. നമ്മുടെ നാട്ടിൽനിന്നും വ്യത്യസ്തമായി അവിടെ കണ്ട പ്രധാന കാര്യം, യാത്രക്കാരനെ എല്ലാ കാര്യങ്ങളിലും സഹായിക്കുന്നത് ചൂണ്ടുപലകകളാണ് (sign boards). ആരും ആരെയും ആശ്രയിക്കുന്നില്ല. എന്തെങ്കിലും കാര്യത്തിന്, ആരോടെങ്കിലും അന്വേഷിച്ചാലും മറുപടി കിട്ടുമെന്ന് ഒരു ഉറപ്പുമില്ല.

പാരീസിനെക്കുറിച്ച് അറിയേണ്ട എല്ലാ കാര്യങ്ങളും, കൂടാതെ ഫ്രാൻസിലെ മറ്റു സ്ഥലങ്ങളെ

ക്കുറിച്ചുള്ള വിവരങ്ങളും അടങ്ങിയ ലഘുലേഖ കൾ ധാരാളമായി എയർപോർട്ടിലെ പല സ്ഥലങ്ങ ളിലും വെച്ചിട്ടുണ്ടായിരുന്നു. നമുക്ക് ആവശ്യമുള്ള തെല്ലാം എടുക്കാം. ഞാൻ ആ യാത്രയിൽ പോയ മറ്റ് പ്രധാന സ്ഥലങ്ങളിലും ഈ സൗകര്യം ഉണ്ടാ യിരുന്നു. വിശദമായ മാപ്പും ബസ്സ് മെട്രോ റൂട്ടു കളും ഈ ലഘുലേഖകളിൽ കൃത്യമായി രേഖ പ്പെടുത്തിയിട്ടുണ്ട്. ഈ വിവരങ്ങളും ചൂണ്ടു പലക കളും, മറ്റൊരാളുടെ സഹായമില്ലാതെ എവി ടെയും പോകാൻ ഒരു സഞ്ചാരിയെ സഹായി ക്കുന്നു. ഇത്തരമൊരു സംസ്കാരം നമ്മുടെ നാട്ടി ലെ പ്രധാന വിനോദസഞ്ചാരപ്രദേശങ്ങളിലും, മെട്രോസിറ്റികളിലും വിദൂരഭാവിയിൽ പോലും വരുമെന്ന് തോന്നുന്നില്ല.

CDG വിമാനത്താവളത്തിലെ വലിയ ടെർമിന ലായ T2ൽ, 2A തൊട്ട് 2G വരെ സബ് ടെർമിന ലുകൾ ഉണ്ടെന്നുള്ള കാര്യം നേരത്തേ പറഞ്ഞി രുന്നുവല്ലോ. ഇതിൽ A മുതൽ F വരെയുള്ളവ നട പ്പാതകളിലൂടെ ബന്ധിപ്പിച്ചിരിക്കുന്നു. 2G ഏക ദേശം ഒരു കിലോമീറ്ററോളം അകലെയാണ്. ഫ്രാൻസിലെ ആഭ്യന്തര വിമാനസർവ്വീസുകൾ കൈകാര്യം ചെയ്യുന്നത് 2G യിൽനിന്നാണ്. എല്ലാ ടെർമിനലുകളേയും ബന്ധിപ്പിച്ചുകൊണ്ട് ബസ്സ് സർവ്വീസ് ഉണ്ട്. ഈ ബസ്സ് യാത്ര ഏതൊരാൾക്കും സൗജന്യവുമാണ്. വിമാനത്താവളം ഏതാണ്ട് പൂർണ്ണമായും കാണുന്നതിന് ഈ സർവ്വീസ് സഹായിക്കും. സെൻട്രൽ പാരീസിലേക്കുള്ള ട്രെയിൻ സർവ്വീസും വിമാനത്താവളത്തിൽ നിന്നുമുണ്ട്. അതുമാത്രമല്ല, ഫ്രാൻസിലെ ഹൈ സ്പീഡ് തീവണ്ടി സർവ്വീസായ TGV യുടെ 'AḤroport Charles de Gaulle 2 TGV' സ്റ്റേഷൻ ദീർഘദൂര തീവണ്ടിയാത്രക്കാർക്ക് വളരെ സൗ കര്യമാണ്. ഫ്രാൻസിലെ ഒട്ടുമിക്ക നഗരങ്ങളി ലേക്കും ഇവിടെനിന്ന് അതിവേഗ തീവണ്ടിയാത്ര സാദ്ധ്യമാണ്.

സെബാസ്റ്റ്യന്റെ, ജർമ്മനിയിലേക്കുള്ള വിമാനം പതിനൊന്നു മണിക്കായതിനാൽ ഒൻപതുമണി കഴിഞ്ഞപ്പോൾ അദ്ദേഹം 2E ടെർമിനലിലേക്ക് തിരിച്ചു. എന്റെ ബ്രെസ്റ്റിലേക്കുള്ള വിമാനം പന്ത്ര ണ്ടു മണിക്കാണ്. 2G യിൽ പത്തരക്കെത്തിയാലും മതി. സെബാസ്റ്റ്യൻ പോയശേഷം ഞാൻ ടെർമിന ലുകളെ ബന്ധിപ്പിച്ചോടുന്ന ബസ്സുകളിലൊന്നിൽ കയറി. അതിൽ യാത്രക്കാരായി കുറച്ചുപേർ മാത്രം. പുറത്തുള്ള തണുപ്പിൽനിന്ന് രക്ഷനേടാനും ഈ ബസ്സ്യാത്ര സഹായിക്കും. എല്ലാ ബസ്സുകളിലും ഹീറ്റർ ഉണ്ട്. നാട്ടിലെ കാലാവസ്ഥയിൽനിന്നും, ബസ്സുകളിൽനിന്നും നേരെ വിപരീതം! എല്ലാ ടെർ മിനലുകളിലും ഞാൻ കയറിയിറങ്ങി. അവിടുത്തെ കാഴ്ചകൾ കാണുന്നതിനേക്കാളുപരി ഫ്രാൻസി നെപ്പറ്റിയുള്ള പല തരത്തിലുള്ള information brochure-കൾ സംഘടിപ്പിക്കലായിരുന്നു പ്രധാന ഉദ്ദേശ്യം. ഇംഗ്ലീഷിലുള്ള ലഘുലേഖകൾ എല്ലാ സ്ഥലങ്ങളിലും ഉണ്ടായിരുന്നില്ല. ഒറ്റനോട്ടത്തിൽ, അച്ചടിച്ചിരിക്കുന്ന ഭാഷ ഇംഗ്ലീഷാണോ ഫ്രഞ്ചാ ണോ അതോ സ്പാനിഷ് ആണോ എന്ന കാര്യം മനസ്സിലാക്കാൻ പ്രയാസവുമായിരുന്നു! ഒരു പുതിയ സ്ഥലം എന്നതൊഴിച്ചാൽ, വിശാലമായ എയർ പോർട്ടിൽ കാണാനായി പ്രത്യേകിച്ച് കാഴ്ച കളൊന്നും ഉണ്ടായിരുന്നില്ലെന്നതാണ് വാസ്തവം.

പത്തുമണിയായപ്പോഴേക്കും ഒറ്റക്ക് കറങ്ങി നടന്ന് മതിയായി. ഒരു ബസ്സിൽ കയറി ഞാൻ 2G ടെർമിനലിലെത്തി. മുംബൈയിൽനിന്നും ബ്രെസ്റ്റി ലേക്ക് ചെക്ക് ഇൻ ചെയ്തതിനാൽ പാരീസിൽ ബോർഡിങ്ങ് പാസ്സ് എടുക്കേണ്ട കാര്യമുണ്ടായി രുന്നില്ല. നേരേ സുരക്ഷാപരിശോധനയ്ക്കായി ചെന്നു. അവിടെ വലിയ തിരക്കൊന്നുമില്ല. ആഭ്യ ന്തരയാത്ര ആയിരുന്നിട്ടുകൂടി പരിശോധന കടുത്ത തായിരുന്നു. ആറര അടിയിലേറെ ഉയരമുള്ള, ആഫ്രിക്കൻ വംശജനായ ഒരാളായിരുന്നു പരി ശോധനക്കാരൻ. ഷൂസും, സോക്സും, വാച്ചു മെല്ലാം അഴിച്ച് ഒരു ട്രേയിലിട്ട് സ്കാൻ ചെയ്യണം. ജാക്കറ്റിനും വേണം ഇതേ പരിശോധന. ശരീരം മുഴുവൻ കൈകൊണ്ട് തപ്പി നോക്കും. അതെല്ലാം കഴിഞ്ഞ് ഗേറ്റിലെത്തിയപ്പോഴേക്കും സമയം പതിനൊന്നു മണി. കൈയിൽ കരുതിയിരുന്ന പഴവും ബ്രെഡ്ഡും വിശപ്പിന് ചെറിയ ആശ്വാസ മായി. വിമാനത്തിന് കാത്തിരിക്കുന്നവരായി അധികം ആളുകളൊന്നുമില്ല. ഒന്നുരണ്ട്

*ശേഷം 81-ൽ*

# ബാഷ്പാഞ്ജലി



തിരുവല്ല പാലിയക്കര കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി പടിഞ്ഞാറേ കൊട്ടാരത്തിൽ **ഉത്തൃട്ടാതി തിരുനാൾ ലക്ഷ്മിക്കുട്ടി തമ്പുരാട്ടി** (99) അന്തരിച്ചു.

ഭർത്താവ്: പന്തളം കൊച്ചു കോയിക്കൽ പി. ആർ. രാഘവവർമ്മ തമ്പുരാൻ. മക്കൾ: പരേതനായ രാമവർമ്മ തമ്പുരാൻ (റിട്ട. ഇന്ത്യൻ റെയിൽവേ), ശ്രീകുമാര വർമ്മ (റിട്ട. ബാങ്ക് ഉദ്യോഗസ്ഥൻ). മരുമക്കൾ: ഗിരിജ തമ്പുരാട്ടി (ചിറളയം പാലസ്), പരേതയായ നളിനി തമ്പുരാട്ടി (ചിറളയം പാലസ്)



കണ്ണൂർ ചെറുകുന്ന് കവിണിശ്ശേരി കോവിലകത്തെ വലിയ തമ്പുരാട്ടി **ശാന്താഭായ് അമ്മ റാണി** (94) അന്തരിച്ചു. രാരോത്ത് കോവിലകത്ത് പരേതനായ വീരവർമ്മ രാജായുടെ സഹധർമ്മിണി ആണ്. മക്കൾ: വൽസലാഭായി (റിട്ട. അദ്ധ്യാപിക), ശശികുമാർ വർമ്മ (റിട്ട. കെൽട്രോൺ), ശ്രീകുമാർ വർമ്മ (റിട്ട. ബാങ്ക് ഉദ്യോഗസ്ഥൻ) ശ്രീകലാ വർമ്മ, മംഗള വർമ്മ (അദ്ധ്യാപിക). മരുമക്കൾ: പരേതനായ പി സി എം രാജ, വിജയ കുമാരി, കൗമുദി വർമ്മ, മധുസൂദന വർമ്മ രാജ, പരേതനായ വിക്രം രാജ.



തൃപ്പൂണിത്തുറ കൊച്ചി ക്ഷത്രിയ സമാജത്തിലെ തലമുതിർന്ന അംഗവും മുൻ പ്രസിഡന്റും മഹിളാവിഭാഗം പ്രസിഡന്റുമായിരുന്ന തൃപ്പൂണിത്തുറ കണ്ണാടികോവിലകം കുടുംബാംഗം **കെ. സരോജം** (88) അന്തരിച്ചു. മുൻ ഡി.ഇ.ഒ. ആയിരുന്നു.

ഭർത്താവ്: കോട്ടവട്ടത്ത് പരേതനായ രാമചന്ദ്രൻ പോറ്റി. മക്കൾ: അഡ്വ. അജിത് കുമാർ, അനിൽ കുമാർ, മമത.


മരുമക്കൾ: ജയ ദേവി, മണികർണിക, ഹരികുമാർ.



ക്ഷത്രിയക്ഷേമസഭ മുൻ സംസ്ഥാന വൈസ് പ്രസിഡണ്ടും കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറിയും റിട്ടയേർഡ് തഹസിൽദാറുമായ ഇരിട്ടി, കീഴൂർ സൗപർണികയിൽ ടി. എം. ശ്രീകുമാറിന്റെ സഹധർമ്മിണി **കീഴൂരിടത്തിൽ മാധവിയമ്മ** (63) നിര്യാതയായി. പരേതരായ കനകത്തടത്തിൽ കുഞ്ഞികൃഷ്ണൻ വാഴുന്നവരുടെയും കീഴൂരിടത്തിൽ തങ്കമ്മയുടെയും മകളാണ്. മകൾ: കെ.ശ്രീവിദ്യ (അധ്യാപിക, ഇരിട്ടി ഹയർ സെക്കൻഡറി സ്കൂൾ). മരുമകൻ: എം.പി. അനിൽ കുമാർ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഇരിട്ടി താലൂക്ക് ആശുപത്രി)

# കൗതുക കഥകൾ

**ഡോ. ആർ. പി. രാജാ,** തിരുവനന്തപുരം



നമ്മുടെ നാട്ടിൽ കുട്ടികളും മുതിർന്നവരും ഒരുപോലെ ആസ്വദിക്കുന്ന ഒരു വിഭാഗമാണല്ലോ 'ഐതിഹ്യ കഥകൾ'. അതുപോലെയാണ് പാശ്ചാത്യനാടുകളിൽ, കുട്ടികളും മുതിർന്നവരും 'ഫെയറി ടെയിൽസ്' ആസ്വദിക്കുന്നത്. ഇവിടെ ഞാൻ 'ഫെയറി ടെയിൽസ്'എന്ന് തന്നെ ഉപയോഗിച്ചിരിക്കുന്നത് മനപൂർവം തന്നെയാണ്. നാമങ്ങളെ പരിഭാഷപ്പെടുത്താനോ വികലമാക്കപ്പെടുത്താനോ പാടില്ല എന്ന അഭിപ്രായക്കാരനാണ്. അവയെ ആദ്യമൊക്കെ പരിചയമില്ലെങ്കിലും, കാലക്രമത്തിൽ ഉപയോഗംകൊണ്ട് നാം പരിചയപ്പെടുന്നു. ഉദാഹരണത്തിന് ഈ കമ്പ്യൂട്ടർ യുഗത്തിൽ എത്ര വിദേശപദങ്ങളാണ് നാം സ്വായത്തമാക്കിയിരിക്കുന്നത്, നമ്മുടെ നിഘണ്ഡുക്കളിൽ സ്ഥലം പിടിച്ചിരിക്കുന്നത്. അതുകൊണ്ട് 'ഫെയറി' എന്ന നാമം തന്നെ ഉപയോഗിക്കുകയാണ്. അതാണ് ഭംഗിയും ന്യായവും. നമ്മുടെ കഥകളിൽ യക്ഷി, ഗന്ധർവൻ എന്നൊക്കെ പറയുന്ന ചില വിഭാഗക്കാർ ഉള്ളതുപോലെയാണ് പാശ്ചാത്യനാടുകളിൽ 'ഫെയറികൾ', 'ഗോബിനുകൾ' എന്നിവ. അവയിൽ നല്ലതും ചീത്തയും ഉണ്ടാകും. ഇവരെ വച്ചുകൊണ്ടുള്ള അനവധി കഥകൾ പ്രചാരത്തിലുണ്ട്. അവയിൽ ഒന്നാണ് ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഈ കഥ എഴുതിയിരിക്കുന്നത് 1799 മുതൽ 1874 വരെ ജീവിച്ചിരുന്ന പ്രസിദ്ധ ഫ്രഞ്ച് സാഹിത്യകാരി കോംടെംസ്സ ഡി സെഗൂർ ആണ്. ഇതൊരു ഫ്രഞ്ച് ഫെയറി ടെയിൽ ആണ്. ഇനി കഥയിലേക്ക് കടക്കാം.

### "കൊച്ചു ഹെൻഡ്രി"

#### ഭാഗം - 1. ഹെൻഡ്രിയുടെ അമ്മ.


പണ്ട് പണ്ട് ഒരു കാലത്ത് ഒരു സാധു വിധവയും അവർ വളരെ അധികം സ്നേഹിച്ചിരുന്ന സാധുവും സൽഗുണസമ്പന്നനുമായ അവരുടെ മകൻ ഹെൻഡ്രിയും ജീവിച്ചിരുന്നു. അമ്മ ഓരോന്ന് തയ്ച്ച് കടയിൽ കൊണ്ടുചെന്ന് വിറ്റു കിട്ടുന്ന വരുമാനം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്. അതു കാരണം അമ്മയെ സഹായിക്കാൻ വേണ്ടി കൊച്ചു ഹെൻഡ്രി ഏഴു വയസ്സായപ്പോഴേക്കും തന്നെ ഒരുമാതിരി വീട്ടുജോലികൾ ചെയ്യുവാൻ പഠിച്ചു. വീട്ടിലെ തൂത്തു തുടയ്ക്കലും പാത്രം കഴുകലും ആഹാരം പാകം ചെയ്യലും മുറ്റം അടിക്കുന്നതും, തോട്ടം നോക്കുന്നതും ഒക്കെ ഹെൻഡ്രി ആയിരുന്നു. വീട്ടു ജോലി എല്ലാം കഴിഞ്ഞാൽ, തുണിയിലെ കീറലുകൾ തുന്നുക മുതലായവയും ഹെൻഡ്രി തന്നെയാണ് ഈ കൊച്ചുപ്രായത്തിൽ ചെയ്തുകൊണ്ടിരുന്നത്. അവരുടെ ചെറിയ ഭവനം അവരുടെ സ്വന്തം ആയിരുന്നു. വളരെ ഒഴിഞ്ഞ സ്ഥലത്തായിരുന്നു അത് സ്ഥിതി ചെയ്തിരുന്നത്. ആ വീടിന്റെ ജനാലയ്ക്ക് നേർക്ക് മാനം മുട്ടുന്ന ഒരു മല ഉണ്ടായിരുന്നു. അതിനു ചുറ്റും ശക്തമായ ഒഴുക്കുള്ള ഒരു ആറും, കീഴ്ക്കാന്തൂക്കായ വലിയ ഭാഗങ്ങളും ഉള്ള ഒരു മല ആയിരുന്നു അത്. ആ മല ആരും കയറിയതായിട്ട് അറിവില്ല. ശ്രമിച്ചവരാരും തിരിച്ചു വന്നിട്ടുമില്ല.

അമ്മയും മകനും സന്തോഷമായിട്ടു കഴിഞ്ഞു വരവെ, ഒരു ദിവസം, അമ്മ പെട്ടെന്നു കിടപ്പിലായി. അവർക്ക് ഒരു കുടുംബ ഡോക്ടറോ, അല്ലെങ്കിൽ, ഒരു ഡോക്ടർക്ക് കൊടുക്കുവാനുള്ള പണമോ ഉണ്ടായിരുന്നില്ല. അമ്മയുടെ അസുഖം മാറുവാൻ എന്താണ് ചെയ്യേണ്ടതെന്ന് കൊച്ചു ഹെൻഡ്രിക്ക് അറിയാൻ വയ്യാ. പക്ഷെ, അമ്മ ദാഹിക്കുന്നു എന്ന് പറയുമ്പോൾ, കുറച്ച് വെള്ളം വായിൽ ഒഴിച്ചു കൊടുക്കും. വേറെ ഒന്നും കൊടുക്കാനും ഉണ്ടായിരുന്നില്ല. രാവും പകലും ഹെൻഡ്രി അമ്മയുടെ

കൂടെത്തന്നെ നിറഞ്ഞകണ്ണുകളോടേ ഇരുന്നു. വിശപ്പ് വല്ലാണ്ടാകുമ്പോൾ ഉണങ്ങിയ ഒന്നു രണ്ട് റൊട്ടി കഷണം ഉണ്ടായിരുന്നതിൽ നിന്നും കുറേശ്ശേ എടുത്തു കഴിക്കും. രോഗം കുറേശ്ശേ മൂർച്ഛിച്ച് അമ്മ മരിക്കാറായി എന്ന അവസ്ഥയിലായി. അമ്മക്ക് സംസാരിക്കാനോ, കൊടുക്കുന്നത് ഇറക്കാനോ വയ്യാണ്ടായി. മകനെ തിരിച്ചറിയാൻ പോലും വയ്യാണ്ടായി. അമ്മയുടേ കാൽക്കൽ ഇരുന്ന് കണ്ണീർപൊഴിക്കും, പക്ഷെ അമ്മ അതൊന്നും അറിഞ്ഞിരുന്നില്ല. നൈരാശ്യവും സങ്കടവും സഹിക്ക വയ്യാണ്ടായപ്പോൾ, ഹെൻഡ്രി ഉറക്കെ നിലവിളിച്ചു:- ''എന്റെ നല്ല ഫെയറീ, നീ വന്ന് എന്റെ പാവപ്പെട്ട അമ്മയെ രക്ഷിക്കൂ".


ഇങ്ങനെ ഹെൻഡ്രി വിളിച്ചു പറയാത്ത താമസം, വീടിന്റെ ജന്നൽ തുറന്ന് സുന്ദരിയായ ഒരു ഫെയറി പ്രത്യക്ഷപ്പെട്ടു.

"എന്റെ കൊച്ചു സ്നേഹിതാ നിനക്ക് എന്താണ് വേണ്ടത്? നീ എന്നെ വിളിച്ചു, ഇതാ ഞാൻ വന്നിരിക്കുന്നു." ഹെൻഡ്രി മുട്ടു കുത്തി തൊഴുതുകൊണ്ട് പറഞ്ഞു, "നീ നല്ല ഫെയറി ആണെങ്കിൽ, ഈ ലോകത്തിൽ എന്നെ തനിച്ചാക്കിയിട്ട് പോകാൻ പോകുന്ന എന്റെ അമ്മയെ രക്ഷിക്കൂ.'' ദയാപൂർവം ഫെയറി ഹെൻഡ്രിയെ ഒന്നു നോക്കിട്ട് ഒന്നും മിണ്ടാതെ, ഹെൻഡ്രിയുടെ അമ്മയുടെ അടുത്ത് ചെന്ന് അവരെ പരിശോധിച്ചു. എന്നിട്ട് മുഖത്ത് ചെറുതായിട്ട് ഒന്ന് ഊതി. അതു കഴിഞ്ഞപ്പോൾ, ഫെയറി പറഞ്ഞു, 'നിന്റെ അമ്മയെ രക്ഷിക്കാൻ എനിക്ക് കഴിവില്ല. എനിക്ക് അതിനുള്ള ശക്തിയില്ല. എന്നാൽ നിനക്ക് ഒരു യാത്ര ചെയ്യാൻ ധൈര്യം ഉണ്ടെങ്കിൽ, അതിന് മാത്രമേ നിന്റെ അമ്മയെ രക്ഷിക്കാൻ കഴിയുകയുള്ളൂ'' ''നല്ല ഫേയറീ, പറയൂ. ഞാൻ എന്താണ് ചെയ്യേണ്ടത് ? എന്റെ അമ്മയെ രക്ഷിക്കാൻ ഞാൻ എന്തു വേണമെങ്കിലും ചെയ്യാൻ തയ്യാറാണ്'' എന്നു ഹെൻഡ്രി പറഞ്ഞു. അപ്പോൾ ഫെയറി പറഞ്ഞു.



"ശരി. എന്നാൽ നിന്റെ ജന്നലിൽ കൂടി കാണുന്ന ആ മലയില്ലേ, അതിന്റെ ഏറ്റവും മുകളിൽ, 'ജീവൻ നൽകുന്ന' ഈ ചെടിയുണ്ട്. അതിന്റെ ഇല കൊണ്ടുവന്ന് പിഴിഞ്ഞ് അതിന്റെ ചാറ് നിന്റെ അമ്മയുടെ വായിൽ ഒഴിച്ചു കൊടുക്കുകയാണെങ്കിൽ, നിന്റെ അമ്മ ഉടൻ തന്നെ പൂർണ്ണസുഖം പ്രാപിക്കും.'' ഇതു കേട്ടപ്പോൾ, ഹെൻഡ്രി പറഞ്ഞു, "ഞാൻ ഉടൻ തന്നെ പുറപ്പെടാം. പക്ഷെ, ഞാൻ പോയാൽ എന്റെ അമ്മയെ ആര് നോക്കും. മാത്രവുമല്ല, ഞാൻ തിരിച്ചു വരുമ്പോഴേക്കും അമ്മ മരിച്ചിട്ടുമുണ്ടാകും.'' അപ്പോൾ ഫെയറി പറഞ്ഞു, 'നീ ഒന്നുകൊണ്ടും വിഷമിക്കേണ്ട. 'ജീവൻ നൽകുന്ന ചെടി' അന്വേഷിച്ച് നീ പോവുകയാണെങ്കിൽ, നിന്റെ അമ്മക്ക് ഒന്നും സംഭവിക്കുകയില്ല, ഇപ്പോഴുള്ളതുപോലെ തന്നെ തുടരും. പക്ഷെ ആ ചെടി കണ്ടെത്തുന്നതിനു മുൻപ് നിനക്ക് പല അപകടങ്ങളും നേരിടേണ്ടിവരും, വളരെ വിഷമിക്കുകയും ചെയ്യും. ഒരുപാട് ധൈര്യവും, പരിശ്രമവും ഉണ്ടെങ്കിലേ ആ ചെടി നിനക്ക് കൊണ്ടുവരാനാകൂ." "എനിക്ക് അതിന് വിഷമം ഉണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷെ, ആ ചെടി ഞാൻ എങ്ങിനെ തിരിച്ചറിയും എന്നു പറഞ്ഞു തരണം." "മലമുകളിൽ എത്തിയാൽ, ചെടികൾ സൂക്ഷിക്കുന്ന വൈദ്യനെ വിളിച്ച് ഞാനാണ് നിന്നെ പറഞ്ഞയച്ചത് എന്നു പറഞ്ഞാൽ മതി. അയാൾ നിനക്ക് ചെടിയുടെ ഒരു കമ്പ് ഒടിച്ചു തരും."

ഹെൻഡ്രി ഫെയറിയുടെ കൈകളിൽ മുത്തം കൊടുത്തിട്ട് നന്ദി പറഞ്ഞു. എന്നിട്ട് 'ജീവൻ നൽകുന്ന ചെടി'യെ തേടി കുറച്ചു ഉണങ്ങിയ റൊട്ടി കഷണങ്ങൾ പോക്കെറ്റിലും ഇട്ടുകൊണ്ട് പുറപ്പെട്ടു. പോയവരാരും തിരിച്ചു വന്നിട്ടില്ലാത്ത ആ മല കയറാൻ കൊച്ചു ഹെൻഡ്രി പോകുന്നത് കണ്ട് ഫെയറിയുടെ മുഖത്ത് ഒരു ചെറു പുഞ്ചിരിയും വിടർന്നു. *(തുടരും)*



# ജ്ഞാനം

**കെ.സി. രാമവർമ്മ രാജ, വലിയരാജ, നീലേശ്വരം.**

*"അജ്ഞാനം പോവതിനെന്തേ മൂലം? കൃഷ്ണ*
*അജ്ഞാനം പോവതു ജ്ഞാനം കൊണ്ടേ*
*ജ്ഞാനമുണ്ടാവതിനെന്തേ മൂലം? കൃഷ്ണ*
*ജ്ഞാനമുണ്ടാവതു ഭക്തി കൊണ്ടേ.*
*ഭക്തിയുണ്ടാവതിനെന്തേമൂലം? കൃഷ്ണ*
*ഭക്തിയുണ്ടാവതു വിരക്തി കൊണ്ടേ.*
*സക്തി പോയിടുവാനെന്തേമൂലം? കൃഷ്ണ*
*ചിത്തത്തിൽ നല്ലൊരു ശുദ്ധികൊണ്ടേ*
*ചിത്തശുദ്ധിക്ക് താനെന്തു ചെയ്‌വൂ? കൃഷ്ണ*
*നല്ല വഴിക്കുള്ള ശ്രദ്ധ ചെയ്‌വൂ*
*ശ്രദ്ധയുണ്ടാവാനെന്തു ചെയ്‌വൂ? കൃഷ്ണ*
*പുണ്യകഥകളെകേട്ട് കൊൾവൂ*
*സൽക്കഥ കേൾപ്പതിനെന്ത് ചെയ്‌വൂ? കൃഷ്ണ*
*സജ്ജനസംഗതി ചെയ്ത് കൊൾവൂ*
*കൃഷ്ണ ഹരേ! ജയകൃഷ്ണ ഹരേ ജയ!*
*കൃഷ്ണ ഹരേ! ജയകൃഷ്ണ ഹരേ."*

ഇവിടെ അജ്ഞാനം, ഞാൻ ശരീരമാണെന്ന ചിന്തയാണ്. ശരീരബോധത്തിൽ എന്ന്, ആത്മബോധത്തിലേക്ക് എങ്ങിനെ എത്തിച്ചേരാമെന്നാണ്, ഈ കൃതിയിൽ നിന്ന്, നമുക്ക് മനസ്സിലാകുന്നത്. അതാണ് ജ്ഞാനം. ജ്ഞാനം ആത്മീയതയുടെ അടിത്തറയാണ്.

*"കുരുതേ ഗംഗാ സാഗര ഗമനം*
*വ്രതപരിപാലനമഥവാ ദാനം*
*ജ്ഞാനവിഹീനഃ സർവമതേന*
*ഭജതി നമുക്തിം ജന്മശതേന"*

*- ഭജഗോവിന്ദം*

നൂറ് ജന്മമെടുത്താലും, ജ്ഞാനമില്ലെങ്കിൽ, മുക്തി കിട്ടാൻ പോകുന്നില്ലെന്ന് വ്യക്തമാക്കുന്നു, ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ. 'ഞാൻ' എന്ന് പറയുന്നതാണ് ബോധം. ഉണർന്ന് വരുമ്പോൾ, 'ഞാൻ' ആണ് പൊന്തി വരുന്നത്. എല്ലാവരെയും ഉണർത്തുന്നത്, ബോധമാണ്. എല്ലാവരും ഉണർന്ന് വരുന്നത്, ഒരേ ശക്തിയിൽ നിന്നാണ്. ഞാനും, നിങ്ങളും അനന്തശക്തിയുള്ള ബോധത്തിലാണ്. എല്ലാവരും നിൽക്കുന്നത്, ഒരേ ഈശ്വരഭക്തിയിലാണ്. ജീവബ്രഹ്മഐക്യമെന്നാൽ, ഈ ശക്തിയോട് മനസ്സ് ലയിക്കലാണ്. അപ്പോഴാണ് പൂർണ്ണത. എന്തിനാണ് ബോധത്തിൽ മുഴുകുന്നത്? മുഴുകുമ്പോൾ ജീവാത്മാവ് ഇല്ലാതാകും. ജീവാത്മാവ് ചിന്തകളാണ്. അങ്ങിനെ ചിന്തകളോടുള്ള താദാത്മ്യം ഇല്ലാതാകും. വാസനാക്ഷയം വരും. ബോധവൃദ്ധി വരും. ബോധവികാസം വരിക എന്നാൽ ചിന്തകൾ കെട്ടടങ്ങലാണ്. അപ്പോൾ നമ്മുടെ പൂർണ്ണതയിലെത്തുന്നു. ഇങ്ങനെയാവണം നമ്മുടെ സാധന.

*'സമം സർവ്വേഷു ഭൂതേഷു*
*തിഷ്ഠന്തം പരമേശ്വരം*
*വിനശ്യത്സ്യ വിനശ്യന്തം*
*യ: പശ്യതി സപശ്യതി"*

*ഗീത (ch 13- ശ്ലോ 28)*

ഭൂതങ്ങളുടെ ജഡപ്രകൃതി നശിക്കുമ്പോഴും, അവയിലെല്ലാം നാശരഹിതമായി, വർത്തിക്കുന്ന, ചൈതന്യ പ്രകൃതിയായ പരമാത്മാവിനെ (ബോധത്തെ, അഥവാ ഉത്തമപുരുഷനെ) ആരു കാണുമോ അവൻ മാത്രമാണ് വസ്തുത അറിയുന്നവൻ, അവനാണ്, യഥാർത്ഥ ജ്ഞാനി. ഈ ഉത്തമപുരുഷനെപ്പറ്റി, വിസ്തരിക്കുന്ന വേദമാണ്, 'പുരുഷസൂക്തം.'

*"ജ്ഞാനേന ത തദജ്ഞാനം*
*യേഷാം നാശിതമാത്മനം*
*യേഷാ മാദിത്യവത്ജ്ഞാനം*
*പ്രകാശയതി തൽപരം"*

*ഗീത (ch 5- ശ്ലോ 16)*

സാരം: ആത്മാവിനെ അറിയുന്നതുകൊണ്ട് ഏവരുടെ അജ്ഞാനം നശിക്കപ്പെട്ടതാകുമോ, അവരുടെ ജ്ഞാനമാകട്ടെ, സൂര്യനെപ്പോലെ, ആ

ബോധത്തെ പ്രകാശിപ്പിക്കുന്നു. ഇതല്ലാതെ, വേറെ ഒരു വിധത്തിലും 'ബോധ' ത്തെ പ്രകാശിപ്പിക്കാൻ സാധിക്കുകയില്ല. ഇതാണ് അജ്ഞാനം നീങ്ങിയാലത്തെ അവസ്ഥ-

*'നഹി ജ്ഞാനേന സദൃശം*
*പവിത്രമിഹ വിദ്യതേ*
*തത് സ്വയം യോഗ സംസിദ്ധഃ*
*കാലേനാത്മനി വിന്ദതി"*

*ഗീത (ch 4- ശ്ലോ 38)*

സാരം: ലോകത്തിൽ ജ്ഞാനത്തോട് തുല്യം ഒന്നുമില്ല. യോഗസിദ്ധി നേടിയവൻ, ജ്ഞാനത്തെ, ആത്മാവിൽ, താനെ അറിയുന്നു.

മനസ്സും, പ്രാണനും, ബന്ധപ്പെട്ടാണ് കിടക്കുന്നത്. രമണ മഹർഷി തന്റെ ഒരു കൃതിയിൽ, ഇത് പറഞ്ഞിട്ടുണ്ട്. അതിനാൽ, മനസ്സിനെ, നിയന്ത്രിക്കുന്നതിന് പകരം, ജ്ഞാനം നേടാൻ, പ്രാണനെ നിയന്ത്രിച്ചാലും മതി. മനസ്സിനെ നിയന്ത്രിക്കാൻ പ്രയാസമാണെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ തന്നെ സമ്മതിച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്.

*"അസംശയം മഹാബാഹോ!*
മനോദുർനിഗ്രഹം ചലം"

(ഗീത (ch 6 - ശ്ലോ 35)

പ്രാണായാമവും ഓങ്കാരവും മൂലം പ്രാണനെ നിയന്ത്രിച്ചാൽ മനസ്സിന്റെ ചാഞ്ചല്യം താനേ കെട്ടടങ്ങുന്നതാണ്. അങ്ങിനെ നിശ്ചലത വരുമ്പോൾ, ജീവന്മുക്തി അനുഭവിക്കുന്നതാണ്.

*"ശ്രദ്ധാവാൻ ലഭതേ ജ്ഞാനം*
*തത്പര:സംയതേന്ദ്രിയഃ*
*ജ്ഞാനം ലബ്ധ്വാ പരാം ശാന്തിം*
*അചിരേണാധിഗച്ഛതി"*

*ഗീത (ch 4- ശ്ലോ 39)*

സാരം: ശ്രദ്ധയുള്ളവൻ, സംയതേന്ദ്രിയനായി ആത്മജ്ഞാനം സമ്പാദിക്കുന്നു. ഉടനെ തന്നെ മനശ്ശാന്തിയും കിട്ടുന്നു.

ഭഗവദ്ഗീതയിൽ ഏകദേശം എട്ടോളം പ്രാവശ്യം, യോഗയെപ്പറ്റി പറയുന്നുണ്ട്. അതുപോലെ ആവർത്തിക്കുന്ന പദമാണ് 'ജ്ഞാനം'. ജീവന്മുക്തിക്കുള്ള അഞ്ച് പടികൾ, ശങ്കരാചാര്യസ്വാമികൾ, ഭജഗോവിന്ദത്തിൽ, നിർദ്ദേശിച്ചിരിക്കുന്നത് നോക്കാം.

*''സത്സംഗത്വേ നിസ്സംഗത്വം*
*നിസ്സംഗത്വേ നിർമോഹത്വം*
*നിർമോഹത്വേ നിശ്ചലതത്വം*
*നിശ്ചലതത്വേ ജീവൻമുക്തിഃ-*

*ഭജഗോവിന്ദം*

*സാരം:* നല്ല സംസർഗ്ഗം മൂലം, വിരക്തിയും, വൈരാഗ്യവും ഉണ്ടാകുന്നു. അത് മൂലം, അജ്ഞാനം നീങ്ങുകയും മനശ്ശാന്തി കിട്ടുകയും അങ്ങിനെ ജീവന്മുക്തനായിത്തീരുകയും ചെയ്യുന്നു.

*"രൂപം ദൃശ്യം ലോചനം ദൃക്*
*തദൃശ്യം ദൃക്തു മാനസം*
*ദൃശ്യാ ധീർവൃത്തയസ്സാക്ഷി*
*ദൃഗേവ നതു ദൃശ്യതേ"*

*(ദിക് ദൃശ്യ വിവേക് -ശ്രീ ശങ്കരാചാര്യർ)*

*സാരം:*

രൂപം ദൃശ്യവും നേത്രം ദൃക്കും ആകുന്നു. മനസ്സിന്റെ തലത്തിൽ നോക്കുമ്പോൾ, നേത്രം ദൃശ്യവും മനസ്സ് ദൃക്കും ആകുന്നു. മനസ്സും അനുബന്ധവൃത്തിയും സാക്ഷി(ബോധം)യുടെ തലത്തിൽ നോക്കുമ്പോൾ ദൃശ്യമാണ്. സാക്ഷിദത്തിന്നും ദൃശ്യമല്ല. ഈ 'ബോധ' ത്തെ അനുഭവിക്കാൻ 'ജ്ഞാന ചക്ഷുസ്' വേണം. നിർഭാഗ്യവശാൽ, അത് ഭഗവാൻ നമുക്ക് തന്നിട്ടില്ല. അതുകൊണ്ടാണ് ജ്ഞാനലബ്ധിക്കായി, ഈ ലേഖനത്തിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ പലേ മാർഗ്ഗങ്ങളും വേണ്ടിവരുന്നത്. അവസാനമായി, ആത്മീയ ജ്ഞാനത്തിന്, ഉത്തമഭക്തി, അനിവാര്യമാണെന്ന് അടിവരയിട്ട് പറയുന്ന ഭഗവദ് ഗീതയിലെ ശ്ലോകം (ch 11- ശ്ലോ 54) ഉദ്ധരിച്ച്, ഈ ലേഖനം ഉപസംഹരിക്കുന്നു. അതിന്നായി, ഭഗവാൻ, എല്ലാവരേയും, അനുഗ്രഹിക്കട്ടെ.

*"ഭക്ത്യാ ത്വനന്യയ ശക്യ*
*അഹ മേവം വിധോ്ർജ്ജുന!*
*ജ്ഞാതും ദൃഷ്ടും ചതത്ത്വേന*
*പ്രവഷ്യം ച പരന്തവാ."*

സാരം: ഉത്തമമായ ഭക്തിയുണ്ടെങ്കിൽ മാത്രമേ പരമാത്മാവിനെ അറിയാനും കാണാനും അതിൽ ലയിക്കാനും കഴിയൂ.

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

# ഓൺലൈൻ ക്ലാസ്സ്



**വൃന്ദാദേവി തമ്പുരാൻ,** തിരുവനന്തപുരം

"നേരമെത്രയായീന്നറിയാമോ? 'സമയം നോക്കാൻ അറിയില്ലല്ലോ. ക്ലാസ്സ് തുടങ്ങീട്ട് അഞ്ചു മിനിട്ടു കഴിഞ്ഞു".

രാവിലെ സ്ഥിരം കേൾക്കുന്ന ചോദ്യങ്ങളാണിവ. ഇതൊന്നും എന്നെ ബാധിക്കുന്നതല്ല എന്ന മട്ടിൽ ഷവറിനടിയിൽ ഒച്ചിന്റെ വേഗതയിൽ കുട്ടിയുടെ കുളി. ജലക്ഷാമം അവിടെ നിക്കട്ടെ. വല്ലവിധവും ക്ലാസ്സിൽ ചേർന്നപ്പോൾ ഏഴു മിനിട്ട് കഴിഞ്ഞിരുന്നു. അസംബ്ലി ആണ്. പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ, രാജ്യം എങ്ങിനെ പ്ലാസ്റ്റിക് വിമുക്തമാക്കാം എന്നൊക്കെയുള്ള ഘോരചർച്ചകളാണ്.

അരമണിക്കൂർ കഴിഞ്ഞപ്പോൾ അര മണിക്കൂർ ബ്രേക്ക്. അമ്മ പ്രഭാതഭക്ഷണം വായിൽ തള്ളി കയറ്റി. വീണ്ടും ക്ലാസ് തുടങ്ങി. ശബ്ദമൊന്നും കേൾക്കാത്തപ്പോൾ കുട്ടിക്ക് നല്ല ശ്രദ്ധയുണ്ടല്ലോ എന്ന് വിചാരിച്ചു എത്തിനോക്കിയപ്പോൾ തലേ ദിവസം പഠിച്ച 'ഉൽട്ട' എന്ന ഹിന്ദി വാക്കിന്റെ അർത്ഥം മനസ്സിലാക്കീട്ടാണോ എന്തോ കുട്ടി തല കുത്തി നിൽക്കുകയാണ്.

അടുത്ത ബ്രേക്കിൽ അഞ്ചു ബിസ്കറ്റ് രണ്ടു കഷ്ണം കേക്ക് മുതലായ സ്നാക്ക്സ് കഴിച്ച് വീണ്ടും ക്ലാസ്സ്തുടങ്ങി. വെങ്കട്ടേശ്, മേഘവർഷിണി, യാമിനി മുതലായ പഠിപ്പിസ്റ്റുകൾ തകർക്കുന്നു. അവരോട് മാത്രം ചോദ്യങ്ങൾ ചോദിച്ചു ടീച്ചർ നിർവൃതി അടയുന്നു. വീണ്ടും കശുവണ്ടി, ബദാം അടങ്ങിയ ചെറിയ ഒരു സ്നാക്ക്. ക്ലാസ്സിന്റെ ഇടയിൽ മൂന്നോ നാലോ തവണ ബാത്റൂമിൽ. അടുത്ത ക്ലാസ്സ് തുടങ്ങി. കുട്ടിക്ക് ഇഷ്ടമുള്ള വിഷയമായതുകൊണ്ട് ശ്രദ്ധിച്ചു പഠിക്കുകയായിരിക്കാം എന്നു കരുതി. പെട്ടെന്ന് ദിഗന്തം പൊട്ടുമാറ് അമ്മയുടെ അട്ടഹാസം. ഓടിച്ചെന്നു നോക്കിയപ്പോൾ നഖങ്ങളുടെ ആകൃതിയിൽ സപ്തവർണ്ണങ്ങളുള്ള കടലാസ് വെട്ടി നഖത്തിൽ ഒട്ടിച്ചിരിക്കുന്നു. മൂന്നു വിരലുകൾ ബാക്കിയുള്ളതിൽ കലർപ്പ് നിറങ്ങളും. കഥകളിക്കാരുടെ പോലെ. എന്തൊരു കരകൗശലം. നൂറ് വെങ്കടേഷന്മാർ വിചാരിച്ചാൽപോലും ഇതുപോലെ ആവില്ല. പക്ഷെ ഇപ്പോൾ പഠിപ്പിച്ചത് നാളെ എഴുതി സബ്മിറ്റ് ചെയ്യണം. ഈശ്വരാ!! വൈകുന്നേരം കളി കഴിഞ്ഞു വന്നാൽ അടുത്ത എപ്പിസോഡിന് സാക്ഷ്യം വഹിക്കണമല്ലോ എന്നോർത്ത്...

*'കൃഷ്ണ കൃഷ്ണ ഹരേ കൃഷ്ണ*
*സർവജ്ഞത്വം പ്രസീദമേ*
*രമാരമണ വിശ്വേശ*
*വിദ്യാമാശു പ്രയച്ഛമേ'* എന്ന് 108 ഉരു ജപിച്ചു.

# അമ്പലപ്പുഴ സുരേഷ് വർമ്മയ്ക്ക് പുരസ്കാരം




തുള്ളൽകലയുടെ വളർത്തച്ഛൻ എന്നറിയപ്പെട്ടിരുന്ന ഗുരു മലബാർ രാമൻനായർ ആശാന്റെ സ്മരണാർത്ഥം അഖില ഭാരത ശ്രീ ഗുരുവായൂരപ്പ ഭക്തസമിതിയും മലബാർ രാമൻ നായരാശാൻ അനുസ്മരണ സമിതിയും ചേർന്ന് തുള്ളൽ കലാകാരന്മാർക്ക് നൽകിവരുന്ന 2021 ലെ മലബാർ രാമൻ നായരാശാൻ പുരസ്കാരത്തിന് അമ്പലപ്പുഴ സുരേഷ് വർമ്മ അർഹനായി.

# ഭൂമിയുടെ ഉള്ളിലേക്ക് ഒരു എത്തിനോട്ടം

**ഡോ. എം. ലളിതാംബിക,** തിരുവനന്തപുരം



നമ്മുടെ ഭൂപ്രകൃതി നമുക്ക് സുപരിചിതമാണ്. പുഴയും, കടലും, മലയോരവും, പാടങ്ങളും, കാടുകളും ഒക്കെ സമന്വയിക്കപ്പെട്ടതാണ് നമ്മുടെ ഭൂമി. നമ്മുടെ ഭൂപ്രതലത്തിൽ നിന്ന് കുറച്ചുദൂരം മുകളിലേക്ക് പോകുമ്പോൾ എന്താണ് നാം കാണുന്നതെന്നു നോക്കാം. ഏതാണ്ട് മുപ്പതിനായിരം അടി (10 കി.മി.) ഉയരത്തിൽ പറക്കുന്ന വിമാനത്തിലിരിക്കുമ്പോഴുള്ള പുറം കാഴ്ച. മേഘങ്ങൾ തിങ്ങിനിറഞ്ഞു കിടക്കുന്ന ഒരു കടൽ പോലെ. അവിടെ വായുവിന് മർദ്ദം കുറവാണെന്നും തണുപ്പ് കൂടുതലാണെന്നും നാം മനസ്സിലാക്കുന്നു. ഭൂമിയുടെ ഓസോൺ പാളി മുപ്പത് കി.മീ. നും മുകളിൽ ആണ്. പക്ഷെ ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് താഴേക്ക് പോയാൽ അവിടെ എന്തൊക്കെയാണ് കാണാൻ കഴിയുക എന്ന് നമുക്ക് നേരിട്ടറിവില്ല. ഭൂകമ്പ ശാസ്ത്രത്തിൽ seismic waves ന്റെ അപഭ്രംശ പഠനത്തിൽ നിന്നാണ് നമുക്ക് ഈ വിവരം ലഭിക്കുന്നത്.




കുഴൽ കിണർ നിർമ്മിക്കാൻ നാം 100 മുതൽ 600 അടി വരെ താഴേക്ക് കുഴിക്കാറുണ്ട്. അവിടെ നിന്നും നമുക്ക് ഭൂഗർഭ ജലം കിട്ടും. അതിനു താഴെയുള്ള പാറയിൽ കെട്ടിനിൽക്കുന്ന ജലമാണിത്. മൂന്ന് നാലു കി. മി. ആഴമുള്ള സമുദ്രത്തിനടിയിലും പാറ തന്നെ. നാം ജീവിക്കുന്ന, ഭൂമിയുടെ ഈ മേൽത്തട്ടിന് ശരാശരി 45 കി.മി. കട്ടിയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പർവതത്തിന്റെ താഴ്ഭാഗത്ത് കട്ടികൂടിയും സമുദ്രത്തിന്റെ അടിയിൽ കട്ടി കുറഞ്ഞും (25 മുതൽ 65 കി.മി. വരെ) കനത്തിലാണ് ഈ കവചം ഉണ്ടായിട്ടുള്ളത്. ഈ കവചമാണ് ഭൂവല്ക്കം അഥവാ earth's crust.


ഭൂമിയുടെ ഘടന മനസ്സിലായാലേ നാം ജീവിക്കുന്ന ഈ ഭൂമിയെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ കഴിയുകയുള്ളു. ഭൂമിയുടെ ഘടന എങ്ങനെയാണെന്ന് നോക്കാം.

**ഭൂമിയുടെ പുറംചട്ടയ്ക്കകത്തേക്കു നോക്കുമ്പോൾ:**

ഭൂമിയുടെ ഉള്ളിലുള്ള 1 മുതൽ 4 വരെയുള്ള ഭാഗങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിക്കാം.

**1. Inner Core:** ഭൂമിയുടെ കേന്ദ്രബിന്ദുവിന് ചുറ്റും 1270 കി. മി. കനത്തിൽ (thickness) ഇരുമ്പിന്റെ

യും നിക്കലിന്റെയും കൂടാതെ ചെറിയ അളവിൽ മറ്റു ചില മൂലകങ്ങളുടെയും സങ്കരലോഹക്കൂട്ട് 5200 ഡിഗ്രി ചൂടിലും അന്തരീക്ഷമർദ്ദത്തിന്റെ 3.6 ദശലക്ഷം ഇരട്ടി മർദ്ദത്തിലും സ്ഥിതി ചെയ്യുന്നു. ഈ ലോഹസങ്കരത്തിന്റെ സാന്ദ്രത എത്രയാണെന്നോ 12-13 gm/cc ആണ്. ഇരുമ്പിന്റെ സാന്ദ്രത 7.8 gm/cc മാത്രമാണെന്നോർക്കുക.




**2. Outer core:** Inner Core ന് പുറത്തു 2200 ഓളം കി.മി. കനത്തിൽ ഇരുമ്പ്, നിക്കൽ, മെഗ്നീഷ്യം എന്നീ മൂലകങ്ങൾ ഉരുകി കുഴമ്പു രൂപത്തിൽ ഇരിക്കുന്നു. ഈ ഭാഗത്തെ ചൂട് $4500^{0}$ $-5500^{0}$ സെന്റ്രേഗ്രേഡിന് ഇടയ്ക്ക്. ഒന്നാലോചിച്ചു നോക്കൂ.തിളയ്ക്കുന്ന വെള്ളത്തിന്റെ 55 ഇരട്ടി!!

3. Mantle: മേൽപ്പറഞ്ഞ outer core നും പുറത്തു ഏതാണ്ട് 2860 കി.മി. കനമുള്ള ഭാഗത്തെയാണ് മാന്റിൽ എന്ന് പറയുന്നത്. തിളച്ചുമറിയുന്ന ദ്രാവകരൂപത്തിലുള്ള 'മാഗ്മ' യാണ് ഇവിടെ കാണുക. ഇതിലടങ്ങിയിട്ടുള്ള മൂലകങ്ങൾ ഏതൊക്കെയാണെന്നോ? ഓക്സിജൻ 46.6%, സിലിക്കൺ 27.7%, അലുമിനിയം 8.1%, ഇരുമ്പു 5%, സോഡിയം, 2.8%, കാൽസിയം 2.8%, മെഗ്നീഷ്യം 2.1%, പൊട്ടാസ്യം 2.6% തുടങ്ങിയവ. മനുഷ്യനിർമ്മിതമല്ലാത്ത വജ്രം തുടങ്ങിയ നവരത്നങ്ങൾക്കും ഉറവിടം ഈ മാന്റിൽ തന്നെയാണ്.

**4. Earth's Crust/ Earth's Surface:** നാലാമത്തേത് ഭൂമിയുടെ പുറംതോട് 25 മുതൽ 65 കി.മി. മാത്രം കട്ടി അഥവാ thickness. നാം ഗ്രാനൈറ്റ് എന്നു വിശേഷിപ്പിക്കുന്ന പാറക്കല്ല് ആണ് അധികഭാഗത്തും. ഇതിനെ feldspathic rock എന്നാണ് പറയുക. പൊട്ടാസ്യം അലൂമിനോ സിലിക്കേറ്റും സോഡിയം അലുമിനോ സിലിക്കേറ്റും ആണ് ഈ പാറകളിൽ അടങ്ങിയിട്ടുള്ള രാസവസ്തു. മാഗ്മ തണുത്തുറഞ്ഞാണ് ഭൂമിയുടെ പുറന്തോട് (earth's crust) ഉണ്ടായിരിക്കുന്നത്. അതുകൊണ്ടായിരിക്കും ഈ പാറകളെ igneous rocks എന്ന് വിളിക്കുന്നത്. ഇത്തരം rock കൂടാതെ metamorphic rocks (ഉദാ. Marble)ഉം sedimentary rocks (ഉദാ. sand stone) ഉം ഭൂമിയുടെ പുറംതോടിലുണ്ട്.

**നമുക്കിപ്പോൾ ചില കാര്യങ്ങൾ വ്യക്തമായല്ലോ.**

1. മാന്റിലിന്റെ ഉപരിതലം തണുത്താണ് ഭൂമിയുടെ പുറന്തോട് ഉണ്ടായിരിക്കുന്നത്.
2. ഈ പുറംതോടിൽ feldspar ഇനത്തിലുള്ള പാറകളാണ് കൂടുതൽ (ഈ പാറ നാം കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നു).
3. ഈ പുറന്തോടിൽ അഥവാ earth's crustൽ ആണ് കാടും, മേടും, കടലും, മരുഭൂമിയും പർവതങ്ങളുമെല്ലാം.
4. പർവതത്തിനടിയിൽ പുറന്തോടിന്റെ കട്ടി കൂടുതലും സമുദ്രത്തിന്റെ താഴെ കട്ടി കുറവുമാണ്.
5. ഈ പുറന്തോടിലാണ് ഭൂഖണ്ഡങ്ങൾ
6. താഴെ തിളച്ചുമറിയുന്ന മാഗ്മ ഉണ്ടെന്നറിയാതെ നാം ഭൂമിയിൽ സന്തോഷമായി ജീവിക്കു ന്നു. ഒരു ആപ്പിളിന്റെ പുറത്തു എത്തിച്ചേർന്ന ഒരു ഉറുമ്പിനെപ്പോലെ, അല്ല, മൈക്രോസ്കോപ്പിൽ

പോലും കാണാൻ പറ്റാത്ത ഒരു അണുവിനെ പോലെ!

**പാൻജിയായും ടെക്റ്റോണിക് പ്ലേറ്റുകളും**

ഏതാണ്ട് 350 കോടി വർഷങ്ങൾക്കു മുൻപ് ഇപ്പോൾ നാം കാണുന്ന ഭൂഖണ്ഡങ്ങളെല്ലാം കൂടി അടുത്തടുത്തു ചേർന്നിരിക്കുന്ന അവസ്ഥ യായിരുന്നു. ഈ സൂപ്പർ ഭൂഖണ്ഡത്തെയാണ് പാൻജിയ എന്ന് പറയുന്നത്.

ഒരു മുട്ട കൈവെള്ളയിൽ വച്ച് പതുക്കെ വിരലുകൾ കൊണ്ടമർത്തിയാൽ മുട്ടത്തോടു പല ആകൃതിയിലും പൊട്ടുമല്ലോ.അതുപോലെ ഭൂമിയുടെ കവചവും പൊട്ടി വേർപെട്ടിരിക്കുന്നു.

താഴെയുള്ള മാഗ്മയുടെ ചൂടും മർദ്ദവും കാരണം അവിടവിടെയായി പൊട്ടി പല സ്ലാബു കളായി മാറി. പ്രധാനമായി 7 വലിയ സ്ലാബുകൾ അഥവാ പ്ളേറ്റുകൾ. ഈ പ്ലേറ്റുകളിലാണ് ആഫ്രിക്ക, അന്റാർട്ടിക്ക, യുറേഷ്യ, ഓസ്ട്രേലിയ, നോർത്ത് അമേരിക്ക, പസഫിക് സമുദ്രം, സൗത്ത് അമേരിക്ക ഇവ കാണപ്പെടുന്നത്. ഇവ കൂടാതെ കരീബിയ പ്ലേറ്റ്, നാസ്ക പ്ലേറ്റ്, സ്കോട്ടിയ പ്ലേറ്റ്, ഫിലിപ്പിനോപ്ലേറ്റ്, കൊക്കോസ് പ്ലേറ്റ് തുടങ്ങി യവയും കൂടാതെ 50 ഓളം വളരെ ചെറിയ പ്ലേറ്റുകളും ഉണ്ടെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

Pangea ആയിരുന്നപ്പോൾ ഒരുമിച്ചിരുന്ന പ്ലേറ്റുകൾ താഴെ മാന്റിലിൽ ഉള്ള മാഗ്മയുടെ ചൂടും മർദ്ദവും കാരണം തെന്നി തെന്നി അകന്നു. അങ്ങനെയാണ് ഇപ്പോൾ നാം വിവിധ ഭൂഖണ്ഡ ങ്ങളെ കാണുന്നത്. ഭൂവൽക്ക പ്ളേറ്റുകൾ ഉരുകി തിളയ്ക്കുന്ന മാന്റിലിന്റെ മുകളിൽ നിന്ന് തെന്നി മാറുകയും, അടുത്ത് വരികയും ചിലപ്പോൾ കൂട്ടിമുട്ടുകയും ചെയ്യുന്ന പ്രതിഭാസമാണ് പ്ലേറ്റ് ടെക്റ്റോണിക്സ്. പ്ലേറ്റുകൾ കൂട്ടി മുട്ടിയാൽ ഭാരം കൂടിയ പ്ലേറ്റ് താഴെയാവുകയും ഭാരം കുറഞ്ഞത് മുകളിലേക്ക് പൊങ്ങുകയും ചെയ്യും. അങ്ങനെ യുറേഷ്യൻ പ്ലേറ്റും, ഇൻഡോ ഓസ്ട്രേലിയൻ പ്ലേറ്റും കൂട്ടിയിടിച്ചപ്പോൾ ഉണ്ടായതാണല്ലോ നമ്മു ടെ ഹിമാലയ പർവതം, ഏതാണ്ട് 50 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ്.

**ഭൂകമ്പങ്ങളും അഗ്നി പർവതങ്ങളും എങ്ങനെ ഉണ്ടാകുന്നു.**

ഭൂമിയുടെ മാന്റിലിൽ ചൂടും മർദ്ദവും വർദ്ധി ക്കുമ്പോൾ അതിനെ ഉൾക്കൊള്ളാനായി പ്ലേറ്റുകൾ ചെറുതായി ഉലയാൻ ഇടയുണ്ട്. അത് നമുക്ക് ഭൂമി കുലുക്കമായി അനുഭവപ്പെടും. അകത്തെ മർദ്ദം വളരെ വലുതാണെങ്കിൽ ഭയാനകമായ ശബ്ദത്തോടെ മാന്റിലിൽ ഉള്ള മാഗ്മ തീനാളങ്ങൾ പോലെ പുറത്തേക്കു വരുന്നു. കൂടെ പുകയും, ചാരവും, നീരാവിയും പുറത്തു വരും. പുറത്തു വരുന്ന മാഗ്മയെ ലാവാ എന്നാണ് പറയുക. ശരി ക്കു പറഞ്ഞാൽ മാഗ്മയും ലാവയും ഒന്ന് തന്നെ. ലാവാ ഒഴുകുന്ന വഴിയിൽ ഉള്ളതെല്ലാം ലാവയ്ക്ക ടിയിൽ അടിഞ്ഞമരും. വലിയ ആൾനാശത്തിൽ കലാശിക്കാനും മതി. വെസൂവിയസ് എന്ന അഗ്നി പർവതം സംസ്കാര സമ്പന്നമായ പോംപി നഗരത്തെ ഉന്മൂലനം ചെയ്തു. ഇപ്പോഴും പുകയും തീയും വമിച്ചുകൊണ്ടിരിക്കുന്ന ഏതാണ്ട് 1500 അഗ്നിപർവതങ്ങൾ ഭൂമിയിലുണ്ട്. പ്ലേറ്റുകളുടെ അരികുകൾ, രണ്ടു പ്ലേറ്റുകളുടെ ഇടയ്ക്കുള്ള ഭാഗം ഇവ അഗ്നിപർവ്വതസ്ഫോടനങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളാണ്. സമുദ്രത്തിന്റെ അടിയിൽ ഉണ്ടാകുന്ന ഭൂകമ്പങ്ങളും അഗ്നി പർവത സ്ഫോടനവുമാണ് tsunami ഉണ്ടാകാൻ കാരണമാകുന്നത്. ഇന്ത്യയിൽ ഹിമാലയ പർവത ത്തിന്റെ പാർശ്വങ്ങൾ ഭൂകമ്പവും, അഗ്നിപർവത സ്ഫോടനവും ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശ മാണ്. 2015-ൽ നേപ്പാളിൽ ഒരു വലിയ ഭൂകമ്പ മുണ്ടായത് എല്ലാവരും ഓർമ്മിക്കുന്നുണ്ടാകുമല്ലോ. 9000 പേരാണ് ആ ഭൂകമ്പത്തിൽ കൊല്ലപ്പെട്ടത്.

അഗ്നിപർവത സ്ഫോടനം ഭൂമിയിൽ ദോഷം മാത്രം വിതയ്ക്കുന്നവയല്ല. സ്ഫോടനത്തിൽ പുറത്തുവരുന്ന mineral ash ഭൂമിയുടെ ഫല ഭൂയിഷ്ടത (Soil fertility) ഏറെ വർധിപ്പിക്കുന്നു. കൂടാതെ ഭൂമുഖത്തേക്ക് ധാരാളം ഓക്സിജനും ജലവും എത്തിക്കുന്നു. ചുരുക്കത്തിൽ അഗ്നി പർവതങ്ങൾ ഭൂമിയെ ചൂടുള്ളതും ജലാംശം ഉള്ളതുമായി സൂക്ഷിക്കുന്നു എന്ന് പറയാം. ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് മേൽപ്പറഞ്ഞ ഘടകങ്ങൾ അത്യന്താപേക്ഷിതമാണല്ലോ. ചുരുക്കിപ്പറഞ്ഞാൽ ഭൂമിയുടെ നിലനിൽപ്പിനെ ഈ പ്രതിഭാസം ഏറെ സഹായിക്കുന്നു എന്ന് വേണം മനസ്സിലാക്കാൻ! ◆

ഒരു നുറുങ്ങുകഥ

# വെറുതെ ഒരു സ്വപ്നം

**ഉഷാവർമ്മ,** തിരുവനന്തപുരം



നല്ല ഉറക്കം ഉറങ്ങി വരികയായിരുന്നു. എന്തോ ഒരു ബഹളം കേൾക്കുന്നു. ഇന്ന് ശനിയാഴ്ചയാണല്ലൊ. അലാറം വെച്ചിട്ടില്ല, ആറു മണിക്ക് എഴുന്നേറ്റാൽ മതിയല്ലൊ. പക്ഷെ നാലു മണിക്ക് തന്നെ ഉണർന്നു. പിന്നെയും ഒന്ന് മയങ്ങിയതാണ്, വെളിയിൽ ആൾക്കാരുടെ ബഹളം കേൾക്കുന്നു. ഇതെന്താ വെള്ളപ്പൊക്കം വല്ലതുമാണോ അതിന് മഴ ഇല്ലല്ലോ.

"ഉഷേ ഒന്നെഴുന്നേറ്റു വന്നെ ഒന്ന് വേഗം വരു"

ഏട്ടനാണല്ലൊ വിളിക്കുന്നത്

"ഒന്നെഴുന്നേറ്റു വരൂ കുട്ട്യേ"

"എന്താ ഏട്ടാ" ഞാൻ ചാടി എണീറ്റു. ആറു മണി പോലും ആയില്ലല്ലൊ നേരം വെളുത്തിട്ടു പോലും ഇല്ല.

"അല്ല കുട്ടീ ഒന്നെഴുന്നേൽക്കു ഏഴുമണിയായി."

"ഇല്ല ഏട്ടാ ഇപ്പോഴും ഇരുട്ടല്ലെ."

"അല്ല ഉഷാ ഇന്ന് ഇതുവരെ സൂര്യൻ ഉദിച്ചിട്ടില്ല."

"ങേ,എന്താ ഏട്ടാ ഇത് മഴക്കാറായിരിക്കും." ഞാൻ എണീറ്റ് സമയം നോക്കി.

അതെ 7 മണി.

സൂര്യന്റെ ചെറു വെളിച്ചം പോലുമില്ല. എല്ലാവരും വീടിന് വെളിയിൽ നിൽക്കുന്നു. എല്ലാ ലൈറ്റുകളും ഇട്ട് നിൽക്കുകയാണ് അത്ത്യയും അപ്പു അണ്ണനും കുഞ്ഞമ്മയും വിഷ്ണുവും ചന്ദ്രുവും അപ്പുറത്തെ രാജിയും രാജുവും എല്ലാവരും വീടിന് വെളിയിൽ നിൽക്കുന്നു. പാലു വാങ്ങാനൊന്നും ആരും പോയിട്ടില്ല. പക്ഷെ എല്ലാവരും വലിയ ചിന്തയിലാണ് നമ്മുടെ സൂര്യനിതെന്തു പറ്റി.

ഞാൻ അടുത്ത വീട്ടിലെ ചേച്ചിയോട് ചോദിച്ചു "ഇന്ന് അമ്പലം തുറന്നുവോ നേരത്തെ എഴുന്നേൽക്കാത്തവർ പോലും എഴുന്നേറ്റു."

കാരണം സൂര്യൻ എവിടെ?

ഒന്ന് രണ്ട്പേർ കിള്ളിപ്പാലം വരെ നടക്കാൻ പോയത്രെ. അവിടുത്തെ നീലകണ്ഠന്റെ ചായക്കട തുറക്കണമൊ വേണ്ടയോ എന്ന് സംശയിച്ച് അയാൾ നിൽക്കുകയാണ്. ആരോടാ ചോദിക്കുക സൂര്യൻ എവിടെയെന്ന്. പോലീസിനോടൊ അതൊ അമ്പലത്തിലെ പോറ്റിയോടൊ ആർക്കാ അറിയുക എന്താ പറ്റിയതെന്ന്. ന്യൂസ് നോക്കാമെന്ന് ചിലർ പറയുന്നു. പക്ഷെ ആരും വീടിനകത്തേക്ക് പോകുന്നില്ല എല്ലാവരും വലിയ ചർച്ചയിലാണ്, നമ്മുടെ സൂര്യൻ എവിടെയെന്ന്. ചിലർ പൈപ്പിൽ വെള്ളം ഉണ്ടോന്ന് നോക്കുന്നു. ചിലർ ആകാശത്തേക്ക് നോക്കുന്നു. ഇന്നു പോകട്ടെ നാളെ കുട്ടികൾ എങ്ങിനെ സ്കൂളിൽ പോകും കടകൾ എങ്ങിനെ തുറക്കും എനിക്ക് പേടിയായി. ഞാൻ ഉറക്കെ സൂര്യമന്ത്രം ജപിക്കാൻ തുടങ്ങി:

*"ജപാകുസുമസങ്കാശം*
*കാശ്യപേയം മഹദ്യുതിം*
*തമോരിം സർവ്വപാപഘ്നം*
*പ്രണതോസ്മി ദിവാകരം"*

ഒന്നല്ല രണ്ടല്ല പിന്നെയും പിന്നെയും...

"ഏയ് ഉഷാ നീയെന്താ ഉറക്കത്തിൽ ജപിക്കുന്നത് എഴുന്നേൽക്കു" ഏട്ടൻ പറഞ്ഞു. ഞാൻ ചാടിയെഴുന്നേറ്റു

''ഏട്ടാ സൂര്യനുദിച്ചോ എവിടെ'' ഞാൻ നോക്കി അതാ സൂര്യൻ ഉദിച്ചു നിൽക്കുന്നു ഒരു നിമിഷം ഞാൻ വീണ്ടും പ്രാർത്ഥിച്ചു.

"ജപാകുസുമസങ്കാശം.........." ◆

# പറഞ്ഞറിവുകൾ

**സമാഹരണം: സൂര്യകുമാർ എം.കെ**

**ഇവ പലർക്കും അറിയാവുന്നതും ചിലർക്കെങ്കിലും അറിവില്ലാത്തതുമാണ്. അവർക്കു പ്രയോജനമാകുന്നെങ്കിൽ ആകട്ടെ. പറഞ്ഞറിവുകൾ ആകയാൽ ചില ദേശങ്ങളിൽ പാഠഭേദവും കണ്ടേക്കാം.**

### ശാന്തിമന്ത്രം

*ഓം സഹനാവവതു സഹനൗ ഭുനക്തു*
*സഹവീര്യം കരവാവഹൈ*
*തേജസ്വിനാവധീതമസ്തു*
*മാ വിദ്വിഷാവഹൈ*
*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

നമ്മൾ ഒരുമിച്ച് രക്ഷിക്കപ്പെടട്ടെ, നമ്മൾ ഒരുമിച്ച് അനുഭവിക്കട്ടെ, നമ്മൾ ഒരുമിച്ച് വീര്യം നേടുമാറാകട്ടെ, നമ്മൾ തേജസ്വികളായി തീരട്ടെ, പരസ്പരം വിദ്വേഷിക്കാതിരിക്കട്ടെ

### പ്രഭാതവന്ദനം

*കരാഗ്രേ വസതേ ലക്ഷ്മീ*
*കരമദ്ധ്യേ സരസ്വതി*
*കര മൂലേതു ഗോവിന്ദ പ്രഭാതേ കര ദർശനം*

കരാഗ്രത്തിൽ ലക്ഷ്മി വസിക്കുന്നു. കരത്തിന്റെ മദ്ധ്യത്തിൽ സരസ്വതി വസിക്കുന്നു. കരത്തിന്റെ മൂലഭാഗത്ത് ഗോവിന്ദൻ വസിക്കുന്നു പ്രഭാതത്തിൽ കരദർശനം

### ഭൂമിദേവി വന്ദനം

*സമുദ്ര വസനേ ദേവി*
*പർവ്വത സ്തന മണ്ഡലേ*
*വിഷ്ണു പത്നി നമസ്തുഭ്യം*
*പാദസ്പർശം ക്ഷമസ്വ മേ*

സമുദ്രം വസ്ത്രമായിട്ടുള്ളതും, പർവ്വതം സ്തനമായിട്ടുള്ളതും, വിഷ്ണു പത്നിയുമായിട്ടുള്ള ദേവീ അങ്ങയ്ക്കു നമസ്കാരം. എന്റെ പാദസ്പർശം ക്ഷമിച്ചാലും.

### സ്നാനവന്ദനം

*ഗംഗേ ച യമുനേ ചൈവ*
*ഗോദാവരീ സരസ്വതീ*
*നർമ്മദേസിന്ധു കാവേരീ*
*ജലേസ്മിൻ സന്നിധിം കുരു*

ഗംഗയും യമുനയും ഗോദാവരിയും സരസ്വതിയും നർമ്മദയും സിന്ധുവും കാവേരിയും ഈ ജലത്തിൽ സാന്നിദ്ധ്യം ചെയ്യട്ടെ

### സൂര്യഗായത്രി

*ഓം ഭൂർ ഭുവസ്വ തത് സവിതുർ വരേണ്യം*
*ഭർഗോ ദേവസ്യ ധീമഹിഃ*
*ധിയോ യോനഃ പ്രചോദയാത്*

ഭൂമി ഓംകാരം ഭുവർ ലോകവും ഓംകാരം സ്വർലോകവും ഓംകാരം. ആ സവിതാവിന്റെ ശ്രേഷ്ഠമായ പ്രഭ നമ്മുടെ ബുദ്ധിയെ പ്രചോദിപ്പിക്കട്ടെ

### വിഭൂതി ധാരണ മന്ത്രം

*ഓം ശ്രീകരം ച പവിത്രം ച*
*ശോക രോഗ നിവാരണം*
*ലോകേഷു വസുതാം പുണ്യം*
*ഭസ്മം ത്രൈലോക്യ പാവനം.*

ഐശ്വര്യകരവും പവിത്രവും ശോകത്തെയും രോഗത്തെയും നിവാരണം ചെയ്യുന്നതും ലോകത്തിനും അഷ്ടവസുക്കൾക്കും പുണ്യം കൊടുക്കുന്നതുമായ ഭസ്മം ത്രിലോകങ്ങളിലും ഏറ്റവും പവിത്രമായി കരുതുന്നു

### പഠനത്തിനു മുമ്പ്

*സരസ്വതി നമസ്തുഭ്യം വരദേ കാമരൂപിണീ*
*വിദ്യാരംഭം കരിഷ്യാമി*
*സിദ്ധിർ ഭവതു മേ സദാ*

വരമരുളുന്ന അല്ലയോ സരസ്വതി നിനക്കു നമസ്കാരം. ഇഷ്ടമുള്ള രൂപം ധരിക്കാവുന്നവളേ നമസ്കാരം ഞാനിതാ വിദ്യാരംഭം ചെയ്യുന്നു എനിക്ക് എല്ലായ്പോഴും അതിനുള്ള സിദ്ധിയുണ്ടാക്കി തരേണമേ.

### ഭക്ഷണത്തിന് മുമ്പ്

*ബ്രഹ്മാർപ്പണം ബ്രഹ്മ ഹവിഃ*

*ബ്രഹ്മാഗ്നൗ ബ്രഹ്മണാഹുതം*
*ബ്രഹ്മൈവ തേന ഗന്തവ്യം*
*ബ്രഹ്മ കർമ്മ സമാധിനാ*

പാത്രം ബ്രഹ്മമാണ് ഹവിസ്സ് ബ്രഹ്മമാണ് ബ്രഹ്മമാകുന്ന അഗ്നിയിൽ ബ്രഹ്മത്താൽ ആഹുതി ചെയ്യപ്പെടുന്നു. അതു കൊണ്ട് ബ്രഹ്മം തന്നെയായി തീരുന്നു ആ ബ്രഹ്മകർമ്മ സമാധി കൊണ്ട് എല്ലാം ബ്രഹ്മമായി തീരുന്നു.

### ഭക്ഷണത്തിന് ശേഷം

*അന്നപൂർണ്ണേ സദാ പൂർണ്ണേ*
*ശങ്കര പ്രാണവല്ലഭേ*
*ജ്ഞാന വൈരാഗ്യസിദ്ധ്യർത്ഥം*
*ഭിക്ഷാംദേഹി ചഃ പാർവ്വതീ*

അന്നപൂർണ്ണവും എല്ലായ്പോഴും പൂർണ്ണമായിട്ടുള്ളവളും ശങ്കരന്റെ പ്രാണവല്ലഭയുമായിട്ടുള്ള അല്ലയോ പാർവ്വതി ജ്ഞാന വൈരാഗ്യസിദ്ധിക്കു വേണ്ടി ഭിക്ഷാം ദേഹി

### സന്ധ്യാ ദീപ വന്ദനം

*ശുഭം കരോതി കല്യാണം ആരോഗ്യം ധനസമ്പദഃ*
*ശത്രു ബുദ്ധിവിനാശായ*
*ദീപജ്യോതിർ നമോസ്തുതേ*

ശുഭം നൽകുന്നതും ആയുസ്സും ആരോഗ്യവും വർദ്ധിപ്പിക്കുന്നതും എന്റെ ശത്രുക്കളുടെ ബുദ്ധിയെ നശിപ്പിക്കുന്നതുമായ ദീപത്തിനു നമസ്കാരം.

### ഉറങ്ങാൻ പോകുമ്പോൾ

*കരചരണ കൃതം വാ കായജം കർമ്മജം വാ*
*ശ്രവണ നയന ജം വാ മാനസം വാ പരാധം*
*വിദിതമവിദിതം വാ സർവ്വമേ തത്ക്ഷമസ്വ ജയ ജയ കരുണാബ്ധേ ശ്രീ മഹാദേവ ശംഭോ*

കൈ കൊണ്ടോ കാലു കൊണ്ടോ ശരീരം കൊണ്ടോ പ്രവൃത്തി കൊണ്ടോ കാതുകൊണ്ടോ കണ്ണുകൊണ്ടോ മനസ്സുകൊണ്ടോ ചെയ്ത അപരാധങ്ങളും അറിഞ്ഞോ അറിയാതെയോ ചെയ്ത അപരാധങ്ങളും എല്ലാം ക്ഷമിച്ച് കാത്തരുളണേ കരുണാമയനായ മഹാദേവാ

### ക്ഷമാപണമന്ത്രം

*കായേന വാചാ മനസേന്ദ്രിയൈർവാ*
*ബുദ്ധ്യാത്മനാ വാ*
*പ്രകൃതേർ സ്വഭാവാത്*
*കരോമി യദ്യത് സകലം പരസ്മൈ*
*നാരായണായേതി സമർപ്പയാമി*

ശരീരം കൊണ്ടോ, വാക്കു കൊണ്ടോ, മനസ്സു കൊണ്ടോ, പഞ്ചേന്ദ്രിയങ്ങൾ കൊണ്ടോ, ബുദ്ധി കൊണ്ടോ സ്വാഭാവികമായ പ്രകൃതം കൊണ്ടോ ചെയ്യുന്നതെല്ലാം നാരായണനായി സമർപ്പിച്ചു കൊള്ളുന്നു ●

# തുഞ്ചന്റെ പെൺകിളി

**വേലൂർ പരമേശ്വരൻ നമ്പൂതിരി, കുട്ടമ്പേരൂർ**



രാമകഥകൾ പാടുന്ന ശാരികേ
ചാരത്തണയും സൽക്കഥ കേൾപ്പിക്ക
കഥകൾ കഥിക്കുവാൻ സാമർത്ഥ്യമുള്ള നീ
തുഞ്ചന്റെ ശാരികപ്പെണ്ണായ സുന്ദരീ!

ശാരദാ ദേവിതൻ കൈയിലും നീയുണ്ട്
പുണ്യ പുരാതന ഗ്രന്ഥത്തിൽ നീയുണ്ട്
സാഹിത്യമായി കിളിപ്പാട്ടിലുണ്ടല്ലോ
തുഞ്ചന്റെ ശാരികപ്പെണ്ണായ സുന്ദരീ!

കിളികളിലഴകുള്ള പൈങ്കിളി നീ തന്നെ
പാട്ടുകൾ പാടാൻ കഴിവും നിനക്കുണ്ട്.
വീട്ടിൽ വളർത്തുന്ന പക്ഷികളിൽത്തന്നെ
പച്ചക്കിളികളിൽ മെച്ചവും നീ തന്നെ!

കിളിപ്പാട്ടു പാടാൻ കഴിവുള്ള പൊൻകിളി
ഭാഗവതം പാടി ഭാരതവും പാടി
രാമായണംപാടി കൈരളിയെത്തന്നെ
സാഹിത്യവേദിയിൽ സുന്ദരിയാക്കുന്നു.

മലയാളിമക്കൾക്കു മാധുര്യമൂറുന്ന
ശാരികപ്പാട്ടുകൾ രോമാഞ്ചകഞ്ചുകം
ഭക്തിയാൽ നമ്മളെ സമ്പന്നരാക്കുന്നു
തുഞ്ചന്റെ ശാരികപ്പെണ്ണായ സുന്ദരി! ●

# ഹിമാലയ ക്ഷേത്രങ്ങൾ (2)

**കെ. ഹരികൃഷ്ണവർമ്മ,** ചേർത്തല ഫോ. 9447484099

ഞങ്ങളുടെ ഹിമാലയ യാത്ര തുടരുകയാണ്.

പിറ്റേന്നു (19.06.2017) രാവിലെ 8 മണിക്ക് ബാർ ക്കോട്ട് നിന്നും ഉത്തരകാശിയിലേക്കുള്ള യാത്ര ആരംഭിച്ചു. ഹിമാലയസാനുക്കളിലൂടെയുള്ള ആ യാത്ര 11.30 വരെ നീണ്ടു. 11.30 ന് ഉത്തരകാശി യിൽ എത്തി. വടക്കേ ഇന്ത്യയിലെ വിശ്വാസ പ്രകാരം മൂന്നു കാശികളാണുള്ളത്. വാരണാസി, ഉത്തരകാശി, പിന്നെ ഗുപ്ത കാശി. ഉത്തരകാശി ജില്ലയുടെ തലസ്ഥാനമാണ് സോമ്യകാശി എന്നും ശിവനഗരി എന്നും കൂടി അറിയപ്പെടുന്ന ഉത്തരകാശി എന്ന പട്ടണം. സാഹസികമായ വിനോദസഞ്ചാര ത്തിനും തീർത്ഥാടനത്തിനും അനുയോജ്യമായ ഒരു പർവ്വതപ്രദേശമാണ് സമുദ്രനിരപ്പിൽ നിന്നും ഏകദേശം 4500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഉത്തരകാശി. ഭാഗീരഥിനദിയുടെ തീരത്തുള്ള ഈ നഗരത്തിൽ ധാരാളം ആശ്രമങ്ങളും ക്ഷേത്രങ്ങളും കൂടാതെ പർവ്വതാരോഹണ പരിശീലനകേന്ദ്രങ്ങ ളും ഉണ്ട്. പ്രസിദ്ധമായ നെഹ്റുകോളേജ് ഓഫ് മൗണ്ടനിയറിങ്ങ് ഇവിടെയാണ് പ്രവർത്തിക്കുന്നത്. ബസ്സ്റ്റാന്റിൽ നിർത്തിയ വണ്ടിയിൽ നിന്നിറങ്ങി നേരെ വിശ്വനാഥക്ഷേത്രത്തിലേക്ക് നടന്നു. നല്ല ശുചിത്വവും അച്ചടക്കവും ഉള്ള മനോഹരമായ ക്ഷേത്രം. തിരക്കും വളരെ കുറവായിരുന്നു. തൊട്ട ടുത്തുള്ള ഹനുമാൻ ക്ഷേത്രത്തിലും ദർശനം നട ത്തി. ഉത്തരകാശിയിൽ എത്തുന്നതിനുമുമ്പു വഴി യിൽ ഒരു വിവാഹാഘോഷം കണ്ടിരുന്നു. ഞങ്ങൾ ക്ഷേത്രത്തിൽ ഇരിക്കുമ്പോൾ ആ വിവാഹത്തിലെ വരനും വധുവും അവരുടെ പാരമ്പര്യ വേഷവിധാ നത്തിൽ അവിടെ ദർശനത്തിനെത്തി. അവരുടെ ചില ചിത്രങ്ങൾ എടുത്തു.

ഏകദേശം 1.30 ഓടെ ക്ഷേത്രത്തിൽ നിന്നും 6 കി.മീ. അകലെയുള്ള ഗംഗാപുത്ര് എന്ന ഹോട്ട ലിൽ എത്തി. നാലു കട്ടിലുകളും രണ്ടു ഫാനും ടി.വിയും ഒക്കെയുള്ള വിശാലമായ മുറി നല്ല വൃത്തിയുള്ളതും ആയിരുന്നു. എല്ലാറ്റിനും ഉപരി



പിറകുവശത്തു കൂടെ ഗംഗാനദി സ്വച്ഛന്ദമായി ഒഴു കുന്ന കാഴ്ചയും ഉണ്ട്. 3 മണി കഴിഞ്ഞപ്പോൾ ഞങ്ങൾ ഗംഗയിൽ കുളിക്കാൻ പുറപ്പെട്ടു. കടവി ലേക്ക് എത്താൻ കുറച്ചു നടന്നു. അവിടെ ഒരു ശിവാനന്ദാശ്രമം ഉണ്ട്. അതിന്റെ അരികിലൂടെ നദി യിലേക്കിറങ്ങി. നല്ല തണുപ്പുള്ള വെള്ളം പാറക്കെ ട്ടുകളിലൂടെ ഒരുവിധം ശക്തിയായി ഒഴുകിക്കൊ ണ്ടിരിക്കുകയാണ്. അവിടെ കുളി നല്ലൊരനുഭവം ആയിരുന്നു. ഇവിടെ ഗംഗയ്ക്കു കുറുകെ ഒരു തൂക്കുപാലം ഉണ്ട്. തൂക്കുപാലത്തിലൂടെ മറ്റേ അറ്റ ത്തെത്തി. കുറച്ചു ചിത്രങ്ങൾ എടുത്തു. ശിവാന ന്ദാശ്രമത്തിൽ കയറി അവിടെയുള്ള വിനായക ക്ഷേത്രത്തിൽ പ്രാർത്ഥിച്ച് കുറച്ചുനേരം അവിടെ കഴിച്ചുകൂട്ടി. ആശ്രമവും പരിസരവും ശാന്തവും പരിപാവനവും ആയി അനുഭവപ്പെട്ടു. ആശ്രമ

ത്തിന്റെ മുകളിലത്തെ നിലയിൽ കുറച്ചു പെൺ കുട്ടികൾ താമസിക്കുന്നതു കാണാനിടയായി. വൈകിട്ടു തൂക്കുപാലത്തിൽ നിന്നു ഫോൺ ചെയ്തിരുന്ന കുട്ടിയോട് ഞങ്ങൾ സംസാരിച്ചു. ബംഗ്ളൂരൂ പഠിക്കുന്ന ഈ കുട്ടി രണ്ടു മാസത്തെ യോഗപരിശീലനത്തിനു വന്നതാണത്രെ. ഇന്ത്യയുടെ പലഭാഗത്തു നിന്നും ധാരാളം പേർ ഇതിനായി എത്താറുണ്ടെന്നും പറഞ്ഞു. രണ്ടു മാസത്തെ പഠനത്തിനു 45000 രൂപയായിരുന്നു അക്കാലത്തെ ഫീസ്. വൈകിട്ട് 6 മണിയോടെ തിരിച്ചു മുറിയിൽ എത്തി. പിറ്റേന്ന് (20.6.2017) രാവിലെ 4.30 ന് ഉത്തരകാശിയിൽ നിന്നും ഗംഗോത്രിയിലേക്കുള്ള പ്രയാണം ആരംഭിച്ചു. ഏകദേശം 90 കി.മീ അകലെയാണ് ഗംഗയുടെ ഉത്ഭവസ്ഥാനമായ ഗംഗോത്രി. വളരെ വീതി കുറഞ്ഞ പാത. മല ഇടിച്ചിൽ കൊണ്ട് പല ഭാഗങ്ങളും തകരാറിൽ ആയിട്ടുണ്ട്. പാതയുടെ ഒരു വശത്തു ഗംഗാനദി ഒഴുകിക്കൊണ്ടേ ഇരിക്കുന്നു. സമതലത്തിലും അഗാധ തലത്തിലും മാറിമാറി. കുത്തനെയുള്ള കയറ്റങ്ങൾ, ധാരാളം വളവുകൾ, ഹെയർപിൻ വളവുകൾ എല്ലാം കൂടി സാഹസികമായ യാത്ര തന്നെയാണ്. എല്ലാറ്റിനും ഉപരിയായി കൊടും തണുപ്പും കൂടി ആയപ്പോൾ സാഹസികത പൂർണ്ണമായി. ഇടയ്ക്കു കാണുന്ന പാലങ്ങളിൽ പലതും ഉരുക്കിൽ തീർത്തവയാണ്. 7.15 ന് പ്രഭാത ഭക്ഷണത്തിനായി വാഹനം നിർത്തി. അതിനടുത്തായി ഒരു ചോല നിരത്തിനു കുറുകെ ഒഴുകുന്നുണ്ട്. രണ്ടു മലകൾക്കിടയിലൂടെയാണ് ഈ ചോല ഒഴുകി വരുന്നത്. ശക്തിയായി ഒഴുകുന്ന ചോലയിലെ സമൃദ്ധമായ വെള്ളത്തിനും കൊടും തണുപ്പാണ്. മുഖം കഴുകിയപ്പോൾ മുഖം കോടിപ്പോയതുപോലെ ആയി. വീണ്ടും മുകളിലേക്കുള്ള യാത്ര. ഹിമാലയത്തിന്റെ ഗാംഭീര്യവും സൗന്ദര്യവും വിവരണങ്ങൾക്കതീതമാണ്. അസംഖ്യമായ കൊടുമുടികളും മലനിരകളും അഹമഹമിഹയാ ഉയർന്നു നിൽക്കുന്നു. അടുത്തു കാണുന്നവ വലിയ പാറക്കെട്ടുകളും, പുൽമേടുകളും കൊടും കാടുകളും ആണെങ്കിൽ അതിനുപിറകിൽ അത്യുന്നതങ്ങളിൽ ഉള്ള കൊടുമുടികൾ മഞ്ഞുമൂടി വെള്ളിമലയുടെ ഭാവത്തിലാണ് കാണപ്പെടുന്നത്. ഉദയസൂര്യൻ അതിനു മുകളിൽ എത്തുമ്പോഴത്തെ ശോഭ പറഞ്ഞറിയിക്കാൻ കഴിയില്ല. മലനിരകളുടെ നടുവിലൂടെയുള്ള ഗംഗയുടെ പ്രയാണമാണ് അതിസുന്ദരം. ആക്രമണകാരിയായും ക്രുദ്ധയായും ശാന്തയായും മനോഹാരിണിയായും മാറി മാറി ഒഴുകുന്ന ഗംഗ. മലനിരകളിൽ നിന്നും എണ്ണിയാലൊടുങ്ങാത്ത ചെറുതുംവലുതുമായ വെള്ളച്ചാട്ടങ്ങളും അരുവികളും ഉത്ഭവിച്ചൊഴുകി ഗംഗയിൽ ലയിക്കുകയാണ്. വളരെ ആകർഷകമായ മറ്റൊരു സവിശേഷത ഈ മലനിരകളിൽ ഉടനീളം കാണുന്ന ദേവദാരുവൃക്ഷങ്ങളാണ്. 8.30 ഓടെ സമുദ്രനിരപ്പിൽ നിന്നും 11200 അടി ഉയരത്തിൽ ഉള്ള ഗംഗോത്രിയിൽ എത്തിച്ചേർന്നു.

ഗംഗാദേവിയുടെ ആസ്ഥാനവും ഗംഗാനദിയുടെ ഉത്ഭവവും ഇവിടെയാണ്. ഗംഗാനദി ഉത്ഭവത്തിൽ ഭാഗീരഥി എന്ന പേരിൽ ആണ് അറിയപ്പെടുന്നത്. സൂര്യവംശത്തിലെ ഭഗീരഥൻ എന്ന ചക്രവർത്തി തന്റെ പിതാമഹന്മാർക്കു മോക്ഷം ലഭിക്കുന്നതിനായി ഗംഗയെ ഭൂമിയിലെത്തിക്കാൻ നടത്തിയ യത്നത്തിന്റെ കഥ കർണ്ണശപഥം കഥകളിയിൽ വളരെ വിസ്തരിച്ച് ആടാറുണ്ട്. അങ്ങനെയാണു ഗംഗയ്ക്കു ഭാഗീരഥി എന്ന പേർ കൈവന്നത്. താഴേക്കു ഒഴുകുന്ന ഭാഗീരഥി ദേവപ്രയാഗയിൽ അളകനന്ദയോടു ചേരുന്നതോടെയാണ് ഗംഗ ആയി മാറുന്നത്. ഗംഗോത്രി ഹിമപാളികളിൽ സ്ഥിതിചെയ്യുന്ന ഗോമുഖ് മഞ്ഞുമലയിൽ നിന്നാണു ഗംഗ ആരംഭിക്കുന്നത്. വാഹനം നിർത്തുന്നിടത്തു നിന്നും 1 കി.മീ നടക്കണം ക്ഷേത്രത്തിലെത്താൻ. പുരാതനമായ ഗംഗാദേവി ക്ഷേത്രം പതിനെട്ടാംനൂറ്റാണ്ടിൽ ഗൂർഖാ നേതാവായിരുന്ന അമർ സിങ്ങ് ഥാപ്പ ആണു സ്ഥാപിച്ചത് എന്നു വിശ്വസിക്കുന്നു. വർഷംതോറും ലക്ഷക്കണക്കിനു ഹിന്ദു മതവിശ്വാസികൾ ദർശനത്തിനായി ഇവിടെ എത്താറുണ്ട്. ഏപ്രിൽ മുതൽ ഒക്ടോബർ വരെയാണു തീർത്ഥാടന കാലം. പിന്നീടുള്ള മാസങ്ങളിൽ ഇവിടെ മഞ്ഞ് മൂടികിടക്കുന്ന അവസ്ഥയാണ്. ക്ഷേത്രപരിസരത്തു നിന്ന് നോക്കുമ്പോൾ ഹിമാലയം വെള്ളിമലയായിട്ടാണ് കാണപ്പെടുന്നത്. ആ അസാമാന്യ പ്രകൃതി സൗന്ദര്യം കണ്ടു തന്നെ അറിയേണ്ടതാണ്. ഗോമുഖിൽ നിന്നും അടർന്നു വരുന്ന ഹിമപാളികൾ താഴേക്കുവരുമ്പോൾ ഉണ്ടാകുന്ന ഘർഷണം കൊണ്ട് ജലം ആകുന്നു എന്നേ ഉള്ളു. തണുപ്പിന് ഒരു കുറവും സംഭവിക്കുന്നില്ല. നിരത്തിനിരുവശവും ചെറുതും വലിയതുമായി

വിവിധ തരം കടകളാണ്. വലതുവശത്തു കടകൾക്കും പിറകിലൂടെ ഗംഗ ഒഴുകുന്നു. ക്ഷേത്രത്തിനടുത്തെത്തുമ്പോൾ ഗംഗാതീരത്ത് വിശാലമായ സൗകര്യങ്ങൾ ഉണ്ട് കുളിക്കുന്നതിനും മറ്റ് ആചാരപ്രകാരമുള്ള ബലികർമ്മങ്ങൾ ചെയ്യുന്നതിനും. മഞ്ഞുമൂടിയ ഹിമാലയത്തിന്റെ ഉത്തുംഗതയിൽ നിന്നും അടർന്നു താഴേക്കു പതിക്കുന്ന ഹിമപാളികളാണ് ഗംഗോത്രിയിലെ ജലം എന്നു പറയുമ്പോൾ തന്നെ അതിന്റെ തണുപ്പ് ഊഹിക്കാവുന്നതേ ഉള്ളു. മുങ്ങിക്കുളി ഒന്നും നടക്കില്ല. മഗ്ഗിൽ വെള്ളമെടുത്ത് തലയിൽ ഒഴിക്കാം. 5 മഗ്ഗ് ഗംഗാജലം തലയിൽ ഒഴിക്കണമെന്നാണ് ഗൈഡ് പറഞ്ഞത്. പക്ഷെ മൂന്നു മഗ്ഗ് ആകുമ്പോഴേയ്ക്കും തല മരവിച്ചതുപോലെ ആകും. നദിയിൽ ഇറങ്ങി നിന്നാൽ 1/2 മിനിറ്റ് ആകുമ്പോഴേയ്ക്ക് കാലുകൾ മരവിച്ചുപോകും. മറ്റുള്ളവർ രണ്ടും മൂന്നും മഗ്ഗ് വെള്ളം തലയിൽ ഒഴിച്ചപ്പോൾ അഹങ്കാരിയായി ഞാൻ ഗമയ്ക്കു വേണ്ടി അഞ്ചു മഗ്ഗ് തന്നെ ഒഴിച്ചു. അഞ്ചാമത്തെ ആയപ്പോഴേയ്ക്കും കുഴഞ്ഞു വീഴുമെന്ന ഘട്ടത്തിലെത്തി എന്നു പറഞ്ഞാൽ മതിയല്ലോ. കുളി കഴിഞ്ഞപ്പോൾ ഒരു പൂജാരി പിറകെ കൂടി. അദ്ദേഹത്തെ കൊണ്ട് ഗംഗാതർപ്പണവും നടത്തി, ക്ഷേത്രദർശനത്തിനു പോയി ഗംഗാമാതാവിനെ തൊഴുതു പ്രസാദവും വാങ്ങി. ഭഗീരഥനെയും ഗണപതിയേയും തൊഴുതു. തിരികെ നടക്കുമ്പോൾ ഗംഗോത്രിയുടെ ഓർമ്മയ്ക്കായി കടയിൽ നിന്നും ചെമ്പിന്റെ ഒരു മൊന്ത വാങ്ങിച്ചു. കാഴ്ചകൾ കണ്ടു കണ്ട് തിരികെ ബസ്സിനടുത്തെത്തിയിട്ടും മറ്റുള്ളവർ ആരും വന്നിട്ടില്ല. കാനനത്തിന്റെയും ദേവദാരുവൃക്ഷങ്ങളുടെയും ഭംഗി ആസ്വദിച്ച് അവിടെ മുഴുവൻ ചുറ്റി നടന്നു. രണ്ടു നേപ്പാളി പയ്യന്മാർ കസ്തൂരിയും കൊണ്ട് ഞങ്ങളുടെ അടുത്തു വന്നു. ഒരു കസ്തൂരിക്ക് 100 രൂപ പറഞ്ഞു. മായ തർക്കിച്ചു 2 എണ്ണത്തിനു 100 രൂപ എന്നാക്കി കച്ചവടം ഉറപ്പിച്ചു. സനലും കൂടെ കൂടിയതുകൊണ്ട് വലിയ ആവേശം ആയിരുന്നു. പയ്യൻ കസ്തൂരി നമ്മുടെ ഉള്ളംകയ്യിൽ വച്ചു തരും. എന്നിട്ട് പുറം കയ്യ് മണത്തുനോക്കാൻ പറയും. മണക്കുമ്പോൾ നല്ല സൗരഭ്യം. ഉള്ളം കയ്യിൽവച്ച കസ്തൂരിയുടെ സൗരഭം പുറംകയ്യിൽ എത്തുന്ന അത്ഭുത പ്രതിഭാസം. ഓരോന്നെടുത്ത് രണ്ടുപേരും ബാഗിൽ വച്ചു കഴിഞ്ഞപ്പോൾ ഇതിന്റെ കച്ചവടരഹസ്യം ഞാനവർക്കു പറഞ്ഞുകൊടുത്തു. അതുകാരണം, ഇലയോടൊപ്പമുള്ള രുദ്രാക്ഷം കാണിച്ചിട്ടും ദൈവാധീനത്താൽ അവർ അതു വാങ്ങിയില്ല. ഏതായാലും എനിക്കും കൃഷ്ണകുമാറിനും രണ്ടുപേരെയും ഒരുപാടു കളിയാക്കാനും ചിരിക്കാനുമുള്ള അവസരം കിട്ടി.

ഉച്ചകഴിഞ്ഞു മൂന്നരമണിയോടെ ഞങ്ങൾ തിരിച്ച് ഉത്തരകാശിയിലെ ഹോട്ടലിൽ എത്തി. വൈകിട്ട് 5 മണിയോടെ ഞങ്ങൾ 4 പേരും അവിടത്തെ മാർക്കറ്റിലേക്കു പുറപ്പെട്ടു. മായയ്ക്ക് രണ്ടു മൂന്നു ചുരിദാറുകൾ വാങ്ങി. മാർക്കറ്റിൽ വച്ചു തൃശ്ശൂർക്കാരി ദീപ എന്നൊരു പെൺകുട്ടിയെ പരിചയപ്പെട്ടു. ഒരു മാസത്തെ പർവ്വതാരോഹണ പരിശീലനക്ലാസ്സിനു വന്നതാണത്രെ. കേരളത്തിലെ പെൺകുട്ടികളിലും ഇത്തരം സാഹസികത നിറഞ്ഞ പരിശീലനങ്ങളിൽ കമ്പമുണ്ടെന്നറിഞ്ഞപ്പോൾ ഒട്ടൊരു അഭിമാനം തോന്നി. തിരികെ വന്നിട്ടും ഞങ്ങൾ വീണ്ടും പഴയ തൂക്കുപാലത്തിലേക്ക് പോയി. തൂക്കുപാലവും പിന്നിട്ടു ഞങ്ങൾ ഗ്രാമാന്തരീക്ഷത്തിലേക്കു കടന്നു. ഹിമാലയത്തിനു മുകളിൽ ഉള്ള ഗ്രാമം!! കുത്തനെയുള്ള കയറ്റിറക്കങ്ങൾ മാത്രമുള്ള ഒറ്റയടിപ്പാത. പാതക്കിരുവശവും വൻവൃക്ഷങ്ങളും കുറ്റിക്കാടുകളും നിറഞ്ഞ വനം. പല സ്ഥലങ്ങളിലും മുകളിൽ നിന്നും ചെറുതും വലുതുമായ അരുവികൾ. അവയ്ക്കു സ്വച്ഛന്ദമായൊഴുകാൻ കുറുകെ ചെറിയ പാലങ്ങൾ, പാലത്തിനപ്പുറമുള്ള ഈ ഗ്രാമങ്ങളിലേക്കു നടപ്പാതകൾ മാത്രം. ഗ്രാമത്തിന്റെ ഉള്ളിലേക്കു കടന്നു ചെല്ലുമ്പോൾ അവരുടേതായ ചെറിയ ദേവാലയങ്ങൾ. പരമ്പരാഗത രീതിയിൽ വസ്ത്രധാരണം ചെയ്ത വനിതകൾ അവരുടെ പിറകിൽ കെട്ടി വച്ചിരിക്കുന്ന പ്രത്യേക തരം വള്ളി കുട്ടകളുമായി വന വിഭവങ്ങൾ ശേഖരിച്ചു മടങ്ങുന്നതും കാണാൻ സാധിച്ചു. മായ കൂടെ ഉണ്ടായിരുന്നിട്ടുപോലും അവരുടെ ചിത്രം എടുക്കാൻ സമ്മതിച്ചില്ല. മനോഹരമായ ആ കാഴ്ചകൾ എത്ര പറഞ്ഞാലും മതിയാകില്ല. ഏഴര മണിയോടെ തിരിച്ചു മുറിയിൽ എത്തി.....

*(യാത്ര തുടരുന്നു)*

# തലയിലെഴുത്ത്

**ദേവനന്ദൻ,** പിലാത്തറ, കണ്ണൂർ

ഒരു കുഞ്ഞ് ജനിക്കുമ്പോൾ പണ്ട് കാലത്ത്, ദേവദൂതന്മാർ വന്ന് തലയിലെഴുതിയിട്ട് പോവുകയാണ് പതിവ്. കുഞ്ഞിന്റെ ഭാവി എന്തായിരിക്കുമെന്ന് തലയിൽ എഴുതിയത് നോക്കി, മനുഷ്യർക്ക് വായിച്ചെടുക്കാൻ കഴിയുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ധനികന്റെയും ദരിദ്രന്റെയും കുഞ്ഞുങ്ങളുടെ ജനനസമയത്ത് ദേവദൂതന്മാർ വന്നു തലയിലെഴുതാൻ. ഓരോ കുഞ്ഞിന്റെയും തലയിൽ അവരെഴുതി. എന്താണ് തലയിലെഴുത്ത് എന്ന് ജിജ്ഞാസയോടെ വായിച്ചു നോക്കിയപ്പോൾ പണക്കാരന്റെ കുട്ടി തീരെ ദരിദ്രനായി കഷ്ടപ്പെട്ട് കഴിയുമെന്നും, ദരിദ്രന്റെ കുട്ടി ഏറ്റവും വലിയ ധനികനായി ഉയർന്ന നിലയിൽ ജീവിക്കുമെന്നുമാണ് എഴുതിവച്ച് കണ്ടത്. രണ്ടുപേരും ഇത് നന്നായി വായിച്ചു, പണക്കാരനും പാവപ്പെട്ടവനും. വായിച്ചു തീർന്നപ്പോൾ ധനികന് ശക്തിയായ ദേഷ്യം വന്നു. സ്വന്തം മകനെ ദരിദ്രനാക്കി മാറ്റിയതിൽ അയാൾ ക്രുദ്ധനായി. ദേവദൂതന്മാരെ എങ്ങുംപോകാൻ അനുവദിക്കാതെ തടഞ്ഞുനിർത്തി. ''എന്റെ കുഞ്ഞിന്റെ തലയിലെഴുത്ത് മാറ്റണം'' എന്ന് കടുത്ത സ്വരത്തിൽ ആവശ്യപ്പെട്ടു.

“ആവശ്യം സാധിച്ചു തരാതെ ഇവിടുന്ന് ഒരടി അനങ്ങാൻ വിടുകയില്ല.” അപ്പോൾ ദേവദൂതന്മാർ പറഞ്ഞു “ഒരു തവണ എഴുതിയ തലയിലെഴുത്ത് മാറ്റാൻ ഞങ്ങൾ വിചാരിച്ചാൽ സാധ്യമല്ല, എഴുതിപ്പോയില്ലെ”. അതോടെ വാക്ക് തർക്കം ആരംഭിച്ചു. തർക്കം മൂത്ത് ഒടുവിൽ അത് ദേവസഭയിൽ അവതരിപ്പിക്കണമെന്നായി. അങ്ങനെ പ്രശ്നം ദേവസഭയിലെത്തി. അവിടെ വിശദമായി തലയിലെഴുത്തിന്റെ കാര്യം അവതരിപ്പിച്ചു. ഇത് വിശകലനം ചെയ്ത് സഭയിൽ നിന്ന് പ്രതിവചനമുണ്ടായി. “തലയിലെഴുത്ത് (തലയിൽ വര) ഇനി ആരും കാണാനോ, എഴുതുന്നത് അറിയാനോ പാടില്ല. ഇതിന്റെപേരിൽ ഇനിയിവിടെ ഒരു വാക് തർക്കമോ, മത്സരമോ വേണ്ട.” ദേവസഭയുടെ തീരുമാനപ്രകാരം അന്നുമുതൽ നമ്മുടെ തലയിലെഴുത്ത് ആരും കാണാതായി. അതെന്താണെന്നോ എങ്ങിനെയാണെന്നോ അനുഭവിച്ചറിയുക തന്നെ വേണം എന്ന അവസ്ഥയിലെത്തി.

“നിന്റെ തലേവര ആര് കണ്ടു. ഇതൊക്കെ നിന്റെ തലയിലെഴുത്ത് എന്നല്ലാതെന്തുപറയാൻ, അനുഭവിക്കയേ നിവർത്തിയുള്ളൂ. ആദ്യം തലയിലെഴുത്ത് നന്നാവണം, എല്ലാ സുഖസൗകര്യങ്ങളുമുണ്ട്, പക്ഷേ, അനുഭവിക്കാനുള്ള യോഗമില്ല. എന്ത് ചെയ്യാം തലയിലെഴുത്ത്.”

എന്നൊക്കെ അങ്ങനെയങ്ങനെ പിന്നീട് നമ്മുടെ വാമൊഴിയിലെ അനുബന്ധപദമായി അത് മാറി. അധികം പോകാതെ ഈ കഥ ഇവിടെ അവസാനിപ്പിക്കുന്നു. ഇതും ഒരു തലയിലെഴുത്താണോ, എന്തോ... ●

---

*65-ൽ നിന്നും*

ആഫ്രിക്കൻ ഛായ ഉള്ളവരും, ബാക്കി യൂറോപ്യന്മാരും, പിന്നെ ഇരുനിറക്കാരനായി ഞാനും. ‘AF 7736 à Brest’ എന്ന് ഗേറ്റിലെ ഡിസ്പ്ലേയിൽ തെളിഞ്ഞിരുന്നു. ഇരിക്കാനാളില്ലാതെ ഒഴിഞ്ഞുകിടന്ന അനേകം കസേരകളിലൊന്നിൽ രണ്ടാം വിമാനയാത്രയ്ക്കായി ഞാൻ കാത്തിരുന്നു.

സെബാസ്റ്റ്യൻ ഇപ്പോൾ ലോകത്തിന്റെ ഏതുകോണിലായിരിക്കുമെന്ന് എനിക്കറിയില്ല. അന്ന് അദ്ദേഹത്തിന്റെ വിലാസമോ ടെലിഫോൺ നമ്പറോ വാങ്ങാനുള്ള ബുദ്ധിയും ഉണ്ടായില്ല. ഇന്നത്തെക്കാലമാണെങ്കിൽ ഒരു സെൽഫിയെങ്കിലും എടുക്കാമായിരുന്നു. പന്ത്രണ്ടു വർഷങ്ങൾക്കു മുൻപ് സ്മാർട്ട് ഫോൺ യുഗം ആരംഭിച്ചിരുന്നില്ലല്ലോ! വിശാലമായ മാധ്യമലോകത്തിൽ അദ്ദേഹം ഈ കുറിപ്പ് വായിക്കാനിടയാകുമോ? അഥവാ വായിച്ചാലും ഈ യാത്രികനെ ഓർക്കാൻ സാദ്ധ്യത ഉണ്ടോ! ആർക്കറിയാം. ●

# STATEMENT SHOWING OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

## KSHATRASPANDANAM (FORM IV)

## REQUIRED UNDER RULE-8 OF REGISTRATION OF NEWSPAPERS ACT 1956

## DECLARATION

| | | | |
|---|---|---|---|
| 1. | Place of Publication | : | Fort, Trivandrum |
| 2. | Periodicity of the Publication | : | Tri Monthly |
| 3. | Printer's Name | : | V.K. Madhukumar Varma |
| | Nationality | : | Indian |
| | Address | : | General Secretary<br>Kshatriya Kshema Sabha<br>Sundaravilasam Palace, Fort<br>Thiruvananthapuram - 695 023 |
| 4. | Publisher's Name | : | V.K. Madhukumar Varma |
| | Nationality | : | Indian |
| | Address | : | General Secretary<br>Kshatriya Kshema Sabha<br>Sundaravilasom Palace, Fort<br>Thiruvananthapuram - 695 023 |
| 5. (a) | Name of Managing Editor | : | Dr. M. Lalithambika |
| | Nationality | : | Indian |
| | Address | : | Haritha<br>KRRA 22, Poojappura<br>Thiruvananthapuram - 695 012 |
| (b) | Name of Chief Editor | : | Dr. M. Lalithambika |
| | Nationality | : | Indian |
| | Address | : | Haritha<br>KRRA 22, Poojappura<br>Thiruvananthapuram - 695 012 |
| 6. | Name and Addresses of individuals who own the newspaper and partners or share holders holding more than one percent of the total capital | : | Kshatriya Kshema Sabha<br>Sundaravilasam Palace, Fort<br>Thiruvananthapuram - 695 023 |

I, V.K. Madhukumar Varma General Secretary, Kshatriya Kshema Sabha hereby declare that the particulars given above are true to the best of my knowledge and belief.

Sd\-

Thiruvananthapuram
24-01-2022

**V.K. Madhukumar Varma**
General Secretary



*ദേവിക ബൽറാം, ന്യൂഡൽഹി*



*തിരുവല്ല പാലിയക്കര കിഴക്കേ കൊട്ടാരത്തിൽ മഹേഷ് രാമവർമ്മയുടെയും ബിന്ദു വർമ്മയുടെയും മകൾ മാളവിക എം വർമ്മ വരച്ച ചിത്രം*

# പുസ്തകജാലകം






## തിരുമുൽപ്പാട് കഥകൾ – ഒരവലോകനം

**പ്രസാധകർ: ഇന്ദുലേഖ മീഡിയ നെറ്റ് വർക്ക്**
**പേജ് : 164 വില: 180**

ഒരു സാധാരണക്കാരന്, (സ്ത്രീപക്ഷവാദികൾ ക്ഷമിയ്ക്കുക, ഒരു "old gen" അമ്മൂമ്മയുടെ പദപ്രയോഗം) കയ്യിലെടുത്ത പുസ്തകം "ഇരുന്ന ഇരിപ്പിൽ വായിച്ചു തീർക്കുവാനുള്ള ഉത്സാഹം, വീണ്ടും വീണ്ടും വായിക്കുവാനുള്ള ഔത്സുക്യം." ശ്രീ രാമവർമ്മ തിരുമുൽപ്പാട് എഴുതി, 'ബുക്ക് സൊല്യൂഷൻസ്' പ്രസിദ്ധീകരിച്ച 'തിരുമുൽപ്പാട് കഥകൾ' എന്ന പുസ്തകത്തെ ഈ ഒറ്റവാക്കിൽ വിലയിരുത്താം. വ്യത്യസ്തത പുലർത്തുന്ന ശീർഷകം; ഉള്ളടക്കത്തിലെ നർമ്മരസത്തിലേയ്ക്ക് വിരൽ ചൂണ്ടുന്ന പുറംചട്ട. രാജലക്ഷ്മീമേനോൻ അവതാരികയിൽ അഭിപ്രായപ്പെടുന്നതുപോലെ, 'കുഞ്ചൻ നമ്പ്യാർ ഫലിതങ്ങളും, ചാക്യാർകൂത്തിന്റെ അഗാധമായ നർമ്മബോധവും, ടോംസിന്റെ കാർട്ടൂണുകളിൽ പ്രതിഫലിയ്ക്കുന്ന നിരീക്ഷണവും, സഞ്ജയന്റെ നർമ്മലേഖനങ്ങളിലെ പരിഹാസവും' അനുസ്മരിക്കുന്നു എന്നതിൽ നിന്നും ഗ്രന്ഥത്തിന്റെ ഏകദേശ സ്വഭാവം വ്യക്തമാണല്ലോ. ദൈനംദിനജീവിതത്തിലെ തികച്ചും സാധാരണസംഭവങ്ങളെ സത്യത്തിന്റെ, സ്നേഹത്തിന്റെ, നിരീക്ഷണത്തിന്റെ, നർമ്മത്തിന്റെ, ഹാസ്യത്തിന്റെ, ഭാവനയുടെ ഷഡ്രസങ്ങളും, കലർത്തി അതീവ സ്വാദിഷ്ടമാക്കിയ സാഹിത്യവിഭവം! അപ്പോഴപ്പോൾ 'വാട്സ് ആപ്പിൽ' 'കുത്തിക്കുറിയ്ക്കപ്പെട്ട' സംഭവങ്ങൾ, കാര്യങ്ങൾ സർഗ്ഗപ്രതിഭയുടേയും സാങ്കേതിക വിദ്യയുടേയും സാമഞ്ജസ്യമായി 'തിരുമുൽപ്പാട് കഥകൾ" ആയി രൂപമെടുത്തു.

165 പേജുകൾ ഉള്ള പുസ്തകത്തിലെ ഉള്ളടക്കം രണ്ടുഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. കണ്ടതും കേട്ടതും, ബ്രേക്ക് ഫാസ്റ്റ് ക്രാക്ക്. ആദ്യത്തേത് കുടുംബത്തിലും ചുറ്റുവട്ടത്തും നടക്കുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ, മറ്റേത്, പേര് സൂചിപ്പിക്കുന്നതുപോലെ ബ്രേക്ക്ഫാസ്റ്റ് സമയത്ത് കുടുംബത്തിൽ നടക്കുന്ന സാധാരണ കാര്യങ്ങളെ കേന്ദ്രീകരിച്ചാണ്.കുടുംബ-സാമൂഹിക രംഗത്ത് നാം കാണുന്ന സംഭവങ്ങൾ, തിരുമുൽപ്പാടിന്റെ തൂലികയിലൂടെ ശ്രദ്ധേയമായി, ആസ്വാദ്യകരമായി ആദ്യാവസാനം ആവിഷ്കൃതമായിരിക്കുന്നു.

ഉദ്യോഗത്തിൽ നിന്നും വിരമിയ്ക്കുന്ന ദിവസം കഴുത്തിൽ ഹാരവും, കയ്യിൽ സമ്മാനപ്പൊതിയും, മനസ്സിൽ ഭാവിപരിപാടികളുമായി സുഹൃത്തുക്കളാൽ "സമ്മാനിതനായി" ഗൃഹത്തിലെത്തുന്ന കഥാനായകനെ, കിണറ്റിൽവീണ പെരുച്ചാഴി, മൂർഖൻ പാമ്പ്, അവയെ വശത്താക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയ കോലാഹലങ്ങൾ "സ്വാഗതം" ചെയ്യുന്നതാണ് ആദ്യത്തെ രസകരമായ പ്രമേയം!

ആ രസച്ചരടുപൊട്ടാതെ ഒന്നിനൊന്നായി 51 ഉം 62 ഉം കൂടി 113 എപ്പിസോഡുകൾ!! എല്ലാം വർണ്ണിയ്ക്കുക അപ്രായോഗികം. അവിടവിടെയായി (random രീതിയിൽ) ചിലവ ശ്രദ്ധിയ്ക്കാം.

Justice delayed is justice denied ഈ വസ്തുത, പലപ്പോഴും/ പലരുടേയും അനുഭവം ഒരു സംഭവത്തിലൂടെ ഉദാഹരിയ്ക്കുന്നു. അഹങ്കാരിയായ ദുബായ്ക്കാരന്റെ സിംഹരൂപത്തിലുള്ള നായ, തന്റെ മകനെ കടിച്ചതിനോടനുബന്ധിച്ച് പരാതിയും നിയമയുദ്ധവുമായി പോലീസ്സ്റ്റേഷനും, കോടതിയും കേറിയിറങ്ങിയ വാസുവിന്ന് കഷ്ടപ്പാടും ധനനഷ്ടവും മാത്രം മെച്ചം. (പേജ് 21) സമാന സംഭവങ്ങൾ വിരളമല്ലല്ലോ. രാഷ്ട്രീയക്കാരുടെ വാക്കിന്നു വിലയില്ലാതെ താന്തോന്നിത്തം (തനിയ്ക്കു തോന്നിയ രീതിയിൽ) പ്രവർത്തിയ്ക്കുന്ന 'നെറികേടി'ന്റെ വിവരണവും ആനുകാലിക പ്രസക്തമായിരിക്കുന്നു (പേജ് 54).

അമ്മായിയമ്മ- മരുമകൾ ബന്ധത്തിലെ 'അല്പരസം' കളയുവാൻ ഹരിഹരസ്വാമിയുടെ നാരങ്ങാക്കറി രംഗത്തു വരുന്നത്, അതിശയോക്തി കലർന്നതെങ്കിലും രസികൻ തന്നെ! (പേജ് 51).

പുറത്തുനിന്നുള്ളവരുടെ ഇടപെടലുകൾ കുടുംബജീവിതത്തിൽ ഗൗരവമല്ലാത്തതെങ്കിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന നിരവധി സംഭവങ്ങൾ! അമ്മായിയമ്മ, മകൾ വഴി കുടുംബത്തിലെ പല കാര്യങ്ങളിലും 'തലയിടുന്നത്' അമ്മയെ 'നോക്കുന്ന' പെങ്ങൾ അനുജനെ കുറ്റപ്പെടുത്തുന്നതും ആവലാതി പറയുന്നതും, പെൺമക്കളുടെ വാശിയും അമ്മയുടെ മദ്ധ്യസ്ഥതയും, കാര്യസാദ്ധ്യത്തിനായി ചായയും 'കടി' യുമായി എത്തുന്ന ഭാര്യയും, എല്ലാം എല്ലാം സാധാരണവും പരിചിതവും ആണെങ്കിലും തിരുമുൽപ്പാടിന്റെ തൂലികയിൽ അവയ്ക്കൊരു തനിമ കാണാം.

കുരങ്ങന്റെ കരൾ തിന്നാൻ മോഹിച്ച മുതലയുടെ ഭാര്യ (പേജ്: 48) പൂജാസമയത്ത് പൂച്ചയെ അടച്ചിടുന്നത് ചടങ്ങായി മാറിയത് (പേജ്: 120), രണ്ടു കുറുക്കന്മാർക്ക് നെയ്യപ്പം സമമായി വീതിയ്ക്കുവാനെന്ന വ്യാജനേ മുഴുവൻ അപ്പവും അകത്താക്കിയ കുരങ്ങൻ (പേജ്: 130) കൊലക്കയറിൽ കയറുന്നതിനുമുമ്പ് അമ്മയോട് പ്രതികാരം ചെയ്യുവാനായി അമ്മയുടെ ചെവി കടിച്ചെടുത്ത മകൻ (പേജ്: 97) തുടങ്ങിയ കഥകൾ പഴയവയെങ്കിലും തിരുമുൽപ്പാടിൻ വശം മുഷിഞ്ഞവയാകുന്നില്ലാ. അതുപോലെ തന്നെ ഗുണപാഠമായി പഴഞ്ചൊല്ലുകളുടെ ചിത്രീകരണം- ഏട്ടിലെ പശു പുല്ലു തിന്നില്ല, (പേജ് 117) ആന കൊടുത്താലും ആശ കൊടുക്കരുത് (പേജ്: 142) മിന്നുന്നതെല്ലാം പൊന്നല്ലാ (പേജ്: 138). ചിന്തിയ്ക്കുവാൻ കൂടി 'വഹ' നൽകുന്ന ചിത്രങ്ങൾ.

ഗൃഹനാഥനും കുടുംബാംഗങ്ങളും മാത്രമല്ലാ, അയൽക്കാരായ/നാട്ടുകാരായ ആനന്ദവല്ലിയും, പാറുക്കുട്ടിയും, കമലാക്ഷിയുമെല്ലാം നമുക്ക് സുപരിചിതരായി മാറുന്നു. ചക്ക എന്ന സ്വാദിഷ്ടഫലം പ്രശ്നമായി മാറുന്ന സന്ദർഭങ്ങൾ നമ്മുടേയും അനുഭവമല്ലേ? ഓരോന്നും വായിച്ചു രസിയ്ക്കുക എന്നതിൽ ഈ വിവരണം ഒതുക്കുന്നു.

ഒരു നോവൽ/ കഥാപുസ്തകം (പുരാണങ്ങളും ക്ലാസിക്കുകളും ഒഴികെ) ഒന്നോ, രണ്ടോ പ്രാവശ്യം വായിച്ചുകഴിഞ്ഞാൽ അത് ഷെൽഫിൽ സ്ഥാനം പിടിയ്ക്കുകയോ, സുഹൃത്തുക്കൾക്കോ വായനശാലയ്ക്കോ കൈമാറുകയോ ആണ് രീതി. എന്നാൽ തിരുമുൽപ്പാടുകഥകളുടെ ഒരു പ്രതി 'കൈവശം' വച്ചാൽ വിരസത തോന്നുന്ന വേളകളിൽ അതിന്റെ താളുകൾ മറിച്ചുനോക്കി രസിക്കാം. എന്നതിൽ നിന്നും ഇതിന്റെ സ്വീകാര്യത വ്യക്തമാകുമല്ലോ. സമാനമായ നിരവധി രചനകളുടെ പ്രാരംഭം ആകട്ടെ ഈ സംരംഭം എന്ന് ആശീർവദിയ്ക്കുന്നു. സർവ്വവിധമംഗളങ്ങളും നൽകി പൂർണ്ണത്രയീശൻ അനുഗ്രഹിയ്ക്കട്ടെ എന്ന് തിരുമുൽപ്പാടിനെ സാദരം ആശംസിയ്ക്കുന്നു.

**പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ**
9947791649

# പ്രണാമ പുഷ്പങ്ങൾ

**കെ. എൽ. ശ്രീകൃഷ്ണദാസ്**

**പ്രസാധകർ: പെന്റോ ഗ്രാഫ് പബ്ലിക്കേഷൻസ്, ഇൻഡ്യ**

**പേജ് : 72 വില: 100/-**




## ഹൃദയദേവാലയത്തിലെ അനശ്വര പ്രതിഷ്ഠകൾക്ക് പ്രണാമപൂർവ്വം

ആദരവ്, ബഹുമാനം തുടങ്ങിയവ ഏറെക്കുറെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കാലമാണിത്. ഒന്നിനെയും വിലമതിക്കാത്ത, ഒന്നിനെയും ആദരിക്കാത്ത ഒന്നായി നമ്മുടെ സമൂഹം മാറുകയാണോ എന്ന ആശങ്ക പല സന്ദർഭങ്ങളിലും എന്റെ മനസ്സിനെ അലട്ടിയിട്ടുണ്ട്. പ്രായം ചെന്നവരെ, ഗുരുക്കന്മാരെ, ഓരോ രംഗത്തും ശ്രേഷ്ഠത കൈവരിച്ചവരെ എല്ലാം പ്രണമിച്ചും ബഹുമാനിച്ചും മുന്നോട്ടുപോകുക എന്നത് മാതൃകാപരമായ ഒരു സാംസ്കാരിക ഇടപെടൽ കൂടിയാണ്. നമുക്ക് മുമ്പേ സഞ്ചരിച്ചവരെ ഓർത്ത്, അവരുടെ സംഭാവനകളുടെ മൂല്യമുൾക്കൊണ്ട്, അവർ പ്രതിനിധാനം ചെയ്ത നന്മകൾക്ക് വശംവദരായി ജീവിക്കുക സുകൃതമാണ്. ഗുരുത്വപൂർണ്ണമാണ്. 'പ്രണാമപുഷ്പങ്ങൾ' എന്ന പേരിൽ കെ.എൽ. ശ്രീകൃഷ്ണദാസ് രചിച്ച കാവ്യകൃതി മൺമറഞ്ഞ മഹാരഥന്മാർക്കുള്ള അക്ഷരപ്രണാ

മമാണ്. ദേശീയം, സാർവദേശീയം, ആദ്ധ്യാത്മികം, സാമൂഹികം, സാഹിത്യം എന്നിങ്ങനെ അഞ്ച് മേഖലകളിലായി അനർഘസംഭാവനകൾ നൽകിയിട്ടുള്ള തന്നെ പ്രചോദിപ്പിച്ചിട്ടുള്ള മഹദ്വ്യക്തികൾക്കായി കവി നടത്തുന്ന കാവ്യാർച്ചനയാണ് 'പ്രണാമപുഷ്പങ്ങളി'ലെ ഓരോ കവിതയും. ഇത്തരത്തിലൊരു കൃതി മലയാളത്തിൽ, വിശേഷിച്ചും, കവിതയിൽ, അപൂർവ്വമാണ് എന്നും പറയട്ടെ.

കൊടുംതമസ്സിൽ വഴിതെറ്റി നിൽക്കുന്ന ജനതയ്ക്ക് ഒരു കൈത്തിരിവെട്ടം പകർന്നു കൊടുക്കാൻ ഈ മണ്ണിൽ വീണ്ടും പിറക്കണം എന്ന പ്രാർത്ഥനയാണ് മഹാത്മാഗാന്ധിയ്ക്കായുള്ള ഗീതത്തിൽ കവി മുന്നോട്ടു വയ്ക്കുന്നത്. സമകാല ഇന്ത്യൻ സാഹചര്യങ്ങളിൽ ഏറ്റവും അർത്ഥവത്തും ഏറ്റവും അനിവാര്യവുമായ യാഥാർത്ഥ്യങ്ങൾ ഇവിടെ കവിരൂപം കൈവരിച്ചിരിക്കുന്നു. വരേണ്യവർഗത്തിൽ പിറന്നിട്ടും അതിസമ്പന്നതയിൽ വളർന്നിട്ടും അവശവർഗ്ഗത്തിന്റെ നടുവിലെത്തി എല്ലാവർക്കും പ്രിയപ്പെട്ട നേതാവായി മാറിയ ഇ.എം.എസ് നമ്പൂതിരിപ്പാടിനുള്ള ആദരം നമ്മൾ ഇങ്ങനെ വായിക്കുന്നു.

*"സ്വതന്ത്രഭാരത സമരഭൂമിയിൽ*
*യുവനേതാവായി ജ്വലിച്ചുനിന്നതും*
*ഇടതുപക്ഷത്തിൻ പ്രമുഖ നായക*
*പദത്തിലേക്കങ്ങു കുതിച്ചുയർന്നതും*
*പ്രഭാഷണത്തിലെ പ്രസാദമാധുര്യം*
*പ്രവർത്തനത്തിലെ അപാരവൈഭവം*
*ഭരണരംഗത്തെ അതുല്യചാതുര്യം*
*അനുചരർക്കെന്നും നവപ്രചോദനം."*

ഇപ്രകാരം കവിതയിലൂടെ, താൻ ആദരിക്കുന്ന വ്യക്തിയുടെ കർമ്മമണ്ഡലത്തെ സൂക്ഷ്മമായി ചിത്രീകരിക്കുകയും ആ വ്യക്തിയുടെ പ്രധാന സംഭാവനകളെ ചിപ്പിയിൽ മുത്തെന്നതുപോലെ സംഗ്രഹിക്കുകയും ചെയ്യുന്ന രീതി പ്രശംസനീയമാണ്. തൂലികാചിത്രങ്ങളിലും മറ്റും കാണുന്ന വസ്തുനിഷ്ഠയല്ല ഇവിടെയുള്ളത്. വസ്തുയാഥാർത്ഥ്യങ്ങളിൽ നിലയുറപ്പിച്ചുകൊണ്ട്, പരാമർശിക്കപ്പെടുന്ന വ്യക്തിയിലേക്ക്, വ്യക്തിമഹത്വങ്ങളിലേക്ക് വൈകാരികമായി സഞ്ചരിക്കുകയാണ് കവി. ഈ സഞ്ചാരത്തിൽ വായനക്കാരെയും അദ്ദേഹം കൂടെക്കൂട്ടുന്നു.

സാർവ്വദേശീയതലത്തിലെ എബ്രഹാം ലിങ്കൺ, നെൽസൺ മണ്ടേല, മാർട്ടിൻ ലൂഥർ കിംഗ് എന്നിവരാണ് കവിയുടെ വാങ്മയപുഷ്പങ്ങൾ ഏറ്റു വാങ്ങുന്നത്. ആദ്ധ്യാത്മിക മണ്ഡലത്തിലാകട്ടെ ശ്രീശങ്കരാചാര്യർ, ശ്രീനാരായണഗുരു, ചട്ടമ്പി സ്വാമികൾ, ഭക്തകവി കബീർ, മദർ തെരേസ, അയ്യാ വൈകുണ്ഠസ്വാമികൾ എന്നിവരും. അയ്യൻകാളിയും ഡോക്ടർ പല്പുവും വക്കം മൗലവിയും സാമൂഹികമേഖലയിൽ കവിയുടെ പ്രണാമങ്ങളേറ്റു വാങ്ങുന്നു. തുഞ്ചത്ത് എഴുത്തച്ഛൻ, രബീന്ദ്രനാഥ ടാഗോർ, കുമാരനാശാൻ ചങ്ങമ്പുഴ കൃഷ്ണപിള്ള, വയലാർ രാമവർമ്മ, പ്രൊഫ. എൻ. കൃഷ്ണപിള്ള എന്നിവർ സാഹിത്യരംഗത്ത് കവിയുടെ ആദരവാകുന്ന കാവ്യമാല്യങ്ങളണിയുന്നു.

*"മാതൃഭാഷ തൻ പിതൃസ്ഥാനീയനെഴുത്തച്ഛൻ*
*മാതൃകയായി ഭവാൻ കാവ്യലോകത്തിന്നാകെ*
*ഭാരത, രാമായണ കാവ്യങ്ങൾ കിളിപ്പാട്ടായ്*
*ശാരികപ്പൈതലിൻ ചുണ്ടിലൂടനുദിനം*
*പകർന്നൊരമൃതമീ കൈരളിയുടെ നാവിൽ*
*പരമപവിത്രമായ് നിത്യമുണരുന്നു.!"*

എന്ന് സാക്ഷാൽ 'തുഞ്ചത്തുളവായ ദിവ്യ' നും

*"ഉത്തമകാവ്യങ്ങളിൽ ജനലക്ഷങ്ങൾ തന്റെ*
*ഹൃത്തടങ്ങളിൽ ഭവാൻ തേന്മഴ പൊഴിക്കവേ*
*ആശയഗാംഭീര്യത്താൽ കാവ്യചേതനയുടെ*
*ആശാനായ് അനശ്വര യശസ്സിന്നുടമയായ്."*

എന്ന് മഹാകവി കുമാരനാശാനും.

**ഡോ. ആർ.ശ്രീലതാവർമ്മ,**
തിരുവനന്തപുരം

# അറിയിപ്പ്

**സഭാ അക്കൗണ്ടിലേക്ക് തുക Online ആയി അടക്കുന്നവർ അവരുടെ പേരുവിവരങ്ങൾ അറിയിക്കാത്തതിനാൽ രസീതിൽ പേരെഴുതുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ദയവായി തുക അടച്ചശേഷം ട്രഷററുടെ ഫോൺ നമ്പരിൽ ആ വിവരങ്ങൾ കൂടി അറിയിച്ചാൽ സൗകര്യപ്രദമാണ്. സൂര്യകുമാർ Ph: 9496267477 (Whatsapp)**

**Kshathriya Kshema Sabha**
**Account No. 40052010052603 Canara Bank,**
**Tvm. Fort Branch, IFSC : CNRB0014005**

## ബാലവേദി/വളരുന്ന പ്രതിഭകൾ

# തിലോദകം

പാർത്ഥിവ് ആർ
(തിരുവല്ല പാലിയക്കര കിഴക്കേ കൊട്ടാരത്തിലെ രാംദാസ് വർമ്മയുടെയും പത്മയുടെയും മകനും പത്തനംതിട്ട അയിരൂർ മാർത്തോമ്മാ ഹൈസ്കൂൾ 8-ാം ക്ലാസ്സ് വിദ്യാർത്ഥിയുമാണ്. )
ഫോൺ : 94463386 25, 9446308625



കേരളം തയ്യാറെടുപ്പുകളുടെ അവസാന ഘട്ടത്തിലായിരുന്നു. പുത്തരിക്കണ്ടം മൈതാനം കലാസ്നേഹികളെക്കൊണ്ട് നിറഞ്ഞു. സംഘാടകർ അങ്ങുമിങ്ങും പാഞ്ഞു നടക്കുകയാണ്. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ കലാ സാംസ്കാരിക, ശാസ്ത്ര സാങ്കേതികരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നവർക്ക് നല്കുന്ന എ.പി.ജെ. അബ്ദുൾകലാം അവാർഡ് ആദ്യമായി കരസ്ഥമാക്കിയത് കേരളീയനായ ഒരു കഥകളി കലാകാരനാണ്. കലയ്ക്കും സാമൂഹ്യസേവനത്തിനും വേണ്ടി സ്വന്തം ജീവിതം ഉഴിഞ്ഞുവെച്ച ഒരാൾ. സംഘാടകരുടെ ഓട്ടം വെറുതെയല്ല. വളരെക്കാലത്തിനുശേഷം കേരളത്തിലേക്ക് ഒരു ദേശീയ അവാർഡ് എത്തിയതല്ലേ, ഒരു കുറവും വരരുതല്ലോ? ആ മഹത് വ്യക്തിയെ സംസ്ഥാനം ആദരിക്കുന്നതിന് ദൃക്സാക്ഷികളാവാൻ സാധിക്കാത്തവർ അത് വീട്ടിലിരുന്ന് ടി.വിയിലൂടെ കാണുന്നു.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ ആ വിമാനം ഇറങ്ങി. പൂമാലയും ബൊക്കെയുമായി ജനസഹസ്രങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചു. ആഡംബരക്കാറിൽ പുത്തരിക്കണ്ടം മൈതാനത്ത് വന്നിറങ്ങുമ്പോഴും വേദിയിലേക്ക് കയറുമ്പോഴുമെല്ലാം അദ്ദേഹം- കുഞ്ഞുണ്ണി- മറ്റെന്തോ ചിന്തയിലായിരുന്നു. മുഖ്യമന്ത്രി കുഞ്ഞുണ്ണിയെ പൊന്നാട അണിയിച്ചു. സ്വർണ്ണഫലകവും സമ്മാനിച്ചു. കേരളത്തിലങ്ങോളമിങ്ങോളം വരുന്ന കഥകളി ക്ലബ്ബുകളുടെ ഭാരവാഹികൾ അദ്ദേഹത്തിന് ഉപഹാരങ്ങൾ നല്കിക്കൊണ്ടിരിക്കുകയാണ്. വേണുവും കുഞ്ഞുണ്ണിയെ പൊന്നാട അണിയിച്ചു. അപ്പോൾ വേണുവിന്റെ മുഖത്ത് എന്തോ ഒരു നിർവൃതി ഉണ്ടായിരുന്നു. കുഞ്ഞുണ്ണിക്ക് വേണുവിനോട് എന്തോ ചോദിക്കാനുണ്ടായിരുന്നു എന്ന് ആ കണ്ണുകൾ വ്യക്തമാക്കുന്നുണ്ടായിരുന്നു. എന്തുകൊണ്ടോ അത് സാധിച്ചില്ല.

എല്ലാവരുടെയും ആശംസകളും ഉപഹാരങ്ങളും ആശീർവാദവും ഏറ്റുവാങ്ങി കുഞ്ഞുണ്ണി മറുപടി പ്രസംഗത്തിനായി എഴുന്നേറ്റു. കാണികൾ ആവേശഭരിതരായി.

അമ്പതാം വയസ്സിൽ സംസ്ഥാനത്തിന്റെ ആദരവ് ഏറ്റുവാങ്ങിയ കുഞ്ഞുണ്ണിക്ക് എന്താണ് പറയാനുണ്ടാവുക? ജനകോടികൾ കാതോർത്തു. താൻ ഉദ്ദേശിച്ചതുതന്നെയാവും കുഞ്ഞുണ്ണി പറയുക എന്ന് ഉറപ്പിച്ചുകൊണ്ട് വേണുവും ഇരുന്നു.

“പ്രിയപ്പെട്ടവരേ,” ആ ഗംഭീര ശബ്ദം സദസ്സിലെങ്ങും മുഴങ്ങി. സദസ്സ് നിശബ്ദമായി. “ഞാൻ...” വാക്കുകൾ മുറിയുന്നു. കുഞ്ഞുണ്ണി വികാരാധീനനാവുകയാണ്. എങ്ങനെയൊക്കെയോ ഊർജ്ജം വീണ്ടെടുത്ത് അദ്ദേഹം തുടർന്നു. ‘‘നിങ്ങൾ അറിയുന്ന ഈ കുഞ്ഞുണ്ണി അല്ലായിരുന്നു ഇരുപത് വർഷം മുമ്പുണ്ടായിരുന്നത്. എന്റെ ആ ഭൂതകാലം നിങ്ങളോട് പങ്കുവെയ്ക്കാം. എനിക്ക് തോന്നുന്നത് അത് ഇക്കാലത്ത് ഏറെ പ്രസക്തമാണെന്നാണ്.”

വർഷങ്ങൾക്കുമുമ്പ് ....

'പൂങ്കോഴിതൻ പുഷ്കല കണ്ഠനാദം' കേട്ടുതുടങ്ങുന്നതേയുള്ളൂ. കളരിയിൽ ശങ്കുണ്ണി നായർ മുറയ്ക്കു താളംപിടിക്കുന്നു. ഒരുപറ്റം വിദ്യാർത്ഥികൾ–ഏഴെട്ടു പേർ വരും. അവർ ചൊല്ലി യാടുന്നു. നമ്പീശൻ നീട്ടിപ്പാടുകയാണ്.

"കഷ്ടമഹോ ധാർത്തരാഷ്ട്രന്മാർ ചെയ്തൊരു ദുഷ്ടത കേട്ടാലിതൊട്ടും സഹിക്കുമോ?"

പദത്തിന്റെ അവസാനമുള്ള കലാശമെടുക്കാൻ അല്പം പ്രയാസം തന്നെയാണ്. ആശാൻ ശങ്കു ണ്ണിനായർ വിചാരിച്ചതുതന്നെ സംഭവിച്ചു. തെറ്റി. കുഞ്ഞുണ്ണിക്കൊഴികെ. ശങ്കുണ്ണിനായർക്ക് കലി കയറി.

"ശ്ശെടാ... എത്രാമത്തെ തവണയായിത്... എനി ക്ക് ഒരു മുട്ടിയേയുള്ളൂ. ഏഴുപേരെയും എറിയാൻ അത് മതിയാവില്ല."

"കുട്ടികളുടെ കഞ്ഞി തയ്യാറായി." അപ്പോൾ കുശിനിക്കാരൻ ചെല്ലപ്പൻ അങ്ങനെ വന്നു പറഞ്ഞില്ലായിരുന്നെങ്കിൽ കുട്ടികളുടെ കരച്ചിൽ സമീപവാസികൾക്ക് അലാറമായേനെ. കുട്ടികൾ കഞ്ഞി കുടിക്കുമ്പോൾ ആശാൻ ശങ്കുണ്ണിനായർ സ്ഥാപനമേധാവി വേണുവുമായി കുട്ടികളുടെ അരങ്ങേറ്റത്തെപ്പറ്റി ചർച്ചയിലായിരുന്നു. –

കൂത്തമ്പലത്തിൽ കളി നടക്കുന്നു. കിർമ്മീര വധമാണ് കഥ. കുട്ടികളുടെ അരങ്ങേറ്റമാണ്. കുഞ്ഞുണ്ണിയുടേതാണ് കൃഷ്ണൻ. പ്രശസ്ത നടൻ നമ്പൂതിരിയുടേതാണ് ധർമ്മപുത്രർ. കളി പൊടിപൊടിക്കുകയാണ്. നമ്പീശനും പണിക്കരും കൂടി ശ്ലോകം ആരംഭിച്ചു.

"അഥ യുധിഷ്ഠിരമുഖ്യ നൃപാത്മജൈ....."

"എന്താ കഥ കിർമ്മീരവധമാക്കിയത്? സുഭദ്രാ ഹരണമാണല്ലോ പതിവ്." ശ്ലോകത്തിനിടയിൽ സോമശേഖരൻ ശങ്കുണ്ണിനായരോട് ചോദിച്ചു. സ്ഥാപനമേധാവി വേണുവിന്റെ പിതാവാണ് സോമശേഖരൻ. ഒരു തികഞ്ഞ കഥകളി പണ്ഡിത നും ആസ്വാദകനും. കുറച്ചുനാളായി വിദേശത്ത് കഥകളി പ്രചരിപ്പിക്കുകയായിരുന്നു. ഇപ്പോൾ നാട്ടിലെ കൂത്തമ്പലത്തിലിരുന്ന് കഥകളി കാണാ നുള്ള മോഹം കൊണ്ടുവന്നതാണ്. എല്ലാറ്റിനുമു പരി ശങ്കുണ്ണിനായരുടെ ഉറ്റ സുഹൃത്താണ്.

"തന്റെ ഇഷ്ടപ്പെട്ട കഥയല്ലേ, തന്നെയുമല്ല നമ്പൂതിരിയുടെ ആട്ടം കാണണമെന്ന് താൻ കത്തയച്ചിട്ടുണ്ടായിരുന്നല്ലോ?"

സോമശേഖരൻ പുഞ്ചിരിച്ചു. "നാഗകേതനൻ തന്റെ നികൃതിയാൽ നാടുപേക്ഷിച്ചിവിടെ വാഴുന്ന ഞങ്ങളെക്കണ്ടൊരു നാണമില്ലയോ ഹരേ കൃഷ്ണ"

നമ്പൂതിരിയുടെ മുഖത്ത് എല്ലാം നഷ്ടപ്പെട്ട ധർമ്മപുത്രരുടെ സീമാതീതമായ കരുണരസം ഉദിച്ചു. മാസ്മരികമായ ആ അഭിനയന പ്രകടനം കണ്ട് ഇരുത്തംവന്ന ആസ്വാദകർ കൈയ്യടിച്ച പ്പോൾ കസേരയിൽ ഇരുന്നുറങ്ങിയിരുന്ന അരസി കർ എഴുന്നേറ്റു.

"നമ്പൂതിരിയെ തോല്പിക്കാൻ ഇനിയൊരാൾ ജനിക്കണം," സോമശേഖരൻ പറഞ്ഞുകൊണ്ടി രിക്കെ കുഞ്ഞുണ്ണിയുടെ രൗദ്രഭാവത്തിലുള്ള കലാശം ആരംഭിച്ചു. കുഞ്ഞുണ്ണി നിലത്തു ചവിട്ടി യപ്പോൾ അവിടമാകെയൊന്ന് കുലുങ്ങി. അത്ര യ്ക്കുണ്ടായിരുന്നു അതിന്റെ ഉശിര്. ദുര്യോധനാദി കളെ ഭസ്മമാക്കുന്നത് കുഞ്ഞുണ്ണി കാണിച്ചപ്പോൾ താന്താങ്ങൾ ദഹിച്ചുപോയെന്ന് കാണികൾക്ക് തോന്നി. അത്രമാത്രം സുന്ദരമായിരുന്നു അവന്റെ അഭിനയം. കളി പുരോഗമിച്ചു. ഇളകിയാട്ടം ആരം ഭിച്ചു. കുഞ്ഞുണ്ണി ആടി.

"അല്ലയോ ധർമ്മപുത്രരേ, സൂര്യനങ്ങേയ്ക്ക് അക്ഷയപാത്രം തന്നല്ലോ സൂര്യരശ്മികൊണ്ട് അങ്ങ് ചാമ്പലാവാഞ്ഞതെന്തേ?"

ആ ചോദ്യത്തിനുമുമ്പിൽ നമ്പൂതിരി വിയർ ത്തു. തട്ടിക്കൂട്ടി എന്തൊക്കെയോ ആടി. സോമ ശേഖരൻ ചിരിച്ചുകൊണ്ടു പറഞ്ഞു, "ഇവന്റെ പുരാണ പരിചയം കൊള്ളാമല്ലോ! ഇവന്റെ കൈയ്യിൽ കഥകളി ഭദ്രമായിരിക്കും."

അപ്പോൾ വേണു പറഞ്ഞു "അതേ അതേ, വൃത്തിയുള്ള മുദ്രകൾ. എന്താ ഒരു ഭാവപ്പകർച്ച!" കഥകളി ലോകത്തെ നവസൂര്യോദയം കണ്ട് സംതൃപ്തിയിലാണ് കളി ഭ്രാന്തന്മാർ മടങ്ങിയത്. ഇതെല്ലാം കണ്ടും കേട്ടും ആശാൻ തന്റെ ശിഷ്യ നെ ഓർത്ത് അഭിമാനപുളകിതനായി.

– കാലം കടന്നുപോയി. ശങ്കുണ്ണിനായർ അദ്ധ്യാപനത്തിൽ നിന്നും വിടവാങ്ങി. അപൂർവ്വ മായി മാത്രമേ അരങ്ങ് കാണുന്നുള്ളൂ. ഒരു വിട

വാങ്ങൽ അരങ്ങ് നടത്തി രംഗം ഒഴിയാനാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നത്. അദ്ദേഹം വരാന്തയിൽ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു മോട്ടോർ സൈക്കിളിന്റെ ശബ്ദം കേട്ടു.

"ആരാ കുട്ടനാണോ?"

"അതേ അതേ" എന്നു പറഞ്ഞുകൊണ്ട് ഒരു സുന്ദരനായ യുവാവ് കയറിവന്നു. ഗുരുനാഥന്റെ കാൽ തൊട്ട് വന്ദിച്ചു. ശങ്കുണ്ണിനായർ തന്റെ ശിഷ്യനെ സ്വീകരിച്ചിരുത്തി.

കുഞ്ഞുണ്ണീടെ കല്യാണം കഴിഞ്ഞല്ലേ, കുറി വന്നിരുന്നു. ഈ പ്രായത്തിൽ അത്ര ദൂരം.... വയ്യ. അതുകൊണ്ട് പോയില്ല. അതിന്റെ പരിഭവമായിരിക്കാം ഇപ്പോൾ ഈ വഴി കാണാറില്ല." പെട്ടെന്ന് കുട്ടൻ മ്ലാനമായി.

ശിഷ്യന്റെ ഭാവമാറ്റം ശങ്കുണ്ണിനായർ ശ്രദ്ധിച്ചു. "എന്താ നിന്റെ മുഖം വാടിയത്?" "ആശാൻ, അവന്റെ പോക്ക് നല്ല വഴിയിലല്ല. എന്തോ മോശം പറ്റിയിരിക്കുന്നു." ആശാൻ വികാരാധീനനായി.

"അവനിപ്പോൾ നന്നായിരിക്കുന്ന ദിവസമില്ല. കള്ളും കഞ്ചാവുമായി അങ്ങനെ....'' ഒന്നു നിർത്തിയിട്ട് രോഷാകുലനായി കുട്ടൻ തുടർന്നു. "അവൻ ഇപ്പോൾ കളിക്ക് മര്യാദയ്ക്ക് പോകാറില്ല. കലയോട് ബഹുമാനമില്ലാത്തവൻ.. അവൻ കഴിവുകൾ നശിപ്പിക്കുകയാണ്. ലഹരിയ്ക്ക് അടിമയായി മാറിയിരിക്കുന്നു. കളികൊണ്ട് ജീവിക്കാൻ പറ്റില്ല."

ശങ്കുണ്ണിനായർക്ക് ഇതെല്ലാം താങ്ങാവുന്നതിനും അപ്പുറമായിരുന്നു. അദ്ദേഹം ചിന്താമഗ്നനായി ചാരുകസേരയിലേക്ക് കിടന്നു.

പിന്നെയും നാളുകൾ കടന്നുപോയി. ശങ്കുണ്ണിയാശാന്റെ വിടവാങ്ങൽ കളി ഗംഭീരമാക്കാൻ ആസ്വാദകരും ശിഷ്യന്മാരും സുഹൃത്തുക്കളും തീരുമാനിച്ചു.

"കളിക്ക് കുഞ്ഞുണ്ണിയേക്കൂടി വിളിക്കണം." "താൻ എന്താ ഈ പറയുന്നത്? തനിക്ക് കളി കുളമാക്കണോ?"

''എന്റെ അവസാന അരങ്ങല്ലേ.. അവനും വേണം" ശങ്കുണ്ണിയാശാൻ സോമശേഖരനോട് കെഞ്ചി.

"അവൻ വിളിച്ചാൽ വരുമോ? അവനെവിടെയാ താമസം? കള്ളു കുടിക്കാൻ വീടും കുടുംബവുമെല്ലാം അവൻ തൊലച്ചില്ലേ?'' സോമശേഖരൻ ദേഷ്യപ്പെട്ടു.

"അവൻ കുന്നിൻ ചരിവിലുള്ള ആ കൂരയിലാ താമസം" കുട്ടൻ ഇടയ്ക്കു കയറിപ്പറഞ്ഞു.

"അവനില്ലെങ്കിൽ ഞാനുമില്ല." ആശാൻ ശാഠ്യം പിടിച്ചു. — ഒടുവിൽ സോമശേഖരൻ സമ്മതിച്ചു. കളിദിവസം എത്തി. കുഞ്ഞുണ്ണിയെ കാണുന്നില്ല. "അവൻ വരും." ആശാന് അത് ഉറപ്പായിരുന്നു. അത് തെറ്റിയില്ല. വന്നു. ആടി ആടി എത്തി. കുഞ്ഞുണ്ണി അണിയറയിലേക്ക് ചെന്നു. പെട്ടെന്ന് തിരിച്ചിറങ്ങി പോകാൻ തുടങ്ങി. അണിയറ വാതില്ക്കൽ ഉണ്ടായിരുന്ന സോമശേഖരൻ അവനെ തടഞ്ഞു. "എങ്ങോട്ടാ കുഞ്ഞുണ്ണീ..?" "ഞാൻ എവിടെ കളിക്ക് പോയാലും എനിക്ക് ആദ്യാവസാന വേഷം കിട്ടണം. ഇവിടെ അതില്ല. അതുകൊണ്ട് ആടാനും പറ്റില്ല." മദ്യലഹരിയിൽ കുഞ്ഞുണ്ണി പറഞ്ഞൊപ്പിച്ചു. എന്നിട്ട് അരക്കെട്ടിൽ ഒളിപ്പിച്ചുവെച്ചിരുന്ന മദ്യക്കുപ്പിയിൽനിന്ന് ഒരു കവിൾ കുടിച്ച് അവൻ നടന്നകന്നു. ശങ്കുണ്ണിനായർ ഈ കാഴ്ച വേദനയോടെ നോക്കിനിന്നു.

ഒരു കൊച്ചുവീടിനു മുന്നിലൂടെ കുറച്ചു പേർ നടന്നുപോവുകയായിരുന്നു. "ശരിയാ, ആ കളി പോരായിരുന്നു."

"എന്താണാവോ ശങ്കുണ്ണിയാശാനു പറ്റിയത്?" "വിടവാങ്ങലാണോ കാരണം?"

"ആ കുഞ്ഞുണ്ണി അവിടെ വന്നുപോയി എന്നു കേട്ടു."

''ആ അലമ്പനോ എന്നാൽ അവൻ വല്ല കുഴപ്പവും ഒപ്പിച്ചുകാണും."

ആശാന്റെ ഒരു നല്ല ആട്ടം കൂടി കാണാമായിരുന്നു. അവൻ എല്ലാം നശിപ്പിച്ചു. അവർ പറഞ്ഞുകൊണ്ടിരുന്നു.

ആ വീടിനുള്ളിൽ അവൻ-ഏകനായിരിക്കുകയായിരുന്ന കുഞ്ഞുണ്ണി-ഈ വാക്കുകൾ കേട്ടു. അവന് ആകെ അസ്വസ്ഥത തോന്നി. ചുറ്റും നോക്കി. ഒഴിഞ്ഞ മദ്യക്കുപ്പികൾ മാത്രം. അവൻ താനെ പറഞ്ഞു. "സ്വസ്ഥതയില്ല. കുറച്ച് കാശ് കിട്ടിയിരുന്നെങ്കിൽ എങ്ങനെയെങ്കിലും ഒന്ന് കുടിക്കാമായിരുന്നു.'' അവൻ അരങ്ങു കണ്ടിട്ട് നാളുകൾ ഏറെയായി.

അവൻ പുറത്തേക്കിറങ്ങി നടന്നു. എങ്ങനെ യെങ്കിലും കുറച്ച് കള്ളോ കഞ്ചാവോ സംഘടിപ്പി ക്കണം അതായിരുന്നു ചിന്ത. അവന്റെ മുന്നിലൊ രാൾ വന്നു നിന്നു.

''കുഞ്ഞുണ്ണീ, എത്ര നാളായി നീ വാടക തന്നിട്ട് ഒരാഴ്ച സമയം തരാം. തന്നില്ലെങ്കിൽ ഇറ ങ്ങിപ്പൊക്കോണം.''

കുഞ്ഞുണ്ണി പരുങ്ങി. ''തരാം.. ഇപ്പോൾ കളിയൊന്നുമില്ല.'' ''അത് നിന്റെ കയ്യിലിരുപ്പ്.'' അയാൾ ദേഷ്യപ്പെട്ട് പോയി.

അവൻ അലഞ്ഞു തിരിഞ്ഞു നടന്ന് രാത്രിയായ പ്പോൾ വീട്ടിലെത്തി. ''കുടിക്കാതെ എനിക്ക് ജീവിക്കണ്ട.'' അവൻ ഒരു ഭ്രാന്തനെപ്പോലെ അലറി. കട്ടിലിന്റെ വിരി വലിച്ചെടുത്തു.

ഇടിയും മിന്നലുമുള്ള രാത്രി. മഴ ആർത്തലച്ചു പെയ്യുന്നു. ശങ്കുണ്ണിനായർ ഞെട്ടി എഴുന്നേറ്റു. എന്തോ ആപത്ത് സംഭവിക്കുന്നപോലെ. അയാൾ വാതിൽ തുറന്ന് പുറത്തേക്കിറങ്ങി ഓടി. ശങ്കുണ്ണി നായരെ ഇപ്പോൾ വാർദ്ധക്യം തളർത്തുന്നില്ല. മഴത്തുള്ളികൾ അദ്ദേഹത്തെ തണുപ്പിക്കുന്നില്ല. മറിച്ച് അവ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുന്ന കരഘോഷമായിത്തീർന്നു. അദ്ദേഹം കുഞ്ഞുണ്ണി യുടെ വീട്ടിലെത്തി. കുഞ്ഞുണ്ണി കട്ടിലിന്റെ വിരി യിൽ തൂങ്ങിനില്ക്കുന്നു. ശങ്കുണ്ണിനായർ ഉറക്കെ നിലവിളിച്ചുകൊണ്ട് പുറത്തേക്ക് ഓടി ഒരാളെ സഹായത്തിനു വിളിച്ചുകൊണ്ടുവന്നു. കുഞ്ഞുണ്ണി അബോധാവസ്ഥയിലായിരുന്നു. ആശാനും സഹാ യിയും കൂടി അവനെ ആശുപ്രതിയിലാക്കി. അപ്പോൾ കുഞ്ഞുണ്ണിയുടെ നാഡിമിടിപ്പ് അടന്ത 56 ലായി രുന്നു.

കുഞ്ഞുണ്ണി തന്റെ പൂർവ്വകാല സ്മരണകൾ അയവിറക്കുന്നത് ദൂരെ തന്റെ വീട്ടിലിരുന്ന് കാണുകയായിരുന്നു ശങ്കുണ്ണിനായർ. നാളെയാണ് അദ്ദേഹത്തിന്റെ നൂറാം പിറന്നാൾ. കുട്ടനും ഒപ്പ മുണ്ടായിരുന്നു. കുഞ്ഞുണ്ണി തുടർന്നു.

"പരിഭവമൊന്നും കാണിക്കാതെ എന്നെ ശുശ്രൂ ഷിച്ച് ആശുപത്രിയിലിരുന്ന ഗുരുനാഥന്റെ മുഖം കണ്ടാണ് ഞാൻ ഉണർന്നത്. എന്നെ ഇന്നത്തെ കുഞ്ഞുണ്ണിയാക്കി മാറ്റിത്തീർത്തത് ആശാന്റെ വാക്കുകളും ആ കറകളഞ്ഞ സ്നേഹവുമാണ്." എന്ന് അദ്ദേഹം പറഞ്ഞു: '

''കുഞ്ഞുണ്ണീ, നമ്മുടെ ലഹരി ആവേണ്ടത് കള്ളും കഞ്ചാവുമല്ല, നമ്മുടെ ജീവിതവും നമ്മുടെ ജന്മവാസനകളുമാണ്. അതുപോലെ നിന്റെ ലഹരി മദ്യമല്ല, കഥകളിയാണ്. ജീവിതം അതിനുവേണ്ടി സമർപ്പിക്കുക. കള്ളിൽ നിന്നും കഞ്ചാവിൽ നിന്നും ലഭിക്കുന്ന സന്തോഷം ശാശ്വതമല്ല."

"തികച്ചും യാദൃശ്ചികമായി ഇന്ന് ലഹരിവിരുദ്ധ ദിനമാണല്ലോ. അദ്ദേഹത്തിന്റെ വാക്കുകൾ യുവ തലമുറയ്ക്ക് ഒരു സന്ദേശമാണ്. ഈ പുരസ്കാരം എന്നെ ഞാനാക്കിത്തീർത്ത ശങ്കുണ്ണിയാശാന് സമർപ്പിക്കുന്നു."

നന്ദിപൂർവ്വം, തികഞ്ഞ ഗുരുഭക്തിയോടെ കുഞ്ഞുണ്ണി പറഞ്ഞതുകേട്ട് ശങ്കുണ്ണിനായരുടെ കവിൾത്തടങ്ങളിലേക്ക് സന്തോഷാശ്രുക്കൾ ഒഴുകി. എന്നാൽ അത് തുടയ്ക്കാൻ അദ്ദേഹ ത്തിന്റെ കൈകൾ പൊങ്ങിയില്ല.

## റാങ്ക് കരസ്ഥമാക്കി



മഹാത്മാഗാന്ധി യൂണി വേഴ്സിറ്റിയുടെ 2019/21 അദ്ധ്യയനവർഷത്തിൽ M.Sc. സൈക്കോളജി പരീ ക്ഷയിൽ 3-ാം റാങ്ക് കര സ്ഥമാക്കിയ **അഞ്ജലി സുകുമാർ വർമ്മ** ആലുവ UC കോളേജ് വിദ്യാർത്ഥി നിയായിരുന്നു. ചങ്ങനാശ്ശേരിയിലെ ക്രിസ്തു ജ്യോതി കോളേജിൽ നിന്ന് ബി.എസ്.സി. പരീക്ഷ പാസ്സായതും യൂണിവേഴ്സിറ്റിയിൽ ഒമ്പതാം റാങ്കോടെയാണ്. ഇപ്പോൾ യു.കെ. യിലെ Coventry University യിൽ എം.എസ്.സി. (ഫോറൻസിക് സൈക്കോളജി) വിദ്യാർത്ഥിനി യാണ്.

കൊടുങ്ങല്ലൂർ പുത്തൻകോവിലകം 'ദേവി ദയ'യിൽ സുകുമാർ രാജൻവർമ്മയുടെയും ചെന്നിത്തല മേനാംവിള കോവിലകത്ത് അമ്മിണി സുകുമാർവർമ്മയുടെയും മകളാണ്. സഹോദ രൻ ഡോ. അഖിൽ വർമ്മ എം.ബി.ബി.എസ്. ബിരുദധാരിയാണ്.

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

### നവരാത്രി ആഘോഷം

സഭയുടെ നവരാത്രി ആഘോഷങ്ങൾ 2021 ഒക്ടോബർ 13ന് പൂജവച്ച് 15ന് പൂജയെടുപ്പോടെ അവസാനിച്ചു. സുന്ദരവിലാസം കൊട്ടാരത്തിൽ നടന്ന ചടങ്ങിൽ മുതിർന്ന അംഗം ജി. രാമവർമ്മ നേതൃത്വം നൽകി. 15 ന് നടന്ന പൂജയെടുപ്പിൽ സെക്രട്ടറി അജയവർമ്മ രാജ, വൈസ് പ്രസിഡന്റ് രസികാവർമ്മ, വനിതാവിഭാഗം പ്രസിഡന്റ് ഉഷാവർമ്മ, എസ്. അജയകുമാർ വർമ്മ തുടങ്ങിയവർ നേതൃത്വം നൽകി. പ്രസാദവിതരണവും ഉണ്ടായിരുന്നു.

### സഭയ്ക്ക് പുതിയ ഭരണസമിതി

2019 ജൂലൈയിൽ നടന്ന പൊതുയോഗത്തിൽ തിരഞ്ഞെടുത്ത സമിതിയുടെ കാലാവധി പൂർത്തിയായതിനാൽ 2021–23 കാലത്തേക്കുള്ള പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. 2021 നവംബർ 7ന് നടന്ന പൊതുയോഗത്തിലാണ് പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തത്. താഴെപ്പറയുന്നവരാണ് അംഗങ്ങൾ.

ഡോ. ആർ. അജയ് കുമാർ വർമ്മ – പ്രസിഡന്റ്, രസികാവർമ്മ – വൈസ് പ്രസിഡന്റ്, അജയവർമ്മ രാജ – സെക്രട്ടറി, നാരായണൻ പണ്ടാല – ജോ. സെക്രട്ടറി, കെ.കെ. വേണുഗോപാൽ വർമ്മ – ഖജാൻജി. കൂടാതെ ഭരണസമിതി അംഗങ്ങളെയും തിരഞ്ഞെടുത്തു.

### തിരുവാതിര ആഘോഷം




സഭയുടെ 2021 ലെ തിരുവാതിര ആഘോഷം 2021 ഡിസംബർ 18–ാം തീയതി രംഗവിലാസം ആഡിറ്റോറിയത്തിൽ പൂർവാധികം ഭംഗിയായി ആഘോഷിച്ചു. വൈകുന്നേരം 4.30ന് കൂടിയ യോഗത്തിൽ വനിതാവിഭാഗം പ്രസിഡന്റ് ഉഷാരാമവർമ്മ അദ്ധ്യക്ഷം വഹിച്ചു. ശോഭനാ വർമ്മ (കേന്ദ്ര വൈസ്പ്രസിഡന്റ്) തിരുവാതിര മാഹാത്മ്യത്തെപ്പറ്റി സംസാരിച്ചു. പിന്നീട് പ്രതിഭാപുരസ്കാര സമർപ്പണവും നടന്നു. പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ, ഡോ. സതി ചന്ദ്രശേഖർ, ഡോ. സിന്ധുജാ വർമ്മ, ശാരദാ ജയകൃഷ്ണൻ എന്നിവർക്കാണ് പ്രതിഭാ പുരസ്കാരങ്ങൾ നൽകിയത്. തുടർന്ന് തിരുവാതിര കളിയും എട്ടങ്ങാടി നേദ്യവും ഉണ്ടായിരുന്നു.

### കലണ്ടർ വിതരണവും ക്ഷാത്രസ്പന്ദനം വരി സംഖ്യാ കളക്ഷനും

സഭ അച്ചടിച്ച് വാങ്ങിയ 2022 ലെ സഭയുടെ കലണ്ടർ വിതരണവും ക്ഷാത്രസ്പന്ദനം വരി സംഖ്യ കളക്ഷനും അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് നടത്തി.

### ചരിത്രം വർത്തമാനം – Online Programme

സഭയുടെ നേതൃത്വത്തിൽ 'ചരിത്രം വർത്തമാനം' എന്ന Online പരിപാടി 2022 ജനുവരി 30ന് വൈകിട്ട് നടന്നു. 'മൺമറഞ്ഞ മഹാരഥന്മാർ' എന്ന പരമ്പരയുടെ ആദ്യപരിപാടിയിൽ രാമവർമ്മ അപ്പൻ തമ്പുരാനെപ്പറ്റി സഭയിലെ മുതിർന്ന അംഗം ആർ. സുരേന്ദ്രൻ അവതരിപ്പിച്ചു. ആർ. രാമവർമ്മ ചർച്ച നയിച്ചു. വളരെ നിലവാരം പുലർത്തിയ പരിപാടിയായിരുന്നു.

## കരിവെള്ളൂർ

### പ്രവർത്തന റിപ്പോർട്ട്

ക്ഷത്രിയക്ഷേമ സഭ കരിവെള്ളൂർ യൂണിറ്റ് ഭരണസമിതി യോഗം 10/10/2021 ന് വൈകുന്നേരം 3 മണിക്ക് യൂണിറ്റ് പ്രസിഡണ്ട് പി.എം സുബ്രഹ്മണ്യന്റെ വസതിയിൽ വച്ച് നടന്നു. യോഗത്തിൽ ജോ.സെക്രട്ടറി ഇ.എം കൃഷ്ണകുമാർ സ്വാഗതം

പറഞ്ഞു. യൂണിറ്റ് പ്രസിഡണ്ട് പി എം സുബ്രഹ്മണ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി എം ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഉഷ ശ്രീധര വർമ്മ, വിമലാ കുഞ്ഞിനാരായണൻ, എൻ പി കുഞ്ഞിനാരായണൻ, സി കെ രാഘവൻ, ടി എം രാജമോഹനൻ, സി.കെ ശ്രീധരവർമ്മ, എൻ.കെ.പരമേശ്വരവർമ്മ, എൻ.കെ.കെ ഉണിത്തിരി എന്നിവർ സംസാരിച്ചു. 09/01/2022 ന് നീലേശ്വരത്തു വച്ചു നടക്കുന്ന സംസ്ഥാന കമ്മറ്റി യോഗത്തിൽ യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി സംസ്ഥാന കമ്മറ്റിയംഗം ശ്രീ എൻ കെ കെ ഉണിത്തിരി എന്നിവർ പങ്കെടുക്കാൻ തീരുമാനിച്ചു, ഇവർ മൂന്നുപേരും 16/01/2022 ന് തിരുവനന്തപുരത്ത് വച്ചു നടക്കുന്ന സംസ്ഥാന സമ്മേളനത്തിലും പങ്കെടുക്കണമെന്ന് തീരുമാനിച്ചു. യോഗത്തിൽ യൂണിറ്റ് ട്രഷറർ എൻ കെ കെ ഉണിത്തിരി നന്ദി പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

### വിവാഹിതരായി

**മിഥുൻ – അഞ്ജലി**

കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ കരിവെള്ളൂർ തെക്കെ മണക്കാട്ട് രേവതിയിൽ എം എം വേണുഗോപാലിന്റെയും, കെ വിജയയുടേയും മകൻ മിഥുനും കുഞ്ഞിമംഗലം രേവതിയിൽ ടി വി അജിതയുടേയും ഇ കെ വി രവീന്ദ്രൻ നമ്പ്യാരുടേയും മകൾ അഞ്ജലിയും തമ്മിലുള്ള വിവാഹം 24/10/2021 ഞായറാഴ്ച രാവിലെ 11.30 നും 12.15 നും ഇടയിലുള്ള ശുഭമുഹൂർത്തത്തിൽ തളിപ്പറമ്പ് തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വച്ച് സമംഗളം നടന്നു. ക്ഷേത്ര ചടങ്ങുകൾക്കു ശേഷം പാർത്ഥ കൺവെൻഷൻ സെന്ററിൽ വച്ച് ബന്ധുമിത്രാദികളുടേയും സുഹൃത്തുക്കളുടേയും സാന്നിധ്യത്തിൽ വിവാഹസൽക്കാരവും വിഭവ സമൃദ്ധമായ സദ്യയും നടന്നു.

## കരപ്പുറം

### പ്രവർത്തന റിപ്പോർട്ട്

**ഒക്ടോബർ-ഡിസംബർ 2021**

കരപ്പുറം ക്ഷത്രിയസഭയുടെ നിർവ്വാഹക സമിതിയോഗം 2021 ഒക്ടോബർ 23 വൈകിട്ട് 5 മണിക്ക് സാമൂഹിക അകലം പാലിച്ച് സഭാമന്ദിരത്തിൽ വെച്ചു പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി. അറുപത്തി എട്ടാം വാർഷികവും സമ്മേളനവും 2021 നവംബർ 13 ശനിയാഴ്ച നടത്തുന്നതിനു തീരുമാനിച്ചു. വാർഷിക റിപ്പോർട്ടും കണക്കും ബൈലാ ഭേദഗതികളും അംഗീകരിച്ചു. കൂടാതെ ദാമ്പത്യത്തിന്റെ അൻപതു വർഷം പൂർത്തിയാക്കിയ ദമ്പതികളെയും എൺപതു വയസ്സു കഴിഞ്ഞ മുതിർന്ന അംഗങ്ങളെയും വാർഷിക സമ്മേളനത്തിൽ ആദരിക്കുന്നതിനും തീരുമാനിച്ചു. നവംബർ 13 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് മുതിർന്ന അംഗം ബാലരാമ വർമ്മ പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിച്ചു. കുമാരി നീരജാവർമ്മയുടെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പ്രസിഡൻറ് കെ. ഹരികൃഷ്ണവർമ്മ അദ്ധ്യക്ഷത വഹിച്ചു. ക്ഷത്രിയക്ഷേമസഭ സംസ്ഥാന ജനറൽ സെക്ര



ട്ടറി ആത്മജവർമ്മ തമ്പുരാൻ സമ്മേളനം ഉത്ഘാടനം ചെയ്തു. സെക്രട്ടറി പാർവ്വതി വർമ്മ അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും കണക്കും ഐകകണ്ഠ്യേന പാസ്സാക്കി. നിയമാവലി ഭേദഗതികൾക്കുശേഷം ബാലരാമ വർമ്മ, കെ.എൽ. ശ്രീകൃഷ്ണദാസ്, മധു വർമ്മ, ദേവി മനോജ് വർമ്മ തുടങ്ങിയവർ ആശംസകൾ നേർന്നു. ദാമ്പത്യത്തിന്റെ അൻപതു വർഷങ്ങൾ പൂർത്തിയാക്കിയ രാജരാജ വർമ്മ – തങ്കമണി വർമ്മ, ബാലാദിത്യ വർമ്മ – കനകലക്ഷ്മി വർമ്മ, ബാലകേരള വർമ്മ – ഗിരിജാ വർമ്മ, കെ.എൽ.ശ്രീകൃഷ്ണദാസ് – ഗിരിജാ വർമ്മ എന്നിവരെ ആദരിച്ചു. സമ്മേളനത്തിനു എത്തിച്ചേരാൻ സാധിക്കാതിരുന്ന രാമ വർമ്മ - ഇന്ദിരാമണി വർമ്മ ദമ്പതികളെ പിന്നീട്

താമസസ്ഥലത്തെത്തി ആദരിക്കാൻ തീരുമാനിച്ചു. അശീതി കഴിഞ്ഞ മുതിർന്ന അംഗങ്ങളായ ഹൈമവതി വർമ്മ, ബാലരാമ വർമ്മ, ഭാരതീ രാമ വർമ്മ എന്നിവരെയും സഭ ആദരിച്ചു. എത്തിച്ചേരാൻ സാധിക്കാതിരുന്ന ശാന്തകുമാരി വർമ്മയെ വസതിയിലെത്തി ആദരിക്കാനും തീരുമാനിച്ചു. അതിനുശേഷം 2019–20; 2020–21 വർഷങ്ങളിലെ സ്കോളർഷിപ്പ് വിതരണവും നാരായണീയ പാരായണ വിജയികൾക്കുള്ള സമ്മാനദാനവും നടന്നു. പിന്നീട് 2021–23 കാലഘട്ടത്തിലേക്കുള്ള നിർവ്വാഹക സമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. ഹരികൃഷ്ണ വർമ്മ .കെ, രവി വർമ്മ രാജാ, വേണുഗോപാൽ.എം. ആർ, വിജയ വർമ്മ, പി.ആർ. മനോജ് വർമ്മ, ധനേഷ് വർമ്മ, സതീഷ്ചന്ദ്ര വർമ്മ, ശൈലജാ വർമ്മ, ശൈലജാ ധനേഷ്, മല്ലി കാറാണി, ദേവി മനോജ് എന്നിവരെ നിർവ്വാഹക സമിതി അംഗങ്ങളായും ബാലരാമ വർമ്മ, ബാല കേരള വർമ്മ, സുരേന്ദ്രനാഥ വർമ്മ, രവീന്ദ്ര വർമ്മ എന്നിവരെ ഉപദേശക സമിതിയിലേക്കും തെരഞ്ഞെടുത്തു. കേന്ദ്രസഭയിലേക്ക് പ്രതിനിധികളായി കെ.എൽ.ശ്രീകൃഷ്ണദാസ്, ധനൂപ് വർമ്മ എന്നിവരേയും വാരനാട് ക്ഷേത്രത്തിലേക്കുള്ള പ്രതിനിധികളായി രാമചന്ദ്ര വർമ്മ, ദിനേഷ് വർമ്മ എന്നിവരെയും തെരഞ്ഞെടുത്തു. സെക്രട്ടറിയുടെ കൃതജ്ഞതയ്ക്കുശേഷം ദേശീയഗാനത്തോടെ സമ്മേളനം അവസാനിച്ചു. അതിനുശേഷം വനിതാവേദിയുടെ സമ്മേളനവും നടന്നു.

വൈകിട്ട് 6.30 മുതൽ ക്ഷത്രിയ ക്ഷേമസഭ മുൻ അദ്ധ്യക്ഷനും കരപ്പുറം ക്ഷത്രിയസഭയുടെ അഭിമാനവും ആയ പ്രൊഫ. സുരേന്ദ്രനാഥവർമ്മയുടെ തായമ്പക അരങ്ങേറ്റം ആയിരുന്നു. വേട്ടക്കൊരുമകൻ ക്ഷേത്രാങ്കണത്തിൽ നിറഞ്ഞ സദസ്സിനെ സാക്ഷി നിർത്തി എഴുപത്തി എട്ടിന്റെ ചെറുപ്പത്തിൽ സുരേന്ദ്രനാഥ വർമ്മ കൊട്ടിക്കയറിയപ്പോൾ സദസ്സ് ഒന്നടങ്കം അത്ഭുതപ്പെട്ടു എന്നത് അതിശയോക്തി അല്ല. ചേർത്തല തെക്കേടത്തു കോവിലകത്തെ അംഗമായ കലാമണ്ഡലം ശ്രീകാന്ത് വർമ്മയാണ് ഗുരു എന്ന സവിശേഷതയും ഇത്തരുണത്തിൽ സ്മരിക്കുന്നു. ഏകദേശം രാത്രി 8.30 ന് വിഭവസമൃദ്ധമായ അത്താഴത്തോടെ പരിപാടികൾ അവസാനിച്ചു.

നവംബർ 16 ലെ നിർവ്വാഹക സമിതി പ്രസിഡൻറായി കെ.ഹരികൃഷ്ണവർമ്മയേയും വൈസ് പ്രസിഡൻറായി ദേവീ മനോജ് വർമ്മയേയും സെക്രട്ടറിയായി സതീഷ്ചന്ദ്ര വർമ്മയേയും അസി. സെക്രട്ടറിയായി ശൈലജാ ധനേഷ് വർമ്മയേയും തെരഞ്ഞെടുത്തു. ഡിസംബർ 18 നു കരപ്പുറം ക്ഷത്രിയസഭയുടെ 1197 ലെ തിരുവാതിര ആഘോഷം സഭാമന്ദിരത്തിൽ വെച്ചു നടന്നു. എട്ടങ്ങാടിയും കൈകൊട്ടികളികളും തിരുവാതിര പുഴുക്കിനോടൊപ്പമുള്ള അത്താഴസദ്യയും പാതിരക്കുള്ള പൂവ് ചൂടലും ഒക്കെയായി പരിപാടി ഗംഭീരമാക്കി. തിരുവാതിര ആഘോഷം സ്പോൺസർ ചെയ്തത് പരിമണത്തു കോവിലകത്ത് ഡോ.പി.ആർ.ഹരികൃഷ്ണ വർമ്മ ആയിരുന്നു. ചേർത്തല പുതിയാമഠത്തിൽ കോവിലകത്ത് തുളസീഭായി തമ്പുരാട്ടി അന്തരിച്ചപ്പോൾ സഭാ ഭാരവാഹികൾ സംസ്കാരകർമ്മങ്ങൾ സ്വജന പൗരോഹിത്യ വിധിപ്രകാരം നിർവ്വഹിച്ചതും ഡിസംബർ അവസാനവാരം ആയിരുന്നു.

## പന്തളം

പന്തളം യൂണിറ്റ് ഭരണസമിതി എല്ലാ മാസവും യോഗം ചേർന്നുവരുന്നു. പന്തളം ക്ഷത്രിയക്ഷേമ



സഭയുടെ ആഭിമുഖ്യത്തിൽ ധനുമാസത്തിലെ എട്ടങ്ങാടി ആഘോഷം ഡിസംബർ 18 ന് പന്തളം കൈപ്പുഴ വടക്കേമുറി (പുത്തൻ കോയിക്കൽ) യിൽ സംഘടിപ്പിച്ചു. എന്നാൽ മുൻ നിശ്ചയ പ്രകാരം നടക്കാനിരുന്ന തിരുവാതിര ആഘോഷവും, വാർഷിക പൊതുയോഗവും ഭാരവാഹി

തിരഞ്ഞെടുപ്പും അവിചാരിതമായ ചില കാരണങ്ങളാൽ നടത്താൻ കഴിഞ്ഞില്ല. വാർഷിക പരിപാടിയുടെ പുതുക്കിയ തീയതി ജനുവരിയിൽ ചേരുന്ന യോഗത്തിൽ തീരുമാനിക്കുന്നതായിരിക്കും.

## തിരുവല്ല

സഭയുടെ ഒരു കമ്മറ്റി മീറ്റിങ്ങ് 14/11/2021-ൽ പ്രസിഡന്റ് പി.ആർ. വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടി. അന്തരിച്ച ആളുകൾക്ക് ആദരാഞ്ജലി അർപ്പിച്ചു. 2020-21 ലെ കണക്കുകൾ അവതരിപ്പിക്കുന്നതിനായി പൊതുയോഗം ജനുവരിയിൽ കൂടുവാൻ തീരുമാനിച്ചെങ്കിലും മഹാമാരിയുടെ രണ്ടാംവരവും സംസ്ഥാന കമ്മിറ്റിയും പൊതുയോഗവും ജനുവരിയിൽ കൂടുന്നതിനാലും ആ തീരുമാനം നടപ്പിലായില്ല.



അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുവേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ e-Shram കാർഡ് വിതരണവും രജിസ്ട്രേഷനും നടത്തി. 50നടുത്ത് ആൾക്കാർ പങ്കെടുത്തു. പൊതു ജനങ്ങളും പങ്കെടുത്തു. *ഇത്തരത്തിൽ ഒരു ശ്രമം നടത്തിയ ഏക യൂണിറ്റ് തിരുവല്ലയാണെന്നറിയുന്നു*. അങ്ങിനെയെങ്കിൽ അനല്പമായ ചാരിതാർത്ഥ്യമുണ്ട്.

തിരുവല്ല സഭാംഗമായ രാംദാസ്‌വർമ്മയുടെയും ഭാര്യ പത്മയുടേയും നേതൃത്വത്തിലാണ് സഭാ ആഫീസിൽ വച്ച് ക്യാമ്പ് നടത്തിയത്.

കഴിഞ്ഞവർഷത്തെപോലെ തന്നെ 2022 ലെയും കലണ്ടർ പ്രിൻറ് ചെയ്ത് സൗജന്യമായി ജനുവരി 1 നു മുമ്പ് വിതരണം ചെയ്തു.

റിപ്പോർട്ട് കാലയളവിൽ രണ്ട് മരണാനന്തര ക്രിയകൾ സ്വജന പൗരോഹിത്യപ്രകാരം നടത്തി. 2021-ൽ ആകെ 4 ചടങ്ങുകൾ സഭയുടെ ഉത്തരവാദിത്വത്തിൽ നടത്തി. ഉദയവർമ്മ തമ്പുരാൻ, രാജേന്ദ്രവർമ്മ എന്നിവർ നേതൃത്വം വഹിച്ചു.

റിയാക്ടിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് മുൻകൈ എടുത്ത് മൂന്നു പേർക്ക് സഹായം നൽകി. സമുദായത്തിലെ ഒരാളിനും സമുദായേതര വിഭാഗത്തിലെ ഒരാളിനും സാമ്പത്തികസഹായവും നിർദ്ധന ബ്രാഹ്മണ കുടുംബത്തിനായി ഒരു കട്ടിൽ, മെത്ത, തലയിണ എന്നിവ വാങ്ങിയും നൽകി. കൂടാതെ ദൈനംദിന ചിലവിനായി ഒരു നാമമാത്ര തുക മാസംതോറും നൽകുന്നതിനും നടപടിയെടുത്തു. ഇക്കാര്യങ്ങളിൽ കാണിച്ച സൗമനസ്യത്തിന് റിയാക്ട് അധികാരികളെ പ്രത്യേക നന്ദി അറിയിക്കുന്നു.

തിരുവല്ല ക്ഷത്രിയസഭയിൽ നിന്നും REACTന് 15000 രൂപയും പ്രവർത്തനഫണ്ടിലേക്ക് 2000 രൂപയും സംഭാവന നൽകി.


തിരുവല്ല സഭയുടെ കാരുണ്യഫണ്ടിൽ നിന്ന് 6 പേർക്ക് മാസം തോറും 1000 രൂപ വീതം സഹായം നൽകി വരുന്നു. കൂടാതെ സഭാംഗത്തിന്റെ ബന്ധുവിന് ആശുപത്രി ചിലവിന് അടിയന്തിര സഹായമായി 10000 രൂപയും നൽകി.

നീലേശ്വരത്തു നടന്ന സംസ്ഥാനസമിതിയിലും സംസ്ഥാന സമ്മേളന സ്ഥലമായ തിരുവനന്തപുരത്തും തിരുവല്ലയിൽ നിന്ന് സൂര്യകുമാർ, ജയകുമാർ വർമ്മ, സഞ്ജയ് വർമ്മ എന്നിവർ പങ്കെടുത്തു. സംസ്ഥാനതല ഗൂഗിൾ മീറ്റിൽ 10-ൽ കൂടുതൽ ആൾക്കാർ പങ്കുകൊണ്ടു.

ജനുവരി 15ന് നടന്ന മുന്നാക്ക സമുദായ പ്രതിനിധികളുടെ യോഗത്തിൽ സൂര്യകുമാർ, ജയകുമാർ വർമ്മ എന്നിവർ പങ്കെടുത്തു. ചെറിയ കാര്യങ്ങളുടെ പേരിൽ ഭിന്നിച്ചു നിൽക്കാതെ ഒറ്റക്കെട്ടായി പ്രവർത്തിച്ചെങ്കിൽ മാത്രമേ എന്തെങ്കിലും നേടാനാകൂ എന്ന് പൊതു അഭിപ്രായം ഉണ്ടായി. സഭയുടെ പുരോഗതിക്കായി ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ബന്ധുജനങ്ങൾക്കും നന്ദി അറിയിച്ചുകൊണ്ട് റിപ്പോർട്ട് ഉപസംഹരിക്കുന്നു.


# ബാഷ്പാഞ്ജലി

## പരപ്പനാട്ട് വലിയരാജ



**പ**രപ്പനാട്ട് വലിയ രാജാ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ **ആർ. രവിവർമ്മ** (94) അന്തരിച്ചു. മുവാറ്റുപുഴ മേടങ്ങാല ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയുടെയും അനന്തപുരം കൊട്ടാരത്തിൽ പൂയംനാൾ അംബാലിക തമ്പുരാട്ടിയുടെയും മകനാണ്. മാവേലിക്കര സ്പെഷ്യൽ സ്കൂൾ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ബി എ, എം എ, എം ഫിൽ, ബിരുദങ്ങൾ നേടിയ ശേഷം കേന്ദ്ര പ്ലാനിങ് കമ്മിഷനിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. പിന്നീട് കേരള സംസ്ഥാന സെക്രട്ടേറിയറ്റിൽ ഇവാലുവേഷൻ ആഫീസറായി നിയമിതനായി. വ്യവസായ വകുപ്പിൽ അഡീഷനൽ സെക്രട്ടറിയായിട്ടാണ് വിരമിച്ചത്. ചെറുപ്പം മുതൽ പരന്ന വായനാശീലവും കലാ സാഹിത്യ കായികവേദികളിൽ മികവും പ്രകടിപ്പിച്ചിരുന്നു. ഭാര്യ: കാവാലം ചാലയിൽ കുടുംബാംഗവും രാജ്യതന്ത്രജ്ഞനായിരുന്ന സർദാർ കെ. എം. പണിക്കരുടെ ഭാഗിനേയിയും നാടക-സാഹിത്യ ആചാര്യൻ കാവാലം നാരായണ പണിക്കരുടെ സഹോദരിയുമായ സരസ്വതി വർമ്മ. മക്കൾ: കാർത്തിക മോഹൻ, വിശാഖൻ വർമ്മ, സിന്ധുജ വർമ്മ, മാധവൻകുട്ടി രവിവർമ്മ. മരുമക്കൾ: പരേതനായ ജി. ദിലീപ് മോഹൻ, ഷെറിൽ മാധവൻ.

## പൂഞ്ഞാർ വലിയ തമ്പുരാൻ




**പ**ൂഞ്ഞാർ കൊട്ടാരത്തിലെ വലിയരാജ തിരുവോണം നാൾ പി.ജി. ഗോദവർമ്മരാജ (94) തൃപ്പൂണിത്തുറയിൽ അന്തരിച്ചു. കിടങ്ങൂർ മലമേൽ ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും പൂഞ്ഞാർ കോയിക്കൽ ചോതിനാൾ അംബിക തമ്പുരാട്ടിയുടെയും മകനാണ്.

പൂഞ്ഞാർ എസ്.എം.വി. സ്കൂളിലെ പഠനത്തിനുശേഷം മൈസൂർ സർവ്വകലാശാലയിൽ നിന്ന് ഇന്റർമീഡിയറ്റ്, ബി.എസ്.സി. (അഗ്രികൾച്ചർ) പാസ്സായശേഷം 2 വർഷം കൊല്ലങ്കോട് രാജാസ് ഹൈസ്കൂളിൽ അധ്യാപകനായിരുന്നു. പിന്നീട് FACT യിൽ ജോലിയിൽ പ്രവേശിച്ചു. 1986-ൽ മാർക്കറ്റിംഗ് സെക്ഷനിൽ വിജിലൻസ് ആഫീസറായി റിട്ടയർ ചെയ്തു. സ്പോർട്സിൽ തല്പരനായിരുന്ന രാജ കോളേജ് പഠനകാലത്തു നല്ലൊരു വോളിബാൾ കളിക്കാരനായിരുന്നു.

ഭാര്യ: കിളിമാനൂർ കൊട്ടാരത്തിൽ പരേതയായ ഭവാനി തമ്പുരാട്ടി. മക്കൾ : രാധ, രാജൻ, രേവതി.

മരുമക്കൾ: പി. ആർ. കേരള വർമ്മ (മോഹനൻ പന്തളം കൊട്ടാരം), ഉമ വർമ്മ (പൂഞ്ഞാർ കൊട്ടാരം), സുരേഷ്കുമാർ വർമ്മ (പൂഞ്ഞാർ കൊട്ടാരം

# അടുത്ത സ്ഥാനീയർ



**പരപ്പനാട്ട് വലിയ** രാജയായി ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലെ **എ.ആർ. രാഘവ വർമ്മ (രഘു)** സ്ഥാനമേൽക്കും. മാന്തട്ട രാമൻ നമ്പൂതിരിയുടെയും അനന്തപുരത്തു കൊട്ടാരത്തിലെ ലളിതാംബ തമ്പുരാട്ടിയുടെയും മകനായി കൊല്ലവർഷം 1104ൽ ജനിച്ചു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ ബിരുദം നേടിയ ശേഷം തിരു-കൊച്ചി ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. കേരള വിദ്യുച്ഛക്തി ബോർഡിൽ ചീഫ് എൻജിനീയറായി 1983-ൽ റിട്ടയർ ചെയ്തു. മലബാർ ഉൾപ്പെടെ കേരളത്തിലെ പല ഉൾപ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുന്നതിൽ സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

കർണ്ണാടക സംഗീതം, കഥകളി, സ്പോർട്സ് എന്നിവയിൽ നല്ല അറിവുണ്ട്. കൊച്ചി രാജകുടുംബാംഗം ദീപ്തി പാലസിൽ പരേതയായ സരസിജ തമ്പുരാനാണ് ഭാര്യ. മക്കൾ: സുധ വർമ്മ, ഇന്ദിര വർമ്മ, ലളിത വർമ്മ, ഡോ. രാജഗോപാൽ. മരുമക്കൾ: ഡോ. എസ്.ആർ. വർമ്മ, ടി.എൻ. രവികുമാർ വർമ്മ, ശിവകുമാർ ജി, അശ്വതി വർമ്മ.



**പൂഞ്ഞാർ വലിയതമ്പുരാനായി ആർ. ജയരാജ വർമ്മ** സ്ഥാനമേൽക്കും. കിടങ്ങൂർ തെന്നാട്ടില്ലത്ത് ടി. എസ്. നാരായണൻ നമ്പൂതിരിയുടെയും പൂഞ്ഞാർ കോയിയ്ക്കൽ തൃക്കേട്ടനാൾ അംബ തമ്പുരാട്ടിയുടെയും മകനായി 1938ൽ ജനനം. ബിരുദ പഠനത്തിനുശേഷം കർണാടകയിലെ ഷാഹബാദിലുള്ള ACC ലിമിറ്റഡ് എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനത്തിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. തുടർന്ന് L&T McNeil ൽ ജോലിയിൽ പ്രവേശിച്ചു, 1996ൽ വിരമിച്ചശേഷം കുടുംബത്തോടൊപ്പം ചെന്നൈയിൽ താമസിക്കുന്നു. ഭാര്യ: കൊച്ചി രാജകുടുംബാംഗം സുശീല വർമ്മ. മകൾ: അഞ്ജന (ചെന്നൈ). മരുമകൻ: വേണുഗോപാൽ നമ്പിടി (CAMS, ചെന്നൈ). കൊച്ചുമകൾ: പി. ജി. വിദ്യാർത്ഥിനിയായ ശ്വേത.

# ഓർമ്മച്ചെപ്പ്

ഭാരതത്തില പ്രഥമ പോളിയോ വിമുക്ത ജില്ലയായി പത്തനംതിട്ട തിരഞ്ഞെടുക്കപ്പെട്ടിട്ട് കാൽ നൂറ്റാണ്ടിലേറെയായി. ഈ അപൂർവ്വ നേട്ടത്തിന് കാരണമായത് അന്ന് ജില്ലാ മെഡിക്കൽ ഓഫീസറും കുട്ടികളുടെ സ്പെഷ്യലിസ്റ്റ് ഡോക്ടറുമായിരുന്ന **ഡോ. ഓമന തമ്പായി**യുടെ കഠിന പ്രയത്നമാണ്.

1994 ഒക്ടോബർ 2ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ തിരുവല്ലയിൽ



പുരസ്കാരം പ്രഖ്യാപിച്ച വേദിയിൽ ഡോക്ടറുടെ പേരെടുത്ത് പറഞ്ഞ് പ്രശംസിക്കുകയുണ്ടായി. പത്തനംതിട്ട ഡി.എം.ഒ. ആയി വിരമിച്ച ഡോ. ഓമന തമ്പായി കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകം കുടുംബാംഗമാണ്. കോട്ടയം കാരാപ്പുഴ ഇളയകോവിലകാംഗവും മാതൃഭൂമി സീനിയർ ഉദ്യോഗസ്ഥനുമായിരുന്ന പരേതനായ ഇ.എൻ. ഗോദവർമ്മയാണ് ഭർത്താവ്. രണ്ടു പെൺമക്കൾ. 2009 സെപ്റ്റംബർ 9ന് ഡോ. ഓമന തമ്പായി അന്തരിച്ചു.

## ചരമം

### പാലക്കാട്ടുശ്ശേരി നാലാം രാജാവ് വി.പി. രാഘവവർമ്മ



വടക്കഞ്ചേരി പാലക്കാട്ടുശ്ശേരി നാലാം രാജാവും വടക്കഞ്ചേരി കൊടിക്കാട്ടുകാവ് മുൻ ട്രസ്റ്റിയുമായ പുഴക്കലിടം വി.പി. രാഘവ വർമ്മ (91) അന്തരിച്ചു.

മുൻ വടക്കഞ്ചേരി പഞ്ചായത്തംഗവും പുഴക്കലിടം സേവനസമാജം മുൻ പ്രസിഡന്റുമാണ്.

വടക്കഞ്ചേരി കമ്മാന്തറ എസ്.വി.യു.പി. സ്കൂൾ (ഇപ്പോഴത്തെ മദർ തെരേസ സ്കൂൾ) അധ്യാപകനുമായിരുന്നു.

ഭാര്യ: പരേതയായ കെ.പി. തങ്കനേത്യാർ. മക്കൾ: ഗോവിന്ദൻ (ഖത്തർ), രവീന്ദ്രൻ, രേണുക, രാധിക. മരുമക്കൾ: ഉഷ, സന്ധ്യ, ശശികുമാർ (റെയിൽവേ), മുരളീകൃഷ്ണൻ (സുബേദാർ മേജർ, ഇന്ത്യൻ ആർമി).

### ഓമല്ലൂർ രാജരാജവർമ്മ



കവിയും എഴുത്തുകാരനും കെ.എസ്.ആർ.ടി.സി.റിട്ടയേഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമായ ഓമല്ലൂർ രാജരാജ വർമ്മ (90) നിര്യാതനായി. ഓമല്ലൂർ മുള്ളനിക്കാട്ട് മടിപ്പറമ്പിൽ കുടുംബാംഗമാണ്. മാവേലിക്കര ശാരദാമന്ദിരത്തിൽ കെ.അംബികാദേവി (റിട്ട. ഹെഡ്മിസ്ട്രസ്, ഫോർട്ട് മിഷൻ ഹൈസ്കൂൾ, തിരുവനന്തപുരം) യാണ് സഹധർമ്മിണി.

മക്കൾ: അനിതവർമ്മ (പ്രോഗ്രാം എക്സിക്യൂട്ടീവ്, ആകാശവാണി, കൊച്ചി),ഡോ.ആർ.ശ്രീലതാവർമ്മ(അധ്യാപിക, മലയാളവിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല). ജാമാതാക്കൾ: കെ. കേരളവർമ്മ (കൊരട്ടി സ്വരൂപം, ഈസ്റ്റ് കൊരട്ടി), ഡോ.എം.കൃഷ്ണൻ നമ്പൂതിരി (പ്രൊഫസർ, മലയാള വിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി). 'ക്ഷാത്രസ്പന്ദനം' മുൻ മുഖ്യ പത്രാധിപർ പരേതനായ എം. രവിവർമ്മരാജയുടെ ജ്യേഷ്ഠ സഹോദരനാണ്.

രണഭേരി (കവിതാ സമാഹാരം), ചുഴികൾ (നോവൽ), ദൈവത്തിന്റെ സ്വന്തം നാട് (ലേഖന സമാഹാരം), കാൺമാനില്ല ദൈവത്തെ (സാമൂഹ്യ വിമർശനം) തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുൻ മുഖ്യമന്ത്രിമാരായ ഇ.എം.എസ്., ഇ.കെ.നായനാർ എന്നിവരുടെ പേഴ്സണൽ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

### കൗമുദി പ്രഹ്ളാദൻ



ക്ഷത്രിയക്ഷേമസഭ തൃശൂർ യൂണിറ്റ് പ്രസിഡന്റ് പടിഞ്ഞാറെ ചങ്കരംപാട്ട് മഠത്തിൽ പി.സി. പ്രഹ്ളാദൻ വർമ്മയുടെ സഹധർമ്മിണി കൗമുദി പ്രഹ്ളാദൻ (74) നിര്യാതയായി. റിട്ടയേർഡ് നഴ്സിംഗ് സൂപ്രണ്ട് ആയിരുന്നു. മക്കൾ: ഡോ. പ്രമോദ്, പ്രദീപ്. മരുമക്കൾ: പുണ്യ വർമ്മ, നിവേദിത ചാറ്റർജി.

### സുഭദ്രതമ്പുരാട്ടി

വെള്ളാങ്ങല്ലൂർ മഠത്തിൽ കോവിലകത്ത് സുഭദ്രത്തമ്പുരാട്ടി (96) അന്തരിച്ചു. പരേതനായ



അമേറ്റൂർ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിന്റെ പത്നിയാണ്. മക്കൾ: അംബിക (റിട്ട. ഹെഡ്മിസ്ട്രസ്), രഘുകുമാർ (ഏജീസ് ഓഫീസ്, കോഴിക്കോട്), നന്ദകുമാർ (പ്രൊഫസർ, ക്രൈസ്റ്റ് കോളേജ് ഓഫ് എൻജിനീയറിങ്ങ്, ഇരിഞ്ഞാലക്കുട). മരുമക്കൾ: രാധാകൃഷ്ണ വർമ്മ (റിട്ട. അദ്ധ്യാപകൻ), മായ (എൽ.ഐ.സി), വൃന്ദ (എസ്.ബി.ഐ. കോട്ടപ്പുറം).

## പത്മാക്ഷി അക്കമ്മ



കുന്നോത്ത് നടുവിലെ മഠത്തിൽ പത്മാക്ഷി അക്കമ്മ (87) അന്തരിച്ചു. ഭർത്താവ്: പരേതനായ കൂറുവേലി പെരികമന ഇല്ലത്ത് നാരായണൻ നമ്പൂതിരി. മക്കൾ: കെ.എൻ. ശാരദ, കെ.എൻ. രാമകൃഷ്ണൻ (റിട്ട. പ്രധാനാധ്യാപകൻ, ചട്ടിയോൾ എസ്.കെ.വി.യു.പി.സ്കൂൾ), പരേതയായ കെ. എൻ.സാവിത്രി (അധ്യാപിക, ഉപ്പള എജെഐ സ്കൂൾ). മരുമക്കൾ: മാധവൻ നമ്പ്യാർ, ഒ. സരസ്വതി (അധ്യാപിക, ചട്ടിയോൾ എസ്.കെ. വി.യു.പി. സ്കൂൾ), എ. ജയരാജൻ (റിട്ട. ഗ്രാമ പഞ്ചായത്ത് യുഡിസി).

## സരള

വെള്ളാരപ്പള്ളി കാഞ്ഞൂർ മുല്ലശ്ശേരി മഠം സരള (89) അന്തരിച്ചു. വെള്ളാരപ്പിള്ളി കോയിക്കൽമഠം കുടുംബാംഗമാണ്.



ശ്രീമൂലനഗരം ഗവർമെന്റ് എൽ.പി. സ്കൂൾ അദ്ധ്യാപികയായിരുന്നു.

ഭർത്താവ്: തൃപ്പൂണിത്തുറ കുറുമല കോയിക്കൽ പരേതനായ കെ. ഭാസ്കരൻ തിരുമുൽപ്പാട്.

മക്കൾ: കെ.ബി. രാമചന്ദ്രൻ (മുൻ സംസ്ഥാന വൈസ്പ്രസിഡന്റ്), ഗിരിജ, സുരേന്ദ്രവർമ്മ, രവി വർമ്മ (സെക്രട്ടറി, വെള്ളാരപ്പിള്ളി യൂണിറ്റ്), ശ്രീകുമാർ, പരേതയായ രമ.

മരുമക്കൾ: സുജാത (സംസ്ഥാന ക്ഷത്രിയ ക്ഷേമസഭ മുൻ വൈസ്പ്രസിഡന്റ്), ദിലീപ് വർമ്മ, അനിത വർമ്മ, ശ്രീകല, ബിന്ദു വർമ്മ, പരേതനായ രാജേന്ദ്രവർമ്മ.

## വിജയ വർമ്മ



വെള്ളാരപ്പിള്ളി ചൊവ്വര മഠത്തിൽ കുടുംബാംഗം വിജയ വർമ്മ (89) അന്തരിച്ചു. ഭാര്യ: തൃപ്പൂണിത്തുറ കണ്ണെഴുത്ത് പുത്തൻമഠത്തിൽ സരോജിനി വർമ്മ. മക്കൾ: രാജേന്ദ്ര വർമ്മ, സുജാത വർമ്മ. മരുമക്കൾ: ശ്രീവിദ്യ വർമ്മ, ഗിരീഷ് വർമ്മ.

## രാജരാജവർമ്മ

പ്രായിക്കര കൊട്ടാരത്തിൽ രാജരാജവർമ്മ (റിട്ട. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ) അന്തരിച്ചു. വൈക്കം വടക്കേമഠം കുടുംബാഗമാണ്. ഭാര്യ: പ്രായിക്കര കൊട്ടാരത്തിൽ ചന്ദ്രിക തമ്പുരാട്ടി.



മക്കൾ: ജഗദീഷ്, മഹേഷ്, ജയ, രാജേഷ്. മരുമക്കൾ: ആശ, രാഖി ശ്രീകുമാർ, രമ.

## ഇന്ദിരതമ്പായി



കൊടുങ്ങല്ലൂർ പുത്തൻകോവിലകത്തെ ഇന്ദിര തമ്പായി (റിട്ട. ഹൈസ്കൂൾ അദ്ധ്യാപിക-86) നിര്യാതയായി. ഭർത്താവ്: ചാഴൂർ കോവിലകത്തെ പരേതനായ ഗോദവർമ്മ (കുഞ്ഞുണ്ണി). മക്കൾ: നിർമ്മല, ശ്രീകല. മരുമക്കൾ: മഹേന്ദ്രൻ, മുരാരി (ചാലക്കുടി സഭ മുൻ ട്രഷറർ)


## ഗീത വർമ്മ



തഴവ കാവുങ്കടമഠം രമാനിവാസിൽ വൈക്കം വടക്കേമഠത്തിൽ സുരേഷ് വർമ്മയുടെ പത്നി ഗീത വർമ്മ (64) അന്തരിച്ചു.

മകൻ: ശ്രീകാന്ത് വർമ്മ, മരുമകൾ: പാർവതി വർമ്മ.

## തുളസി



ചെന്നിത്തല മേനാംവിള കോവിലകത്ത് തുളസിഭായി തമ്പാട്ടി (80) അന്തരിച്ചു. തിരുനല്ലൂർ പുതിയാമഠത്തിൽ കോവിലകത്ത് പരേതനായ കൃഷ്ണ വർമ്മ തമ്പാന്റെ പത്നിയാണ്.മക്കൾ: ജയചന്ദ്ര വർമ്മ, മോഹന വർമ്മ, സുരേന്ദ്ര വർമ്മ, രാജരാജ വർമ്മ, രഞ്ജിത്ത് വർമ്മ, ശ്രീരഞ്ജിനി വർമ്മ, ലക്ഷ്മി വർമ്മ. മരുമക്കൾ: ഗിരിജ വർമ്മ, ജയ വർമ്മ, സുജ വർമ്മ, രവിവർമ്മ, മണികണ്ഠ വർമ്മ.

## ഓമന തമ്പുരാട്ടി



തിരുവല്ല പാലിയക്കര കൊട്ടാരത്തിൽ പരേതനായ രാമവർമ്മ തമ്പുരാന്റെ ഭാര്യ കാർത്തികപ്പള്ളി കൊട്ടാരത്തിൽ ഓമന തമ്പുരാട്ടി (94) അന്തരിച്ചു. മക്കൾ: കേരള വർമ്മ (രഘു), പരേതനായ രാമ വർമ്മ (വിജയൻ), ഗിരിജ വർമ്മ, ശോഭന വർമ്മ, ജയശ്രീ വർമ്മ, ഇന്ദിര വർമ്മ, സുശീല വർമ്മ, രാജശ്രീ വർമ്മ. മരുമക്കൾ: ലത വർമ്മ, കൃഷ്ണ കുമാരി, അശോക വർമ്മ, തിലക് വർമ്മ, സുധീർ വർമ്മ, ജയകുമാർ വർമ്മ, രഞ്ജിത് വർമ്മ, പ്രവീൺ വർമ്മ.

## കെ. ചന്ദ്രഹാസൻ

ഇന്ത്യൻ എയർലൈൻസ് കൊച്ചി മുൻ സ്റ്റേഷൻ മാനേജർ എറണാകുളം മംഗളമഠത്തിൽ കെ. ചന്ദ്രഹാസൻ (86) നിര്യാതനായി. മാവേലിക്കര വടക്കേ കൊട്ടാരത്തിൽ ഗീത വർമ്മയാണ് ഭാര്യ.



മക്കൾ: ഗോകുൽ സി. വർമ്മ, ഗോപിക വർമ്മ, ഗാഥ വർമ്മ. മരുമക്കൾ: പ്രീത, അജിത്ത് വർമ്മ, വസന്ത് വർമ്മ.

## റ്റി.എൻ രവിവർമ്മ



ചേർത്തല വാരനാട് തെക്കേടത്ത് കോവിലകത്ത് റ്റി.എൻ രവിവർമ്മ (കുട്ടപ്പൻ-78) അന്തരിച്ചു. പന്തളം കൊട്ടാരത്തിൽ സുലോചന തമ്പുരാട്ടിയാണ് സഹധർമ്മിണി. മകൾ: സ്മിത വർമ്മ (യു.എസ്.എ).

## രാജേഷ് വർമ്മ



ചേർത്തല മഠത്തിൽ കോവിലകത്തു കെ. ജി. രാജരാജ വർമ്മയുടെയും, തിരുവല്ല, കടപ്ര തുളിശാല കോയിക്കൽ അമ്മിണി തമ്പുരാട്ടിയുടെയും മകൻ രാജേഷ് വർമ്മ (47) നിര്യാതനായി.

ഭാര്യ: മഞ്ജുഷ വർമ്മ (പ്രായിക്കര കൊട്ടാരം).

## രത്നം കെ. രാജ



ആറന്മുള ചെമ്പകശ്ശേരി കൊട്ടാരം കുടുംബാംഗവും മാങ്കാവ് കോവിലകം പുത്തൻമാളികയിൽ പി.കെ.സി.രാജയുടെ ഭാര്യയുമായ രത്നം കെ.രാജ (71) നിര്യാതയായി.

മക്കൾ: രഞ്ജിനി, രാഗിണി.

## വി. കെ. പ്രഭാവതി



പൂഞ്ഞാർ 'ലക്ഷ്മി നിവാസി'ൽ വി. കെ. പ്രഭാവതി (പ്രഭ-84) നിര്യാതയായി. ഭർത്താവ്: വൈക്കം കോട്ടുശ്ശേരി കോവിലകത്ത് രവിവർമ്മ (കുഞ്ഞുക്കുട്ടൻ).


മക്കൾ: ദേവകുമാർ വർമ്മ, ശ്രീദേവി വർമ്മ. മരുമക്കൾ: അനു വർമ്മ, വർമ്മ കെ പൃഥു.

## പ്രൊഫ. ആർ ജിതേന്ദ്രവർമ്മ



ആലപ്പുഴ എസ്.ഡി. കോളേജ് മുൻ പ്രിൻസിപ്പൽ കൈതവന മാത്തൂർ ലെയ്ൻ 'ജ്യോത്സ്ന'യിൽ പ്രൊഫ. ആർ.ജിതേന്ദ്ര വർമ്മ (75) അന്തരിച്ചു. ആലപ്പുഴ ചിന്മയ വിദ്യാലയയുടെ പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: പാലിയക്കര കൊട്ടാരത്തിൽ ജയലക്ഷ്മി വർമ്മ. മക്കൾ: മനീഷ ജെ. വർമ്മ (ചെന്നൈ), ജ്യോത്സ്ന ജെ. വർമ്മ (ബംഗ്ളൂരു), സൂര്യ ജെ. വർമ്മ (ചെന്നൈ). മരുമക്കൾ: ടി.എൻ. പ്രദീപ്, മധു മോഹൻലാൽ, രാജേഷ് നന്ദകുമാർ.

## കെ രവിവർമ്മ



കിളിമാനൂർ കൊട്ടാരത്തിൽ കെ രവിവർമ്മ (റിട്ട. അദ്ധ്യാപകൻ-79) അന്തരിച്ചു. പത്നി സുഭദ്ര നമ്പിഷ്ഠാതിരി (അമ്പലപ്പുഴ പുത്തൻകോവിലകം). മക്കൾ: അഞ്ജന വർമ്മ (ഡെപ്യൂട്ടി തഹൽസിൽദാർ), നരേന്ദ്ര വർമ്മ (സെക്രട്ടേറിയറ്റ്, തിരുവനന്തപുരം). മരുമക്കൾ: മധുവർമ്മ, സംഗീത വർമ്മ.

## സി. കെ. ആർ. തമ്പാൻ



തൃശൂർ ക്ഷത്രിയക്ഷേമസഭ മുൻ വൈസ് പ്രസിഡണ്ട് സി. കെ. ആർ. തമ്പാൻ (നന്ദനൻ ചേട്ടൻ -85 ചാഴൂർ കോവിലകം റിട്ട. SBT) ബാംഗ്ലൂരിൽ അന്തരിച്ചു. പത്നി: അമ്മിണിക്കുട്ടി (വെള്ളാങ്ങല്ലൂർ കോവിലകം)

മക്കൾ: കൃഷ്ണകുമാർ, ഉണ്ണികൃഷ്ണൻ, മായ

മരുമക്കൾ: ജ്യോതിർമയി, ഗായത്രി, ശിവദാസ് വർമ.

## സുഷമ വർമ്മ



നിലമ്പൂർ കോവിലകത്തെ സുഷമാ വർമ (71) നിര്യാതയായി. ഭർത്താവ്: രാജരാജ വർമ്മ (ചിറക്കൽ കോവിലകം, കണ്ണൂർ)

മക്കൾ: രഞ്ജിത്ത് വർമ്മ, രാഖി വർമ്മ. മരുമക്കൾ: അപർണ വർമ്മ, സുമിത് വർമ്മ.

## എൻ. സോമവർമ്മ



ചേർത്തല വാരനാട് പുത്തൻകോവിലകാംഗം എൻ.സോമവർമ്മ (87) നിര്യാതനായി. തിരുവല്ല പാലിയക്കര കൊട്ടാരത്തിൽ ചന്ദ്രമതി തമ്പുരാട്ടിയാണ് സഹധർമ്മിണി. മക്കൾ: സന്ധ്യാവർമ്മ, സഞ്ജയ് വർമ്മ, മരുമക്കൾ: ജനാർദ്ദനരാജ (കുമരപുരം പാലസ്, തൃശൂർ), ധന്യാവർമ്മ (കണ്ണാടി കോവിലകം, തൃശൂർ).

## പദ്മിനി തമ്പുരാട്ടി


എഴുമറ്റൂർ പുതുപ്പറമ്പ് കോവിലകാംഗവും കുഞ്ഞിമംഗലം ഗോപാൽ യു പി സ്കൂൾ അധ്യാപകനായിരുന്ന പരേതനായ കാരക്കാട് കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യയുമായ ചെറുതാഴം പദ്മവിലാസിൽ പദ്മിനി തമ്പുരാട്ടി (90) അന്തരിച്ചു.



മക്കൾ: ഓമനഭായി വൈക്കം, പി കെ. മോഹന വർമ്മ (റിട്ട. ചീഫ് മാനേജർ കാനറാ ബാങ്ക്, സി ഇ ഒ, ടൗൺ ബാങ്ക് പയ്യന്നൂർ), വസന്തിരാജ (തിരുവണ്ണൂർ), പി കെ രാജശേഖര വർമ്മ (സി.ഐ. കേരള ആന്റ് പോലീസ്, തിരുവനന്ത പുരം), പി.കെ.വിജയരാഘവൻ (മാനേജർ, സ്റ്റേറ്റ് ബാങ്ക്, പുതിയങ്ങാടി), പരേതരായ ഉദയ ശങ്കര വർമ (റിട്ട. ഹെഡ്മാസ്റ്റർ, കൊട്ടില), കൃഷ്ണ കുമാരി നന്ദകുമാർ, വിക്രമരാജ് (ഇലക്ട്രീഷ്യൻ).

മരുമക്കൾ: നന്ദകുമാർ (റിട്ട. ടാറ്റാ ടീ, ബാംഗ്ലൂർ), രവിവർമ്മ (റിട്ട. വെസ്റ്റ് കോസ്റ്റ് ഗ്യാസസ്, കൊച്ചിൻ), പി കെ എം രാജ (റിട്ട. സാമൂതിരി ദേവസ്വം, കോഴിക്കോട്), തങ്കമണി വി.എം (വെള്ളാരപ്പള്ളി), പാർവതി വർമ്മ (മഞ്ചേരി കോവിലകം), മംഗള വർമ്മ (കവിണിശ്ശേരി കോവി ലകം), രശ്മി വർമ്മ (കൊടുങ്ങല്ലൂർ കോവി ലകം), ദീപ പി (മഞ്ചേരി കോവിലകം).

## ചതയംനാൾ രാമവർമ്മ രാജ



പന്തളം കൊട്ടാരം കുടുംബാംഗം (കൈപ്പുഴ മംഗളവിലാസം-പടിഞ്ഞാറെ തളം) ചതയംനാൾ രാമവർമ്മ രാജ (92) തൃപ്പൂണിത്തുറയിൽ അന്ത രിച്ചു. പഞ്ചായത്ത് വകുപ്പിൽ സീനിയർ എക്സി ക്യൂട്ടീവ് ഓഫീസറായിരുന്നു.

കൊടുങ്ങല്ലൂർ പുത്തൻകോവിലകത്ത് ഗംഗ തമ്പുരാട്ടിയാണ് ഭാര്യ.


മകൾ: അംബിക. മരുമകൻ: രാജീവ് വർമ്മ.

## രാധ ജി. വർമ്മ




എഴുമറ്റൂർ നരിയാനിക്കമണ്ണിൽ എൻ.ആർ. ഗോദവർമ്മ തമ്പുരാന്റെ ഭാര്യ വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ രാധ ജി. വർമ്മ (67) നിര്യാതയായി. മക്കൾ: പ്രമോദ്, പ്രവിത. മരുമക്കൾ: വിനീത, സന്തോഷ് വർമ്മ (ചലച്ചിത്ര ഗാനരച യിതാവ്).

## എ.കെ. രാജേന്ദ്ര വർമ്മ



ഹരിപ്പാട് അനന്തപുരത്തു കൊട്ടാരത്തിൽ എ.കെ. രാജേന്ദ്രവർമ്മ (85) കൊടുങ്ങല്ലൂരിൽ അന്ത രിച്ചു. ഭാര്യ: കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്ത് പരേതയായ കൊച്ചുകുഞ്ഞുകുട്ടി തമ്പുരാട്ടി. മക്കൾ: പരേതനായ ജയരാമ വർമ്മ, സിന്ധു വർമ്മ. മരുമകൻ: രവിവർമ്മ. തിരുവനന്തപുരം ക്ഷത്രിയ ക്ഷേമ സഭ മുൻ പ്രസിഡന്റും 'ക്ഷാത്രസ്പന്ദനം' പത്രാധിപസമിതി അംഗവുമായ കെ. രാഘവവർമ്മ യുടെ മൂത്ത സഹോദരനാണ്.



# വിവാഹ മംഗളാശംസകൾ







മാവേലിക്കര കോട്ടയ്ക്കകം
ഉത്ത്യട്ടാതിപ്പുര ജയലക്ഷ്മി
വർമ്മയുടെയും എം.കെ.പ്രദീപ്
വർമ്മരാജയുടെയും പുത്രൻ
**സച്ചിൻ പി. വർമ്മ**യും
മാവേലിക്കര കിഴക്കേപടി മഠത്തിൽ
ഗോവിന്ദൻ – ശൈലജ ദമ്പതികളുടെ
മകൾ **ഗായത്രി**യും തമ്മിലുള്ള
വിവാഹം 15 നവംബർ 2021
തിങ്കളാഴ്ച മാവേലിക്കര തമിഴ്
ബ്രാഹ്മണ സമൂഹമഠത്തിൽ വച്ച്
സമംഗളം നടന്നു.

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

January 2022
Annual Subscription ₹150




Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org